***WEEKEND BLOCKBUSTERS PRESENTS***

***ടോവിനോ തോമസ്***

**IN**

# മിന്നൽ മുരളി

***ഒരു  ബേസിൽ ജോസഫ് ചിത്രം***

***സോഫിയ പോൾ***

***അരുൺ അനിരുദ്ധൻ - ജസ്റ്റിൻ മാത്യു***

ഷിബു പയ്യൻ (14 വയസ്സ്)

**സീൻ - 1**

***പള്ളിക്കുന്ന് പള്ളി മൈതാനം-സ്റ്റേജ് NIGHT/EXT***

ഫ്രെയിമിൽ സൂപ്പർമാനോടു സാമ്യം തോന്നിപ്പിക്കുന്ന തരത്തിലുള്ള ഒരു ആൾരൂപം. ദൃശ്യം കുറച്ചുകൂടി വ്യക്തമാകുമ്പോൾ അത് 'പള്ളിക്കുന്നിലെ പുണ്യാളൻ' എന്ന നാടകത്തിന്റെ കൂറ്റൻ ഒരു കട്ടൌട്ട് ആണ്.

സൂപ്പർമാന്റെ കേപ്പിനു സമാനമായ ഒരു ചുവന്ന തുണികൊണ്ട് മുഖം മറച്ചു മസിലും പെരുപ്പിച്ച് സൂപ്പർ ഹീറോ ലാൻഡിംങ്ങ് പൊസിഷനിൽ നിൽക്കുന്ന പുണ്യാളന്റെ കട്ടൌട്ട്.

കട്ടൌട്ടിനു താഴെ ഇങ്ങനെ എഴുതിയിരിക്കുന്നു.

"രംഗകല അവതരിപ്പിക്കുന്ന മാർട്ടിൻ പള്ളിക്കുന്നിന്റെ നാടകം 'പള്ളിക്കുന്നിലെ പുണ്യാളൻ' മാർച്ച് 14നു പള്ളിക്കുന്ന് പള്ളിയുടെ മൈതാനത്ത് പ്രദർശിപ്പിക്കുന്നു. ഏവർക്കും സ്വാഗതം".

പശ്ചാത്തലത്തിൽ ലൌഡ് സ്പീക്കറിലൂടെ മുഴങ്ങി കേൾക്കുന്ന പ്രസ്തുത നാടകത്തിന്റെ ശബ്ദം.

കട്ടൌട്ടിലെ വാചകങ്ങൾ വായിച്ചുകൊണ്ടിരിക്കുന്ന ഒരു പയ്യൻ (14 വയസ്സ്). അവന്റെ ചുണ്ടിൽ ഒരു ബീഡി എരിയുന്നുണ്ട്. നാടകത്തിന്റെ ശബ്ദം കേട്ടു അവൻ വലിച്ചുകൊണ്ടിരുന്ന ബീഡി അവിടെ നിലത്തേക്ക് എറിഞ്ഞിട്ട് പോകുന്നു.

ദൃശ്യം നിലത്തു കിടന്ന് എരിയുന്ന ബീഡി കുറ്റിയിൽ. അതിൽനിന്നും നിലത്തുകിടക്കുന്ന ഒരു ഉണങ്ങിയ ഓലയിലേക്ക് മെല്ലെ തീ പിടിക്കുന്നു. തീ കത്തി മെല്ലെ കയറുമ്പോൾ ദൃശ്യം അതിനു സമീപം ഉള്ള വെടിപ്പുരയിലേക്ക് നീങ്ങുന്നു.

Cut To

**സീൻ - 1A**

***പള്ളിക്കുന്ന് പള്ളി മൈതാനം -സ്റ്റേജ് NIGHT-EXT***

ജെയ്സൻ(6),മാർട്ടിൻ,വർക്കി(35)
ജന്മി,കേളു,ഡ്രാമടീം
മാർട്ടിൻ രക്ഷിക്കുന്ന കുട്ടി
കാണികളിൽ ഒരാൾ,
നാടകം കാണുന്ന കുട്ടികൾ,നാട്ടുകാർ

ആവേശത്തിൽ നാടകം കണ്ടുകൊണ്ട് നിലത്തിരിക്കുന്ന കുറച്ച് കുട്ടികൾ. ആ കൂട്ടത്തിൽ ആറുവയസ്സുകാരൻ ജെയ്സനും ഉണ്ട്. അവന്റെ വലത്തേ കയ്യിൽനിന്നും അലിഞ്ഞു വീണുകൊണ്ടിരിക്കുന്ന ഐസ് മിട്ടായി.
സ്റ്റേജിൽ നിന്നുള്ള പച്ചയും ചുവപ്പും കലർന്ന വെളിച്ചം ജെയ്സന്റെ മുഖത്ത് വ്യക്തമായി മിന്നി മറയുന്നുണ്ട്. നാടകത്തിലെ രംഗം നടക്കുന്നത് സന്ധ്യാസമയത്താണ്. സ്റ്റേജിൽ ഒരു ഇല്ലത്തിന്റെ മുൻവശം സെറ്റ് ഇട്ടിരിക്കുന്നു. അതിനു മുന്നിലായി ഒരു ചാരുകസേരയിൽ ഇരിക്കുന്ന ജന്മി. മറ്റൊരുവശത്ത് വരിവരിയായി നിൽക്കുന്ന കർഷകർ. അവരെ ഓരോരുത്തരേയും അടിമുടി പരിശോധിക്കുന്ന ജന്മിയുടെ കീഴാളർ. ഭീതിയോടെ നിൽക്കുന്ന കർഷകർ. പരിശോധനക്കിടയിൽ കേളു എന്ന കർഷകന്റെ അരക്കെട്ടിൽ നിന്നും ഒരു കിഴി നെല്ല് പിടിച്ചെടുക്കുന്ന കീഴാളർ. അത് കണ്ടിട്ട് കേളുവിന്റെ അടുത്തേക്ക് അലറി അടുത്തുകൊണ്ട്

**ജന്മി :-** കക്കുന്നോ നായേ..

അയാൾ കേളുവിന്റെ നെഞ്ചത്ത് ചവിട്ടുന്നു. ആ ചവിട്ടിൽ കേളു തെറിച്ച് വീഴുന്നു. കരഞ്ഞു വിളിച്ചുകൊണ്ട്

**കേളു :-** രണ്ടീസായി കുടീല് പട്ടിണിയാണ് എമ്പ്രാനേ..

കേളു പറയുന്നത് കേൾക്കാതെ ജന്മി വീണ്ടും അവനെ ചവിട്ടുന്നു. അവിടേക്ക് വിങ്ങിപ്പൊട്ടിക്കൊണ്ട് ഓടി വരുന്ന കേളുവിന്റെ ഭാര്യയും കുഞ്ഞും. അവരെ തടയുന്ന കീഴാളർ. നാടകം കാണുന്ന ജനങ്ങളുടെ റിയാക്ഷൻ. ചില സ്ത്രീകൾ അതുകണ്ട് പൊട്ടിക്കരയുന്നു. ചില പുരുഷന്മാർ ദേഷ്യത്തിൽ തങ്ങളുടെ മുഷ്ടി ചുരുട്ടുന്നു. ജെയ്സനും കരച്ചിലിന്റെ

വക്കത്താണ്. ഒരു വാൾ എടുത്തു കീഴാളന്റെ നേരെ നീട്ടി

**ജന്മി :-** ഇനി അവൻ കക്കരുത്..

കീഴാളർ കേളുവിന്റെ കൈകൾ വലിച്ച് നീട്ടുന്നു. ഒരാൾ വാളെടുത്ത് കേളുവിന്റെ കൈ വെട്ടുവാനായി തുടങ്ങുന്നു. നാടകം കാണുന്നവരുടെ റിയാക്ഷൻ.
പെട്ടെന്ന് സ്റ്റേജിൽ ഒരു വലിയ പ്രകാശം നിറയുന്നു. അത് കാണുമ്പോൾ ആവേശഭരിതരാവുന്ന നാട്ടുകാർ ആർപ്പുവിളിക്കുന്നു. ജെയ്സനും ഒപ്പം ഉണ്ട്. സ്റ്റേജിലേക്ക് ഗീവർഗീസ് പുണ്യാളന്റെ വേഷത്തിൽ മുഖമൂടി ധാരിയായ ഒരാൾ പറന്ന് എത്തുന്നു. അയാൾ അടിയാളരെയും ജന്മിയും അടിച്ച് നിലംപരിശാക്കി, സൂപ്പർഹീറോ ലാൻഡിംഗ് പൊസിഷനിൽ നിൽക്കുന്നു. കണ്ടുകൊണ്ടിരുന്ന ആളുകൾ എഴുന്നേറ്റ് കൈ അടിക്കുകയും ആർപ്പ് വിളിക്കുകയും ചെയ്യുന്നു.
പെട്ടെന്ന് കാണികളുടെ ഇടയിൽ നിന്ന് ഒരാൾ നിലവിളിച്ചുകൊണ്ട് ഓടിവരുന്നു.

**ആൾ :-** ഓടിക്കോ .. വെടിപ്പുരക്ക് തീപിടിച്ചു..

അയാൾ പറഞ്ഞ് മുഴുവിപ്പിക്കും മുൻപ് വെടിപ്പുര പൊട്ടി തെറിക്കുന്നു. നാട്ടുകാരുടെ റിയാക്ഷൻ. അതുകണ്ട് ഒരു നിമിഷം എന്ത് ചെയ്യണം എന്ന് അറിയാതെ ഞെട്ടിത്തരിച്ചു നിൽക്കുന്ന മുഖംമൂടിധാരി. ഗ്രൗണ്ടിൽ പലയിടത്തായി വീണ്ടും പൊട്ടിത്തെറികൾ ഉണ്ടാവുന്നു. നാട്ടുകാർ പലവഴിക്കായി ഓടി തുടങ്ങുന്നു, ആൾക്കൂട്ടത്തിനു ഇടയിൽ ജെയ്സൻ, അവന്റെ കാഴ്ചയിൽ സ്റ്റേജ് പൊട്ടിത്തെറിക്കുന്നു.
ജെയ്സന്റെ കണ്ണുകളിൽ നിന്നും ദൃശ്യം fade out ആകുന്നു.

Fade in-
കത്തിയമർന്ന് കിടക്കുന്ന സ്റ്റേജും പള്ളി മൈതാനവും. സ്റ്റേജിനുള്ളിൽ കത്തിക്കരിഞ്ഞുകൊണ്ട് ഇരിക്കുന്ന മുഖംമൂടിധാരി ധരിച്ചിരുന്ന മുഖം മൂടി. മുഖംമൂടിയിലേക്ക് മെല്ലെ ക്യാമറ

നീങ്ങുമ്പോൾ ബിൽഡ് അപ്പ് മ്യൂസിക്
കനക്കുന്നു.

Cut To

മേഘങ്ങൾക്ക് ഇടയിൽനിന്നു ദൃശ്യം. അവിടെ
അങ്ങിങ്ങായി ഇടിമിന്നൽ തളിയുന്നുണ്ട്.
ഇടിമുഴക്കത്തിന്റെ ശബ്ദം.

സ്ക്രീനിൽ 'WEEKEND BLOCKBUSTERS'
അവതരിപ്പിക്കുന്ന മിന്നൽ മുരളി എന്ന
ചിത്രത്തിന്റെ ടൈറ്റിൽ തെളിയുന്നു.

Cut To

**സീൻ - 2**

ചാനൻ റിപ്പോർട്ടർ ,ജയദേവൻ
ചാനൽ ക്യാമറമാൻ ,സ്റ്റുഡിയോ ജീവനക്കാർ

***വാർത്താകേന്ദ്രം DAY -INT***

ദൂരദർശൻ ചാനൽ സ്റ്റുഡിയോയുടെ ഉൾവശം.

**ചാനൽ റിപ്പോർട്ടർ :-** എഴുനൂറു വർഷങ്ങളിൽ ഒരിക്കൽ മാത്രം സംഭവിക്കുന്ന ത്രികോണഗൃഹവിന്യാസം എന്ന ഈ പ്രതിഭാസം ഇന്ന് സംഭവിക്കുകയാണ്.

റിപ്പോർട്ടർ തലതിരിച്ച് തന്റെ അടുത്ത് ഇരിക്കുന്ന ശാസ്ത്രജ്ഞൻ ജയദേവനോട് (vssc)

**റിപ്പോർട്ടർ :-** എങ്ങനെയാണ് സർ ശാസ്ത്രലോകം ഈ പ്രതിഭാസത്തെ കാണുന്നത്.

**ജയദേവൻ :-** ത്രികോണഗ്രഹവിന്ന്യാസം ഇംഗ്ലീഷിൽ triangular planetary alignment എന്ന് പറയും. ചൊവ്വ ഭൂമി വ്യാഴം എന്നീ മൂന്നു ഗ്രഹങ്ങൾ ഒരേ കാന്തിക വലയത്തിൽ വിന്യസിപ്പിക്കുകയാണ് ഇന്ന്. ഇന്ത്യൻ സമയം രാത്രി ഒൻപതിനും ഒൻപതരക്ക് ഇടയിലും ആയിരിക്കും ഇത് സംഭവിക്കുക.

സ്ക്രീനിൽ ത്രികോണഗ്രഹവിന്ന്യാസത്തിന്റെ ഒരു ചിത്രം തളിയുന്നു.

**ജയദേവൻ :-** ഇതിൽ കാണുന്നത് അതിന്റെ ഒരു diagrammatic representation ആണ്

ദൃശ്യം മെല്ലെ പിന്നിലേക്ക് സ്ലൈഡ് ആവുന്നു.

**സീൻ - 3**

കൊച്ചാപ്പി ,വൃദ്ധൻ 1
നാട്ടുകാർ

***കവല- ടീവി സ്റ്റേഷൻ - EVG – INT/EXT***

മുൻസീനിൽ കണ്ട വാർത്താവായന.
കുറുക്കന്മൂല കവലയുടെ ഒത്ത
നടുവിലായിട്ടുള്ള ടീവി സ്റ്റേഷനിൽ നിന്നാണ്.
ടീവിയുടെ മുന്നിലിരിക്കുന്ന രണ്ട് വൃദ്ധന്മാർ,
അവർക്ക് ഏകദേശം എൺപത്
തൊണ്ണൂറിനടുത്തായി അയാൾക്ക് പ്രായമുണ്ട്.

**കൊച്ചാപ്പി :-** ഭാസ്കര ഇവന്മാർ എന്തൊക്കെയാ ഈ പറയുന്നത്..?

**വൃദ്ധൻ 1 :-** ആർക്കറിയാം?.. ഇന്ന് ചിത്രഹാർ ഒണ്ടോ?

വൃദ്ധന്റെ സംസാരത്തിൽ നിന്നും ദൃശ്യം
കുറുക്കൻ മൂല കവലയെ
വ്യക്തമാക്കുന്നതിലേക്ക് ആകുന്നു.

Cut To

**സീൻ - 4**

ഷിബു,വർക്കി,ദാസൻ
നാട്ടുകാർ

**കവല -ജെയ്സൻ സ്റ്റിച്ചിങ്ങ് സെന്റർ *EVENING INT/EXT***

കവലയുടെ ഒരു ഭാഗത്തായി 'ജെയ്സൻ സ്റ്റിച്ചിങ്ങ് സെന്റർ' കാണിക്കുന്നു. തയ്യൽക്കടയുടെ കുറച്ച കാക്കകൾ ഇരിപ്പുണ്ട്. അത് നോക്കി നിൽക്കുന്ന ഷിബു. ഷിബുവിന് ഏകദേശം നാൽപ്പത് വയസ്സിനടുത്ത് പ്രായം ഉണ്ട്. അലസമായ വേഷവും, പാറിക്കിടക്കുന്ന മുടിയും വൃത്തി ഇല്ലാത്ത കൈ നഖങ്ങളും വടിക്കാത്ത താടിരോമങ്ങളും കറ പിടിച്ച പല്ലുകളും ഒക്കെയായി അല്പം അറപ്പുളവാക്കുന്ന ശരീരഭാഷ.

**വർക്കി :-** രണ്ടാഴ്ച്ച കഴിഞ്ഞു വന്നാമതി.. തയിച്ചുവച്ചേക്കാം..

ഷിബു ഇത് കേട്ടിട്ട് ജെയ്സൻ സ്റ്റ്ച്ചിംഗ് സെന്റെറിന്റെ അകത്ത് നിൽക്കുന്ന വർക്കിയെ നോക്കുന്നു. വർക്കിക്ക് ഏകദേശം അറുപതിനടുത്ത് പ്രായം ഉണ്ട്. നരച്ച മുടിയും, മെലിഞ്ഞുണങ്ങിയ ശരീരവുമാണ് വർക്കിയുടേത്. കടയുടെ വെളിയിൽ ക്രിസ്തുമസിനോടു അനുബന്ധിച്ചുള്ള തോരണങ്ങൾ തൂക്കിയിടുന്ന ദാസൻ. ദാസന് നാല്പത് വയസ്സടുത്ത് പ്രായം ഉണ്ട്. അവൻ ഷിബുവിനെ അല്പം ഇഷ്ടക്കേടോടെ ഇടക്കിടക്ക് നോക്കുന്നുണ്ട്.
ഇടക്ക് ഷിബുവും ദാസനെ നോക്കിയശേഷം തന്റെ കണ്ണുകൾ പിൻവലിക്കുന്നു.

ഷിബുവിനോടായി

**വർക്കി :-** കാശ് വല്ലതും കയ്യിൽ ഉണ്ടോ?.. മുൻകൂർ മുപ്പത് രൂപ അടക്കണം..

**ഷിബു :-** ഞാൻ കൊണ്ടോന്നിട്ടുണ്ട്....

ഷിബു തന്റെപോക്കറ്റിൽ നിന്ന് പഴയ കുറച്ച് നോട്ടും ചില്ലറയും ഒക്കെ ഒരുമിച്ച് മേശപുറത്തേക്ക് വെക്കുന്നു . വർക്കിയുടെ മുഖത്ത് അന്ധാളിപ്പ് .എന്തോ പന്തികേട്

തോന്നിയിട്ടെന്നോണം ഒരു നിമിഷം ചുറ്റും നോക്കിയതിനു ശേഷം വീണ്ടും പോക്കറ്റ് തപ്പുന്ന ഷിബു ,അത് കാണുമ്പോൾ

**വർക്കി :-** എന്താ..?

**ഷിബു :-** എന്റെ പേഴ്സ് കാണുന്നില്ല..

വർക്കിയുടെ റിയാക്ഷൻ. ഭ്രാന്തമായ രീതിയിൽ ആ പേഴ്സ് അവിടെ മുഴുവൻ കണ്ണുകൊണ്ട് തിരയുന്ന ഷിബു.
അത് കാണുമ്പോൾ ദാസനും വർക്കിയും തമ്മിൽ ഒന്ന് നോക്കുന്നു.

**വർക്കി :-** നീ കടേച്ചെന്നു നോക്ക് ... അവിടെ എവിടെയേലും കാണും

ദാസൻ ഷിബുവിനെ രൂക്ഷമായി നോക്കുന്നു.
ഓവർലാപ്പിൽ - ഒരു ഗ്ലാസ് മേശപ്പുറത്ത് വയ്ക്കുന്ന ശബ്ദം.

Cut To

**സീൻ :- 5**

*കവല -തുഷാർ ചായക്കട* ***EVENING – INT/EXT***

ഷിബു,സാജൻ,ഷിനോജ്,ആന്റോ
പൈലി,ബിൻസി,സന്തോഷ്
സെൽവൻ,മെമ്പർ,ശാരദ
തുഷാറിൽ ഇരിക്കുന്നവർ,നാട്ടുകാർ

ദൃശ്യം തുഷാർ ചായക്കടയുടെ ഉൾവശത്തേക്ക്. വെള്ളം കുടിച്ചശേഷം ഗ്ലാസ് മേശപ്പുറത്ത് വയ്ക്കുന്ന എസ്.ഐ സാജൻ, ഒപ്പം കോൺസ്റ്റബിൾ ഷിനോജ്. അവരുടെ ഇടയിൽ കള്ളൻ ആന്റോയും ഇരിപ്പുണ്ട്. സമീപം തൊണ്ടിമുതലായ വാഴക്കുല ഇരിപ്പുണ്ട്. സാജന് ഏകദേശം അമ്പത് വയസ്സ് പ്രായം ഉണ്ട്. ഇപ്പോൾ എസ്.ഐ സാജന്റെ മുഴുവൻ ശ്രദ്ധയും 'തുഷാർ' ചായക്കടയുടെ എതിർവശത്തുള്ള ബസ് സ്റ്റോപ്പിലാണ്. അവിടെ ബിൻസി നിൽപ്പുണ്ട്. വളരെ പരിഷ്കൃതമായ വേഷമാണ് ധരിച്ചിരിക്കുന്നത്. ഒരു വലിയ കറുത്ത കണ്ണടയും വച്ചിട്ടുണ്ട്. കൌണ്ടറിൽ ഇരിക്കുന്ന പൈലിയും ബിൻസിയെ നോക്കുന്നുണ്ട്. അതിനു ശേഷം അയാൾ എത്തിവലിഞ്ഞു ജെയ്സൻ സ്റ്റിച്ചിങ്ങ് സെന്ററിലേക്ക് നോക്കുന്നു. തന്റെ കയ്യിലെ കേസ് ഫയൽ തുറന്നു സാജനോട്

**ഷിനോജ് :-** സർ.. ഞാൻ എന്റെ ബാക്കി നിഗമനങ്ങൾ പറയട്ടെ..

തീരെ താൽപര്യമില്ലാതെ

**സാജൻ :-** ആ.. പുളുത്ത്..

സാജൻ ബസ് സ്റ്റോപ്പിലേക്ക് തന്നെ നോക്കി ഷിനോജ് പറയുന്നത് കേട്ടിരിക്കുന്നു.

**ഷിനോജ് :-** കഴിഞ്ഞ മേയ് മാസം ഇരുപതാം തീയതിയാണ് ചാണ്ടിച്ചന്റെ വാഴത്തോട്ടത്തിൽ നിന്ന് പതിനഞ്ചു വാഴക്കൊലകൾ കാണാതായത്, ദാറ്റ് മീൻസ്..

ഒരു ദീഘനിശ്വാസത്തിൽ ഷിനോജിനോട് സാജൻ ഇടക്ക് കേറിക്കൊണ്ട്

**സാജൻ :-** ഡേയ് ഷിനോജെ കൃത്യം അഞ്ചരമണി ആവുമ്പോ ഒന്ന് പറയണേ.. ഒരുത്തനെ ഇന്ന് പൊക്കണം കൊറേ നാളായിട്ട് അവൻ എന്റെ മോൾടെ പൊറകെ നടക്കയാണ്..

**ഷിനോജ് :-** ആരാ സാർ..?

**സാജൻ :-** ആ ആ തയ്യൽക്കാരൻ വർക്കീടെ മോൻ ഒരുത്തനില്ലേ? .. ഡേയ് ആ വാലാകോലാ നടക്കണ ഒരുത്തൻ..

ഒരു നിമിഷം സാജൻ ആരെയാണ് ഉദ്ദേശിച്ചത് എന്ന് മനസ്സിലാവാതെ ഇരിക്കുന്ന ഷിനോജ്. കൂടുതൽ വ്യക്തതക്കായി

**സാജൻ :-** എടെയ്.. ..കോൺസ്റ്റബിൾ പോത്തന്റെ അളിയൻ..

ആളെ മനസ്സിലായ രീതിയിൽ

**ഷിനോജ് :-** ജയ്സൺ.. ജയ്സൻ..

**സാജൻ :-** ആ..തന്നെ തന്നെ....അവൻ ടൌണിലോട്ട് പോണത് ഞാൻ കണ്ട്....മിക്കവാറും അഞ്ചരെടെ കടത്തിന് അവൻ കാണും.

അത് കേൾക്കുമ്പോൾ ഷിനോജ് ബസ് സ്റ്റോപ്പിൽ നിൽക്കുന്ന ബിൻസിയെ നോക്കുന്നു.

സാജനോട് **ഷിനോജ് :-** സാറിന്റെ മോള് പരിഷ്കാരി ആയതുകൊണ്ട് ആരും ഒന്ന് നോക്കിപ്പോവും.. പിന്നെ സാറിന്റെ സൌന്ദര്യോം..

സാജന്റെ മുഖത്ത് അഭിമാനം

**സാജൻ :-** ആ.. മതി മതി..

സാജൻ തിരിഞ്ഞു കൌണ്ടറിൽ ഇരിക്കുന്ന പൈലിയോടു

**സാജൻ :-** ഇവിടൊരു ചായ കിട്ടണേൽ ഇനി ആരെടെയൊക്കെ കാല് പിടിക്കണം..

പൈലിയുടെ വളിച്ച റിയാക്ഷൻ. സാജനോട് ബഹുമാനത്തിൽ

**ആന്റോ :-** സാറേ .. വിശക്കുന്നുണ്ട്..

**സാജൻ :-** ചുമ്മായിരുന്നില്ലേൽ മണ്ടയടിച്ചു പൊളന്നുകളയും..

ആന്റോ നിശബ്ദനാവുന്നു.

ഭവ്യതയിൽ **പൈലി :-** സാറേ .. ഇപ്പൊ തരാം.. ആ ഷിബു..

പൈലി അത് പറഞ്ഞ് മുഴുമിപ്പിക്കുന്നതിനു മുൻപ് ചായക്കടയുടെ അകത്തേക്ക് പേഴ്സ്

തിരഞ്ഞുകൊണ്ട് കയറി വരുന്ന ഷിബു.
പെട്ടെന്ന് ഷിബുവിന്റെ പിന്നിൽനിന്നും വന്ന് തലക്കിട്ട് തേമ്പ് കൊടുക്കുന്ന പൈലിയുടെ കൈകൾ.
ഒരു അമ്പരപ്പോടെ തിരിഞ്ഞു നോക്കുന്ന ഷിബു.
ഷിബുവിനോടു കലിപ്പിച്ചു

**പൈലി :-** എത്ര നേരായെട നീ ഇവിടുന്നുപോയിട്ട്.. നിന്റെ തോന്ന്യാസത്തിനാ..

പൈലി പറയുന്നത് മുഴുവൻ കേൾക്കാൻ നിൽക്കാതെ ഭ്രാന്തമായി ചായക്കടയുടെ പലഭാഗത്തും പേഴ്സ് തപ്പുന്ന ഷിബു
ഷിബുവിനെ കാണുമ്പോൾ ഒന്ന് അമ്പരപ്പിൽ അവനെ നോക്കുന്ന സാജൻ.

**സാജൻ :-** എന്തടെ?

**'ഷിബു :-** സാർ..

സാജനും ഷിനോജും പരസ്പരം നോക്കുന്നു.

**ഷിബു :-** എന്റെ പേഴ്സ് കാണുന്നില്ല..

ഒരു ആക്കിയ സ്വരത്തിൽ

**സാജൻ :-** ഡേയ്.. നിനക്കും പേഴ്സാ..?

ഷിബുവിന്റെ മുഖത്ത് മൌനം

അത് കാണുമ്പോൾ **സാജൻ :-** ശരി.. ശരി.. പേഴ്സിൽ പൈസ വല്ലോം ഉണ്ടാരുന്നോ..?

**ഷിബു :-** ഇല്ല സാറേ.. ഒരു കീറിയ പേഴ്സാ..

സാജന്റെ റിയാക്ഷൻ

**ഷിബു :-** പക്ഷെ അതെനിക്ക് വേണം സാറേ..

പരിഹാസസ്വരത്തിൽ **സാജൻ :-** നിന്റെ കീറിയ പേഴ്സ് തപ്പാനായിട്ടു ഞാൻ ഇനി സി.ബി.ഐ.യെ ഇറക്കാടാ..

പൈലിയെ നോക്കി **സാജൻ :-** ഈ വട്ടനെയോക്കെയാണാ പിടിച്ച് പണിക്ക് നിർത്തുന്നത്..?

ഷിബു സാജനെ തന്നെ തുറിച്ച് നോക്കുന്നു.
സാജൻ അത് കണ്ടിട്ട് ഒന്ന് പരുങ്ങുന്നുണ്ട്.

**സാജൻ :-** എന്താടാ ? നോക്കി പേടിപ്പിക്കണേ?

ചെന്ന് ഷിബുവിന്റെ തലയ്ക്കിട്ടു ഒരു തേമ്പ് കൊടുത്ത്

**സാജൻ :-** പോയി രണ്ടു ചായ എടുത്തോണ്ട് വാ..

ഷിബു തന്റെ തല ആട്ടിയശേഷം തിരിഞ്ഞു അടുക്കളയിലേക്ക് നടക്കുന്നു. ഷിബുവിന്റെ നോട്ടത്തിൽ അവിടെയുള്ള ആളുകൾ എല്ലാം അവനെത്തന്നെ നോക്കി നിൽക്കുകയാണ്.

സാജനോട് **പൈലി :-** ഇപ്പൊ പഴയത് പോലെയൊന്നും (വട്ട് എന്ന് കൈകൊണ്ട് കാണിച്ചുകൊണ്ട്) ഇല്ല സാറേ.. നന്നായിട്ട് പണിയെടുക്കും .. അതാ നിർത്തിയേക്കുന്നേ..

Cut To

തന്റെ വാച്ചിലേക്ക് നോക്കിക്കൊണ്ട് ഷിനോജ് സാജനോട്

**ഷിനോജ് :-** സാറേ അഞ്ചുമണി ആയി..

സാജന്റെ റിയാക്ഷൻ. ദൃശ്യത്തെ ഓവർലാപ്പ് ചെയ്ത് കേൾക്കുന്ന ഒരു വെസ്റ്റേൺ പശ്ചാത്തലസംഗീതം.

CUT TO

**സീൻ - 6**

ജെയ്സൻ
വള്ളക്കാരൻ,വഞ്ചിയിലുള്ള
മറ്റുള്ളവർ, വൃദ്ധൻമ്മാർ,
ആദിവാസികൾ

***വഞ്ചി -കടവ് EVG / EXT***

ഒരു WESTERN SONG - ന്റെ പശ്ചാത്തലത്തിൽ കടവത്തേക്ക്അടുക്കുന്ന വഞ്ചി. വഞ്ചിയുടെ മുന്നിൽ വളരെ നിറപ്പകിട്ടാർന്ന വസ്ത്രം ധരിച്ച് നിൽക്കുന്ന ഒരു യുവാവ്, ജെയ്സൻ. ഇരുപത്തി ആറിനോട് അടുത്ത പ്രായം. വെളുത്ത ശരീരം, പുറകിലേക്ക് നീട്ടി വളർത്തിയ മുടി. കാതിൽ കുരിശിന്റെ ആകൃതിയിൽ ഒരു കമ്മൽ തൂക്കി ഇട്ടിട്ടുണ്ട്. ജെയ്സൺ ഒഴികെ വഞ്ചിയിൽ ഇരിക്കുന്ന ബാക്കി യാത്രക്കരെല്ലാരും വൃദ്ധന്മാരാണ്. അവർ ജെയ്സനെതന്നെ നോക്കി വായ പൊളിച്ചിരിക്കുകയാണ്.

Cut to

വഞ്ചിയിൽ നിന്നും കടവത്തേക്ക് ചാടി ഇറങ്ങുന്ന ജെയ്സൻ.

**സീൻ - 6A**

ജെയ്സൻ,ഷിബു,സാജൻ,ദാസൻ
ആന്റോ,ബിൻസി, വർക്കി,
സന്തോഷ്,സെൽവൻ,ഷിനോജ്
മെമ്പർ,ശാരദ

***കടവ് -റോഡ് -കവല - EVG / EXT***

സൈക്കിൾകടക്കാരൻ,കണ്ണപ്പൻ
ഗോപൻ,വഞ്ചിയിലുളവ്യദ്ധൻമ്മാർ
വഴിയാത്രക്കാർപെൺകുട്ടികൾ,
ചേച്ചിമ്മാർ ,കവലയിൽ സ്റ്റാർ
കെട്ടുന്നവർ

ജെയ്സൻ കടയിൽനിന്നും പൂട്ടിവച്ചിരുന്ന തന്റെ സൈക്കിൾ എടുക്കുന്നു. ജെയ്സനെ കണ്ട സൈക്കിൾ കടക്കാരൻ തന്റെ അടുത്തിരിക്കുന്ന വൃദ്ധനോട്
(ജെയ്സനെ നോക്കി)

**സൈക്കിൾ കടക്കാരൻ :-** ഇപ്പോഴത്തെ ഓരോ പാഷനെ..

Cut To

റോഡിലൂടെ പോകുന്ന പെൺകുട്ടികളും ചേച്ചിമാരും ജെയ്സനെ ശ്രദ്ധിക്കുന്നു. ജെയ്സൻ അവരെ നോക്കി ഒരു ചെറിയ ചിരി പാസ്സ് ആക്കുന്നു. കവലയിൽ നിൽക്കുന്ന ചിലർ ജെയ്സനെ പരിഹാസത്തോടെ നോക്കുന്നു.

Cut To
കവല

ബസ് സ്റ്റോപ്പും പരിസരവും

ബസ് സ്റ്റോപ്പിന്റെ എതിർവശത്തേക്ക് എത്തുന്ന ജെയ്സൻ.
അവന്റെ നോട്ടത്തിൽ ബസ് സ്റ്റോപ്പിൽ നിൽക്കുന്ന ബിൻസി. അവന്റെ മുഖത്ത് ഒരു പുഞ്ചിരി. ജെയ്സൻ തന്റെ സൈക്കിളിലെ മിറർ തിരിച്ചുവച്ച് മീശയും മുടിയും ഒന്ന് ഒതുക്കി വക്കുന്നു.

Cut To

ബിൻസിയെത്തന്നെ നോക്കിയിരിക്കുന്ന എസ്.ഐ.സാജൻ. ബിൻസി തന്റെ വാച്ചിൽ സമയം നോക്കുകയാണ്.

Cut To

ബിൻസിയുടെ അടുത്തേക്ക് സൈക്കിൾ ചവിട്ടി വരുന്ന ജെയ്സൻ. ജെയ്സനെ കണ്ടതും ബിൻസി ഒന്ന് പരുങ്ങുന്നു.

ആരെങ്കിലും നോക്കുന്നുണ്ടോ എന്ന് ശ്രദ്ധിച്ചശേഷം ബിൻസിയുടെ കുറുകെ തന്റെ സൈക്കിൾ കൊണ്ടുവന്നു ചവിട്ടി നിർത്തുന്ന ജെയ്സൻ.

Cut To

ചായ എടുത്തുകൊണ്ട് വന്നു സാജന്റെ മുൻപിൽ വയ്ക്കുന്ന ഷിബു. അത് ശ്രദ്ധിക്കാതെ ബസ് സ്റ്റോപ്പിലേക്ക് നോക്കി നിൽക്കുന്ന സാജൻ.
ജെയ്സനെ കണ്ട സാജൻ ചായക്കടയിൽ നിന്ന് എഴുന്നേറ്റ് പല്ലുകൾ ഇറുമ്മി കൈകൾ ചുരുട്ടി ബസ് സ്റ്റോപ്പ് ലക്ഷ്യമാക്കി ഓടുന്നു. സാജൻ റോഡ് ക്രോസ് ചെയ്ത് ജെയ്സന് നേരെ വരുന്നു.

Cut To

കവലയുടെ ഒത്ത നടുവിലായി കൂറ്റൻ ഒരു സ്റ്റാർ കെട്ടിക്കൊണ്ടു ഇരിക്കുന്ന കുറച്ച് ആളുകൾ. ആ കൂട്ടത്തിൽ മാടക്കട നടത്തുന്ന കണ്ണപ്പനും ഉണ്ട്. അയാൾ എസ്.ഐ.സാജൻ ജെയ്സനെ ലക്ഷ്യമാക്കി നടന്നുവരുന്നത് കാണുന്നുണ്ട്.

**കണ്ണപ്പൻ :-** ആഹ്.. ഒരു അടിക്കുള്ള കോള് വരുന്നുണ്ടേ..

ഇത് കേട്ട് നാട്ടുകാർ ബസ് സ്റ്റോപ്പിലേക്ക് നോക്കുന്നു.

**Cut To**

സാജൻ വരുന്നത് ശ്രദ്ധിക്കാതെ ബിൻസിയോട് എന്തോ പറയാൻ തുടങ്ങുന്ന ജെയ്സൻ. പെട്ടെന്ന് സാജൻ വന്ന് ജെയ്സനെ പിടിച്ചു പിന്നിലേക്ക് വലിച്ച് അവന്റെ കവിളിൽ ആഞ്ഞ് ഒരു അടി കൊടുക്കുന്നു. ജെയ്സന്റെ കോളറിൽ പിടിച്ചുകൊണ്ട്

**സാജൻ :-** നെനക്ക് ഞാൻ പല തവണ വാണിംഗ് തന്നത് തന്നെ .. എ്വ..?

തിരിഞ്ഞു ബിൻസിയെ നോക്കി

**സാജൻ :-** പോയ് ജീപ്പിൽ കേറെടീ.. നാളെ മുതൽ വീട്ടീന്ന് പുറത്തിറങ്ങിയാ ..

നാട്ടുകാർ നോക്കി നിൽക്കുന്നതിന്റെ അപമാനഭാരത്താൽ

**ബിൻസി :-** ഞാൻ എന്ത് ചെയ്തിട്ടാ..?

എന്ന് പറഞ്ഞുകൊണ്ട് അവൾ റോഡിൽ കിടക്കുന്ന ജീപ്പിലേക്ക് കയറുന്നു. ജെയ്സൻ ബിൻസിയെ നോക്കുന്നു.

ജെയ്സനോടു **സാജൻ :-** ഡേയ്.. നീയിത് ഇന്നത്തോടെ നിർത്തിക്കോ.. അല്ലെങ്കിൽ ഉണ്ടല്ലോ നിന്റെ മുട്ടുകാല് ഞാൻ ചവിട്ടിയൊടിക്കും കേട്ടാ.. ?

സാജൻ ജെയ്സനിട്ട് ഒരു അടികൂടി കൊടുക്കുവാനായി കൈ പൊക്കുന്നു. അപ്പോഴേക്കും അവിടേക്ക് വരുന്ന ഷിനോജ് സാജനെ തടയുന്നു. ഷിനോജ് സാജനെ ജീപ്പിലേക്ക് കയറ്റുന്നു.

ദേഷ്യം അടങ്ങാതെ **സാജൻ :-** കൊച്ചിന്റെ കല്ല്യാണം ഉറപ്പിച്ചു വച്ചിരിക്കുമ്പോഴാണ് ഇവന്റെക്ക കൃമി കടി..

ബിൻസിയുടെ കല്ല്യാണം ഉറപ്പിച്ചു എന്ന് അറിയുന്ന ജെയ്സന്റെ റിയാക്ഷൻ. അത് അവനു ഒരു പുതിയ അറിവായിരുന്നു. ജെയ്സൻ ബിൻസിയെ നോക്കുന്നു. ബിൻസി ജെയ്സന് മുഖം കൊടുക്കുന്നില്ല. ജീപ്പ് കവല വിട്ടുപോകുന്നു. കവിള് തടവികൊണ്ട് നിൽക്കുന്ന ജെയ്സൻ. ജെയ്സന്റെ കണ്ണുകൾ നിറഞ്ഞിരിക്കുന്നു. ഇതെല്ലാം കണ്ടുകൊണ്ട് നിൽക്കുന്ന നാട്ടുകാർ.
കണ്ണപ്പന്റെ മുഖത്ത് ഒരു ചിരിയുണ്ട്. ആ കൂട്ടത്തിൽ വർക്കിയും ദാസനും ഉണ്ട്. വർക്കിയുടെ റിയാക്ഷൻ. ജെയ്സന്റെ മുഖത്ത് വല്ലാത്ത നാണക്കേട്. നാട്ടുകാർക്ക് അധികം മുഖം കൊടുക്കാതെ ജെയ്സൻ അവിടെ നിന്ന് പോകുന്നു. അത് നോക്കി നിൽക്കുന്ന നാട്ടുകാർ.

Cut To

മേഘങ്ങൾ ഒരു മഴയ്ക്ക് വേണ്ടിയുള്ള തയ്യാറെടുപ്പിലാണ്.
ആകാശത്തിൽ ഭീതി പരത്തുന്ന തരത്തിൽ കുറെ പക്ഷികൾ പറന്നുപോകുന്നു.

**സീൻ - 7**

ഷിബു
കുട്ടികൾ,നാട്ടുകാർ

***കുറുക്കൻമൂല കവല- Montage - NIGHT -EXT***

കവലയിൽ വലിച്ചു കെട്ടിയ കൂറ്റൻ സ്റ്റാറിൽ ലൈറ്റ് ഓൺ ആകുന്നു. സ്റ്റാർ കണ്ട് കൈ അടിക്കുന്ന കുട്ടികൾ.
അത് നോക്കി നിൽക്കുന്ന ഷിബു.
ഷിബു തിരിഞ്ഞു കടയിലേക്ക് കയറുവാൻ തുടങ്ങുന്നു. അവന്റെ കാഴ്ചയിൽ ചെളി വെള്ളത്തിൽ കിടക്കുന്ന അവന്റെ പേഴ്സ്.
ഷിബുവിന്റെ റിയാക്ഷൻ.

**സീൻ - 8**

കരോൾപയ്യൻ 1,കരോൾ പയ്യൻ 2
കരോൾ സംഘം

***പല വീടുകൾ***
***Montage - NIGHT - EXT***

പലവീടുകളും കയറി ഇറങ്ങുന്ന
ക്രിസ്തുമസ് കരോൾ സംഘം.
കരോളിന്റെ വിവിധ കട്ടുകൾ.
കുറുക്കൻ മൂലയിലെ പല വീടുകളുടെയും
മുൻപിൽ മേശകളിൽ ഈശോയുടെയും
രൂപവും മെഴുകുതിരികളും മറ്റും കത്തിച്ചു
വക്കുന്നു. അന്തരീക്ഷത്തിൽ വലിയ
രീതിയിൽ മിന്നൽ അടിക്കുകയും ഇടി
വെട്ടുകയും ചെയ്യുന്നുണ്ട്.

ജെയ്സൻ,വർക്കി,ജെസ്മി
ജോസ്മോൻ, അപ്പുമോൾ

**സീൻ - 9**

***ജെയ്സന്റെ വീട് NIGHT - INT /EXT***

ഓടിട്ട ഇടത്തരം വീടാണ് ജെയ്സന്റേത്. വീടിന്റെ മുറ്റത്ത് ഒരു വശത്തായി സൈക്കിൾ ചാരി വച്ചിട്ടുണ്ട്. ജെയ്സന്റെ വീട്ടുമുറ്റത്ത് പുൽക്കൂട് അലങ്കരിക്കുന്ന ജെയ്സന്റെ പെങ്ങളുടെ ഇളയ മകൾ അപ്പുമോളും (6 വയസ്സ്) മൂത്തമകൻ ജോസ് മോനും (10 വയസ്സ്) തടിച്ച ശരീരം, ഇരുനിറം. മുഖത്ത് ഒരു ബ്രൌൺ കണ്ണടയും വച്ചിട്ടുണ്ട്. തൊട്ടടുത്തായി ജെയ്സന്റെ അച്ഛൻ വർക്കി. വർക്കിയും ജെസ്മിയും പരസ്പരം നോക്കി എന്തൊക്കെയോ സംസരിച്ചുകൊണ്ടിരിക്കുകയാണ്. അവരിരുവരുടെയും നോട്ടം കുറച്ചപ്പുറത്ത് മാറി പടിക്കൽ ഇരിക്കുന്ന ജെയ്സനിൽ. ഇരുവരുടെയും നോട്ടം കാണുമ്പോൾ കലിപ്പിൽ

**ജെയ്സൻ :-** എന്താ..?

**വർക്കി :-** ഞങ്ങള് നോക്കുന്നതാണോ കുഴപ്പം.. ഇന്നി ആരുടേലും കയ്യീന്ന് അടി വാങ്ങാനൊണ്ടേവാങ്ങീട്ട് വാ..

അത് കേൾക്കുമ്പോൾ കലിപ്പിൽ വീടിനകത്തേക്ക് കയറിപ്പോകുന്ന ജെയ്സൻ.

Cut To

**സീൻ 9 A** ജെയ്സൻ,കരോൾസംഘം

**ജെയ്സന്റെ വീട് -ഉൾവശം**
***INT***

ഒരു ഗ്ലാസ് മദ്യം ഒറ്റയടിക്ക് അകത്താക്കിയ ശേഷം കലിപ്പിൽ ജെയ്സൻ തന്റെ മുറിക്കുള്ളിലെ ഭിത്തിക്കിട്ടു വലിച്ചിടിക്കുന്നു. ഒരു നിമിഷത്തെ ഇടിയുടെ വാശിക്ക് ശേഷം തന്റെ കൈ വേദനയിൽ കുടയുന്ന ജെയ്സൻ. ഓവർലാപ്പ് ചെയ്ത് കേൾക്കുന്ന കരോൾ സംഘത്തിന്റെ ശബ്ദം. അത് കേൾക്കുന്ന ജെയ്സൻ ഒരു നിമിഷം കരോൾ കാണാൻ എന്നോണം ജനൽ തുറക്കാൻ ശ്രമിക്കുന്നു. ഒന്നുരണ്ടു തവണ ജനലിനിട്ട് തള്ളിയിട്ടും ജനൽ തുറക്കുന്നില്ല.
അവസാനം തന്റെ പൂർണ ശക്തി ഉപയോഗിച്ച് ജനൽ തള്ളി തുറക്കുന്നു.

ജെയ്സന്റെ കാഴ്ച്ചയിൽ വഴിയിലൂടെ ആർപ്പുവിളിയോടും ഗാനാലാപനത്തോടും നടന്നുനീങ്ങുന്ന കരോൾ സംഘം. ജെയ്സന്റെ റിയാക്ഷൻ.

**സീൻ - 10** ഷിബു

***പുഴ NIGHT - EXT***

അന്തരീക്ഷത്തിൽ വളരെ ശക്തമായി കൊള്ളിയാനും ഇടിമുഴക്കവും ഉണ്ട്. ഒരു വഞ്ചിയിൽ പുഴയിലൂടെ പോകുന്ന ഷിബു. ഷിബു തന്റെ പേഴ്സ് തുറന്നു പിടിച്ചിരിക്കുകയാണ്. പേഴ്സിൽ നിന്ന് ഷിബു ഒരു ഫോട്ടോ എടുക്കുന്നു. അത് ചെളിയിൽ പൊതിഞ്ഞിരിക്കുകയാണ്. അവൻ അത് മെല്ലെ തുടക്കുമ്പോൾ അതിൽ തെളിയുന്നത് ഒരു പെൺകുട്ടിയുടെ (ഉഷ) മുഖമാണ്. ആ ഫോട്ടോ ചെളി വീണതിനാൽ വല്ലാതെ ചീത്തയായിരിക്കുന്നു. ഷിബു നിരാശയോടെ തന്റെ പേഴ്സ് പുഴയിലേക്ക് വലിച്ചെറിയുന്നു. എന്നിട്ട് പുഴയ്ക്കു അക്കരെയുള്ള ഒരു കൊച്ചു വീട്ടിലേക്ക് (ഉഷയുടെ വീട് ) നോക്കുന്നു. പശ്ചാത്തലത്തിൽ കരോളിന്റെ ശബ്ദം.

**സീൻ -11** ഷിബു,പാച്ചൻ

***ഷിബുവിന്റെ വീട് NIGHT –INT /EXT***

തന്റെ ചുണ്ടിൽ എരിയുന്ന ബീഡിയുമായി ഇടവഴിയിൽനിന്ന് വീട്ടുമുറ്റത്തേക്ക് നടന്ന് കയറുന്ന ഷിബു. ഒരു പേമാരിയെപ്പോലെ അന്തരീക്ഷത്തിൽ അലയടിക്കുന്ന കാക്കകളുടെ കരച്ചിൽ. അത് ഷിബുവിന്റെ വീടിനു പിന്നിലുള്ള ആൽമരത്തിൽ നിന്നാണ് . ഇഷ്ടികകൾ കൊണ്ടുള്ള വീടാണ് ഷിബുവിന്റേത്.
പണി തീർന്നിട്ടില്ല. വീടിന്റെ ഒരു വശത്തായി ചാക്കും കമ്പും ഉപയോഗിച്ച് ഉണ്ടാക്കിയിരിക്കുന്ന ഒരു നോക്കുകുത്തിയെ തൂക്കിയിട്ടിട്ടുണ്ട്. നോക്കുകുത്തിയുടെ പുറത്ത് വന്നിരിക്കുന്ന കാക്കകൾ. ഷിബു അത് നോക്കിക്കൊണ്ട് തന്റെ വീട്ടുപടിക്കൽ ബീഡിക്കുറ്റിയിട്ട് കാലുകൊണ്ട് ചവിട്ടി അതിന്റെ തീ കെടുത്തുന്നു. വീടിന്റെ പടിക്കൽ അതേ സ്ഥാനത്ത് കുറച്ചേറെ ബീഡി കുറ്റികൾ കിടപ്പുണ്ട്. ഷിബു വീടിനുള്ളിലേക്ക് കയറുന്നു.

Cut To

വീടിനുള്ളിൽ മെയിൽ ഹാളിൽ ഒരു വശത്ത് പലപല ചാക്കുകളിലായി അടുക്കി വച്ചിരിക്കുന്ന കരി മരുന്നുകൾ. പടക്കങ്ങളിലും ഗുണ്ടുകളിലും കതിനകളിലും മറ്റും കരിമരുന്നു ശ്രദ്ധയോടെ നിറച്ചു തിരി തെറുത്തു വയ്ക്കുന്ന ഷിബുവിന്റെ അച്ഛൻ പാച്ചൻ. അയാൾ ഷർട്ടും മുണ്ടും ഒന്നും ധരിച്ചിട്ടില്ല. അയാൾ ഒരു ബീഡി വലിച്ചുകൊണ്ടാണ് കരിമരുന്നു തെറുക്കുന്നത്. ഒരു വള്ളി നിക്കർ (അണ്ടർവെയർ) മാത്രമാണ് അയാൾ ധരിച്ചിരിക്കുന്നത്. പാച്ചന്റെ സമീപം ഒരു റേഡിയോ ഓൺ ആയിട്ടിരിപ്പുണ്ട്. ഒരു ക്രിസ്തുമസ് ഗാനമാണ് ഇപ്പോൾ കേട്ടുകൊണ്ടിരിക്കുന്നത്. അയാളുടെ മുൻപിൽ ഒരു പഴയ സ്റ്റീൽ ഗ്ലാസിൽ തനിക്ക് കുടിക്കാൻ എന്നോണം അയാൾ വെള്ളം വച്ചിട്ടുണ്ട്. പാച്ചന്റെ കൈകൾ സ്ഥിരമായ കരിമരുന്നിന്റെ ഉപയോഗം മൂലം

കരിപിടിച്ചതുപോലെയാണ് ഇരിക്കുന്നത്.
പാച്ചന്റെ ചുണ്ടിൽ എരിയുന്ന ബീഡി കണ്ടു

**ഷിബു :-** നിങ്ങളീ വീട് കത്തിക്കുവോ..?

പാച്ചൻ തന്റെ ജോലി തുടരുന്നു.
മുറിയിലെ ചുവരിൽ ഷിബുവിന്റെ
മരിച്ചുപോയ അമ്മയുടെ ഫോട്ടോ
തൂക്കിയിട്ടുണ്ട്. അടുക്കള ലക്ഷ്യമാക്കി
നടക്കുന്ന ഷിബു.

Cut To

അടുക്കളയിൽ കഞ്ഞിപ്പാത്രവും മറ്റും
പരിശോധിക്കുമ്പോൾ എല്ലാം കാലിയാണ്.
ഷിബുവിന്റെ മുഖത്ത് അമ്പരപ്പ്. പെട്ടെന്ന്
പാത്രങ്ങൾക്കിടയിൽ നിന്ന് ശബ്ദം ഉണ്ടാക്കി
ഒരു പൂച്ച ജനൽ വഴി ഇറങ്ങിയോടുന്നു.
ഷിബുവിന്റെ റിയാക്ഷൻ.
തിരികെ പാച്ചൻ ഇരിക്കുന്ന മുറിയിലേക്ക്
നടന്നെത്തുന്ന ഷിബു. അവന്റെ മുഖത്ത്
ഈർഷ്യ. പാച്ചൻ ഇപ്പോഴും തിരി
തെറുത്തുകൊണ്ട് ഇരിക്കുകയാണ്.
പശ്ചാത്തലത്തിൽ ഇപ്പോൾ റേഡിയോയിലെ
വാർത്താവായന കേൾക്കാം.

പാച്ചനോടു **ഷിബു :-** ഇന്ന് കഞ്ഞി വച്ചില്ലേ..?

**പാച്ചൻ :-** ഇല്ല.. അക്കരേന്നു തങ്കച്ചൻ വന്നാരുന്നു..
ഞങ്ങള് സംസാരിച്ചിരുന്നു കഞ്ഞി വെക്കുന്ന
കാര്യം മറന്നുപോയി..

അത് കേൾക്കുന്ന ഷിബുവിന് നല്ല ദേഷ്യം
വരുന്നുണ്ടെങ്കിലും അവൻ തിരികെ ഒന്നും
മിണ്ടുന്നില്ല.
ഒരു നിമിഷം അവരിരുവരും നിശബ്ദരാണ് .
ഷിബു അകത്തേക്ക് പോവാൻ തുടങ്ങവേ
എന്തോ ഓർത്തെടുത്തിട്ടെന്നപോലെ

**പാച്ചൻ :-** ആ ദാസന്റെ പെങ്ങളില്ലേ ?.. അവള് തിരിച്ചു
വീട്ടിൽ വന്നുനിപ്പുണ്ട്..

അത് കേട്ട് പാച്ചനെ തിരഞ്ഞു
നോക്കിക്കൊണ്ട്

**ഷിബു :-** ഉഷയോ..?

ഷിബുവിന്റെ മുഖത്ത് തെളിച്ചം.
'അതെ' എന്ന അർത്ഥത്തിൽ

**പാച്ചൻ :-** അവളെ കെട്ടിയോൻ ഇട്ടിട്ടു പോയെന്നാ കേട്ടേ..

ഒരു നിമിഷത്തെ മൌനത്തിനു ശേഷം
ഷിബുവിനെ നോക്കി

**പാച്ചൻ :-** നീ പഴയപോലെ അവൾടെ പൊറകെപോയി പ്രശ്നോന്നും ഒണ്ടാക്കല്ല്..

ഷിബു അതിനു പ്രതികരണം ഒന്നും കൊടുക്കാതെ അകത്തെ മുറിയിലേക്ക് നടക്കുന്നു. പാച്ചൻ ഒന്ന് നോക്കുമ്പോൾ ഷിബു അവിടെ നിന്ന് നടന്ന് തന്റെ മുറിയിലേക്ക് ചെന്ന് കയറുന്നു. മുറിയിലെ ഒരു പഴയ മേശയുടെ draw തുറക്കുന്ന ഷിബു. അതിനുള്ളിൽ കാന്തങ്ങളും സ്ക്രൂഡ്രൈവറും പഴയ പേനയും പകുതിയായ പെൻസിലും കുറെ പേപ്പറുകളും ഒക്കെ കിടപ്പുണ്ട്. അതിൽ നിന്ന് ഒരു പഴയ ജോമെട്രി ബോക്സ് എടുത്ത് തുറക്കുന്ന ഷിബു. അതിനുള്ളിൽ നിറയെ ഉഷയുടെ സ്കൂൾ ഫോട്ടോകളാണ് മറ്റെവിടെനിന്നോ വെട്ടിയെടുത്ത് സൂക്ഷിച്ചുവച്ചിരിക്കുന്നതാണ്. ഫോട്ടോ എടുത്ത് അതിൽ നോക്കി ഒരു നിമിഷം പുഞ്ചിരിക്കുന്ന ഷിബു.
ആ ഫോട്ടോകൾക്കൊപ്പം ടേപ്പ് റെക്കോർഡിൽ ഇടുന്ന ഒരു ഓഡിയോ കാസറ്റും ഇരിപ്പുണ്ട്. ഷിബു ആ കാസറ്റ് എടുത്ത് അതിന്റെ ഓഡിയോ ഫിലിമിൽ ഒന്ന് ഊതി പൊടി തട്ടിക്കളയുന്നു.
ഈ ദൃശ്യത്തെ ഓവർലാപ്പ് ചെയ്ത് കേൾക്കുന്ന റേഡിയോയിലെ ഗാനത്തിന്റെ ശബ്ദം.
ആ സമയത്ത് പാച്ചൻ ഇരിക്കുന്ന മെയിൻ ഹാളിലേക്ക് എത്തുന്ന ഷിബു.

**പാച്ചൻ :-** നീയുംകൂടെ ഇരുന്നാ വെളുപ്പിന് മുന്നേ ഇതിന്റെ പരുവാടി തീർക്കാരുന്നു..

തന്റെ പോക്കറ്റിൽ ഇരിക്കുന്ന ബീഡിയെടുത്ത് ചുണ്ടത്ത് വെച്ച് കത്തിച്ചിട്ടു പാച്ചനു മറുപടി ഒന്നും കൊടുക്കാതെ പാച്ചന്റെ അടുത്ത് ഇരുന്ന റേഡിയോയും എടുത്തുകൊണ്ട് പുറത്തേക്കു പോകുന്നു.

അത് കാണുമ്പോൾ **പാച്ചൻ :-** എടാ.. അത് അവടെ വച്ചേച്ച് പോടാ..

ഷിബു പാച്ചൻ പറഞ്ഞത് കേൾക്കാതെ വീട്ടിൽ നിന്നും പുറത്തേക്ക് പോകുന്നു. അത് കാണുമ്പോൾ പ്രാകിക്കൊണ്ട് പാച്ചൻ

**പാച്ചൻ :-** നീയും നിന്റെ തള്ളെപ്പോലെ വട്ടെളകിച്ചാവുമടാ നാറീ..

Overlap : ക്രിസ്തുമസ് കരോളിന്റെ ശബ്ദം

Cut To

**സീൻ - 12**

ജെയ്സൻ,ബിന്ദു,ബിൻസി,സാജൻ
അനീഷ്,ജോസ്മോൻ,കരോൾ
പയ്യൻ 1, കരോൾ പയ്യൻ 2
കരോൾസംഘം, മറ്റ് ആളുകൾ

***എസ്.ഐ. സാജന്റെ വീട്. NIGHT EXT/ INT***

കരോൾ സംഘം എസ്.ഐ. സാജന്റെ വീട്ടിൽ നിന്ന് കരോൾ ഗാനം പാടി നൃത്തം ചെയ്യുന്നു. സാജന്റെ ഭാര്യ ബിന്ദുവും മകൾ ബിൻസിയും കുറച്ചു കൊച്ചുകുട്ടികളും നിന്ന് കരോൾ കാണുന്നുണ്ട്. നിക്കർ ഒന്ന് വലിച്ചു മുകളിലേക്ക് കയറ്റി ജോസ് മോനും കരോൾ ഗാനം പാടി നൃത്തം ചെയ്യുന്നു. ബിന്ദുവും ബിൻസിയും വളരെ പരിഷ്കൃതമായ വസ്ത്രധാരണമാണ്. കരോൾ കഴിയുമ്പോൾ കരോൾ സംഘത്തിലെ ആളുകളോട്

**ബിന്ദു :-** സാജേട്ടൻ വരുന്ന വരെ ഒന്ന് നിൽക്കാമോ .. കഴിഞ്ഞ തവണയും ഏട്ടന് കരോൾ കാണാൻ പറ്റിയില്ല.. ഞാൻ കാപ്പി എടുക്കാം..

**ഒരാൾ :-** പിന്നെന്താ ചേച്ചീ..

കരോൾ സംഘം അല്പം ബഹളമയത്തിൽ അവിടിവിങ്ങളിലായി ഇരിക്കുമ്പോൾ വീടിനകത്തേക്ക് കയറുന്ന ബിൻസി. പെട്ടെന്ന് ബിൻസിയെ പിടിച്ചു വലിച്ചു അവളുടെ മുറിയിലേക്ക് കയറുന്ന ക്രിസ്മസ് പാപ്പ. അയാൾ പെട്ടെന്ന് കതകടച്ചു കുറ്റിയിടുന്നു. ഒരു ഞെട്ടലോടെ നിൽക്കുന്ന ബിൻസിയുടെ മുൻപിൽ തന്റെ മുഖംമൂടി അഴിക്കുന്ന ക്രിസ്മസ് പാപ്പ. അത് ജെയ്സൻ ആണ്. ജെയ്സനെ കാണുമ്പോൾ ബിൻസിയുടെ മുഖത്ത് ഞെട്ടൽ.

(കലിപ്പിച്ചു) **ബിൻസി :-** എന്താ ജെയ്സന്റെ ഉദ്ദേശം..?

**ജെയ്സൻ :-** എനിക്കും അതറിയണം.. നീ എന്ത് ഉദ്ദേശിച്ചാ.. നിന്റെ കല്യാണം ഉറപ്പിച്ചെന്ന് പറഞ്ഞത് ഒള്ളതാണോ..

എന്തോ മണം അടിച്ചിട്ടെന്നപോലെ

**ബിൻസി :-** നീ കുടിച്ചിട്ടുണ്ടോ..?

**ജെയ്സൻ :-** അത് നീ എന്തിനാ അന്വേഷിക്കുന്നെ..! ഞാൻ ചോദിച്ചതിനു മറുപടി പറ..

**ബിൻസി :-** ആ.. ഒള്ളതാ.. എന്താ..?

ജെയ്സന്റെ റിയാക്ഷൻ

**ജെയ്സൻ :-** ആരാടീ അവൻ..?

**ബിൻസി :-** ആരായാലും നെനക്കെന്നാ..നീ നിന്റെ കാര്യം നോക്കടാ..

അപ്പോഴേക്കും മുറിയുടെ പുറത്ത് കതകിൽ വന്ന് തട്ടുന്ന ബിന്ദു.

(വോയിസ് ഓവർ) **ബിന്ദു :-** ബിൻസി.. നീ അവടെന്നാ എടുക്കുവാ.. ഇത്രേം പേർക്ക് ഞാൻ ഒറ്റക്ക് കാപ്പി എടുക്കണോ .. ? അടുക്കളേലോട്ട് വന്നെ..

**ബിൻസി :-** അമ്മേ.. ഞാൻ വരുന്നു..

(വോയിസ് ഓവർ) **ബിന്ദു :-** എന്തേലും പണി പറഞ്ഞാൽ ഒടനെ കതകടച്ചു മുറീൽ കേറി ഇരുന്നോണം..

ബിൻസി ജെയ്സനെ കടന്നുപോകാൻ നോക്കുന്നു, ബിൻസിയെ തടഞ്ഞുകൊണ്ട്

**ജെയ്സൻ :-** എന്നെ പറ്റിക്കുവാരുന്നല്ലേ ? ഇതിനു മാത്രം ഞാൻ എന്ത് തെറ്റാ ചെയ്തത്.. പറ.. അത് പറഞ്ഞിട്ട് നീ പോയാമതി..

ജെയ്സന്റെ മുഖത്തേക്ക് കലിപ്പിച്ച് നോക്കി

**ബിൻസി :-** വെറുതെ കളിക്കല്ലേ ജെയ്സാ.. അച്ഛനിപ്പോ വരും..

**ജെയ്സൻ :-** നിന്റെ തന്ത വന്നാ എനിക്ക് ഒരു പുല്ലുവില്ല..

INTER CUT TO -

പോലീസ് ജീപ്പിൽ വീടിനു മുന്നിലേക്ക് വന്നിറങ്ങുന്ന സാജൻ. സാജന്റെ ഒപ്പം അനീഷും ഉണ്ട്. അനീഷിന്റെത് അല്പം കഷണ്ടി കയറി തുടങ്ങിയ തലയാണ്. ഏകദേശം 28 വയസ്സ് പ്രായം ഉണ്ട്. അക്കാലത്തെ വളരെ പരിഷ്കൃതമായ വേഷം. അവൻ ഒരു കൂളിംഗ് ഗ്ലാസും വച്ചിട്ടുണ്ട്. സാജനേയും അനീഷിനെയും

വീടിനു മുൻപിൽ ഇറക്കിയ ശേഷം പോലീസ് ജീപ്പ് പോകുന്നു. വീടിനു മുൻപിലും അകത്തുമായി ബഹളം വച്ചുകൊണ്ടിരിക്കുന്ന കരോൾ സംഘം സാജനെ കാണുമ്പോൾ നിശബ്ദരായി എഴുന്നേറ്റ് നിൽക്കുന്നു. കരോൾ സംഘത്തെ മുഴുവൻ ഒന്ന് രൂക്ഷമായി നോക്കുന്ന സാജൻ. അവരുടെ ഇടയിൽ ജെയ്സൻ ഉണ്ടോയെന്നാണ് അയാൾ നോക്കുന്നത്. ജെയ്സൻ ആ കൂട്ടത്തിൽ ഇല്ലെന്നു മനസ്സിലാവുമ്പോൾ കരോൾ സംഘത്തിലെ ചെണ്ട കൊട്ടുന്ന ചെറിയ പയ്യനോട് അവന്റെ തലയിൽ തലോടി

**സാജൻ :-** നിനക്ക് കൊട്ടാനുള്ള ലൈസൻസ് ഒക്കെ ഉണ്ടാടെ?

ആ പയ്യൻ പേടിച്ചു നിൽക്കുമ്പോൾ സാജൻ എല്ലാവരെയും ഒന്ന് നോക്കുന്നു. അഭിമാനത്തോടെ തന്റെ സമീപം നിൽക്കുന്ന അനീഷിന്റ തോളിലേക്ക് കയ്യിട്ടുകൊണ്ട് കരോൾ സംഘത്തിലെആളുകളോടായി അനീഷിനെ എല്ലാവർക്കുമായി പരിചയപ്പെടുത്തിക്കൊണ്ട്

**സാജൻ :-** ഇതാരാണെന്ന് മനസ്സിലായാ..?

ആളുകളുടെ ഭാഗത്തുനിന്നും വലിയ പ്രതികരണം ഒന്നുമില്ല.

അത് കാണുമ്പോൾ **സാജൻ :-** അനീഷ്.. എന്റെ മോളെ കെട്ടാൻ പോണവൻ..

ആളുകളുടെ റിയാക്ഷൻ

Cut To
ബിൻസിയുടെ മുറിയിൽനിന്ന് ജെയ്സൻ ഇത് കേൾക്കുന്നു.

ബിൻസിയെ നോക്കി **ജെയ്സൻ :-** ഈ മൊണ്ണയാണോ നിന്നെ കെട്ടാൻ പോണേ..?

Cut Back To

**സാജൻ :-** ഇവനേ.. നമ്മുടെ നാട്ടിൽ ഒള്ളവന്മാരെപ്പോലെ തുണി തച്ചും ചെരുപ്പ് കുത്തീം ഒന്നും നടക്കണവനല്ല.

ജെയ്സന്റെ റിയാക്ഷൻ

**സാജൻ :-** അങ്ങ് ഗൾഫിലാ..

അനീഷിനോടായി **സാജൻ :-** മോനേ.. നിന്റെ അവിടുത്തെ ജോലി എന്താന്ന് ഒന്ന് പറഞ്ഞുകൊട്.. മാമമ്മാര് കേക്കട്ട്..

അല്പം അഭിമാനവും നാണവും കലർന്ന സ്വരത്തിൽ കരോൾ സംഘത്തിൽ നിൽക്കുന്നവരോടായി

**അനീഷ് :-** ചീഫ് എക്സിക്യൂട്ടീവ് ക്ലീനർ ആൻഡ് പർച്ചേസിങ്ങ് ഓഫീസർ..

അത്ഭുതത്തിൽ വായപൊത്തി

**ജോസ്മോൻ :-** ശ്ശോ..

കരോൾ സംഘം അത്ഭുതത്തിൽ അനീഷിനെ നോക്കുമ്പോൾ
അഭിമാനത്തോടെ

**സാജൻ :-** എങ്ങനൊണ്ട്.. പറഞ്ഞില്ലേ.. വല്ല്യ ജോലിയാ.. രണ്ടാഴ്ചക്കുള്ളിൽ നമ്മടെ കവലേൽ ഇവന്റെ ഒരു വല്ല്യ കട വരും.. എല്ലാവനും ഒന്ന് ഞെട്ടാൻ റെഡിയായിക്കോ..

സാജൻ പറഞ്ഞു കഴിഞ്ഞതും കരോൾ സംഘത്തിൽ നിന്ന പയ്യന്റെ കയ്യിൽനിന്നും ഡ്രം ഒരു വലിയ ഒച്ചയോടെ താഴേക്ക് വീഴുന്നു. ആ ശബ്ദം കേട്ട് അനീഷും സാജനും ഞെട്ടുന്നു. ഡ്രം അടിക്കുന്ന പയ്യന്റെ റിയാക്ഷൻ.

CUT BACK TO

ബിൻസിയെ പുറത്തുപോകാൻ സമ്മതിക്കാതെ വാതിലിനു മുൻപിൽ തടസ്സമായി നിൽക്കുന്ന ജെയ്സൻ

**ജെയ്സൻ :-** എന്നെക്കാളും എന്ത് തേങ്ങയാണ് ഇവന് കൂടുതൽ ഉള്ളത്.. എന്റെ അത്രേം മുടി ഉണ്ടോ..? എന്റെ അത്രേം മോഡേൺ ആണോ അവൻ.. ഇവന്റെ ചരിത്രം നിനക്കറിയ്യോ.. ഇവനും ആ ബ്രൂസ് ലീ ബിജീം കൂടെ കൊറേ കാലം പ്രേമിച്ച് നടന്നതാ.. അവരടെ ഇടക്ക് എന്തൊക്കെയാ നടന്നെന്ന് അറിയാവോ..?

പുറത്തെ ഇടിമിന്നലിൽ മുറിയിലെ ബൾബ് ഫ്ലിക്കർ ചെയ്യുന്നു. അത് ഒരു നിമിഷം നോക്കിയശേഷം.

**ബിൻസി :-** എനിക്ക് ഒന്നും കേൾക്കണ്ട ജെയ്സാ.. സൌന്ദര്യം കുറച്ച് കുറവാണേലും അവൻ എന്നെ നല്ലോണം നോക്കിക്കോളും .. നിന്നെപ്പോലെ സ്വാർത്ഥൻ ഒന്നുവല്ല.. പിന്നെ .. അനീഷിന്റെ ഗൾഫിലെ ശമ്പളം എത്രയാന്ന് നെനക്ക് അറിയാവോ..?

**ജെയ്സൻ :-** എത്ര ആയാലെന്താ.. അവൻ വെറും പത്താം ക്ലാസല്ലേ.. എനിക്ക് പ്രീ ഡിഗ്രീ ഉണ്ട്.. അതുകൊണ്ട് എന്തായാലും എനിക്ക് അവനേക്കാളും നല്ല ജോലി കിട്ടും..

**ബിൻസി :-** ആയിക്കോട്ടേന്നേ..

ജെയ്സന്റെ മുഖത്ത് നിരാശ. അവസാനശ്രമം എന്ന നിലയിൽ

**ജെയ്സൻ :-** ഡീ.. എന്റെ വിസേടെ വേരിഫിക്കഷെനും കൂടി കഴിഞ്ഞാൽ എനിക്ക് അമേരിക്കക്ക് പോവാൻ പറ്റും.. അത് വരെ നിനക്ക് ഒന്ന് കാത്താലെന്താ..

**ബിൻസി :-** പിന്നെ.. അമേരിക്ക..

ബിൻസിയുടെ റിയാക്ഷൻ.

Cut To

വീടുമുറ്റം
സാജന്റെ നോട്ടം വീണ്ടും കരോൾ സംഘത്തിലേക്ക്

**സാജൻ :-** ഡേയ്.. നിങ്ങടെ കൂട്ടത്തി സാന്താക്ലോസ് ഇല്ലേ..? വിട്ടുപോയാ..

എല്ലാവരും പരസ്പരം നോക്കുന്നു.
ജോസ്മോന്റെ മുഖത്ത് ടെൻഷൻ.

Cut Back To

ബിൻസിയുടെ റിയാക്ഷൻ

**ബിൻസി :-** ഇല്ല.. ഇനി എന്നെക്കൊണ്ട് പറ്റില്ല.. വഴീന്ന് മാറിയേ ജെയ്സാ.. അല്ലെങ്കി ഞാൻ ഇപ്പൊ വിളിച്ചു കൂവും..

അത് കേൾക്കുമ്പോൾ ജെയ്സന് നല്ല കലി വരുന്നു. ഒരു നിമിഷം കൈ ചുരുട്ടി, പല്ലിറുമ്മി

ഉച്ചത്തിൽ **ജെയ്സൻ :-** നീ പോയാ എനിക്ക് പുല്ലാടീ.. കോപ്പേ..

ശബ്ദം താഴ്ത്താൻ ജെയ്സനോടു ആംഗ്യം കാണിക്കുന്ന ബിൻസി. അതനുസരിച്ച് ശബ്ദം താഴ്ത്തി

(രഹസ്യം പറയുന്ന രീതിയിൽ)

**ജെയ്സൻ:-** നീ പോയാ എന്റെ പിന്നാലെ ആയിരം പെണ്ണുങ്ങള് വരും..

(സ്വരം താഴ്ത്തി)

**ബിൻസി :-** ആ വരുന്നതിൽ ഏതേലും ഒരു സുന്ദരിയെ നീ കെട്ടിക്കോ.. എന്നെ വിട്ടേരെ..

ജെയ്സൻ എന്തോ പറയാനായി പല്ലിറുമ്മുമ്പോൾ മുറിയുടെ പുറത്ത് നിന്ന് കതകിൽ തട്ടുന്ന സാജൻ. ഭയങ്കര ശക്തിയിലാണ് കതകിൽ തട്ടുന്നത്.

(വോയിസ് ഓവർ)

**സാജൻ :-** ഡീ.. കതക് തുറക്കടീ..

അത് കേൾക്കുന്ന ജെയ്സന്റെയും ബിൻസിയുടെയും മുഖത്ത് ഞെട്ടൽ. ജെയ്സൻ എന്ത് ചെയ്യണമെന്നു അറിയാതെ ഒന്ന് പരുങ്ങുന്നു.

Cut To

മുറിക്കു വെളിയിൽ നിന്ന് ശക്തമായി കതകിനിട്ടു തട്ടുന്ന സാജൻ. ഒരു നിമിഷം ബിൻസി കതക് തുറക്കാൻ വൈകുമ്പോൾ സാജന്റെയും സമീപം നിൽക്കുന്ന അനീഷിന്റെയും മുഖത്തെ റിയാക്ഷൻ. സാജൻ 'ബിൻസി' എന്ന് വിളിച്ചു ഒന്ന് കൂടി വലിച്ചു കതകിൽ തട്ടാൻ തുടങ്ങുമ്പോൾ ബിൻസി കതകു തുറക്കുന്നു. മുറിക്കകത്തേക്ക് ഒന്ന് നോക്കി

**സാജൻ :-** നിനക്ക് വിളിക്കുമ്പോൾ വിളി കേട്ടാൽ എന്താ.. ഏ..?

തപ്പിക്കൊണ്ട്

**ബിൻസി :-** ഞാൻ പ്രാർത്ഥിക്കുവാരുന്നു..

**സാജൻ :-** നീയാ..?

എന്ന് പറഞ്ഞ് സാജൻ വീണ്ടും മുറിക്കുള്ളിലേക്ക് സംശയനിഴലോടെ വീണ്ടും നോക്കുന്നു. ഉള്ളിൽ പെട്ടെന്നുള്ള

നോട്ടത്തിൽ സംശയാസ്പദമായി അയാൾക്കൊന്നും കണ്ടെത്താൽ കഴിയുന്നില്ല.

Cut To

ദൃശ്യം ബിൻസിയുടെ മുറിയിലെ കട്ടിലിനടിയിലേക്ക് നീങ്ങുന്നു. കട്ടിലിനടിയിൽ ഒളിച്ചു കിടക്കുന്ന ജെയ്സൻ. അവൻ ഇപ്പോൾ തന്റെ മുഖം മൂടി വീണ്ടും ധരിച്ചിട്ടുണ്ട്. അവന്റെ മുഖം മൂടിയുടെ അറ്റത്തു ചേർത്ത് കെട്ടിവച്ചിരിക്കുന്ന മൂന്നു ബലൂണുകളിൽ ഒരെണ്ണം കട്ടിലിന്റെ അടിയിൽ ഉള്ള ആണിയിൽ അമർന്നുകൊണ്ടിരിക്കുകയാണ്.

Cut Back To

മുറിയിൽ മറ്റാരുമില്ല എന്ന് ഉറപ്പിച്ച ശേഷം അനീഷിനെ നോക്കി

**സാജൻ :-**

ഇവള് ഇങ്ങനെയാ കേട്ടോ.. ഭയങ്കര പ്രാർത്ഥനക്കാരിയാ.. ഡെയിലി ഒരു മൂന്നുനാല് തവണ ഇങ്ങനെ പ്രാർത്ഥിക്കാൻ കേറും.. ഇനി അനീഷിതൊക്കെ അറിഞ്ഞിരിക്കണോല്ലോ.. അതിനു വേണ്ടി പറഞ്ഞതാ.. ഏത്..?

ഒരിക്കൽക്കൂടി മുറിയിലേക്ക് ഒന്ന് നോക്കുന്ന സാജൻ.

Cut To

കട്ടിലിന്റെ അടിയിലെ ആണിയിൽ കുറച്ചുകൂടി അമരുന്ന ബലൂൺ. ബലൂൺ ഇപ്പോൾ പൊട്ടും എന്ന് തോന്നിപ്പിക്കുന്നു.

Cut Back To

ബിൻസി തലകുനിച്ചു നിൽക്കുന്നു. അനീഷിനോടും ബിൻസിയോടുമായി

**സാജൻ :-**

നിങ്ങള് സംസാരിക്ക്.. ഞാനാ സാന്താക്ലോസിനെ ഒന്ന് തപ്പട്ടെ..

സാജൻ നടന്നു നീങ്ങുമ്പോൾ ബിൻസിയെ നോക്കി

**അനീഷ് :-**

ബിൻസി എനിക്കുവേണ്ടിയാണോ ഡെയിലി ഇങ്ങനെ പ്രാർഥിക്കുന്നെ..

'അതെ' എന്ന് കൃത്രിമമായി ഒരു പുഞ്ചിരി മുഖത്ത് വരുത്തി തലയാട്ടുന്ന ബിൻസി

**ബിൻസി :-**

മ്.. നമുക്ക് പുറത്തോട്ടുനിന്ന് സംസാരിച്ചാലോ..

അനീഷ് തലയാട്ടുന്നു.

**അനീഷ് :-** ബിൻസിയുടെ ഇഷ്ടം പോലെ..

അനീഷ് കുറച്ചു പുറത്തേക്ക് ഇറങ്ങുമ്പോൾ കട്ടിലിന്റെ അടിയിലെ ആണിയിൽ അമർന്ന ബലൂൺ പൊട്ടുന്നു. ശബ്ദം കേട്ട് അനീഷ് തിരിഞ്ഞു നോക്കുന്നു. അനീഷിന്റെ കാഴ്ചയിൽ ബിൻസി ബലൂൺ പൊട്ടിയ ശബ്ദത്തിനോട് സമാനമായ രീതിയിൽ കൊതുകിനെ അടിക്കുന്നത് പോലെ കൈകൊണ്ട് കാണിച്ച്

**ബിൻസി :-** ശ്ശോ.. കൊതുകെ..

അനീഷ് ചിരിച്ചുകൊണ്ട് മുന്നോട്ടു നടക്കുന്നു. ബിൻസി തന്റെ കട്ടിലിന്റെ അടിയിൽ കിടക്കുന്ന ജെയ്സനെ നോക്കി കലിപ്പിച്ചു 'ഇറങ്ങിപ്പോവാൻ' ആംഗ്യം കാണിക്കുന്നു. ജെയ്സന്റെ റിയാക്ഷൻ. അവൻ അവളെ നോക്കുന്ന നോട്ടത്തിൽ നിന്ന് അറിയാം അവനാകെ തകർന്നു നിൽക്കുന്ന അവസ്ഥയിലാണ് എന്ന്.
ഓവർ ലാപ്പ്:

(വോയിസ് ഓവർ) **അനീഷ് :-** ബിൻസി..

**ബിൻസി :-** എന്താ ഏട്ടാ..

അനീഷിന്റെ പിന്നാലെ പോകുന്ന ബിൻസി. ബിൻസി പോകുന്നത് നോക്കി കിടക്കുന്ന ജെയ്സൻ.

Cut To

**സീൻ - 13** ഷിബു

***പുഴ NIGHT -EXT***

അന്തരീക്ഷത്തിൽ വളരെ ശക്തമായി കൊള്ളിയാനും ഇടിമുഴക്കവും ഉണ്ട്. ഒരു വഞ്ചിയിൽ പുഴയിലൂടെ തുഴഞ്ഞു പോകുന്ന ഷിബു. അവൻ തന്റെ സമീപം റേഡിയോ വച്ചിട്ടുണ്ട്. അയാളുടെ ചുണ്ടിൽ ഒരു ബീഡി എരിയുന്നുണ്ട്. എന്തൊക്കെയോ ആലോചിച്ചിരിക്കുന്ന ഷിബു തന്റെ പോക്കറ്റിൽ നിന്നും ജോമെട്രി ബോക്സ് എടുക്കുന്നു. അത് തുറക്കുന്ന ഷിബു. ബോക്സിൽ കിടന്ന ഓഡിയോ കാസറ്റ് അവൻ എടുത്തു ടേപ്പിലേക്ക് ഇടുന്നു. ഒരു പഴയ മലയാളഗാനം കേട്ട് തുടങ്ങുന്നു. ആ ഗാനം തുടങ്ങുമ്പോൾ അയാളുടെ മുഖത്ത് ഒരു പുഞ്ചിരി വിരിയുന്നു. ആ ഗാനത്തിനൊപ്പം തന്റെ ബോക്സിൽ സൂക്ഷിച്ചു വച്ചിരിക്കുന്ന ഉഷയുടെ ഫോട്ടോകളിൽ ഒരെണ്ണം ഷിബു എടുക്കുന്നു. ഷിബു ആ ഫോട്ടോയിൽ ഒന്ന് തലോടുന്നു. ഷിബു വഞ്ചിയിൽ ഇരുന്നു അക്കരെ കാണുന്ന ഓടിട്ട ഒരു വീട്ടിലേക്ക് നോക്കുന്നു. ആ വീട് കാണുമ്പോൾ ഷിബുവിന്റെ മുഖത്ത് പുഞ്ചിരി. എന്നിട്ട് ആ ഗാനത്തിനൊപ്പം അയാൾ തന്റെ കണ്ണുകൾ അടക്കുന്നു. സംഗീതത്തിലേക്ക് അയാൾ ലയിച്ചിറങ്ങുകയാണ്.

FLASH CUT TO

**സീൻ - 14**

ഷിബു (കുട്ടി -14)ഉഷ (കുട്ടി -12 ),
സ്കൂൾ കുട്ടികൾ

***സ്കൂൾ DAY- INT***
***ഫ്ലാഷ്ബാക്ക്***

ടേപ്പിൽ കേട്ട അതേ ഗാനം ഇപ്പോൾ ഉഷയുടെ ശബ്ദത്തിലാണ് കേൾക്കുന്നത്. സ്കൂൾ കലോത്സവത്തിൽ സ്റ്റേജിൽ നിന്ന് അതേ ഗാനം പാടുന്ന ആറാം ക്ലാസുകാരിയായ ഉഷ. അത് ബാക്കിയുള്ള കുട്ടികൾക്കൊപ്പം നിന്ന് കേൾക്കുന്ന 9-ആം ക്ലാസുകാരനായ ഷിബു. അവന്റെ കണ്ണുകളിൽ അവളോടുള്ള അപാരമായ പ്രണയമാണ്.

Cut To

**സീൻ - 14A**

ഷിബു(കുട്ടി 14 വയസ് )
ഉഷ(കുട്ടി12 വയസ്)
വഞ്ചിയിലും കരയിലും ഉള്ളവർ

***ഉഷയുടെ വീട് – കടത്ത് -DAY -EXT***
***ഫ്ലാഷ്ബാക്ക്***

ഉഷയുടെ വീടിനു മുന്നിലേക്ക് നിർത്തുന്ന വഞ്ചി. വഞ്ചിയിൽ ഷിബു ഉണ്ട്. ഷിബുവിന്റെ കാഴ്ച്ചയിൽ യൂണിഫോമിൽ വഞ്ചിയിലേക്ക് കയറുന്ന ഉഷ.

Cut To

**സീൻ - 14B**

ഷിബു(14 വയസ്സ്കുട്ടി),ഉഷ(12വയസ്സ് കുട്ടി),
ടീച്ചർ ,സ്കൂൾ കുട്ടികൾ

***സ്കൂൾ-ക്ലാസ്മുറി– DAY - INT/ EXT***

***ഫ്ലാഷ്ബാക്ക്***

ക്ലാസ് മുറിയിൽ ഇരുന്നു എഴുതുന്ന ഉഷ. ഉഷയെ ക്ലാസ് മുറിയുടെ ജനാലയുടെ വിടവിലൂടെ നോക്കുന്ന ഷിബു. അവൻ ഒരു പേപ്പറിൽ അവളെ നോക്കി ഒരു ചിത്രം വരയ്ക്കുകയാണ്. ഉഷ തിരിഞ്ഞു നോക്കുന്നു. അത് കാണുമ്പോൾ പേപ്പർ എടുത്ത് തന്റെ പോക്കറ്റിൽ ഒളിപ്പിക്കുന്ന ഷിബു. ഒരു നിമിഷം സ്തംബ്ധനായി നിൽക്കുന്ന ഷിബു.

Cut To

**സീൻ - 14C**

ഷിബു(14),ഉഷ(12),ദാസൻ(16)
ഉഷയുടെ അച്ഛൻ

*ഉഷയുടെ വീട് – DAY / EXT*
*ഫ്ലാഷ്ബാക്ക്*

വീട്ടുമുറ്റത്ത് ഇരുന്നു പുസ്തകം വായിക്കുന്ന ഉഷ. ഉഷയെ ദൂരെ നിന്ന് നോക്കി നിൽക്കുന്ന ഷിബു.
ഷിബുവിന്റെ അടുത്തേക്ക് വരുന്ന ഉഷയുടെ ആങ്ങള ദാസൻ. ദാസൻ ഷിബുവിനെ അവിടെനിന്നും ഓടിക്കുന്നു. ഉഷയുടെ റിയാക്ഷൻ.

Cut To

**സീൻ - 15**

ഷിബു

*പുഴ NIGHT- EXT*

ഷിബുവിന്റെ കയ്യിൽ ഇപ്പോഴും ആ വരച്ച പേപ്പർ ഇരിപ്പുണ്ട്. മടക്കി വച്ചിരിക്കുന്ന ആ പേപ്പറിലേക്ക് നോക്കുന്ന ഷിബു.

Cut To-Flash Back

**സീൻ 16**

ഷിബു,ദാസൻ,ഉഷയുടെഅച്ഛൻ
അരുൺ ,നാട്ടുകാരൻ - 2
നാട്ടുകാർ

**ഉഷയുടെ വീട്**
***DAY- EXT***
***ഫ്ലാഷ്ബാക്ക്***

കുറച്ചു വർഷങ്ങൾക്കു മുൻപുള്ള ദൃശ്യം. ഉഷയുടെ വീടിന്റെ മുന്നിൽ വന്നു നിൽക്കുന്ന ഷിബു. അവിടെ ആൾക്കാർ തടിച്ചു കൂടി നിൽപ്പുണ്ട്. ഷിബുവിന്റെ അടുത്ത് നിൽക്കുന്ന പലരും പലതും പിറുപിറുക്കുന്നുണ്ട്.

**അരുൺ :-** എന്താ സംഭവം..?

**(V.O) നാട്ടുകാരൻ 2 :-** ആ ദാസന്റെ പെങ്ങള് മേക്കാട്ടെ ലോറി ഡ്രൈവർ സതീശന്റെ കൂടെ ഒളിച്ചോടി..

അവരുടെ വോയിസ് ഓവറിൽ വീട്ടുപടിക്കൽ മുഖം കുനിച്ചിരിക്കുന്ന ദാസൻ.
മറ്റൊരു വശത്ത് ഉഷയുടെ അച്ഛനും ഇരിപ്പുണ്ട്. കുറച്ചു ശബ്ദം താഴ്ത്തി.

**നാട്ടുകാരൻ 2 :-** വയറ്റിലൊണ്ടാരുന്നു..

ഷിബുവിന്റെ റിയാക്ഷൻ. അവൻ ആളുകളുടെ ഇടയിലൂടെ നടന്നിറങ്ങി പോകുന്നു. അവന്റെ കണ്ണുകൾ നിറയുന്നു.

Cut To

**സീൻ - 17**

ജെയ്സൻ,സാജൻ,ബിന്ദു,
അനീഷ്,ബിൻസി,ജോസ്മോൻ,
കരോൾപയ്യൻ -1,
കരോൾപയ്യൻ 2
കരോൾ സംഘം,മറ്റ് ആളുകൾ

***സാജന്റെ വീട് NIGHT / EXT***

സാജന്റെ വീടിനു മുന്നിൽ നിന്ന് കരോൾ സംഘം കരോൾ ഗാനം പാടി നൃത്തം ചെയ്യുന്നു. നൃത്തം ഒന്നും ചെയ്യാതെ ക്രിസ്തുമസ് പാപ്പയായി നിൽക്കുന്ന ജെയ്സൻ. അവന്റെ നോട്ടം കുറച്ചപ്പുറത്ത് മാറി നിന്ന് സംസാരിക്കുന്ന അനീഷിലും ബിൻസിയിലും. തുടർന്നുള്ള ഗാനം ജെയ്സന്റെ പൂർവ കാലത്തിലേക്ക് പോകുന്നു.

CUT TO

**സീൻ - 18**

ജെയ്സൻ(20) ,ബിൻസി( 20),ടീച്ചർ
കോളേജ് കുട്ടികൾ

***ട്യൂട്ടോറിയൽ കോളേജ് . DAY-INT***
***ഫ്ലാഷ്ബാക്ക്***

ക്ലാസിനുള്ളിലേക്ക് മോഡേൺ വസ്ത്രം ധരിച്ചു കയറി വരുന്ന ബിൻസി. ബിൻസി ഇടം കണ്ണിട്ടു രണ്ടാം ബെഞ്ചിൽ ഇരിക്കുന്ന ജെയ്സനെ നോക്കുന്നു. ജെയ്സന്റെ റിയാക്ഷൻ. ടീച്ചർ ക്ലാസ് എടുക്കുന്നതിനിടെ ജെയ്സനെ ഇടം കണ്ണിട്ട് നോക്കുന്ന ബിൻസി. ക്ലാസ് മുറിയിൽ ജെയ്സന്റെ മുന്നിലേക്ക് പാസ് ചെയ്തുവരുന്ന ഒരു നോട്ട് ബുക്ക്. ബുക്കിനുള്ളിൽ ലവ് ലെറ്റർ. ജെയ്സന്റെ മുഖത്ത് പുഞ്ചിരി.

CUT TO

**സീൻ - 18A**

ജെയ്സൻ(20),ബിൻസി(20)
പൈലി
റോഡിലുള്ള ആളുകൾ

***ജങ്ക്ഷൻ DAY-EXT***
***ഫ്ലാഷ്ബാക്ക്***

'**ശീതളപാനീയങ്ങൾ'** എന്ന് എഴുതിയിരിക്കുന്ന പൈലിയുടെ കട. ആ കടയുടെ മുൻപിൽ നിൽക്കുന്ന ബിൻസി. ബിൻസിയുടെ അടുത്തേക്ക് വരുന്ന ജെയ്സൻ. ഇരുവരും കടയിൽനിന്നും ശീതളപാനീയങ്ങൾ വാങ്ങി കുടിക്കുന്നു. ഇരുവരുടെയും മുഖത്ത് വിരിയുന്ന ചിരി.

CUT TO

ജെയ്സൻ (20),ബിൻസി(20)
കോളെജ് കുട്ടികൾ

**സീൻ - 18B**

***ട്യൂട്ടോറിയൽ കോളേജ് വരാന്ത . DAY-EXT***
***ഫ്ലാഷ്ബാക്ക്***

ട്യൂട്ടോറിയൽ കോളേജിന്റെ കോറിഡോറിലൂടെ നടക്കുന്ന ജെയ്സനും ബിൻസിയും. ജെയ്സന്റെ കയ്യിൽ പിടിച്ചു

**ബിൻസി :-** ജെയ്സൻ എനിക്കൊരു വാക്ക് തരുവോ.. ?

**ജെയ്സൻ :-** എന്താ മോളൂ..

**ബിൻസി :-** എന്നെ ഇട്ടിട്ടു പോകരുത്.. പോകുവോ..?

കയ്യിലെ പിടുത്തം ഒന്ന് മുറുക്കി

**ജെയ്സൻ :-** അതിനു ജെയ്സൻ ചാവണം..

ബിൻസിയുടെ റിയാക്ഷൻ.

CUT BACK

**സീൻ 19**

*സാജന്റെ വീട്* - **NIGHT / EXT**

ജെയ്സൻ,സാജൻ,ബിന്ദു,
അനീഷ്,ബിൻസി,ജോസ്മോൻ,
കരോൾപയ്യൻ (സാക്സഫോൺ )
കരോൾപയ്യൻ 1,കരോൾ പയ്യൻ 2
കരോൾ സംഘം, മറ്റ് ആളുകൾ

ബിൻസിയും അനീഷും ചിരിച്ചു കളിച്ചു നിൽക്കുന്നത് നോക്കി നിൽക്കുന്ന ജെയ്സൻ. ആളെ മനസ്സിലാവാത്തതിനാൽ സാജൻ ജെയ്സനെ നോക്കി നൃത്തം ചെയ്യാൻ ആംഗ്യം കാണിക്കുന്നു. ബിൻസിയുടെ കയ്യിൽ അനീഷ് പിടിച്ചു നിൽക്കുന്നത് കണ്ടു സഹിക്കവയ്യാതെ

**ജെയ്സൻ :-** എടാ..അനീഷേ.. നീ വെറും പൊട്ടനാടാ മണ്ടാ..

പെട്ടെന്ന് അവിടെ നിൽക്കുന്ന ആളുകൾ എല്ലാം നിശബ്ദരാവുന്നു. ഒരു വെള്ളി വീണ ശബ്ദത്തിൽ സാക്സഫോണിന്റെ വായനയും നിക്കുന്നു.

**ജെയ്സൻ :-** ഇവള് എന്നെ പറ്റിച്ചു.. നിന്നേം പറ്റിക്കും.. ഈ നാട്ടുകാരെ മൊത്തം പറ്റിക്കും.. കാശ് ഉള്ള ആരെ കണ്ടാലും ഇവള് അയാളുടെ പൊറകെ പോവും..

അത് കേട്ടു നിൽക്കുന്ന ആളുകളുടെ റിയാക്ഷൻ. അത് കാണുന്ന സാജന്റെ മുഖത്ത് കലിപ്പ്.

പറഞ്ഞിട്ടും മതിവരാതെ ബിൻസിയോട്

**ജെയ്സൻ :-** നീ എന്താടീ പറഞ്ഞെ.. എന്റെ കയ്യിൽ കാശില്ലെന്ന്.. അല്ലേ..? നീ നോക്കിക്കോടീ.. ഈ നാട്ടിലുള്ള എല്ലാ പണക്കാരെക്കാളും വലിയ പണക്കാരനാവും ഞാൻ.. എനിക്കിപ്പോ പട്ടീടെ വില പോലും തരാത്ത നീയും ഇവിടുത്തെ നാട്ടുകാരും എന്റെ മുന്നിൽ വന്നു കൈകൂപ്പി നിൽക്കുന്ന ദിവസം വരും.. നീ വേണേ എഴുതിയിട്ടോടീ..

കലിപ്പിൽ അകത്തേക്ക് പോയി തന്റെ തോക്ക് എടുത്തുകൊണ്ട് വന്നു ജെയ്സനോടായി

**സാജൻ :-** നായിന്റെ മോനെ..

അത് കാണുമ്പോൾ ജെയ്സൻ ഓടുന്നു. അമ്പരപ്പോടെ കരോളിനു വന്ന ആളുകൾ അവനെ നോക്കുന്നു. ഓടുന്നതിനിടയിൽ ഒരു

നിമിഷം തിരിഞ്ഞു നിന്ന് എസ്.ഐ. സാജനെ നോക്കി

**ജെയ്സൻ :-** എന്നെ അങ്ങനെ തോക്ക് കാണിച്ചു ഒതുക്കാന്നു വിചാരിക്കണ്ടടാ.. പരട്ട സാജാ.. ഈ പറഞ്ഞതൊന്നും നടക്കാതിരിക്കണോങ്കി ഈ ജെയ്സൻ ചാവണം..

CUT TO

**സീൻ - 19A**

ഷിബു

***പുഴ NIGHT-EXT***

വഞ്ചിയിൽ ഇരിക്കുന്ന ഷിബുവിന്റെ കാഴ്ചയിൽ ആകാശത്ത് ഒരു പ്രകാശം ഉത്ഭവിക്കുന്നു. ഷിബു അതുകണ്ട് അത്ഭുതപ്പെടുന്നു.

CUT TO

**സീൻ - 19B**

***ക്ലോക്ക് ടവർ Night - Ext***

ക്ലോക്ക് ടവറിൽ സമയം 9 മണി.
ആകാശത്തുനിന്നു അടിക്കുന്ന മിന്നൽ രണ്ടു ചില്ലകളായി പിരിയുന്നു.

CUT BACK

**സീൻ - 19C**

ജെയ്സൻ,സാജൻ,അനീഷ്,ബിന്ദു,
ജോസ്മോൻ,ബിൻസി
കരോൾപയ്യൻ 1,കരോൾ
പയ്യൻ 2
കരോൾപയ്യൻമ്മാർ,മറ്റുആളുകൾ

***സാജന്റെ വീട് Night / Ext***

ഒന്നുകൂടി സ്പഷ്ടമായി സാജനെ നോക്കി

**ജെയ്സൻ :-** ഈ ജെയ്സൻ ചാവണം..

അതേ നിമിഷം തന്നെ ആകാശത്തിൽ നിന്ന്
ജെയ്സനിട്ടു ഒരു മിന്നൽ അടിക്കുന്നു.

INTER CUT TO

**സീൻ 19D** ഷിബു

***പുഴ - NIGHT - EXT***

മിന്നലടിയേറ്റ് വഞ്ചിയുടെ ഒരു വശത്തേക്ക് തെറിച്ചു വീഴുന്ന ഷിബു. മിന്നൽ അടിയിൽ ചിതറി കിടക്കുന്ന റേഡിയോ.

CUT TO

**സീൻ - 19E**

ഒരു വൃദ്ധൻ
നാട്ടുകാർ

***നാട്ടിടങ്ങൾ NIGHT- EXT***

മിന്നൽ അടിയിൽ കുറുക്കന്മൂല ഇരുട്ടിലാവുന്നു. ആകാശത്ത് ഒരു നിമിഷനേരത്ത് ഒരു പ്രത്യേകതരം പ്രകാശവലയം തെളിഞ്ഞു നിൽക്കുന്നു. അത് കണ്ടു നിൽക്കുന്ന ഒരു വൃദ്ധന്റെ മുഖത്തെ അത്ഭുതം.

**സീൻ - 19F**

ജെയ്സൻ,സാജൻ,
അനീഷ്,ബിന്ദു,ജോസ്മോൻ
ബിൻസി,
കരോൾപയ്യൻ 1,കരോൾപയ്യൻ2
കരോൾ സംഘം,മറ്റ് ആളുകൾ

***സാജന്റെ വീട് NIGHT-EXT***

പ്രകാശവലയം കാണുന്ന
കരോൾസംഘത്തിന്റെ റിയാക്ഷൻ.

CUT BACK TO

ജെയ്സൻ,സാജൻ,ജോസ്മോൻ,
അനീഷ്,ബിന്ദു,ബിൻസി,
കരോൾപയ്യൻ 1, കരോൾപയ്യൻ2
കരോൾ സംഘം,മറ്റ് ആളുകൾ

**സീൻ 19G**

*സാജന്റെ വീട് NIGHT - EXT*

ജെയ്സൻ മിന്നൽ അടിച്ചു താഴെ വീണത് ഒരു ഞെട്ടലോടെ നോക്കി നിന്ന സാജന്റെയും കരോൾ സംഘത്തിന്റെയും റിയാക്ഷൻ. നാട്ടുകാരുടെ നോട്ടം സാജന്റെ തോക്കിലേക്കാണ്. അത് മനസിലാക്കി അല്പം ഭീതിയിൽ

**സാജൻ:-** ഡേയ്...ഞാനല്ലെടെ.....എന്റെ തോക്കിൽ ഉണ്ടായില്ല....ഇത് നോക്ക്..

സാജൻ കാഞ്ചി അമർത്തി കാണിക്കുന്നു. നാട്ടുകാരുടെ റിയാക്ഷൻ. ജെയ്സന്റെ അടുത്തേക്ക് അലറി വിളിച്ചുകൊണ്ട് ഓടി വരുന്ന ജോസ്മോൻ.

**ജോസ്മോൻ :-** മാമാ....

കരോൾ സംഘത്തെ നോക്കിക്കൊണ്ട്

**സാജൻ :-** നോക്കിയോണ്ട് ഇരിക്കാതെ അവനെ എടുത്തോണ്ട് ആശൂത്രി പോടേയ്..

ദൃശ്യം നിലത്ത് കൈകാലുകൾ വിരിച്ചു അനക്കമില്ലാതെ കിടക്കുന്ന ജെയ്സനിൽ. ദൃശ്യം മുകളിലേക്ക് മെല്ലെ ഉയരുമ്പോൾ ഒരു ഹാസ്യാത്മക ഗാനത്തിന്റെ സംഗീതത്തിനു തുടക്കമാവുന്നു. അവനെ എടുക്കാനെന്നോണം അവന്റെ ചുറ്റും ആളുകൾ വന്നു കൂടുന്നു.

CUT TO

**സീൻ - 20**

ജെയ്സൻ,സാജൻ,കുഞ്ഞൻ,
അനീഷ്,ജോസ്മോൻ
ബിന്ദു,ബിൻസി,കരോൾപയ്യൻ 1,
കരോൾ പയ്യൻ 2
കരോൾ ടീം ,ബാൻഡ് ടീം

***സാജന്റെ വീട് -റോഡ് - NIGHT - EXT***
***SONG***

മിന്നൽ എന്ന് പേരുള്ള കുഞ്ഞന്റെ ഓട്ടോ സാജന്റെ വീട്ടുമുറ്റത്ത് വന്നു നിൽക്കുന്നു. ജെയ്സനെ എടുത്തുകൊണ്ട് ആശുപത്രിയിലേക്ക് കൊണ്ട് പോകാൻ ഒരുങ്ങുന്ന കരോൾ ടീം. ഓട്ടോയിലേക്ക് കയറാൻ ബാൻഡ് ടീം തുടങ്ങുന്നു. അവരോട്

**കുഞ്ഞൻ :-** എല്ലാരുംകൂടി ഇതെങ്ങോട്ടാ..?

ഓട്ടോ സ്പീഡിൽ അവിടം വിട്ട് പോകുന്നു. സംഭവം കണ്ട് ഞെട്ടൽ മാറാതെ നിൽക്കുന്ന അനീഷും ബിൻസിയും.

CUT TO

**സീൻ 20 A**
**SONG**

**റോഡ് NIGHT - EXT**

ജെയ്സൻ,ജോസ്മോൻ,കുഞ്ഞൻ
കരോൾ പയ്യൻ1,കരോൾ പയ്യൻ 2
കരോൾസംഘം,ബാൻഡ്സംഘം
ജീപ്പ് ഡ്രൈവർ,നാട്ടുകാർ

റോഡിലൂടെ പാഞ്ഞുവരുന്ന ഒരു ജീപ്പിനെ തടഞ്ഞു നിർത്തുന്ന ബാൻഡ് സംഘം.

CUT TO

കവലവഴി പോകുന്ന ഓട്ടോ. ഓട്ടോയുടെ പിന്നാലെ ജീപ്പിൽ ബാൻഡ് ടീം.

CUT TO

**സീൻ 20 B**
**SONG**

**കുറുക്കൻമൂല കവല -റോഡ് NIGHT - EXT**

ജെയ്സൻ,ജോസ്മോൻ,കുഞ്ഞൻ
കണ്ണപ്പൻ,മെമ്പർ,സെൽവൻ,ഗോപൻ
കരോൾടീം,ബാൻഡ് ടീം,കവലയിലെ ഒരാൾ
കരോൾപയ്യൻ 1,കരോൾ പയ്യൻ 2, നാട്ടുകാർ
ജീപ്പ്ഡ്രൈവർമ്മാർ,മറ്റ്ഡ്രൈവർമ്മാർ

ഓട്ടോയിൽ നിന്ന് ഡ്രൈവർ കുഞ്ഞൻ കവലയിൽ നിൽക്കുന്ന നാട്ടുകാരോടായി

**കുഞ്ഞൻ :-** നമ്മടെ ടെയിലർ ജെയ്സന് മിന്നലടിച്ചു.. അവനെ ആശുപത്രീൽ കൊണ്ടൂവാ..

**കവലയിലെ ഒരാൾ :-** ഈ ചെക്കനിട്ടു ഇന്ന് എല്ലാടെത്തൂന്നും അടിയാണല്ലോ....?

ഇതുകേട്ട കണ്ണപ്പൻ മാടക്കട അടക്കുന്നു.

<u>CUT TO</u>

കണ്ണപ്പന്റെ നേതൃത്വത്തിൽ കവലയിൽനിന്ന് പല വണ്ടികളിലായി ഓട്ടോയുടെ പിന്നാലെ ആശുപത്രിയിലേക്ക് പായുന്ന നാട്ടുകാർ. നാട്ടുകാരുടെ പിന്നാലെ മെമ്പറും.

വർക്കി,ജെസ്മി

**സീൻ 20 C**
**SONG**

***ജെയ്സന്റെ വീട് NIGHT - INT/EXT***

ജെയ്സന്റെ വീട്ടിൽനിന്നും ഒരു നിലവിളി ശബ്ദത്തോടെ പുറത്തേക്കു ഓടി വരുന്ന ജെസ്മി. പിന്നിലായി അച്ഛൻ വർക്കിയും.

**സീൻ 20 D**
**SONG**
**പള്ളിമുറി NIGHT - INT / EXT**

വികാരിയച്ചൻ, കപ്പ്യാർ

തന്റെ മുറിയുടെ വാതിൽ തുറക്കുന്ന വികാരിയച്ചൻ. അച്ചൻ ഉറക്കച്ചടവിലാണ്. അച്ചന്റെ നോട്ടത്തിൽ മുൻപിൽ നിൽക്കുന്ന കപ്പ്യാർ.

ഉച്ചത്തിൽ **കപ്പ്യാർ :-** അച്ചോ.. നമ്മുടെ പാപ്പക്ക് മിന്നലടിച്ചു..

കോട്ടുവാ ഇട്ടുനിന്ന വികാരിയച്ചന്റെ റിയാക്ഷൻ.

**സീൻ 20 E**
**SONG**

ജെയ്സൻ,ജോസ്മോൻ,കുഞ്ഞൻ
കണ്ണപ്പൻ,മെമ്പർ,ഗോപൻ
സെൽവൻ, കവലയിലെ ഒരാൾ
ഹോസ്പിറ്റൽ ജീവനക്കാർ,
രോഗികൾ ,ബൈ സ്റ്റാൻഡേർസ് കരോൾടീം,
നാട്ടുകാർ,

**ഹോസ്പിറ്റൽ NIGHT- INT/EXT**

ഹോസ്പിറ്റലിന്റെ മുൻപിലേക്ക് വന്നു നിൽക്കുന്ന മിന്നൽ ഓട്ടോ. ഓട്ടോയിൽ നിന്നും ജെയ്സനെ പൊക്കി കാഷ്വാലിറ്റിയിലേക്ക് കയറ്റുന്ന ജെയ്സന്റെ കൂട്ടുകാർ. അവർക്ക് പിന്നിലായി കരഞ്ഞു നിലവിളിച്ചു ജോസ്മോൻ.

**സീൻ 20 F**
**SONG**

സെക്യൂരിറ്റി,കരോൾപയ്യൻ 1
കരോൾപയ്യൻ 2,പയ്യൻമ്മാർ
ഹോസ്പിറ്റൽ ജീവനക്കാർ,
നാട്ടുകാർ,രോഗികൾ,
ബൈ സ്റ്റാൻഡേർസ്

**ഹോസ്പിറ്റൽ NIGHT INT /EXT**

ഹോസ്പിറ്റലിന്റെ മുന്നിൽ നിൽക്കുന്ന കരോൾ ടീം. അവരുടെ ഒത്തനടുക്കായി ഹോസ്പിറ്റൽ സെക്യുരിറ്റി.

**സെക്യുരിറ്റി :-** എന്ത് പറഞ്ഞാലും ആശുപത്രീല് കരോള് നടത്താൻ പറ്റുവേല....

കരോൾ ടീമിലെ ഒരു പയ്യൻ

**പയ്യൻ :-** എന്റെ പൊന്നു ചേട്ടാ ഞങ്ങളിവിടെ കരോള് നടത്താൻ വന്നതല്ല....

**സീൻ 20 G**
**SONG**

ഡോക്ടർ സാംബശിവൻ ,മെയിൽ നേഴ്സ്
ഹോസ്പിറ്റൽ ജീവനക്കാർ,
നാട്ടുകാർ ,രോഗികൾ,
ബൈ സ്റ്റാൻഡേർസ്

***ഹോസ്പിറ്റൽ NIGHT - INT***

കാഷ്വാലിറ്റിയിൽ ഒരു മേശപ്പുറത്ത് കൈ വച്ച് കിടന്നുറങ്ങുന്ന ഡോക്ടർ സാംബശിവൻ. അയാളെ തട്ടി വിളിക്കുന്ന നേഴ്സ്.

**നേഴ്സ് :-** ഡോക്ടർ.. മിന്നൽ അടിച്ച ഒരാളെ കൊണ്ടുവന്നിട്ടുണ്ട്..

ഡോക്ടർ തന്റെ കണ്ണട തപ്പിപ്പിടിച്ചു മുഖത്തേക്ക് വക്കുന്നു.

**സീൻ 20 H**
**SONG**

**ഹോസ്പിറ്റൽ NIGHT -INT**

ജെയ്സൻ,ജോസ്മോൻ,
ഒരു ആൺകുട്ടി ,കുട്ടിയുടെ
അച്ഛൻ,കുഞ്ഞൻ
കണ്ണപ്പൻ,മെമ്പർ,സെൽവൻ
ഗോപൻ ഹോസ്പിറ്റൽജീവനക്കാർ,
ഗോപൻ ,നാട്ടുകാർ,രോഗികൾ,
മെയിൽ നേഴ്സ് ,ബൈ സ്റ്റാൻഡേർസ്

വേഗം ജെയ്സനെ മൂവിങ്ങ്സ്ട്രക്ചറിൽ ഉന്തിക്കൊണ്ടുപോകുന്ന അവന്റെ കൂട്ടുകാർ. ക്രിസ്തുമസ് പാപ്പയുടെ വേഷമാണ് ജെയ്സൻ ഇപ്പോഴും ധരിച്ചിരിക്കുന്നത്. ജെയ്സന്റെ വായിൽനിന്നും പുക പറന്നുയരുന്നുണ്ട്. അത് കാണുന്ന ഒരു കുഞ്ഞ് കരഞ്ഞുകൊണ്ട് അവന്റെ അച്ഛന്റെ അടുത്തേക്ക് ചെല്ലുന്നു.
എന്നിട്ട് അച്ഛനോട് വിങ്ങിപ്പൊട്ടി

**കുട്ടി :-** അച്ഛാ.. ക്രിസ്തുമസ് അപ്പൂപ്പൻ ചത്തു..

സംഗതി മനസ്സിലാവുന്ന കൊച്ചിന്റെ അച്ഛൻ.

**കുട്ടിയുടെ അച്ഛൻ :-** മോനേ.. അത് ക്രിസ്തുമസ് അപ്പൂപ്പൻ അല്ല.. ഒരു ചേട്ടനാ..

**കുട്ടി :-** അല്ല.. അത് ക്രിസ്തുമസ് അപ്പൂപ്പനാ.. അച്ഛൻ കള്ളം പറയുവാ.. ക്രിസ്തുമസ് അപ്പൂപ്പൻ ചത്തു..

കുട്ടി ഇതും പറഞ്ഞു കരഞ്ഞു നിലവിളിക്കുന്നു.

CUT TO

**സീൻ 20 J**

**ഹോസ്പിറ്റൽ ICU NIGHT / INT**

ജെയ്സൻ,ജോസ്മോൻ,ജെസ്മി,വർക്കി
സാംബശിവൻ,സെൽവൻ,മെമ്പർ,കുഞ്ഞൻ
ഗോപൻ, കരോൾപയ്യൻ1,കരോൾപയ്യൻ 2
കണ്ണപ്പൻ,കരോൾപയ്യൻമ്മാർ,
മെയിൽ നേഴ്സ്
നാട്ടുകാർ,ബൈ സ്റ്റാന്റ്യ്സ്
രോഗികൾ,ആശുപത്രി ജീവനക്കാർ

ജെയ്സനെ ഐ.സി.യു.വിലേക്ക് കയറ്റുന്ന അറ്റന്റർമാർ. പിന്നാലെ കേറുന്ന നേഴ്സുമാരും ഡോക്ടർ സാംബശിവനും.

CUT TO

ഐ.സി.യുവിനു മുൻപിൽ നിൽക്കുന്ന കരോൾ സംഘവും മറ്റാളുകളും.

CUT TO

ഹോസ്പിറ്റലിലേക്ക് ഓടി വരുന്ന ജെയ്സന്റെ കുടുംബം. ജെസ്മി, വർക്കി എന്നിവർ. അവരെ ഹോസ്പിറ്റലിനു ഉള്ളിലേക്ക് കൂട്ടിക്കൊണ്ട് പോകുന്ന കരോൾ സംഘം.

CUT TO

**സീൻ 20 K**
**SONG**
***ഹോസ്പിറ്റൽ ICU***
***NIGHT - INT***

ജെയ്സൻ
സാംബശിവൻ,മെയിൽ നേഴ്സ്
ഹോസ്പിറ്റൽ സ്റ്റാഫ്

ഐ.സി.യുവിന്റെ ഉള്ളിൽ വച്ച് ജെയ്സണ് സി പി ആർ കൊടുക്കുന്ന ഡോക്ടർ. പല തവണയായി ജെയ്സന് സി.പി.ആർ കൊടുക്കുന്നു. ഒരു വലിയ ശബ്ദത്തോടെ ശ്വാസം വലിച്ചു എടുത്തുകൊണ്ട് ജെയ്സൻ കണ്ണ് തുറക്കുന്നു.
ഗാനം അവസാനിക്കുന്നു.

CUT TO

**സീൻ 21** ഷിബു

***പുഴ MORNING - EXT***

പുഴയിലൂടെ പോകുന്ന ഷിബുവിന്റെ വഞ്ചി. വഞ്ചിയിൽ ബോധരഹിതനായി കിടക്കുന്ന ഷിബു. രാത്രിയിലെ മഴയിൽ അവൻ ആകെ നനഞ്ഞിട്ടുണ്ട്. പെട്ടെന്ന് വലിയ ദീർഘനിശ്വാസത്തോടെ അവൻ തന്റെ കണ്ണുകൾ തുറക്കുന്നു. ഒരു നിമിഷം വളരെയധികം കൌതുകത്തോടെ താൻ എവിടെയാണെന്നുള്ള അമ്പരപ്പിൽ ചുറ്റും നോക്കുന്ന ഷിബു. ഒന്ന് ചുമച്ചിട്ടു വല്ലാതെ കിതയ്ക്കുന്നു . ഷിബുവിന്റെ കാഴ്ചയിൽ കത്തിക്കരിഞ്ഞ നിലയിൽ കിടക്കുന്ന ഷിബുവിന്റെ റേഡിയോ ടേപ്പ്. ഓഡിയോ കാസറ്റും ജോമെട്രി ബോക്സും അതിനൊപ്പം ചിതറിക്കിടക്കുകയാണ്.

CUT TO

**സീൻ - 22** ഷിബു ,പാച്ചൻ

***ഷിബുവിന്റെ വീട് - MORNING - INT/EXT***

തന്റെ വീടിന്റെ വാതിൽ തള്ളിത്തുറന്നു അകത്തേക്ക് അവശനായി ചെന്ന് കയറുന്ന ഷിബു. അവന്റെ കൈയിൽ GEOMETRY BOX ഉണ്ട്.പാച്ചൻ ഇപ്പോഴും അവിടെ തന്റെ ജോലികളിൽ ഏർപ്പെട്ടുകൊണ്ട് ഇരിക്കുന്നു. പാച്ചൻ ഷിബുവിനോട് എന്തോ ചോദിക്കുന്നു. ഷിബുവിന് അത് വ്യക്തമാവുന്നില്ല. അവശതയോടെ തന്റെ മുറിയിലേക്ക് കയറി ചെല്ലുന്ന ഷിബു. അവൻ കട്ടിലിലേക്ക് കിടക്കാൻ തുനിയുന്നെങ്കിലും ക്ഷീണിതനായി നിലത്തേക്ക് വീണു പോകുന്നു. എഴുന്നേൽക്കാൻ പോലും ആവതില്ലാതെ അവൻ നിലത്ത് കിടക്കുന്നു.
ഓവർലാപ്പ്

**ഡോകടർ സാംബശിവൻ :-** സാധാരണ മിന്നൽ അടിച്ചു കഴിഞ്ഞാൽ ആള് തട്ടിപോകേണ്ടതാണ്...

ഷിബുവിന്റെ കാഴ്ച്ച മറയുന്നു. ദൃശ്യം ഔട്ട് ഓഫ് ഫോക്കസ് ആവുമ്പോൾ

CUT TO

**സീൻ - 23**

ഡോക്ടർസാംബശിവൻ,
വർക്കി,ജോസ്മോൻ,ജെസ്മി
കുഞ്ഞൻ,മെമ്പർ,സെൽവൻ,
,കണ്ണപ്പൻ,ഗോപൻ
,കരോൾപയ്യൻ1, കരോൾപയ്യൻ2
കരോൾപയ്യൻമ്മാർ
നാട്ടുകാർ,ഹോസ്പിറ്റൽ സ്റ്റാഫ്
രോഗികൾ,നാട്ടുകാർ

***ഹോസ്പിറ്റൽ കൺസൽട്ടിംഗ് റൂം DAY - INT/EXT***

മുറിക്കകത്ത് തിങ്ങി നിറഞ്ഞു നിൽക്കുന്ന ജെയ്സന്റെ ആളുകൾ. വർക്കിച്ചൻ, ജോസ്മോൻ, ജെസ്മി, ജെയ്സന്റെ കൂട്ടുകാർ, കരോളിനു നിന്നവർ, മെമ്പർ.. എല്ലാവരുമുണ്ട്. ഡോക്ടർ സാംബശിവൻ തന്റെ മുറിയിൽ ഇരിക്കുന്ന ഫ്ലാസ്കിൽ നിന്ന് തനിക്കുവേണ്ടി ഒരു ചൂട് കട്ടൻചായ ഉണ്ടാക്കുന്ന തിരക്കിലാണ്. അദ്ദേഹത്തിന്റെ പ്രവർത്തി നോക്കി നിൽക്കുന്ന ആളുകൾ. ദൃശ്യത്തെ ഓവർലാപ്പ് ചെയ്തു തുടരുന്ന

**ഡോക്ടർ സാംബശിവൻ :-** പക്ഷെ ഇതെന്തോ ദൈവാധീനം കൊണ്ട് കാര്യവായിട്ടൊന്നും പറ്റിയില്ല. കാർഡിയാക്കറെസ്റ്റ്, ലങ്ങ് ഫെയിലിയർ, സ്പൈനൽ കോഡ് ഡാമേജ്, അങ്ങനെ സാധാരണ ഒരാൾക്ക് മിന്നൽ അടിക്കുമ്പോ സംഭവിക്കാൻ സാധ്യത ഉള്ളതൊന്നും സംഭവിച്ചിട്ടില്ല.. പിന്നെ ആകെ..

സാംബശിവൻ ചായ കപ്പിൽ ചൂടുവെള്ളം ഒഴിച്ച് ചായപ്പൊടി ഇട്ട് ഇളക്കിക്കൊണ്ടു കസേരയിലേക്ക് വന്നു ഇരിക്കുന്നു

**ഡോക്ടർ :-** ദേഹത്ത് പൊള്ളൽ ഏറ്റിട്ടുണ്ട്.. വേറെയെന്തേലും കുഴപ്പം ഉണ്ടോ എന്ന് അറിയില്ല.. ഇ.സി.ജി ചെയ്താലേ അറിയൂ..

ഇത് കേട്ടുകൊണ്ട് ആൾക്കൂട്ടത്തിൽ നിന്ന മെമ്പർ

**മെമ്പർ :-** അപ്പൊ ഒന്നും പറ്റിയില്ലേ ?

ഡോക്ടർ കണ്ണ് കൊണ്ട് ഇല്ല എന്ന് കാണിക്കുന്നു. മെമ്പറുടെ മുഖം മാറുന്നു. മെമ്പർ 'ചുമ്മാ സമയം കളയാനായിട്ട്' എന്ന് പിറുപിറുത്തുകൊണ്ട് പുറത്തേക്ക് പോകുന്നു.

<u>CUT TO</u>

ഹോസ്പിറ്റലിൽ മുന്നിൽ എത്തുന്ന മെമ്പർ.
ഹോസ്പിറ്റലിനു പുറത്ത് നിൽക്കുന്ന
നാട്ടുകാരോടായി മെമ്പർ

**മെമ്പർ :-** വല്ല്യ കുഴപ്പങ്ങൾ ഒന്നുവില്ല.. ഒടനെ വിടും..

അതുകേട്ട ആളുകളുടെ റിയാക്ഷൻ.
നാട്ടുകാരുടെ മുഖത്ത് നിരാശ.
ആശുപത്രിയിൽനിന്ന് വെളിയിലേക്ക്
പോകുന്ന ഓട്ടോറിക്ഷകൾ.

CUT TO

**സീൻ - 24** ജെയ്സൻ,മെയിൽനേഴ്സ്

*ഹോസ്പിറ്റൽ DAY - INT*

ബാത്ത് റൂമിലെ വാഷ് ബേസിനിൽ മുഖം കഴുകുന്ന ജെയ്സൻ. അവൻ വല്ലാതെ അവശനാണ്. വാഷ് ബേസിനു മുൻപിലുള്ള കണ്ണാടിയിൽ അവൻ തന്റെ മുഖം നോക്കുന്നു. മുഖത്ത് അങ്ങിങ്ങായി നീല നിറത്തിൽ ഞരമ്പുകൾ പൊങ്ങി നിൽപ്പുണ്ട്. കൂടാതെ ജെയ്സന്റെ തോളിൽ ഒരു ചുവന്നപാടുണ്ട്. ജെയ്സന്റെ കാതിൽ കുത്തിയിരുന്ന കമ്മൽ ഇപ്പോൾ കാണുന്നില്ല. ശരീരത്തിൽ അങ്ങിങ്ങായി പൊള്ളലേറ്റതിന്റെ പാടുകളും ഉണ്ട്. ബാത്ത് റൂമിന്റെ അടഞ്ഞു കിടക്കുന്ന വാതിലിൽ പുറത്തുനിന്നു കൊട്ടുന്ന ശബ്ദം കേൾക്കുന്നു.

**നേഴ്സ് :-** പെട്ടെന്ന് ആയിക്കോട്ടെ..

തന്റെ അവശമായ മുഖം ഒരിക്കൽ കൂടി കണ്ണാടിയിൽ നോക്കിയതിനു ശേഷം ബാത്ത്റൂമിന് പുറത്തേക്ക് ഇറങ്ങുന്ന ജെയ്സൻ

CUT TO

**സീൻ - 25**

ജെയ്സൻ,ജെസ്മി,വർക്കി
ഡോക്ടർ സാംബശിവൻ
മെയിൽ നേഴ്സ്,മറ്റ്നേഴ്സ്മ്മാർ
ഹോസ്പിറ്റൽ സ്റ്റാഫ്,

***ഹോസ്പിറ്റൽ - ഇ.സി.ജി റൂം DAY - INT***

ഇ.സി.ജി. റൂമിലേക്ക് വരുന്ന ജെയ്സൻ.
ജെയ്സനെ കണ്ട് നിറകണ്ണുകളോടെ

**ജെസ്മി :-** നെനക്ക് എന്നാ പറ്റിയതാടാ..?

**ജെയ്സൻ :-** എന്നാ പറ്റിയെന്നു അറിഞ്ഞില്ലാരുന്നോ..? ചേച്ചിയൊന്നു ചുമ്മാതിരുന്നെ..

അവിടേക്ക് വരുന്ന ഡോക്ടർ സാംബശിവൻ. ഇ.സി.ജി മെഷീൻ കയറ്റാനുള്ള സ്ട്രെച്ചറിൽ ജെയ്സനെ കയറ്റിക്കിടത്തുന്ന MALE നഴ്സ്. ജെയ്സന്റെ കയ്യിൽ ഒരു ഇഞ്ചക്ഷൻ എടുക്കുന്ന നേഴ്സ്. സൂചി കുത്തുമ്പോൾ ജെയ്സൻ വേഗം സ്ട്രച്ചറിന്റെ സൈഡിൽ ഉള്ള കമ്പിയിൽ കയറി മുറുകെ പിടിക്കുന്നു. ഇൻജക്ഷന് ശേഷം ജെയ്സന്റെ സമീപം എത്തുന്ന

**വർക്കി :-** അസ്വസ്ഥത വല്ലതും തോന്നുന്നുണ്ടോ മോനേ..?

**ജെയ്സൻ :-** മൊത്തത്തിൽ ഒരു മരവിപ്പാ അപ്പാ..

ഇവർക്കിടയിലേക്ക് കേറി ചെല്ലുന്ന ഡോക്ടർ സാംബശിവൻ

**സാംബശിവൻ :-** നിങ്ങള് ഡോക്ടറാണോ .. ഇയാൾ അങ്ങോട്ട് മാറി നിന്നെ

**വർക്കി :-** അല്ല ഞാൻ അവന്റെ അപ്പനാ..

**ഡോക്ടർ :-** ആരായാലും അങ്ങോട്ട് മാറിനിന്നെ..

വർക്കിയുടെ റിയാക്ഷൻ
ഒരാലോചനയോടെ ഡോക്ടർ

**സാംബശിവൻ :-** ഇഞ്ചക്ഷൻ എടുത്തല്ലോ അല്ലെ..?

തലയാട്ടുന്ന നേഴ്സ്.
ദൃശ്യം ഡോക്ടറുടെ തൊട്ടു പിന്നിൽ കിടക്കുന്ന സ്ട്രെച്ചറിലേക്ക് നീങ്ങുന്നു. അവിടെ ജെയ്സന് ഇഞ്ചക്ഷൻ എടുത്തപ്പോൾ അവൻ പിടിച്ച കമ്പിയുടെ ഭാഗം വളഞ്ഞിരിക്കുന്നു. പശ്ചാത്തലത്തിൽ മാസ് മ്യുസിക്.

ഇ.സി.ജി മെഷീൻ ഓൺ ആവുന്നു. ആകാംക്ഷയോടെ നോക്കി നിൽക്കുന്ന ഡോക്ടർ. പെട്ടെന്ന് ഇ.സി.ജി മെഷീനിന്റെ പ്രവർത്തനം ഒരു വലിയ ശബ്ദത്തോടെ നിലക്കുന്നു. മെഷീനിൽ നിന്ന് പുക ഉയരുന്നത് കണ്ടു ഒരു ബക്കറ്റ് വെള്ളം അതിനു മുകളിലേക്ക് ഒഴിക്കുന്നു. അത് കാണുന്ന ഡോക്ടറുടെ റിയാക്ഷൻ. ഒരു നിലവിളിയോടെ തന്റെ ദേഹത്തെ വയറുകൾ എല്ലാം വലിച്ചെറിഞ്ഞു സ്ട്രെച്ചറിൽ നിന്ന് ചാടിയിറങ്ങുന്ന ജെയ്സൻ. റൂമിലുള്ള എല്ലാവരും അത്ഭുതസ്തബ്ധരാവുന്നു. ജെയ്സന്റെ അടുത്തേക്ക് ഓടി വരുന്ന ഡോക്ടർ. ജെയ്സന് എന്തെങ്കിലും പറ്റിയോ എന്ന് നോക്കുന്ന ഡോക്ടർ. അയാളുടെ അടുത്തേക്ക് ദേഷ്യത്തിൽ വന്നു

**വർക്കി :-** നിങ്ങളെന്റെ മോനെ കൊല്ലുവോ..?

**ഡോക്ടർ സാംബശിവൻ :-** എന്തോ എറർ പറ്റിയതാ.. ഇത് പുതിയ മെഷീൻ ആയിരുന്നു.. എന്താ പറ്റിയെന്ന് അറിയില്ല.. ഒന്നുകൂടി നോക്കാം..

**വർക്കി :-** വേണ്ട വേണ്ട ഇവന് ഒരു കുഴപ്പോം ഇല്ല.. ഇനി എന്തേലും കുഴപ്പം ഉണ്ടായാലും ഞാൻ വേറെ ഏതേലും നല്ല ആശുപത്രി കൊണ്ടോക്കൊളാം.. വാടാ..

**ഡോക്ടർ :-** അല്ല.. ഞാനൊന്നു പറഞ്ഞോ..

ഇടക്ക് കയറി കലിപ്പിൽ

**വർക്കി :-** മിണ്ടിപ്പോവരുത്..

ഡോക്ടറുടെ റിയാക്ഷൻ.

**സീൻ 26**

ജെയ്സൻ,വർക്കി,ജെസ്മി
പോത്തൻ,ജോസ്മോൻ,അപ്പുമോൾ
കുഞ്ഞൻ, പോത്തന്റെ വീട്ടിലെ പട്ടി
അയൽകാർ

***ജെയ്സന്റെ വീട് /പോത്തന്റെ വീട്***
***DAY -INT/EXT***

തന്റെ വീടിന്റെ പടിക്കൽ ഇരുന്നു ഉമിക്കിരി കൊണ്ട് പല്ല് തേക്കുന്ന പോത്തൻ .ജെയ്സന്റെ അളിയനായ പോലീസ് കോൺസ്റ്റബിൾ പോത്തൻ. പറ്റമുടി, ഉരുണ്ട മുഖം, ഉന്തിയ കണ്ണുകൾ, പോലീസ് മീശ. ബനിയനും ലുങ്കിയും ആണ് വേഷം. അയാൾ ആരെയോ കാത്തിരിക്കുകയാണ്. പോത്തന്റെ നോട്ടത്തിൽ ജെയ്സന്റെ വീട്ടുമുറ്റത്തേക്ക് വന്നു നിക്കുന്ന ഓട്ടോ. ഓട്ടോയിൽ നിന്നും പുറത്തേക്ക് ഇറങ്ങുന്ന ജെയ്സനും കുടുംബവും. മുറ്റത്ത് പൂർത്തിയാകാത്ത പുൽക്കൂട്. ജെയ്സനെ കണ്ട് പോത്തന്റെ വീട്ടിലെ പട്ടി ജിമ്മി കുരയ്ക്കുന്നു. ജെയ്സന്റെ വീടിന്റെ ഒരു വേലിക്കപ്പുറം ആണ് അളിയൻ പോത്തന്റെ വീട്. വേലിക്ക് ഇപ്പുറത്തുനിന്ന് പോത്തൻ പുച്ഛത്തിൽ വർക്കിയോടു

**പോത്തൻ :-** അവൻ ചത്തില്ലേ..?

ജെയ്സന്റെ റിയാക്ഷൻ. പോത്തന്റെ വീട്ടിൽ നിന്ന് വെളിയിലേക്ക് ഇറങ്ങി വരുന്ന അപ്പുമോൾ.

**അപ്പുമോൾ :-** അങ്കിളേ.. മിന്നലടിച്ചിട്ടു എങ്ങനുണ്ടാരുന്നു..

**ജെയ്സൻ :-** നല്ല സുഖവുണ്ടാരുന്നു മോളെ..

**അപ്പുമോൾ :-** ഞാൻ കണ്ടവരോടൊക്കെ പറഞ്ഞിട്ടൊണ്ട്..

**ജെയ്സൻ :-** ആ.. നിന്നെക്കൊണ്ട് പറ്റുന്നത് നീയും ചെയ്യ്..

ജെയ്സന്റെ മുഖത്ത് ഈർഷ്യ. ജെസ്മിയും ജോസ്മോനും മടിയോടെ പോത്തന്റെ വീട്ടിലേക്ക് വേലി കടന്നു ചെല്ലുമ്പോൾ

**പോത്തൻ :-** നിന്നോട് ഞാൻ രാവിലെ തിന്നാൻ ഉണ്ടാക്കിവച്ചിട്ട് ആശൂത്രീലോട്ട് ഒലത്തിയാമതീന്ന് പറഞ്ഞതല്ലേ..

**ജെസ്മി :-** ഞാൻ ഒലത്തി വച്ചല്ലോ.. ഛെ.. ഉണ്ടാക്കി വച്ചല്ലോ..

ഒന്ന് പരുങ്ങുന്ന പോത്തൻ അത് മറയ്ക്കാനായി കലിപ്പിച്ചുകൊണ്ട്

**പോത്തൻ :-** പോയി വെളമ്പി വെക്കടി..

പരുങ്ങി നിൽക്കുന്ന ജോസ്മോനെ നോക്കി കലിപ്പിച്ചു

**പോത്തൻ :-** സ്കൂളിപ്പോടാ..

ജെസ്മിയും ജോസ്മോനും വേഗം അകത്തേക്ക് ഓടി പോകുമ്പോൾ പോത്തൻ വർക്കിയെയും ജെയ്സനെയും കലിപ്പിച്ചു നോക്കുന്നു. എന്നിട്ട് തുടപൊക്കി ഒന്ന് ചൊറിഞ്ഞിട്ട് തിരിഞ്ഞു തന്റെ വീട്ടിലേക്ക് നടക്കുന്നു. ജെയ്സൻ ദേഷ്യം കടിച്ചമർത്തുന്നു. വീട്ടിലേക്ക് ചെന്ന് കയറാൻ തുടങ്ങുന്ന ജെയ്സൻ വാതിൽക്കൽ കിടക്കുന്ന ഒരു കല്ല്യാണക്കുറി കാണുന്നു. അതെടുത്ത് തുറന്നു നോക്കുന്ന ജെയ്സൻ. കല്യാണക്കുറിയുടെ ഉള്ളിൽ 'അനീഷ് വേഡ്സ് ബിൻസി' എന്ന് എഴുതിയിരിക്കുന്നു. ജെയ്സന്റെ മുഖത്തെ മ്ലാനത. പെട്ടെന്ന് പോത്തന്റെ വീട്ടിൽ നിന്ന് ഒരു പാത്രം തെറിച്ചു നിലത്തേക്ക് വീഴുന്ന ശബ്ദം. ജെസ്മിയുടെയും മകളുടെയും കരച്ചിലും കേൾക്കാം.

ഓവർലാപ്പിൽ **പോത്തൻ :-** ഇങ്ങനെ ആണോടീ ഇടിയപ്പം വെക്കുന്നത്? ബ്ലഡി റാസ്കൽ.. നിന്നെ ഞാൻ ഒറ്റച്ചവിട്ടിനൊണ്ടല്ലോ..

**ജെസ്മി :-** ഇച്ചായ.. അത് ഇടിയപ്പവല്ല.. നൂഡിൽസാ.. എന്റെ മുടിയേന്നു വിട്..

അതുകേൾക്കുമ്പോൾ വീടിന്റെ വെളിയിലിറങ്ങി പല്ലിറുമ്മി വേലിക്കൽ എത്തി

**ജെയ്സൻ :-** ദേ പോത്താ.. എന്റെ പെങ്ങടെ ദേഹത്ത് കൈ വച്ചാ കളി മാറുവേ.. അളിയനാണെന്ന് ഒന്നും നോക്കൂല.. ധൈര്യം ഒണ്ടേ ആണുങ്ങളോട് മുട്ടെടാ..

പോത്തൻ തന്റെ വീടിന്റെ വെളിയിലേക്ക് ചാടിയിറങ്ങി ഓടിവന്നു വേലിക്കൽ നിൽക്കുന്നു. പോത്തന് പിന്നാലെ ഓടിവരുന്ന ജെസ്മിയും ജോസ്മോനും അപ്പുമോളും. അവരും അന്തിച്ച് നിൽക്കുകയാണ്.

കലിപ്പിച്ചു പല്ലിറുമ്മി **പോത്തൻ :-** ആരാടാ ആണ് നീയോ..? സാജൻ സാറിന്റെ മോൾടെ പുറകെ ഒലിപ്പിച്ചു നടക്കുന്ന നീ ആണോടാ ആണ്?.. ഏ.. നീ ഒറ്റ ഒരുത്തൻ കാരണവാടാ അങ്ങേരു എന്റെ പ്രമോഷൻ തടഞ്ഞു വച്ചേക്കുന്നെ.. സ്റ്റുപ്പിഡ്..

കലിപ്പിച്ചു **ജെയ്സൻ :-** തെറി പറയുന്നോടാ പന്നീ..

കലിപ്പിച്ചു പോത്തനെ തല്ലാൻ എന്നോണം
വേലിക്കലേക്ക് പാഞ്ഞടുക്കുന്ന ജെയ്സൻ.
പിന്നിൽ നിന്ന് ഓടി വന്നു ജെയ്സനെ
പിടിക്കുന്ന വർക്കി

**വർക്കി :-** ഡാ..

ജെയ്സനോടു അതേ നാണയത്തിൽ
**പോത്തൻ :-** വാടാ വാ..

പോത്തൻ ജെയ്സനെ തല്ലാൻ എന്നോണം
വേലി ചാടിക്കടന്നു വർക്കിയുടെ വീട്ടിലേക്ക്
പോവാൻ തുടങ്ങുന്നു. അപ്പോഴേക്കും
പോത്തന്റെ പിന്നിൽ നിന്ന്

**ജെസ്മി :-** ജോസ്മോനെ.. വലിച്ചു താഴെയിട്..

ജോസ്മോനും ജെസ്മിയും ഓടിവന്നു
പോത്തനെ വേലിയിൽ നിന്നും വലിച്ചു
താഴെയിടുന്നു. നിലത്തു വീഴുന്ന പോത്തൻ.
അത് കാണുമ്പോഴേക്കും ജെസ്മിയും
ജോസ്മോനും ഓടുന്നു. അപ്പുമോളുടെ
റിയാക്ഷൻ. അവരെ നോക്കി പല്ലിറുമ്മി

**പോത്തൻ :-** എടീ..

ജെസ്മിയും ജോസ്മോനും വീട്ടിനുള്ളിലേക്ക്
ഓടിച്ചെന്നു കതകടയ്ക്കുന്നു. ജിമ്മി പട്ടി
നിർത്താതെ കുരയ്ക്കുന്നു. ജെയ്സനെ
പിന്നിലേക്ക് വലിക്കുന്ന വർക്കി.
വർക്കിയുടെ കാഴ്ച്ചയിൽ സമീപവാസികൾ
ഇത് കണ്ടു നിൽക്കുകയാണ്.

ജെയ്സനോട് **വർക്കി :-** ഡാ.. മതി ആളുകൾ നോക്കുന്നു..

അത് കേട്ട ജെയ്സന്റെ ദേഷ്യം ഒന്ന്
കെട്ടടങ്ങുന്നു. സമീപവാസികളെ കണ്ട
പോത്തനും ഒന്ന് അടങ്ങുന്നു. ജെയ്സൻ
കിതച്ചുകൊണ്ട്

**ജെയ്സൻ :-** ക്രിസ്മസ് ആയിപ്പോയി.. ഇല്ലേ..
കാണിച്ചുതരാരുന്നു..

**പോത്തൻ :-** എന്നാ കാണിക്കടാ.. കാണിക്ക്..

ജെയ്സൻ പുച്ഛത്തിൽ പോത്തനോടു
**ജെയ്സൻ :-** പോടാ..

അതെ പുച്ഛത്തിൽ **പോത്തൻ :-** പോടാ..

അയൽക്കാർ പലസ്ഥലങ്ങളിൽ നിന്നായി
ഒളിഞ്ഞും തെളിഞ്ഞും കാണുന്നുണ്ട്.
അവരുടെ റിയാക്ഷൻ. കുര നിർത്താതെ
പോത്തന്റെ പട്ടിയുടെ അടുത്തേക്ക്
അലറികൊണ്ട് ഓടി വരുന്ന ജെയ്സൻ.

പട്ടിയുടെ P.O.Vയിൽ ജെയ്സന്റെ രൂപം
വളരെ ഭയാനകമാണ്.
വെള്ള കണ്ണുകളും വെളുത്ത ഞരമ്പുകളും
ഒക്കെയുള്ള ഒരു രൂപം.

അലറിക്കൊണ്ട് **ജെയ്സൻ :-** ചുമ്മാതിരി പട്ടീ..

ഇതുകേട്ട പട്ടി പേടിച്ച് കൂട്ടിൽ കയറുന്നു.

CUT TO

**സീൻ - 27**

ഷിബു,പാച്ചൻ
ഷിബുവിന്റെ പൂച്ച

*ഷിബുവിന്റെ വീട് DAY - INT/EXT*

ഷിബുവിനെ ഭീതിയോടെ നോക്കി ഇരിക്കുന്ന ഷിബുവിന്റെ വീട്ടിലെ പൂച്ച. നിലത്തുനിന്നു വലിയ ദീർഘനിശ്വാസത്തോടെ ചാടി എഴുന്നേൽക്കുന്ന ഷിബു. ഷിബു മുൻപ് വീണ് കിടന്ന അതേ നിലത്തുതന്നെയാണ് അവൻ ഇരിക്കുന്നത്. അവൻ മെല്ലെ അവശതയോടെയെങ്കിലും കട്ടിലിന്റെ വക്കത്ത് പിടിച്ചു എഴുന്നേറ്റ് അവൻ കട്ടിലിലേക്ക് കിടക്കുന്നു. അവൻ ഇപ്പോൾ നന്നായി വിറയ്ക്കുന്നുണ്ട്. ഷിബു വിറയ്ക്കുന്നതിനു അനുസരിച്ച് മുറിയിലുള്ള സാധനങ്ങളും വിറയ്ക്കുന്നു.
മെയിൻ ഹാളിൽ ഇരുന്നു താൻ ഉണ്ടാക്കിയ പടക്കങ്ങൾ എല്ലാം തരം തിരിച്ചു ചാക്കുകളിൽ കയറ്റുന്ന പാച്ചൻ. അതിനുശേഷം അയാൾ ഒരു പഴഞ്ചൻ നോട്ടുബുക്കിലേക്ക് പടക്കങ്ങളുടെ എണ്ണം കുറിച്ച് വക്കുന്നു. അയാളുടെ ചുണ്ടിൽ ഒരു ബീഡിക്കുറ്റി എരിയുന്നുണ്ട്. അയാൾ ഇപ്പോഴും തന്റെ വള്ളിനിക്കർ മാത്രമേ ധരിച്ചിട്ടുള്ളൂ. അയാളുടെ മുൻപിൽ ഇരിക്കുന്ന പഴയ സ്റ്റീൽ ഗ്ലാസിലെ വെള്ളം മെല്ലെ ഇളകുന്നുണ്ട്. മുറിയിൽ നിന്ന് ആകെ സാധനങ്ങൾ ഇളകുന്നതിന്റെയും മറിഞ്ഞു വീഴുന്നതിന്റെയും ശബ്ദം അയാൾക്ക് കേൾക്കാം.
അയാൾ നോക്കുമ്പോൾ മുറിയിൽ അങ്ങിങ്ങായി ഇരിക്കുന്ന പല സാധനങ്ങളും ഇളകുകയും മറിഞ്ഞു വീഴുകയും ചെയ്യുന്നു. ചുവരിൽ തൂക്കിയിട്ടിരിക്കുന്ന ഷിബുവിന്റെ അമ്മയുടെ ഫോട്ടോ നിലത്തു വീണു ചിതറുന്നു. അയാളുടെ മുഖത്ത് ഭീതി.
പൂച്ചയുടെ റിയാക്ഷൻ
പാച്ചൻ എഴുന്നേറ്റ് വീട്ടിൽനിന്നും പുറത്തേക്ക് ഓടാൻ തുടങ്ങുന്നു. പാച്ചൻ ഒന്ന് നിന്നിട്ട് ഷിബുവിനെ വിളിക്കണോ വേണ്ടയോ എന്ന് ഒന്ന് ആലോചിക്കുന്നു. ഷിബുവിന്റെ മുറിയിലേക്ക് ഓടിച്ചെന്ന് അവനെ കട്ടിലിൽ നിന്ന് കൈകൊണ്ടു തട്ടി

**പാച്ചൻ :-** എടാ.. ഷിബുവേ.. ഭൂമി കുലുങ്ങുന്നു.. ജീവൻ വേണോങ്കി എഴുന്നേറ്റ് ഓടിക്കോ..

ഷിബു അവശനെങ്കിലും പാച്ചന്റെ വാക്കുകൾ കേൾക്കുമ്പോൾ തന്റെ അഴിഞ്ഞു കിടന്ന മുണ്ട്

മടക്കിയുടുത്ത് പാച്ചന്റെ പിന്നാലെ
വെളിയിലേക്ക് ഓടുന്നു. വീടിനു വെളിയിൽ
എത്തിയ ശേഷം അല്പ്പദൂരം മാറിനിന്നു
വീടിനെന്തെങ്കിലും സംഭവിക്കുന്നുണ്ടോ എന്ന്
നോക്കി നിൽക്കുന്ന ഷിബുവും പാച്ചനും.
വീടിനും ചുറ്റുപാടുകൾക്കും ഒന്നും
അനക്കമില്ല. ഷിബു ഒന്ന് ചുമക്കുന്നു.
അതിനുശേഷം പാച്ചനെ നോക്കി

**ഷിബു :-** എവിടെ കുലുക്കം...?

അതിനു മറുപടി പറയാതെ ഷിബുവിനെ
ഒന്ന് നോക്കുന്ന പാച്ചൻ.

അമർഷത്തോടെ **ഷിബു :-** നിങ്ങക്ക് എന്തിന്റെ കേടാ..?

എന്താണ് മറുപടി പറയേണ്ടത് എന്ന്
അറിയാതെ നിൽക്കുന്ന പാച്ചൻ.

ഓവർലാപ്പ് : തയ്യൽ മെഷീനിൽനിന്നും
ഉയരുന്ന ശബ്ദം.

<u>CUT TO</u>

**സീൻ - 28**

ജെയ്സൻ,ജോസ്മോൻ,
വർക്കി,ജെസ്മി

*ജെയ്സന്റെ വീട് -കുളിമുറി -*
***വീടിന് പുറക് വശം -NIGHT- INT/EXT***

തയ്യൽ മെഷീന്റെ മുന്നിൽ ഇരുന്ന് തുണി തയ്ക്കുന്ന വർക്കി. വീട്ടുപടിയ്ക്കൽ ജോസ്മോൻ ഇരിപ്പുണ്ട്, അവൻ പുസ്തകം വായിച്ചു പഠിക്കുകയാണ്.

**ജോസ്മോൻ :-** What is emotion? എന്താണ് വികാരം ? മനുഷ്യന്റെ നാഡീപ്രവർത്തങ്ങളുടെ പ്രതിഫലനങ്ങളെ വികാരം എന്ന് വിളിക്കാം.

വർക്കിയുടെയും ജോസ്മോന്റെയും ശ്രദ്ധയിൽ എവിടെനിന്നോ ഒരു കരച്ചിൽ കേൾക്കുന്നു. അവർ പരസ്പരം നോക്കുന്നു. വർക്കിയുടെ കാഴ്ചയിൽ വീടിനു പുറത്തുള്ള ബാത്ത്റൂമിനുള്ളിൽ നിന്നുള്ള ജെയ്സന്റെ വിങ്ങിപ്പൊട്ടലാണത്.
ബാത്ത്റൂമിലെ ബക്കറ്റിൽ ഇരിക്കുന്ന കപ്പിൽ മദ്യം ഒഴിച്ച് കഴിക്കുന്ന ജെയ്സൻ.
ബാത്ത്റൂമിനുള്ളിലെ ബൾബിനു നല്ല തെളിമയുണ്ട്. ജെയ്സൻ തന്റെ കയ്യിൽ ഇരിക്കുന്ന അനീഷിന്റെയും ബിൻസിയുടെയും വെഡിംഗ് കാർഡ് നോക്കി ഒരു മൂളലോടെ വിങ്ങിപ്പൊട്ടുകയാണ്. ശബ്ദം വെളിയിലേക്ക് വരാതിരിക്കാൻ ജെയ്സൻ പരമാവധി വായ പൊത്തിപ്പിടിക്കുന്നുണ്ട്. അവൻ ഭിത്തിയിൽ കരികൊണ്ട് എഴുതിയിട്ടിരുന്ന 'J LOVE B' എന്ന വാചകങ്ങൾ വെള്ളമൊഴിച്ച് തുടച്ചു കളയാൻ ശ്രമിക്കുന്നു.

കരയുന്നതിനിടയിൽ **ജെയ്സൻ :-** നോക്കിക്കോ.. കാണിച്ചുതരാം..

അതിനിടയിൽ ജെയ്സൻ ശക്തമായി ചുമയ്ക്കുന്നുണ്ട്. ദൃശ്യത്തിൽ ബാത്ത്റൂമിലെ ടാപ്പിൽ നിന്ന് വെള്ളം തുള്ളി തുള്ളിയായി ബക്കറ്റിലേക്ക് വീഴുന്നു.
ജെയ്സന്റെ കയ്യിലെ നീല ഞരമ്പുകൾ കുറച്ചുകൂടി വ്യക്തമാവുന്നു.
ബാക്ക്ഗ്രൌണ്ടിൽ ബിൽഡപ്പ് മ്യൂസിക്.
ബാത്ത്റൂമിലേക്ക് തന്നെ നോക്കി ഇരിക്കുന്ന വർക്കിയും ജോസ്മോനും ഒരു നിമിഷത്തിനു ശേഷം ഒന്നും അറിയാത്ത രീതിയിൽ ബാത്ത്റൂം തുറന്നു പുറത്തേക്ക് ഇറങ്ങി വരുന്ന ജെയ്സൻ. വർക്കി അത് കണ്ടിട്ട് തന്റെ തയ്യൽ തുടരുന്നു ജോസ്മോൻ വായനയും. താൻ കരഞ്ഞിട്ടില്ല എന്ന്

കാണിക്കാനായി ജെയ്സൻ വായകൊണ്ട് ചൂളമടിക്കുന്നുണ്ട്. ജോസ്മോൻ വായന തുടരുന്നു.

**ജോസ്മോൻ :-** എന്താണ് ഇമോഷണൽ ടീയെഴ്സ് ? ശക്തമായ വികാരങ്ങളിലൂടെ മനസ്സ് കടന്നുപോകുമ്പോൾ മനുഷ്യസഹജമായി ഉണ്ടാവുന്ന കണ്ണുനീരാണ് ഇത്..

ജോസ്മോന്റെ മുന്നിലൂടെ നടന്നുപോകുന്ന ജെയ്സൻ അത് കേൾക്കുന്നു.

**ജോസ്മോൻ :-** സാധാരണ ഉണ്ടാകുന്ന കണ്ണുനീരിനേക്കാൾ 24 ശതമാനം കൂടുതൽ പ്രോട്ടീൻ ഇതിൽ അടങ്ങിയിട്ടുണ്ട്..

ജെയ്സൻ ഇടം കണ്ണിട്ട് ജോസ്മോനെ നോക്കുന്നു. അല്പം കലിപ്പിൽ.

**ജെയ്സൻ :-** ഓ.. പഠിച്ച് അവൻ ഐ.എ.എസ് ആവാൻ പോവാ..

ജോസ്മോന്റെ റിയാക്ഷൻ. വർക്കിയും ജെയ്സനെ ഒന്ന് നോക്കുന്നു ഓവർലാപ് ചെയ്തുകൊണ്ട്

**(V.O) ജെസ്മി :-** ഡാ.. ജെയ്സാ..

ജെയ്സൻ തിരിഞ്ഞു നോക്കുമ്പോൾ ജെസ്മി പിന്നിൽ നിൽക്കുന്നു. അവൾ തന്റെ കൈകൾ പിന്നിൽ മറച്ചു പിടിച്ചിരിക്കുകയാണ്. ജെസ്മിയെ കാണുമ്പോൾ

**വർക്കി :-** എന്താടീ..?

**ജെസ്മി :-** ഒന്നുവില്ലപ്പാ.. ജോസ്മോനെ നീ വീട്ടിലോട്ട് ചെന്നേ.. അപ്പ ഇപ്പൊ വരും..

ജോസ്മോന്റെ റിയാക്ഷൻ. ജെയ്സനെ നോക്കി ശബ്ദം താഴ്ത്തി

**ജെസ്മി :-** ഡാ.. നീ ഇങ്ങു വന്നെ..

ജെയ്സൻ വർക്കിയെയും ജോസ്മോനെയും ഒന്ന് നോക്കിയശേഷം ജെസ്മിയുടെ പിന്നാലെ വീടിന്റെ പിൻവശത്തേക്ക് പോകുന്നു. വർക്കിയും ജോസ്മോനും പരസ്പരം നോക്കുന്നു. വീടിന്റെ പിന്നിൽ എത്തുമ്പോൾ ജെസ്മി താൻ പിന്നിൽ ഒളിപ്പിച്ചു പിടിച്ചിരുന്ന കുറച്ചു സ്വർണ്ണം എടുത്തു ജെയ്സന്റെ നേരെ നീട്ടുന്നു. ജെയ്സൻ അത് വാങ്ങുന്നു.

**ജെസ്മി :-** പോത്തേട്ടൻ അറിയല്ലേഡാ.. എന്നെ കൊന്നുകളയും..

ഒരു നിമിഷം ജെയ്സനെ നോക്കി നിന്നിട്ട്

**ജെസ്മി :-** ഇത് കൊണ്ടെങ്കിലും നീയൊന്നു രക്ഷപ്പെടണേഡാ..?

**ജെയ്സൻ :-** രക്ഷപ്പെട്ടിരിക്കും..

അവൻ എന്തോ തീരുമാനിച്ചു ഉറപ്പിച്ചപോലെ തന്റെ ശ്വാസം ഒന്ന് വലിച്ചു വിടുന്നു. ഓവർലാപ്പ് ചെയ്തു കേൾക്കുന്ന മഴ പെയ്യുന്ന ശബ്ദം.

CUT TO

**സീൻ - 29**

*കവല - തുഷാർ ചായക്കട ചായക്കട -*
***DAY INT/EXT***

ഷിബു,ഉഷ,ദാസൻ,കുക്കു,പൈലി
ശശി,,കേശവൻ,കേശവന്റെ
ഡ്രൈവർ, കൊച്ചാപ്പി,ഗോപൻ
സെൽവൻ,കണ്ണപ്പൻ,അരുൺ
രക്ഷകൻ ബസ് ഡ്രൈവർ,
ബസ് കണ്ടക്ടർ, ഒരു മധ്യവയസ്ക്കൻ,ശാരദ
നാട്ടുകാർ ,ബസ് യാത്രകാർ

കുറുക്കന്മൂലയിലും പരിസരത്തുമായി മഴ പെയ്യുന്നു
തുഷാർ ചായക്കടയുടെ അകത്തെ അടുക്കളയിൽ ഒരു കമ്പിളിയും ചുറ്റി ചുമച്ചുകൊണ്ട് വിറയലോടെ ഇരിക്കുന്ന ഷിബു.
ചായക്കടയുടെ മുൻപിലെ കൌണ്ടറിൽ ഇരിക്കുന്ന പൈലി. സമീപം രണ്ടു മധ്യവയസ്കരും നിൽപ്പുണ്ട്.
കവലയുടെ മറ്റൊരു വശത്തായി ഒതുക്കി ഇരിക്കുന്ന അംബാസഡർ കാർ. കാറിലേക്ക് കയറാൻ തുടങ്ങുന്ന കേശവൻ (50)
പൈലി തന്റെ മുന്നിൽ ഇരിക്കുന്ന റേഡിയോയിൽ നിന്നും അവ്യക്തമായി കേൾക്കുന്ന എൺപതുകളിലെ ഒരു സിനിമ ഗാനം. പൈലി അത് വ്യക്തമായി കേൾക്കുവാൻ ആയി ANTENNA ഉയർത്തിപ്പിടിക്കുന്നു. പാട്ടിന്റെ പശ്ചാത്തലത്തിൽ കവലയിലേക്ക് വന്നു നിൽക്കുന്ന 'രക്ഷകൻ' ബസ്സ്. ബസ്സിൽനിന്നും ഇറങ്ങുന്ന ഉഷ.
ഉഷയ്ക്ക് ഏകദേശം മുപ്പത്തിയഞ്ചു വയസ്സ് പ്രായം വരും. ഉഷയുടെ കൂടെ അവളുടെ മകൾ കുക്കുവും (6) സഹോദരൻ ദാസനും ഉണ്ട്. ഉഷ മഴ നനയാതിരിക്കാൻ എന്നോണം ഓടി തുഷാർ ചായക്കടക്ക് സമീപം ഉള്ള ബസ് സ്റ്റോപ്പിലെ ഷെഡിനു താഴെ വന്നു നിൽക്കുന്നു. കവലയിൽ നിൽക്കുന്ന ആളുകൾ ഒളിഞ്ഞും തെളിഞ്ഞും ഉഷയെ നോക്കുന്നുണ്ട്. കാറിനു അകത്ത് ഇരിക്കുന്ന കേശവനും ഉഷയെ കാണുന്നു.
അയാൾ മുന്നിൽ ഇരിക്കുന്ന ഡ്രൈവറോട് എന്തോ ചോദിക്കാൻ തുടങ്ങുന്നു.
ചായക്കടയിൽ ഇരിക്കുന്ന പൈലി ഉഷയെ കണ്ടിട്ട്

**പൈലി :-** ഡാ.. ശശിയെ അത് ഉഷയല്ലേ..നമ്മടെ ദാസന്റെ പെങ്ങള്.?

ഉഷയെ എത്തിവലിഞ്ഞു നോക്കി

**ശശി :-** ആ.. അവള് തന്നെ .. അവള് എന്നാ തിരിച്ചു വന്നേ.. ?

കാറിനകത്ത് ഇരിക്കുന്ന കേശവൻ ഉഷയെ കാണുന്നു. അയാളുടെ കണ്ണുകളിൽ തിളക്കം.

**കേശവൻ :-** ഡാ...ഉഷയല്ലേ അത്?

**ഡ്രൈവർ :-** ആ..

കേശവന്റെ റിയാക്ഷൻ.

ചായക്കട

**ശശി :-** പണ്ട് ഇളങ്കുലയാരുന്നു.. ഇപ്പൊ അങ്ങ് കേറി മൂത്തല്ലോ..

ഒരു കള്ള ചിരിയോടെ

**പൈലി :-** മൂക്കുമ്പോഴല്ലേ ശശിയെ.. വീര്യം കൂടുന്നത്..

പൈലിയോടു ശശി ആംഗ്യത്തിൽ 'വല്ലതും നടക്കുമോ ?' എന്ന രീതിയിൽ ചോദിക്കുന്നു. പൈലി തിരിച്ചു 'നടക്കും' എന്ന രീതിയിൽ തലയാട്ടുന്നു. കടയുടെ മുന്നിലേക്ക് വന്ന് ദാസനെ നോക്കി ഉറക്കെ

**പൈലി :-** ദാസ.. ഇങ്ങോട്ട് വാ.. വെറുതെ അവിടെ നിന്ന് മഴ നനയണ്ടാ..

കൈ തലയിൽ വച്ച് പൈലിയുടെ കടയിലേക്ക് ഓടിക്കയറുന്ന ദാസനും ഉഷയും ഉഷയുടെ മകൾ കുക്കുവും.
ചായക്കടയുടെ മുന്നിലൂടെ പോകുന്ന കേശവന്റെ കാർ. കാറിൽ ഇരുന്നു കേശവൻ ഉഷയെ നോക്കുന്നു, കാർ വിട്ടുപോകുന്നു. നനഞ്ഞു നിൽക്കുന്ന ഉഷയെ അടിമുടി നോക്കുന്ന പൈലിയും കൂട്ടരും. ചായക്കടയിൽ ഇരിക്കുന്ന ഭൂരിഭാഗം ആളുകളുടെയും നോട്ടം അവളിലേക്ക് ആണ്.

ദാസനെ നോക്കി **പൈലി :-** എവിടെ പോയതാ ദാസാ..?

കുക്കുവിനെ ചൂണ്ടിക്കാണിച്ചിട്ടു

**ദാസൻ :-** കൊച്ചിനെ ഒന്ന് ആശൂത്രീ കാണിക്കാൻ പോയതാ..

ഉഷയെ ഒളികണ്ണിൽ നോക്കി കുക്കുവിനെ ഒന്ന് തലോടി

**പൈലി :-** മോൾക്ക് എന്താ പനിയാണോ..?

**ദാസൻ :-** ഓ.. പനിയൊന്നുവല്ല.. ഇത്തിരി ചെലവ് കൂടിയ അസുഖവാ..

ദാസനെ നോക്കി

**പൈലി :-** ഒരു ചായ ആവാല്ലേ..?

ദാസൻ എന്തെങ്കിലും തിരിച്ചു പറയും
മുൻപ് അടുക്കളയിലേക്ക് നോക്കി

**പൈലി :-** ഷിബുവേ.. രണ്ടു ചായ എടുത്തേ..

ഉഷയെ നോക്കി

**പൈലി :-** മധുരം കൂട്ടി എടുത്തോ..

ശശിയുടെ റിയാക്ഷൻ
അടുക്കളയിൽ നിന്നും ചുമച്ചുകൊണ്ട് ചായയുമായി വരുന്ന ഷിബു. ഷിബുവിന്റെ കാഴ്ച്ചയിൽ ഉഷ. അവന്റെ മുഖത്ത് അമ്പരപ്പും സന്തോഷവും ഒരുപോലെ വിരിയുന്നു. ചായ കൊണ്ട് വന്ന് ദാസന്റെയും ഉഷയുടെയും മുൻപിലേക്ക് വയ്ക്കുന്ന ഷിബു. ദാസൻ രൂക്ഷമായി ഷിബുവിനെ നോക്കുന്നുണ്ട്. ഉഷ കുനിഞ്ഞുതന്നെ ഇരിക്കുകയാണ്. ദാസൻ തന്നെ നോക്കുന്നത് കാണുമ്പോൾ ഷിബു അവിടെനിന്ന് വേഗം അടുക്കളയിലേക്ക് ചെന്ന് കയറുന്നു. അവൻ മെല്ലെ അടുക്കളയിലെ പൊട്ടിയ ജനലിന്റെ വിടവിലൂടെ ഉഷയെ നോക്കുന്നു. ഷിബുവിന്റെ മുഖത്തും വിയർപ്പ് പൊടിയുന്നു.
ഉഷയുടെ നനഞ്ഞ മുടിയിലൂടെ വെള്ളം ഇറ്റിറ്റു വീഴുന്നു. മഴയിൽ അവളുടെ കണ്ണിലെ കരിമഷി കലങ്ങിയിട്ടുണ്ട്. ഷിബുവിന്റെ നെഞ്ചിടിപ്പ് കൂടി വരുന്നു. പെട്ടെന്ന് ഉഷയുടെ നോട്ടം ആ ജനലിന്റെ വിടവിലൂടെ അടുക്കളയിലേക്ക് ആവുന്നു. അത് കാണുമ്പോൾ ഞെട്ടി പിന്നിലേക്ക് വലിയുന്ന ഷിബു ശക്തമായി ചുമയ്ക്കുന്നു. ചുമ കനത്ത് അവസാനം ഷിബു വായിൽ വന്ന കഫം ചായക്കടയുടെ വെളിയിലേക്ക് തുപ്പി കളയുന്നു. അവന്റെ വായിൽ നിന്ന് നിലത്തേക്ക് വീഴുന്ന നീല നിറത്തിലുള്ള ദ്രാവകം. അത് ഒരുനിമിഷം അമ്പരപ്പോടെ നോക്കുന്ന ഷിബു. ഷിബു വീണ്ടും ശക്തമായി ചുമക്കുന്നു.

ഓവർലാപ്പ് : ഷിബുവിന്റെ ചുമക്ക് ഒവർലാപ്പ് ആയി കേൾക്കുന്ന ജെയ്സന്റെ ചുമ.

CUT TO

**സീൻ - 30**

ജെയ്സൻ,ദാസൻ,വർക്കി,
ശാരദ,മനു,സെൽവൻ,
സെൽവന്റെ കടയിൽ ഉള്ളവർ,
,കവലയിൽ ഉള്ളവർ
ആനിവേഴ്സറിഅനൌൺസ്മെന്റ്സംഘം
കരാട്ടെകുട്ടികൾ

**കവല -*ജെയ്സൻ സ്റ്റിച്ചിംഗ് സെന്റർ* - സെൽവന്റെ കട - *DAY - INT/EXT***

മഴ

ജെയ്സൻ സ്റ്റിച്ചിംഗ് സെന്ററിന്റെ മുന്നിലേക്ക് തന്റെ സൈക്കിളിൽ വരുന്ന ജെയ്സൻ. ജെയ്സൻ ചുമയ്ക്കുന്നുണ്ട്. ജെയ്സൻ സ്റ്റിച്ചിംഗ് സെന്ററിന്റെ ഉള്ളിൽ ദാസൻ ഇരിപ്പുണ്ട്. സ്റ്റിച്ചിംഗ് സെന്ററിന്റെ തൊട്ടടുത്തുള്ള റേഷൻ കടയിലെ സെൽവൻ. തന്റെ കടയിലേക്ക് വന്ന നാട്ടുകാരന്റെ കന്നാസിലേക്ക് മണ്ണെണ്ണ ഒഴിച്ചുകൊണ്ടിരിക്കുകയാണ്.

തുടരുന്ന **സെൽവൻ :-** കടയുടെ ഉദ്ഘാടനം ഉടനെ ഉണ്ടാവുന്നാ കേട്ടത്.. സാജൻ സാറിന്റെ യോഗം.. അല്ലേലും അനീഷ് രക്ഷപ്പെടുന്ന് എനിക്കന്നേ അറിയാരുന്നു..

സെൽവന്റെ കാഴ്ചയിൽ കടയിലേക്ക് വരുന്ന ജെയ്സൻ. ജെയ്സൻ സൈക്കിൾ ഒതുക്കി വക്കുന്നു. ജെയ്സന്റെ കയ്യിൽ ഒരു ബ്രൌൺ കവർ ഉണ്ട്. ജെയ്സനെ കണ്ടിട്ട് സെൽവൻ ജെയ്സനോട് എന്നപോലെ

**സെൽവൻ :-** ഇവിടെ വേറെ കുറേപ്പേരുണ്ട്, അനീഷിനെ കണ്ടിട്ട് അതേ പോലാആവാനായി നടക്കുന്ന ചിലർ..

സെൽവനോടായി **ജെയ്സൻ :-** ചേട്ടാ.. നിങ്ങള് റേഷൻ ഇങ്ങോട്ടുതരണ്ടാ.. അവിടെ കൊടുത്താ മതി..

ജെയ്സൻ ഇതുപറഞ്ഞിട്ട് തന്റെ കടയിലേക്ക് കയറുന്നു. ജെയ്സനെ കണ്ടിട്ട് ദാസൻ കുറച്ച് ബഹുമാനത്തോടെ

**ദാസൻ :-** നല്ല മഴ ആരുന്നല്ലേ..?

ജെയ്സൻ ‘അതെ’ എന്ന് തലകൊണ്ട് ആട്ടി, കടക്ക് അകത്തെ മുറിയിലേക്ക് കേറാൻ തുടങ്ങുന്നു. ജെയ്സനെ പിന്നിൽനിന്നും വിളിക്കുന്ന ദാസൻ

**ദാസൻ :-** മോനെ ജെയ്സാ..

ജെയ്സൻ തിരിയുന്നു, ജെയ്സന്റെ അടുത്തേക്ക് വന്നിട്ട്

**ദാസൻ :-** മോനെ ആ കാശിന്റെ കാര്യം.. കുക്കൂന്റെ ഓപ്പറേഷൻ ഒടനെ നടത്തണോന്നാ ഡോക്ടർ പറയുന്നേ..

ജെയ്സൻ അത് കേട്ടിട്ട് തന്റെ കയ്യിൽ ഇരിക്കുന്ന കവർ മറച്ച് പിടിക്കുന്നു.

**ജെയ്സൻ :-** എന്നോട് ചോദിച്ചാ ഞാൻ എന്നാ ചെയ്യാനാ ചേട്ടൻ അപ്പനോടും കൂടി ഒന്ന് ചോദിച്ചുനോക്ക് ,,ചേട്ടന് കാശ് തരാൻ എനിക്ക് ആഗ്രഹമില്ലാഞ്ഞിട്ടല്ല , എന്റെ കയ്യില് വേണ്ടേ..?

ദാസന്റെ റിയാക്ഷൻ, ജെയ്സൻ ഇതും പറഞ്ഞിട്ട് കടയ്ക്ക് അകത്തെ മുറിയിലേക്ക് കയറുന്നു.
കയ്യിൽ ഇരിക്കുന്ന ബ്രൌൺ കവർ തുറന്ന് നോക്കുന്ന ജെയ്സൻ. അതിൽ നിറയെ കാശാണ്. ജെയ്സൻ ആ കാശ് അവിടെ കാണുന്ന ഒരു ഡ്രോയറിനുള്ളിലെ ഒരു രജിസ്റ്റർ ബുക്കിനകത്തെക്ക് മടക്കി വെയ്ക്കുന്നു.
കടയിലേക്ക് കയറി വരുന്ന ശാരദ (70), അവരുടെ കൂടെ കൊച്ചുമകൻ മനു(10). മനു സ്കൂൾ യൂണിഫോമിലാണ് നിൽക്കുന്നത്.
ശാരദ ദാസനോട് മനുവിന്റെ പാൻസിലേക്ക് ചൂണ്ടിക്കൊണ്ട്

**ശാരദ :-** ഇതെന്നാ മോനെ ഈ കാണിച്ച് വച്ചേക്കുന്നെ..?

അത് കേട്ടിട്ട് ദാസൻ മനുവിന്റെ പാൻസിലേക്ക് നോക്കുന്നു. പാൻസിന്റെ കീഴ്ഭാഗം ജോഗേഴ്സ് മോഡലിൽ ആണ് തയ്ച്ചിരിക്കുന്നത്.

**ശാരദ :-** ഇങ്ങനെയാണോ പിള്ളേരടെ യൂണിഫോം തയ്ക്കുന്നത്..? ഏ..?

അകത്തെ മുറിയിൽ നിൽക്കുന്ന ജെയ്സൻ ഇത് കേൾക്കുന്നുണ്ട്.

<u>CUT TO</u>

കൊച്ചിന്റെ പാൻസ് കണ്ട റേഷൻ കടയിലെ സെൽവൻ ദാസനെ നോക്കി

**സെൽവൻ :-** ജെയ്സൻ ആയിരിക്കും തയ്ച്ചത്..? അവൻ പണ്ട് എനിക്കൊരു കുർത്ത തയ്ച്ച് തന്നതാ.. അതിപ്പോ അമ്മായി നൈറ്റി ആയിട്ട് കൊണ്ടുനടക്കുവാ.. ഇവനിതൊക്കെ വലിയ ഫാഷൻ ആണെന്നല്ലേ പറയുന്നേ.....

ഇത് കേട്ട ജെയ്സൻ എന്തോ പിറുപിറുത്തുകൊണ്ട് കടയുടെ മുന്നിലേക്ക് വരുന്നു. സെൽവനെ നോക്കി ജെയ്സൻ.

**ജെയ്സൻ :-** ആണ്.. ഫാഷൻ ആണ്.. അല്ലെങ്കിലും ഈ നാട്ടിലുള്ള പഴഞ്ചന്മാർക്ക് പറഞ്ഞിട്ടുള്ളതല്ല ഇതൊന്നും..

മനുവിനെ നോക്കിക്കൊണ്ട്

**ജെയ്സൻ :-** മോനേ.. ഈ പാന്റ് നീ ഒരിക്കലും കളയരുത്.. ഇതൊക്കെ നാട്ടിലെ പിള്ളേർ ഇട്ട് നടക്കുന്ന ഒരു കാലം വരും..

മനു ജെയ്സനോട്

**മനു :-** അതല്ലാ അങ്കിളേ.. ഈ പാന്റ് ഇപ്പൊ ഒന്ന് ഊരാൻ എന്താ മാർഗ്ഗം.. ഞാൻ നോക്കിയിട്ട് പറ്റുന്നില്ല..

അത് കേട്ടിട്ട് ജെയ്സന്റെ മുഖം മാറുന്നു. സെൽവൻ അത് കേട്ടിട്ട് ചിരിക്കുന്നു. ജെയ്സൻ കുനിഞ്ഞു പയ്യന്റെ പാൻസ് ഊരാൻ സഹായിച്ച് കൊടുക്കുന്നു. അതിനു ഓവർലാപ്പ് ആയി ശാരദ

**ശാരദ(V.O) :-** കൊച്ചിതിട്ടോണ്ട് സ്കൂളിൽ പോയിട്ട് അവനെ ക്ലാസീന്ന് പുറത്താക്കി.. ഇതിനൊരു സമാധാനം പറഞ്ഞെ ജെയ്സാ..

പയ്യന്റെ പാൻസ് ഊരിയശേഷം ദാസനെ നോക്കി

**ജെയ്സൻ :-** ദാസേട്ടാ.. ഞാൻ തയ്യല് നിർത്തി.. ഈ നാട് നന്നാവില്ല.. കൂടിപ്പോയാ 6 മാസം.. അതിനകത്ത് ഞാനീ പഴകി ദ്രവിച്ച നാട് വിടും.. അമേരിക്കേ ചെന്നിട്ട് ഞാൻ അവിടുള്ള സായിപ്പിനും മദാമ്മയ്ക്കും തയിച്ചുകൊടുത്തുകൊള്ളാം.. അവർക്ക് വിവരം ഉണ്ട്..

ശാരദയെ നോക്കി

**ജെയ്സൻ :-** നിങ്ങളൊക്കെ എന്നും ഈ ചീഞ്ഞ ചട്ടേം മുണ്ടും ഉടുക്കാനെ വിധിച്ചിട്ടുള്ളൂ..

കടയിലേക്ക് ദേഷ്യത്തിൽ കയറിവരുന്ന വർക്കി.
ജെയ്സനു നേരെ ചീറികൊണ്ട്

**വർക്കി :-** ജെയ്സാ.. നീ ബാങ്കീന്ന് വായ്പ്പമേടിച്ചെന്നു കേട്ടത് ശരിയാണോ..?

പരുങ്ങലിൽ **ജെയ്സൻ :-** ഉം..

ദാസന്റെ മുഖഭാവം. ദാസൻ ജെയ്സനെ ഒന്ന് നോക്കുന്നു.

**വർക്കി :-** നെനക്ക് എന്തിനാ ഇപ്പൊ ഇത്രേം കാശ്..?

മറുപടി പറയാൻ തുടങ്ങുന്ന ജെയ്സൻ ഒന്ന് ചുമക്കുന്നു.

ഉറക്കെ **ജെയ്സൻ :-** എനിക്ക് പാസ്പോർട്ട് എടുക്കാനും അവടെ കമ്പനീല് കെട്ടി വക്കാനുമൊക്കെ കാശ് വേണ്ടേ..? ചേച്ചിയാ എനിക്ക് പണയം വക്കാൻ സ്വർണ്ണം തന്നത്..

അല്പം കലിപ്പിൽ **വർക്കി :-** നീ അവൾടെ കുടുംബം കൊളംതോണ്ടും..

സെൽവന്റെ കടയിൽ നിൽക്കുന്നവർ ഇത് ശ്രദ്ധിക്കുന്നു.

**ജെയ്സൻ :-** അപ്പൻ എന്തിനാ ചൂടാവുന്നെ..? അപ്പനോട് ഞാൻ ചോദിച്ചിട്ട് തരാഞ്ഞിട്ടല്ലേ..?

ഒരു നിമിഷം മൌനം പാലിച്ചുകൊണ്ട്

**ജെയ്സൻ :-** അല്ലേലും നിങ്ങൾ ഇത്രയും കാലവായിട്ടും എന്താ എനിക്ക് തന്നിട്ടുള്ളത്..?

ചന്തയിൽ അവിടെയും ഇവിടെയും നിൽക്കുന്ന ആളുകൾ എല്ലാം ജെയ്സനെയും വർക്കിയെയും ശ്രദ്ധിക്കുന്നു. വർക്കി ജെയ്സനെ പുച്ഛത്തോടെ നോക്കി

**വർക്കി :-** ഞാനൊന്നും ചെയ്തിട്ടില്ലല്ലേ..? എടാ നീയെ ടൌണിൽ ടെക്സ്റ്റെൽസ് ഇടണെന്നു പറഞ്ഞപ്പോ ഒരക്ഷരം മിണ്ടാതെ വീടിന്റെ ആധാരം എടുത്തു തന്നതല്ലേ ഞാൻ..? എന്നിട്ട് അതെന്തെങ്കിലും ആയോ..? നീ ഒരുത്തൻ കാരണം ഈ നാട്ടിൽ മുഴുവൻ എനിക്ക് കടവാ..

ജെയ്സൻ അതിനു മറുപടി ഒന്നും പറയുന്നില്ല. ജെയ്സന്റെ അടുത്തേക്ക് വന്നു അല്പം ശബ്ദം താഴ്ത്തി

**വർക്കി :-** നിന്റെ കൂടെ പഠിച്ചവന്മാർക്ക് ഒക്കെ ജോലി കിട്ടിയില്ലേ..? നാട്ടിൽ തന്നെ അല്ലെ കിട്ടിയത്.. അല്ലാതെ പുറത്ത് ഒന്നും അല്ലല്ലോ.? എടാ കഴിവുണ്ടെങ്കിലേ ഏത് നാട്ടിൽ പോയിട്ടും കാര്യമുള്ളൂ.. അല്ലാത്തവനൊക്കെ എവിടെ ചെന്നാലും കണക്കാ..

കൂടുതൽ ഒന്നും പറയാതെ വർക്കി അവിടെ നിന്ന് ഇറങ്ങി നടക്കുന്നു. അയാൾ ചുറ്റുമുള്ള ആളുകളെ ഒന്നും ശ്രദ്ധിക്കുന്നില്ല. സെൽവന്റെ പുച്ഛത്തോടെയുള്ള നോട്ടം. ജെയ്സന്റെ കണ്ണുകളിൽ ഇപ്പോൾ ഒരു നനവുണ്ട്. ഒരു നിമിഷത്തെ നിശബ്ദതതക്ക് ശേഷം തന്റെ കവറിൽ നിന്ന് ഒരു പൊതി ജെയ്സന്റെ നേർക്ക് നീട്ടിക്കൊണ്ട് ..

**ശാരദ :-** എന്റെ ചട്ടേടെ തുണിയാ.. ഇത് ജെയ്സൻ കൊച്ച് തന്നെ തയ്ച്ചാൽ മതി.. എനിക്ക് കുറച്ച് ഫാഷൻ ഒക്കെ ആകാം..

അത് കണ്ടു നിൽക്കുന്ന മനുവിന്റെ റിയാക്ഷൻ. ജെയ്സൻ രൂക്ഷമായി ശാരദയെ ഒന്ന് നോക്കിയശേഷം ഒന്നും മിണ്ടാതെ തയ്യൽക്കടയ്ക്കു വെളിയിലേക്ക് ഇറങ്ങുന്നു. അവന്റെ നോട്ടം ബിജിയുടെ സ്ഥാപനത്തിലേക്ക് ആണ്.

CUT TO

**സീൻ - 31**

ജെയ്സൻ,ജോസ്മോൻ,ബിജി
അനീഷ്,സഞ്ജയൻ, സെൽവൻ
മെമ്പർ,ഒരു കൊച്ച് പെൺകുട്ടി
കണ്ണപ്പൻ,ബിജിയുടെസ്ടുടെന്റസ്,
കവലയിൽ ഉള്ളവർ,നാട്ടുകാർ

**കവല -ബിജിയുടെ സ്ഥാപനം-**
**കോവണി പടി-വരാന്ത-ബിജിയുടെ ടോയ്‌ലറ്റ്**
***DAY - INT -EXT***

സ്ഥാപനത്തിനുള്ളിൽ ഒരു മേശയും രണ്ടു കസേരയും മാത്രമാണ് ഉള്ളത്. മേശപ്പുറത്തു കുറച്ചു പേപ്പറുകളും ഒരു മെഴുകുതിരി standഉം തീപ്പെട്ടിയും കുറച്ചു പഴത്തൊലികളും. മുറിയിൽത്തന്നെ മറ്റൊരു ഭാഗത്ത് കുറച്ചു നെഞ്ചക്കുകളും ഇഷ്ടികകളും ഓടുകളും പൂഴിമണ്ണും പലകകളും ഒക്കെ നിരത്തിവച്ചിരിക്കുന്നു. മേശക്ക് അപ്പുറമുള്ള കസേരയിൽ ഇരുന്നു കരയുന്ന ഒരാളിലേക്ക് ദൃശ്യം തിരിയുന്നു. അത് ബിജിയാണ്. അവൾ കരാട്ടെ ഡ്രസ്സിൽ ആണ്. ഏകദേശം ഇരുപത്തഞ്ചു വയസ്സ് പ്രായം വരും. ഇരുനിറം, ചുരുണ്ട മുടി, മെല്ലിച്ച ശരീര പ്രകൃതി.

കരഞ്ഞുകൊണ്ട് **ബിജി :-** ആ അനീഷ് ഗൾഫുകാരൻ ആയത് ആരുടെ കാശുകൊണ്ടാ..? എന്റെ അപ്പൻ ലോണെടുത്ത് വാങ്ങിച്ച പശൂനെ വിറ്റിട്ടാ അവൻ ഗൾഫിന് പോയത്..

ബിജി കണ്ണ് തുടയ്ക്കുന്നു.

**ബിജി :-** അവനെ ആദ്യായിട്ട് പാൻസ് ഇടീപ്പിച്ചത് ആരാന്നു അറിയുവോ..? ഈ ഞാൻ.. ഇതിലെ കീറിയ ലുങ്കീം ഉടുത്തു മൂക്കളേം ഒലിപ്പിച്ച് നടന്ന അവനെ ഒന്ന് മെനയാക്കിയെടുത്തത് ഞാനാ.. എന്നിട്ട് ഇപ്പൊ കാശ് ആയപ്പോ അവനെന്നെ വേണ്ടാ..

ബിജിയുടെ എതിർവശത്ത് ബിജി പറയുന്നതെല്ലാം കേട്ട് നിൽക്കുന്നത് കരാട്ടെ ഡ്രസ്സ് ഇട്ട് നിൽക്കുന്ന ഒരു കൊച്ചു പെൺകുട്ടിയാണ്. ബിജിയുടെ കരച്ചിൽ കണ്ടു ആ കുട്ടിയുടെയും കണ്ണുകൾ നിറയുന്നുണ്ട്.

ബിജിയോടായി **കുട്ടി :-** പോട്ടെ സംബായി..

പെട്ടെന്ന് ബിജിയുടെ കൈയ്യിൽ ഒരു കൊതുക് വന്നിരിക്കുന്നു.
ബിജി ആ കൊതുകിനെ അടിച്ചു കൊല്ലുന്നു. ‘ഹീയ’ എന്ന കരാട്ടെ രീതിയിൽ ശബ്ദം കേൾപ്പിച്ചാണ് അവൾ കൊതുകിനെ കൊല്ലുന്നത്. അത് കാണുമ്പോൾ അമ്പരക്കുന്ന കുട്ടി. പെട്ടെന്ന് പിറകിൽ നിന്ന് ആരോ

കതകിൽ തട്ടുന്ന ശബ്ദം. ബിജി തിരിയുന്നു. കണ്ണ് തുടച്ചുകൊണ്ട് ധൃതിയിൽ കുട്ടിയോട്

**ബിജി :-** ഞാൻ കരഞ്ഞെന്ന് ആരോടും പറയേണ്ട.. കേട്ടോ ? ..

ബിജി നോക്കുമ്പോൾ വാതിൽക്കൽ ഒരു നീണ്ട പുഞ്ചിരിയുമായി നിൽക്കുന്ന അനീഷ്. ബിജിയുടെ റിയാക്ഷൻ. കുട്ടി അത് കണ്ടിട്ട് തലയിൽ കൈ വയ്ക്കുന്നു.
ബിജിയുടെ സ്ഥാപനത്തിലേക്ക് സ്റ്റെപ്പ് കയറി പോകുന്ന ജെയ്സൻ. മുകളിൽ നിന്നും കൂട്ടുകാർക്കൊപ്പം കരാട്ടെ ഡ്രസ്സിൽ ഇറങ്ങി വരുന്ന ജോസ്മോനോട്

**ജെയ്സൻ :-** ഡാ.. ജോസ്മോനെ ബ്രൂസ് ലീ അവിടെ ഉണ്ടോ..?

**ജോസ്മോൻ :-** ഒണ്ട്.. പക്ഷെ മാമൻ ഇപ്പൊ അങ്ങോട്ട് പോണ്ടാ..

**സഞ്ജയൻ :-** ടീച്ചറിന്റെ ആ പഴയ കാമുകൻ ടീച്ചറിനെ കല്ല്യാണം വിളിക്കാൻ വന്നിട്ടുണ്ട്..

**ജെയ്സൻ :-** ആര്..? അനീഷോ..?

**ജോസ്മോൻ :-** ആം..

ജെയ്സന്റെ റിയാക്ഷൻ

**ജെയ്സൻ :-** അപ്പൊ ഇന്ന് കിക്ക് ഉണ്ടാവുമോ..?

**ജോസ്മോൻ :-** ആം.. അതല്ലേ ഈ ആൾക്കാര് മൊത്തം ഇവിടെ കൂടി നിക്കുന്നെ..

ജെയ്സൻ അപ്പോഴാണ് അത് ശ്രദ്ധിക്കുന്നത്, അവിടെ നിൽക്കുന്ന നാട്ടുകാരെല്ലാം 'ബിജിമോൾസ് ട്രാവൽ ഏജൻസി and മാർഷ്യൽ ആർട്ട്സ് അക്കാദമി' എന്ന സ്ഥാപനത്തിലേക്ക് നോക്കി നിൽക്കുകയാണ്. പൊടുന്നനെ ഒരു കിക്കിന്റെ ശബ്ദം സ്ഥാപനത്തിന്റെ അകത്തുനിന്നും കേൾക്കാം. സ്ഥാപനത്തിൽ നിന്നും കുറെ കല്ല്യാണക്കുറികൾ പറന്നു താഴേക്ക് വീഴുന്നു. 'അയ്യോ' എന്ന് നിലവിളിച്ചുകൊണ്ട് അനീഷ് തെറിച്ചു വന്നു മുകളിലെ നിലയിലെ റെയിലിങ്ങും പൊളിച്ചു താഴെ നിലത്തേക്ക് വീഴുന്നു. താഴെ വീണ അനീഷ് നേരെ മുകളിലെ ബ്രൂസ് ലീ ബിജിയുടെ സ്ഥാപനത്തിലേക്ക് നോക്കുന്നു.
സ്ഥാപനത്തിന്റെ മുന്നിലേക്ക് ഇറങ്ങി വരുന്ന ബിജി. മുകളിലേക്ക് നോക്കി ബിജിയോടായി

വേദനയോടെ

**അനീഷ് :-** നീ എന്തിനാ എന്നെ ചവിട്ടുന്നത്.?കല്ല്യാണം കഴിഞ്ഞു കരോട്ട പഠിപ്പിക്കാൻ പറ്റില്ലെന്ന് പറഞ്ഞിട്ട് നീ സമ്മതിക്കാഞ്ഞിട്ടല്ലേ..? സമ്മതിച്ചാരുന്നേൽ നിന്നെയല്ലേ ഞാൻ കെട്ടുവുള്ളൂ..

തന്റെ കൈ ചുരുട്ടി പിടിച്ചു ചൂണ്ടി ഉച്ചത്തിൽ

**ബിജി :-** നിന്നെ ആർക്ക് വേണോടാ മരത്തലയാ.. നിന്നെയൊന്നും ഞാൻ ആണായിട്ട് കൂട്ടീട്ടില്ല.. മര്യാദക്ക് എന്റെ കാശ് തിരിച്ചു തന്നില്ലേ ഒണ്ടല്ലോ..

ഒരു ചമ്മലിൽ ചുറ്റും നോക്കി നിൽക്കുന്ന ആളുകളെ ശ്രദ്ധിക്കുന്ന അനീഷ്. അനീഷ് നിലത്തുനിന്നു എഴുന്നേറ്റ് താഴെ കിടക്കുന്ന കല്യാണക്കുറികൾ എടുക്കുന്നു. എന്നിട്ട് കൂടുതൽ ഒന്നും മിണ്ടാതെ തന്റെ സ്കൂട്ടർ ഇരിക്കുന്ന സ്ഥലത്തേക്ക് വേഗം ചെന്ന് സ്കൂട്ടറിൽ ഇരുന്നു സ്റ്റാർട്ട് ചെയ്തു തിരിഞ്ഞു ബിജിയെ നോക്കി

**അനീഷ് :-** ശരിയാക്കി തരാടീ ഞാൻ..

ബിജി പടികൾ ഇറങ്ങി അനീഷിനെ തല്ലാൻ എന്നോണം താഴേക്ക് സ്പീഡിൽ വരുന്നു. അത് കണ്ട അനീഷ് വേഗത്തിൽ തന്റെ സ്കൂട്ടറുമായി പോകുന്നു. ബിജി ദേഷ്യത്തിൽ തിരിഞ്ഞു നടക്കാൻ തുടങ്ങുമ്പോൾ തൊട്ടു മുന്നിലായി ജെയ്സൻ

ഒരു നെടുവീർപ്പ് ഇട്ടുകൊണ്ട് **ബിജി :-** എന്താ ജെയ്സാ..?

**ജെയ്സൻ :-** ബ്രൂസ്‌ലി ബിജി.. ഛെ.. ബിജി.. ബിജി പറഞ്ഞ ആ കാശ് റെഡിയായിട്ടുണ്ട്.. എപ്പോ വേണം..?

അനീഷ് കവലയിലൂടെ തിരികെ വന്ന് സ്കൂട്ടറിൽ ഇരുന്ന് കൊണ്ട് ബിജിയോടായി

**അനീഷ് :-** എടീ.. ബിജീ.. നീ ചെവീ നുള്ളിക്കോ..

അനീഷിനെ കണ്ടിട്ട് അവനെ അടിക്കാൻ ആയി ഓടുന്ന ബിജി. ജെയ്സൻ ബിജിയെ തടയുന്നു.

**ബിജി :-** വിട്.. .വിട് എന്നെ

അനീഷ് റോഡിലൂടെ പാഞ്ഞ് പോകുന്നു. ബിജിയെ തടയാൻ ശ്രമിക്കുന്നതിനിടയിൽ ജെയ്സൻ അസ്വസ്ഥനാവുന്നു. അവൻ ചുമയ്ക്കുന്നു. ഇത്തവണ അവനു ചുമ നിർത്താൻ കഴിയുന്നില്ല. അവൻ പടികൾ

ഓടിക്കയറി ബിജിയുടെ സ്ഥാപനത്തിനകത്തെ ടോയ്‌ലറ്റിലേക്ക് ഓടിക്കയറുന്നു. ടോയ്‌ലറ്റിനു അകത്തെ വാഷ്ബേസിന്റെ മുന്നിൽ നിന്ന് ശക്തമായി ചുമക്കുന്നു. സ്ഥാപനത്തിനു ഉള്ളിലേക്ക് വരുന്ന ബിജി

**ബിജി :-** ജെയ്സാ.. എന്നാ പറ്റിയെ.. ? വെള്ളം വല്ലതും വേണോ..?

ചുമച്ചുകൊണ്ട്

**ജെയ്സൻ :-** വേണ്ട....

ഒരു ദീർഘനിശ്വാസത്തിനു ശേഷം ബിജി അവിടെ ഒരു കസേരയിലേക്ക് ഇരിക്കുന്നു.

**ബിജി :-** ആ.. ഇന്നലെ വെരിഫിക്കേഷന്റെ ആള് വന്നു.. കൊഴപ്പവൊന്നും ഇല്ല.. ഫയൽ പാസ് ആക്കാൻ കൊടുത്തിട്ടുണ്ട്.. പിന്നെ ആ കാശ് ഞാൻ വാങ്ങിച്ചോളാം.. ഇപ്പൊ നീ കയ്യിൽ വച്ചോ..

വാഷ് ബെയ്സിനിൽ കഫം തുപ്പുന്ന ജെയ്സൻ.

**(V.O) ബിജി :-** വേറെ പ്രശ്നങ്ങൾ ഒന്നും ഉണ്ടായില്ലേൽ ഒരാഴ്ച്ച പാസ്പോർട്ട് കിട്ടും.. നീ കേട്ടോ..?

ജെയ്സൻ മിണ്ടാത്തതിനാൽ

**(V.O) ബിജി :-** ഡാ.. ജെയ്സാ...ചത്തോ ?

അവന്റെ വായിൽ നിന്ന് വീഴുന്ന കഫത്തിനു നീല നിറമാണ്. അത് കണ്ട ജെയ്സന്റെ മുഖത്ത് അമ്പരപ്പ്. അവന്റെ കണ്ണുകൾ മങ്ങി തുടങ്ങുന്നു.

CUT TO

ഡോക്ടർ സാംബശിവൻ
മെയിൽഹെഡ്നേഴ്സ്
ഹോസ്പിറ്റൽ ജീവനക്കാർ
രോഗികൾ ,ബൈസ്റ്റാൻഡേയ്സ്

**സീൻ - 32**

***ഹോസ്പിറ്റൽ- DAY- INT***

ഹോസ്പിറ്റൽ കോറിഡോറിലൂടെ സ്പീഡിൽ നടന്നു വരുന്ന ഹെഡ് നേഴ്സ്. അവർ ഡോക്ടർ സാംബശിവന്റെ മുറിയിലേക്ക് ചെന്നിട്ട്

**മെയിൽ നേഴ്സ് :-** ഡോകടർ.. ഇത് ആ മിന്നൽ അടിച്ചിട്ട് വന്ന ആൾടെ ബ്ലഡ് റിസൾട്ടാ.. ഡോക്ടർ ഒന്ന് നോക്കിയേ..

റിപ്പോർട്ട് തുറന്നു നോക്കുന്ന ഡോക്ടർ. ഒന്ന്-രണ്ട് പേജ് മറിക്കുന്ന അയാളുടെ മുഖത്തെ അന്ധാളിപ്പ്. പശ്ചാത്തലത്തിൽ കേൾക്കുന്ന ബിൽഡപ്പ് മ്യുസിക്.

CUT TO

**സീൻ - 33**

***പള്ളി-NIGHT EXT***

ക്ലോക്ക് ടവറിൽ സമയം രണ്ടുമണി.

**സീൻ - 34** ജെയ്സൻ,ജോസ്മോൻ

***ജെയ്സന്റെ വീട് NIGHT - INT***

ജെയ്സൻ തന്റെ മുറിയിൽ ഉറക്കത്തിലാണ്. ആ മുറിയിൽ തന്നെ മറ്റൊരു കട്ടിലിൽ കിടക്കുന്ന ജോസ്മോൻ. ജെയ്സൻ ഉറക്കത്തിൽ തിരിഞ്ഞും മറിഞ്ഞും കിടക്കുന്നു. അവൻ എന്തോ സ്വപ്നം കാണുകയാണ്. പശ്ചാത്തലത്തിൽ നാടകത്തിന്റെ സംഭാഷണം.

CUT TO

ജെയ്സന്റെ സ്വപ്നത്തിലേക്ക്.

ജെയ്സൻ(കുട്ടി 6 വയസ്)
മാർട്ടിൻ

**സീൻ - 34A**

***പള്ളിമൈതാനം -സ്റ്റേജ്-പലയിടങ്ങൾ DAY-NIGHT / INT***

**ഫ്ലാഷ്ബാക്ക്**

അവ്യക്തമായ കുറെ ദൃശ്യങ്ങൾ ഒരു മിന്നായം പോലെ വന്ന് പോകുന്നു. ഒരു വലിയ ട്രങ്ക് പെട്ടി, അത് തുറക്കുന്ന രണ്ടു കൈകൾ. പെട്ടിക്കകത്ത് കുറേ ഫോട്ടോയും പഴയ നാടകത്തിന്റെ പരസ്യങ്ങളും. കുട്ടിയായ ജെയ്സന്റെ തൊട്ടടുത്തായി തൊട്ടടുത്തായി പള്ളിക്കുന്നിലെ പുണ്യാളന്റെ വേഷം ഇട്ട് ഇരിക്കുന്ന ഒരാൾ, പടത്തിന്റെ ആദ്യ സീനിൽ കണ്ട സ്റ്റേജും നാടകവും. നാടകം കണ്ടുകൊണ്ടിരുന്ന ജെയ്സന്റെ ചെറുപ്പം. സ്റ്റേജ് പൊട്ടി തെറിക്കുന്നു.

CUT BACK

**സീൻ - 35** ജെയ്സൻ,ജോസ്മോൻ

***ജെയ്സന്റെ വീട് - ജെയ്സന്റെ മുറി***
***NIGHT INT/EXT***

കട്ടിലിൽ ഞെട്ടി എഴുന്നേൽക്കുന്ന ജെയ്സൻ. ഉറക്കമുണരുന്ന ജെയ്സന് വല്ലാതെ വിയർക്കുന്നുണ്ട്. അവനു ശ്വാസം മുട്ടുന്നു. അവന്റെ കയ്യിലെ നീല ഞരമ്പ് കുറച്ചുകൂടി നീളത്തിൽ ഇപ്പോൾ വ്യാപിച്ചിട്ടുണ്ട്. ജെയ്സൻ എഴുന്നേറ്റ് താൻ സ്വപ്നത്തിൽ എന്താണ് കണ്ടതെന്ന് മനസ്സിലാകാതെ ഒരു നിമിഷം കൺഫ്യൂഷനിൽ ഇരിക്കുന്നു.

CUT TO

അടുക്കളയിലെ വെള്ളം തിളപ്പിച്ച് വയ്ക്കുന്ന കലത്തിൽ നിന്ന് കുറച്ചധികം വെള്ളം എടുത്തു കുടിക്കുന്ന ജെയ്സൻ. അവൻ വല്ലാതെ കിതയ്ക്കുന്നു. അവന്റെ ചെവിയിൽ ക്ലോക്കിന്റെ ടിക്ക്-ടിക്ക് ശബ്ദം പതിവിലും ശബ്ദത്തിൽ മുഴങ്ങി കേൾക്കുന്നു. ജെയ്സൻ മെയിൽ ഹാളിലെ ക്ലോക്കിൽ നോക്കുന്നു. ക്ലോക്കിലെ സമയ സൂചി നീങ്ങുന്നതിനനുസരിച്ച് ഉണ്ടാവുന്ന ടിക്ക്-ടിക്ക് ശബ്ദം അവനെ അലോസരപ്പെടുത്തുന്നു.

CUT TO

ക്ലോക്കിന്റെ ബാറ്ററി ഊരി വയ്ക്കുന്ന ജെയ്സൻ.

CUT TO

തിരികെ വന്നു കട്ടിലിൽ കിടക്കുന്ന ജെയ്സൻ.
അവൻ വല്ലാതെ വിയർക്കുന്നുണ്ട്. ചൂട് സഹിക്കവയ്യാതെ ജെയ്സൻ കട്ടിലിൽ കിടന്നുകൊണ്ട് തന്നെ തന്റെ കൈ നീട്ടി ജനാല തുറക്കാൻ ശ്രമിക്കുന്നു. ഒന്ന് രണ്ടു തവണ തള്ളുന്ന ജെയ്സൻ. അതിന്റെ ശബ്ദം കേട്ട് കണ്ണ് തുറക്കുന്ന ജോസ്മോൻ. ജെയ്സൻ ഒന്ന് ആഞ്ഞു തള്ളുന്നു. ജനാല പൊളിഞ്ഞു താഴെ നിലത്തേക്ക് വീഴുന്നു. അത് കണ്ടു വായപൊളിച്ച് ഇരിക്കുന്ന ജെയ്സനും ജോസ്മോനും. പശ്ചാത്തലത്തിൽ മാസ് മ്യൂസിക്ക്. ജോസ്മോൻ താൻ കണ്ടത് സ്വപ്നമല്ലെന്ന് ഉറപ്പുവരുത്താൻ തന്റെ

കണ്ണുകൾ ഒന്ന് അടച്ചിട്ടു തുറക്കുകയും കയ്യിൽ നുള്ളിപ്പറിച്ചു നോക്കുകയും ചെയ്യുന്നു.

വെള്ളിവീണ ശബ്ദത്തിൽ

**ജോസ്മോൻ :-** മാമ.....

ജെയ്സന്റെ റിയാക്ഷൻ.

CUT TO

വീടിന്റെ മുറ്റത്തിറങ്ങി പൊളിഞ്ഞു നിലത്തു കിടക്കുന്ന ജനൽ നോക്കുന്ന ജെയ്സനും ജോസ്മോനും.

**ജോസ്മോൻ :-** മാമാ.. ചാച്ചനോട് പറയണ്ടേ..?

**ജെയ്സൻ :-** നാളെ രാവിലെ എഴുന്നേൽക്കുമ്പോ അറിഞ്ഞാപോരെ..

**ജോസ്മോൻ :-** ഇത് ശരിയാക്കാൻ നല്ല കാശ് ആവുമായിരിക്കും അല്ലെ..?

ജെയ്സൻ ഒന്ന് മൂളുന്നു. പെട്ടെന്ന് ജെയ്സന്റെ ശ്രദ്ധയിൽ ഓവർലാപ്പ് ചെയ്തു വെള്ളം തുള്ളിയായി ബക്കറ്റിലേക്ക് വീഴുന്ന ശബ്ദം. അവന്റെ നോട്ടം കുളിമുറിയിലേക്ക് ആണ്.

**ജെയ്സൻ :-** കുളിമുറീൽ വെള്ളം പോണുണ്ട്..

കാതോർത്ത്

**ജോസ്മോൻ :-** എനിക്ക് കേൾക്കുന്നില്ലല്ലോ..?

**ജെയ്സൻ :-** എനിക്ക് കേൾക്കാം..

അങ്ങോട്ടേക്ക് പോകുന്ന ജെയ്സൻ. ജെയ്സനെ കാണുന്ന പോത്തന്റെ വീട്ടിലെ പട്ടി പേടിച്ച് കൂട്ടിൽ കയറുന്നു.

കുളിമുറിയിലെ ബക്കറ്റിൽ തുള്ളി തുള്ളിയായി വെള്ളം വീണുകൊണ്ടിരിക്കുന്നു. അതുകാണുന്ന ജോസ്മോൻ ജെയ്സനെ തന്നെ നോക്കുന്നു. ജെയ്സൻ പൈപ്പ് അഡ്ജസ്റ്റ് ചെയ്തു അടയ്ക്കാൻ ശ്രമിക്കുന്നു. പെട്ടെന്ന് പൈപ്പ് പൊട്ടി വെള്ളം തെറിക്കുന്നു. വെള്ളം തെറിച്ച ഷോക്കിൽ കക്കൂസിന്റെ കതകിൽ കയറി പിടിക്കുന്ന ജെയ്സൻ. കതകു പറിഞ്ഞു നിലത്തേക്ക് വീഴുന്നു. ഇത് കണ്ടു ഭീതിയോടെ ജെയ്സനെ നോക്കുന്ന ജോസ്മോൻ. ഇതൊന്നും അറിയാതെ

**ജെയ്സൻ :-** ഇവിടെയൊള്ള ഒന്നിനും ഒരു ബലവുമില്ലല്ലോ..?

ഇതുകണ്ട് ഭീതിയോടെ
വിറയാർന്ന ശബ്ദത്തിൽ

**ജോസ്മോൻ :-** അയ്യോ.. ഓടിവായോ.. മാമന് വട്ടായി..

ജെയ്സന്റെ റിയാക്ഷൻ

CUT TO

**സീൻ - 36**

ജെയ്സൻ, ജോസ്മോൻ,ജെസ്മി
വർക്കി,അപ്പുമോൾ

***ജെയ്സന്റെ വീട് MORNING -INT /EXT***

പറിഞ്ഞുപോയ ജനൽപാളിയും ജനലും പരിശോധിക്കുന്ന ജെസ്മി.

CUT TO

കക്കൂസിലെ പൊട്ടിയ പൈപ്പ് തുണിയും പ്ലാസ്റ്റിക്കും ഉപയോഗിച്ച് കെട്ടുന്ന വർക്കി. കക്കൂസിന്റെ വാതിൽ അവിടെ ചാരി വച്ചിരിക്കുകയാണ്.

CUT TO

വീടിന്റെ പടിയ്ക്കൽ ഉറക്കം തൂങ്ങി ഇരിക്കുന്ന ജെയ്സൻ. അവൻ തലേന്ന് തീരെ ഉറങ്ങിയിട്ടില്ലെന്നു അവന്റെ കണ്ണുകളിൽ നിന്ന് വ്യക്തമാണ്. അവന്റെ ചെവിയിൽ വല്ലാത്ത ഒരു മൂളൽ ശബ്ദം കേൾക്കുന്നു. അവൻ അത് താങ്ങാൻ കഴിയാതെ തന്റെ ചെവി പൊത്തിപ്പിടിക്കുന്നു. കിണറ്റിൻകരയിൽ നിന്ന് പല്ല് തേക്കുന്ന ജോസ്മോൻ ജെയ്സൻ അറിയാതെ അവനെ ശ്രദ്ധിച്ചുകൊണ്ടിരിക്കുകയാണ്. വർക്കിച്ചന്റെ അടുത്തേക്ക് വരുന്ന ജെസ്മി. ജെസ്മിയും വർക്കിയും ജെയ്സനെ നോക്കിയിട്ട് രണ്ടുവഴിക്ക് പോകുന്നു. ജെയ്സനെ രൂക്ഷമായി നോക്കി നിൽക്കുന്ന ജോസ്മോൻ

ജോസ്മോനോട് **ജെയ്സൻ :-** എന്താടാ..?

ജെയ്സന്റെ ശബ്ദം കേട്ട്

**ജെസ്മി :-** ഓ ഒന്ന് പതുക്കെ പറയെടാ ..

**ജെയ്സൻ :-** ഞാൻ ഉറക്കെയാണോ സംസാരിക്കുന്നത് ..?

ജെയ്സൻ തന്റെ ചെവിയിലെ മൂളൽ താങ്ങാൻ കഴിയാതെ എഴുന്നേറ്റു ഓടിവന്നു മുറ്റത്ത് ഒരു ബക്കറ്റിൽ കോരി നിറച്ചുവച്ചിരിക്കുന്ന വെള്ളത്തിലേക്ക് തന്റെ തല മുക്കുന്നു. ഒരു നിമിഷം അങ്ങനെ നിൽക്കുന്ന ജെയ്സൻ. ഇത് കണ്ട് അമ്പരപ്പോടെ നിൽക്കുന്ന ജോസ്മോനും ജെസ്മിയും വർക്കിയും. അവർ പരസ്പരം നോക്കുന്നു. ഒരു നിമിഷത്തിനു ശേഷം തല വെള്ളത്തിൽ നിന്ന് ഉയർത്തുന്ന ജെയ്സൻ. ഇപ്പോൾ അവന്റെ ചെവിയിൽ മൂളൽ ഇല്ല.

അവന്റെ മുഖത്ത് ആശ്വാസം. ജെയ്സൻ തിരിഞ്ഞ് ജെസ്മിയോട്

**ജെയ്സൻ :-** ചേച്ചി.. കഴിക്കാൻ എന്തെലുവുണ്ടോ.. ഭയങ്കര വിശപ്പ്..

**ജെസ്മി :-** കള്ളപ്പോം പോത്തിറച്ചീം ഒണ്ട്.. വേണോ..?

CUT TO

**സീൻ - 37**

ജെയ്സൻ,ജോസ്മോൻ,പോത്തൻ,
ജെസ്മി,വർക്കി,അപ്പുമോൾ
പോത്തന്റെ വീട്ടിലെ പട്ടി
അയൽകാർ

***ജെയ്സന്റെ വീട് / പോത്തന്റെ വീട്***
***MORNING -INT /EXT***

വീടിന്റെ പടിക്കൽ ഇരുന്നു കള്ളപ്പവും ഇറച്ചിക്കറിയും തിന്നുന്ന ജെയ്സനും ജോസ്മോനും. ജോസ്മോൻ സ്കൂൾ യുണിഫോമിൽ ആണ്. ആർത്തിയോടെ കള്ളപ്പവും കറിയും കഴിക്കുന്ന ജെയ്സനെ തന്നെ ശ്രദ്ധിച്ചിരിക്കുന്ന ജോസ്മോൻ തന്റെ പാത്രത്തിലെ അപ്പം എടുത്ത് ജെയ്സന്റെ പാത്രത്തിൽ ഇട്ടുകൊണ്ട്

**ജോസ്മോൻ :-** തിന്ന് ... തിന്ന്

ക്ലോക്കിലേക്ക് നോക്കി **ജോസ്മോൻ :-** മാമാ....ഞാൻ സ്കൂളിപ്പോവാ....സമയായി..

CUT TO

പ്രഭാത ഭക്ഷണം കഴിക്കാൻ എന്നോണം മേശപ്പുറത്ത് ഇരിക്കുന്ന കറി പാത്രം തുറന്നു നോക്കുന്ന പോത്തൻ. പാത്രം കാലിയാണ്, അത് കാണുന്ന പോത്തന്റെ റിയാക്ഷൻ.

CUT TO

കിണറ്റിൻകരയിൽ നിന്ന് കൈ കഴുകുന്ന ജെയ്സൻ. സമീപം നിൽക്കുന്ന വർക്കിയും തന്റെ കൈകൾ കഴുകുകയാണ്. ജെയ്സനെ ഒരു നിമിഷം നോക്കിയിട്ട്

**വർക്കി :-** ബാൻഡ് ട്രൂപ്പിന്റെ യൂണിഫോം അടിക്കാനുള്ള ഓർഡർ വന്നിട്ടുണ്ട്.. പള്ളിപ്പെരുന്നാൽ ഈ പ്രാവിശ്യം നേരത്തെയാ.. നീയും കൂടി കടെലോട്ട് വരണം...

ജെയ്സൻ വർക്കിയോടു തിരിച്ച് ഒന്നും പറയുന്നില്ല. വർക്കിയുടെ റിയാക്ഷൻ. പെട്ടെന്ന് പോത്തന്റെ വീട്ടിൽ നിന്നും ഒരലർച്ച കേൾക്കുന്നു.

CUT TO

അത് ജെസ്മിയാണ്. ജെസ്മിയുടെ മുടിയിൽ പിടിച്ചു വലിക്കുന്ന പോത്തൻ. വർക്കിച്ചനും ജെയ്സനും അങ്ങോട്ടേക്ക്

ഓടുന്നു. പോത്തനെ തടയാനായി ശ്രമിക്കുന്ന വർക്കിച്ചൻ

നിലവിളിയോടെ **ജസ്മി :-** ഞാൻ വേറെ ഉണ്ടാക്കിത്തരാം മനുഷ്യാ.. കള്ളപ്പവല്ലേ..? സൊർണ്ണവൊന്നും അല്ലല്ലോ..?

പോത്തൻ യൂണിഫോമിലാണ് ജെസ്മിയെ തല്ലാൻ ഓങ്ങുന്നത്. കരഞ്ഞുകൊണ്ട് പോത്തനെ തടയാൻ ശ്രമിക്കുന്ന അപ്പുമോൾ

**പോത്തൻ :-** വേണ്ടടീ.. നീ നിന്റെ സൊർണ്ണം കൂടെ നിന്റെ വീട്ടുകാരുടെ അണ്ണാക്കിൽ കൊണ്ടേ തിരുകെടീ.. ബ്ലഡി റാസ്കൽ..

പോത്തനെ പിടിച്ചു മാറ്റാൻ ശ്രമിക്കുന്ന വർക്കിയെ പോത്തൻ തള്ളി നിലത്തേക്ക് ഇടുന്നു. നാട്ടുകാർ പലരും സംഭവം കാണുന്നുണ്ട്. പോത്തന്റെ വീട്ടിലെ പട്ടി ശക്തമായി കുരയ്ക്കുന്നു.

**ജെയ്സൻ :-** അളിയാ.. ന്റെ പെങ്ങളെ തല്ലരുത്..

പുച്ഛത്തിൽ **പോത്തൻ :-** പോടാ പുല്ലേ.. എന്റെ കള്ളപ്പം തിന്നിട്ടു നീ എന്നോടു ആജ്ഞാപിക്കുന്നോടാ..?

ദേഷ്യത്തിൽ **ജെയ്സൻ :-** അളിയാ.. എന്റെ പെങ്ങളെ ഇനി തൊട്ടാ.. ഒറപ്പായിട്ടും ഞാൻ നിന്നെ തല്ലും..

ജെയ്സനെ തടയാൻ ശ്രമിച്ചുകൊണ്ട്

**വർക്കി :-** ഡാ.. ജെയ്സാ.. വേണ്ടാ..

പോത്തൻ ഒന്ന് രൂക്ഷമായി ജെയ്സനെ നോക്കുന്നു.

എന്നിട്ട് ജെസ്മിയുടെ മുടിയിൽ പിടിച്ചു അവളെ വലിച്ചുകൊണ്ട് ജെയ്സന്റെ മുൻപിലേക്ക് വരുന്നു. പട്ടി ഇപ്പോഴും കുര നിർത്തിയിട്ടില്ല. ജെയ്സനെ മനപ്പൂർവ്വം ചൊറിയാൻ എന്നോണം പോത്തൻ ജെസ്മിയെ ജെയ്സന്റെ മുൻപിൽ ഇട്ട് ഒന്ന് തേമ്പുന്നു.

പല്ലിറുമ്മുന്ന ജെയ്സൻ

**പോത്തൻ :-** തല്ലെടാ.. തല്ലെടാ..

പോത്തൻ ജെസ്മിക്കിട്ട് ഒരു തേമ്പ് കൂടി കൊടുക്കുന്നു. അത് കാണുന്ന ജെയ്സൻ ഓടിവന്നു പോത്തന്റെ നെഞ്ചത്ത് ആഞ്ഞു ഒരു തള്ളൽ കൊടുക്കുന്നു. അസാധാരണ ശക്തിയോടെ തെറിച്ചു ചെന്ന് കിണറ്റിലേക്ക് വീഴുന്ന പോത്തൻ. അത് ഞെട്ടലോടെ കണ്ട് നിൽക്കുന്ന ബാക്കിയുള്ളവർ. ഇടവഴിയിൽ നിന്ന ജോസ്മോന്റെ കൂട്ടുകാരൻ സഞ്ജയൻ

അത് കാണുന്നുണ്ട്. കിണറ്റിൻ കരയിലേക്ക് ഓടിവരുന്ന ജെസ്മി

**ജെസ്മി :-** എന്റെ ഈശോയെ..

ഇത്രയും നേരം കുരച്ചുകൊണ്ടിരുന്ന പട്ടി ഒരു നിമിഷം ഞെട്ടലോടെ ജെയ്സനെ നോക്കുന്നു. ഇപ്പോൾ താൻ ചെയ്ത കാര്യത്തെക്കുറിച്ച് ബോധം വരുന്ന ജെയ്സൻ.

കിണറ്റിലേക്ക് നോക്കി **ജെയ്സൻ :-** അളിയാ.. അറിയാതെ പറ്റിപ്പോയതാ.. മനസ്സിൽ വച്ചേക്കല്ലേ..

കിണറ്റിൽ നിന്ന് അവ്യക്തമായ ശബ്ദത്തിൽ പോത്തൻ

**(V.O) പോത്തൻ :-** പോടാ പട്ടീ..

കിണറ്റിൻകരയിൽ നിൽക്കുന്ന ബാക്കിയുള്ള ആളുകളെ തള്ളിമാറ്റി

**അപ്പുമോൾ :-** മാറിനിന്നെ ഞാനും കാണട്ടെ....

അപ്പുമോളുടെ കൈ തട്ടി കിണറ്റിൻകരയിൽ ഇരുന്ന തൊട്ടി താഴേക്കു വീഴുന്നു.

**പോത്തൻ V.O :-** അയ്യോ..

ജെയ്സനെ നോക്കി

**അപ്പുമോൾ :-** കുഴപ്പായോ?

CUT TO

**സീൻ - 38**

ജെയ്സൻ,പോത്തൻ,വർക്കി
ജെസ്മി,അപ്പുമോൾ
രോഗികൾ ,ഹോസ്പിറ്റൽ ജീവനക്കാർ
ബൈസ്റ്റാന്റേഴ്സ്

**ഹോസപിറ്റൽ**
***DAY -INT /EXT***

റൂമിലേക്ക് കട്ടിലിലേക്ക് പോത്തനെ കിടത്തുന്ന അറ്റൻഡർമാർ. പോത്തന്റെ കഴുത്തിൽ കോളർ ഉണ്ട്. ജെയ്സൻ അവരെ സഹായിക്കാൻ തുടങ്ങുമ്പോൾ

**പോത്തൻ :-** നീ എന്നെ തൊടരുത്..

ജെയ്സൻ തന്റെ കൈകൾ പിൻവലിച്ചു പിന്നിലേക്ക് മാറി നിൽക്കുന്നു. ജെസ്മിയും അപ്പുമോളും പോത്തന്റെ തൊട്ടടുത്ത് നിൽപ്പുണ്ട്. ജെസ്മിയുടെ തൊട്ടടുത്ത് നിൽക്കുന്ന വർക്കി. റൂമിൽ തന്നെ ഭവ്യതയിൽ കുറച്ചകലെ നിൽക്കുന്ന ജെയ്സൻ.

ജെയ്സനോട് **ജെസ്മി :-** ഡാ.. കാന്റീനിൽ കഞ്ഞി കിട്ടുവോന്ന് നോക്കിയേടാ...

പോത്തന്റെ അടുത്തേക്ക് വന്നു അയാളെ പ്രീതിപ്പെടുത്താൻ എന്നോണം.

**ജെയ്സൻ :-** അളിയാ.. കുറച്ചു കഞ്ഞി എടുക്കട്ടെ..

പോത്തൻ ഒന്നും മിണ്ടുന്നില്ല. ജെയ്സൻ അവിടെ നിന്ന് പോയി കഴിയുമ്പോൾ ജെസ്മിയോട്

**പോത്തൻ :-** ഇവൻ ചെറുപ്പത്തി കളരിയോ കരാട്ടയോ വല്ലോം പഠിച്ചതാണോ..?

**ജെസ്മി :-** ഞങ്ങടെ കുടുംബക്കാർ മൊത്തത്തിൽ ഇടിക്കാൻ മിടുക്കരാ.. അതിനിപ്പോ പ്രത്യേകിച്ച് ഒന്നും പഠിക്കണോന്നില്ല

പോത്തന്റെ റിയാക്ഷൻ. പോത്തൻ വർക്കിയെ ഒന്ന് നോക്കുന്നു.

**പോത്തൻ :-** നീ നോക്കിക്കോ അവനെ ഞാൻ അഴിയെണ്ണിക്കും..

അത് കേൾക്കുന്ന വർക്കിയുടെ മുഖം മാറുന്നു

**ജെസ്മി :-** അങ്ങനെ വല്ല ഉദ്ദേശോം ഒണ്ടേൽ നിങ്ങടെ പേരിൽ ഞാൻ വധശ്രമത്തിനു കേസ് കൊടുക്കും.. പറഞ്ഞേക്കാം..

അതെസമയം അപ്പുമോൾ വന്നു പോത്തന്റെ കാലിൽ നീര് വന്ന ഭാഗം കാണുന്നു. അത് ചെന്ന് ഒന്ന് അമർത്തി ഞെക്കിക്കൊണ്ട്

**അപ്പുമോൾ :-** ഇതെന്താ അപ്പ.....ബോളാണോ?

വേദനയിൽ ചാടിയെഴുന്നേറ്റിരിക്കുന്ന
പോത്തൻ. അയാളുടെ അലർച്ച.

CUT TO

**സീൻ - 38A**

ജെയ്സൻ,ഡോകടർസാംബശിവൻ
കാന്റീൻ ജീവനക്കാർ, രോഗികൾ,
ബൈസ്റ്റാന്റ്റെയ്സ്,ഹോസ്പിറ്റൽ
ജീവനകാർ

***ഹോസ്പിറ്റൽ കാന്റീൻവരാന്ത***
***- DAY INT/EXT***

ഹോസ്പിറ്റൽ കാന്റീനിൽ കഞ്ഞി വാങ്ങാനായി നിൽക്കുന്ന ജെയ്സൻ. കഞ്ഞി ഒരു തൂക്കുപാത്രത്തിൽ വാങ്ങിപ്പിടിക്കുന്ന ജെയ്സൻ. ചൂടുകാരണം ജെയ്സൻ ആ പാത്രം തിരികെ കൌണ്ടറിൽ തന്നെ വക്കുന്നു. കൌണ്ടറിൽ കാന്റീനിലെ ജോലിക്കാർ മറ്റു പാത്രങ്ങൾ എടുക്കുകയും വക്കുകയും ഒക്കെ ചെയ്യുന്നുണ്ട്. കോറിഡോർ വഴി നടന്നു പോകുന്ന ഡോകടർ സാംബശിവൻ, അയാൾ ജെയ്സനെ കാണുന്നു.

CUT TO

**സീൻ -39**

ജോസ്മോൻ,സഞ്ജയൻ,ടീച്ചർ
ക്ലാസ്സിലെ കുട്ടികൾ

***കുറുക്കൻ മൂല സ്കൂൾ - DAY-INT/EXT***

കുറുക്കൻമൂല ഗവണ്മെന്റ് ഹൈസ്കൂൾ ജോസ്മോന്റെ ക്ലാസ്മുറി. സൂസൻ ടീച്ചർ ബ്ലാക്ക് ബോർഡിൽ ' ENERGY' എന്നെഴുതിയിരിക്കുന്നു. ക്ലാസിനെ നോക്കി

**ടീച്ചർ :-** നിങ്ങൾക്ക് മിന്നലിനെക്കുറിച്ച് എന്തറിയാം..?? മിന്നൽ വളരെയധികം ചൂട് പുറപ്പെടുവിക്കുന്ന ഒരു പ്രക്രിയ ആണ്..

ക്ലാസിലേക്ക് ലേറ്റ് ആയി വരുന്ന സഞ്ജയൻ

സഞ്ജയനെ നോക്കി **ടീച്ചർ :-** എന്താ ഇത്ര നേരത്തേ..? ഗെറ്റ് ഇൻ..

സഞ്ജയൻ വളിച്ച ചിരി. ജോസ്മോൻ ഇരിക്കുന്നതിന്റെ തൊട്ട് അപ്പുറത്തെ ബഞ്ചിൽ വന്നിരിക്കുന്ന സഞ്ജയൻ . തിരിഞ്ഞു ജോസ്മോനോട് ശബ്ദം തായ്ത്തി

**സഞ്ജയൻ :-** എടാ.. ജോസ്മോനെ..

ജോസ്മോൻ തിരിയാൻ തുടങ്ങുമ്പോൾ.

**സീൻ - 39A**

ജെയ്സൻ,സാംബശിവൻ
കാന്റീൻ ജീവനക്കാർ ,രോഗികൾ
ബൈസ്റ്റാന്ററ്റെഴ്സ്,ഹോസ്പിറ്റൽ ജീവനക്കാർ

***ഹോസ്പിറ്റൽ -കാന്റീൻ- വരാന്ത - DAY /INT***

ആരുടെയോ വിളികേട്ടിട്ട് തിരിഞ്ഞു നോക്കുന്ന ജെയ്സൻ.
ഹോസ്പിറ്റൽ കാന്റീൻ
ജെയ്സന്റെ പിന്നിൽനിന്നു വിളിക്കുന്ന ഡോകടർ സാംബശിവൻ.

**സാംബശിവൻ :-** ജെയ്സൻ അല്ലേ..?

ബഹുമാനത്തിൽ ജെയ്സൻ അതെ എന്ന അർത്ഥത്തിൽ തലയാട്ടുന്നു.

**സാംബശിവൻ :-** മിന്നലടിച്ചിട്ട് പിന്നിട് വേറെ പ്രശ്നങ്ങൾ ഒന്നും ഉണ്ടായില്ലല്ലോ അല്ലെ ..?

**ജെയ്സൻ :-** ഇല്ല.. ചെറിയ ചുമ ഉണ്ടാരുന്നു.. അത് മാറി..

**സാംബശിവൻ :-** ഓ.. ഓക്കെ.. ചോദിച്ചെന്നെ ഉള്ളൂ.. ബ്ലഡ് റിസൾട്ടിൽ ഒരു വേരിയേഷൻ കണ്ടാരുന്നു..അതാ ചോതിച്ചേ...

ജെയ്സന്റെ റിയാക്ഷൻ

**സീൻ -39B**

ജോസ്മോൻ,സഞ്ജയൻ,ടീച്ചർ,
ക്ലാസ്സിലെ കുട്ടികൾ

***സ്കൂൾ ക്ലാസ്സ്റൂം - DAY-INT***

**സഞ്ജയൻ :-** ഡാ..നിന്റെ മാമൻ അടിപൊളിയാ കേട്ടോ..

സംശയത്തോടെ **ജോസ്മോൻ :-** എന്താ..?

**സഞ്ജയൻ :-** നിന്റെ അച്ഛനെ നിന്റെ മാമൻ എടുത്ത് കിണറ്റിൽ ഇട്ടു

ജോസ്മോന്റെ റിയാക്ഷൻ

CUT TO

**സീൻ - 39C**

ജെയ്സൻ,സാംബശിവൻ
കാന്റീൻ ജീവനകാർ
രോഗികൾ,ഹോസ്പിറ്റൽജീവനകാർ
ബൈസ്റ്റാൻഡേയ്സ്,ഭക്ഷണംകഴിക്കുന്നവർ

***ഹോസ്പിറ്റൽ കാന്റീൻ - DAY/INT***

ഡോക്ടർ നടന്നു നീങ്ങുന്നത് നോക്കി നിൽക്കുന്ന ജെയ്സൻ. പെട്ടെന്ന് കൌണ്ടറിൽ ജെയ്സൻ വച്ചിരുന്ന കഞ്ഞിപ്പാത്രം ഒരു ജോലിക്കാരൻ തട്ടി താഴേക്ക് മറിയുന്നു. ഒരു നിമിഷാർദ്ധത്തിൽ അസാധാരണമാം വിധം വേഗതയിൽ ആ പാത്രം കാലുക്കൊണ്ട് തട്ടി തിരിച്ച് യഥാസ്ഥാനത്ത് വെക്കുന്ന ജെയ്സൻ . അത് കാണുന്ന കാന്റീൻ ജോലിക്കാരൻ അത്ഭുതത്തിൽ ജെയ്സനെ ഒന്ന് നോക്കുന്നു. ജെയ്സന്റെ മുഖത്തും അത്ഭുതം. അവൻ തന്റെ കാലുകളിലേക്ക് ഒന്ന് നോക്കുന്നു.

ഒവർലാപ്പ് ചെയ്ത് **V.Oടീച്ചർ :-**

മിന്നൽ അടി ഏൽക്കുമ്പോൾ ഒരാളുടെ ശരീരത്തിൽ ആയിരം ജൂൾസ് എനെർജി ആണ് കയറുന്നത്.. അതുകൊണ്ടാണ് മിന്നലടി എൽക്കുന്നവർ മരിക്കുന്നത്.. ഒരു മനുഷ്യശരീരത്തിന് അത്രയും എനർജി താങ്ങുവാനുള്ള ശക്തി ഇല്ല..

*Cut to class*

ജോസ്മോൻ,സഞ്ജയൻ,ടീച്ചർ,
ചോദ്യം ചോദിക്കുന്ന കുട്ടി
ക്ലാസ്സിലെ മറ്റ് കുട്ടികൾ

**സീൻ -39D**

***സ്കൂൾ -ക്ലാസ്സ് റൂം - DAY-INT***

ജോസ്മോന്റെ റിയാക്ഷൻ. അപ്പോൾ ഒരു
കുട്ടി എഴുന്നേൽക്കുന്നു.

ടീച്ചറോട് **കുട്ടി :-** അപ്പൊ മിന്നലടിച്ചിട്ടു മരിക്കാത്തവരോ..?

ഒരു നിമിഷം എന്തുപറയണം എന്നറിയാതെ
നിൽക്കുന്ന ടീച്ചർ. ജോസ്മോന്റെ റിയാക്ഷൻ.

**സീൻ - 39E**

ജെയ്സൻ
ഹോസ്പിറ്റൽ ജീവനക്കാർ ,രോഗികൾ
,ബൈസ്റ്റാൻഡേഴ്സ്

***ഹോസ്പിറ്റൽ വരാന്ത - DAY / INT***

ഹോസ്പിറ്റൽ കോറിഡോറിലൂടെ നടക്കുന്ന ജെയ്സൻ ഡോക്ടർ പറഞ്ഞ കാര്യങ്ങളും തലേന്ന് മുതൽ തനിക്ക് സംഭവിച്ചുകൊണ്ടിരിക്കുന്ന കാര്യങ്ങളും ഓർത്തെടുക്കുന്നു.

CUT TO

**സീൻ - 40** ഷിബു,ഷിബുവിന്റെ പൂച്ച

*ഷിബുവിന്റെ വീട് DAY - INT*

ഉറക്കം വരാതെ കിടക്കുന്ന ഷിബു തന്റെ കണ്ണുകൾ തുറക്കുന്നു. അവൻ ചുമയ്ക്കുന്നു. ഷിബുവിന് വല്ലാതെ ദാഹിക്കുന്നുണ്ട്. അവൻ വെള്ളം ഇരിപ്പുണ്ടോ എന്ന് അറിയാനായി കട്ടിലിനടുത്തുള്ള മേശയിലേക്ക് നോക്കുന്നു. മേശപ്പുറത്ത് ജഗ്ഗിൽ വെള്ളം ഇരിക്കുന്നത് കണ്ടു കൈ നീട്ടി ഷിബു അത് എടുക്കാൻ നോക്കുന്നു. ഷിബുവിന്റെ കൈ ജഗ്ഗിലേക്ക് എത്തുന്നില്ല. പക്ഷേ കൈ നീട്ടുമ്പോൾ മേശപ്പുറത്തെ ജഗ്ഗിനു ഒരു വിറയൽ. അത് അങ്കലാപ്പോടെ കാണുന്ന ഷിബു.

CUT TO

**സീൻ - 41** ജെയ്സൻ

***ജെയ്സന്റെ വീട് -മുറി - DAY / INT***

തന്റെ മുറിയിലേക്ക് വരുന്ന ജെയ്സൻ. ജെയ്സന്റെ മുഖത്ത് അമ്പരപ്പും ടെൻഷനുമാണ്. അവൻ തന്റെ കയ്യിലെ നീല ഞരമ്പുകളിലേക്ക് ഒന്ന് നോക്കുന്നു. അവൻ കണ്ണാടിയിൽ തന്റെ മുഖവും ശരീരവും നോക്കുന്നു. പറയത്തക്ക മാറ്റങ്ങൾ ഒന്നുമില്ല. ജെയ്സൻ തന്റെ പിൻഭാഗം കണ്ണാടിയിലേക്ക് തിരിച്ചു നോക്കുന്നു. പിൻഭാഗത്ത് പല ഭാഗത്തായി നീലഞരമ്പുകൾ തെളിഞ്ഞു നിൽപ്പുണ്ട്. ജെയ്സന്റെ മുഖത്ത് അന്ധാളിപ്പ്
.

CUT TO

**സീൻ - 42** ഷിബു,ഷിബുവിന്റെ പൂച്ച

***SONG***
***ഷിബുവിന്റെ വീട് DAY -INT***

ഷിബു പേടിയോടെ വീണ്ടും തന്റെ കൈകൾ മേശപ്പുറത്ത് ഇരിക്കുന്ന ജഗ്ഗിനു നേരെ നീട്ടുന്നു. അത് കാണുന്ന പൂച്ചയുടെ റിയാക്ഷൻ. ഷിബുവും ഞെട്ടലിലാണ്. ജഗ്ഗ് വീണ്ടും വിറച്ചുതുടങ്ങുന്നു. ഒരു നിമിഷം ഷിബുവിന്റെ മുഖത്ത് ആകാംക്ഷ നിറഞ്ഞ കൌതുകം.
അവിടെ ഒരു ഗാനത്തിനു തുടക്കമാവുന്നു.

ഷിബു തന്റെ കൈ ജഗ്ഗിന്റെ അവിടെ നിന്ന് മാറ്റി മറ്റൊരു ഭാഗത്ത് ഇരിക്കുന്ന മദ്യക്കുപ്പിക്ക് നേരെ നീട്ടുന്നു. കുപ്പിക്ക് അനക്കം ഒന്നും സംഭവിക്കുന്നില്ല. അവൻ തന്റെ പൂർണ്ണ ബലവും ഉപയോഗിച്ച് കുപ്പി നീക്കാൻ ശ്രമിക്കുമ്പോൾ ഷെൽഫ് മുഴുവനായി ഇളകി താഴെ വീഴുന്നു. അവൻ തന്റെ കൈകളിലേക്ക് നോക്കുന്നു. അവന്റെ കണ്ണുകളിൽ ആവേശവും അത്ഭുതവും ഒരുപോലെ നിറഞ്ഞ ഒരു ഭാവമാണ്. ഷിബു മുറിയിൽ പല സ്ഥലത്ത് ഇരിക്കുന്ന സാധനങ്ങൾ തന്റെ പുതിയ കഴിവ് ഉപയോഗിച്ച് നീക്കുകയും മറിച്ചിടുകയും ഒക്കെ ചെയ്യുന്നു. നന്നായി കിതയ്ക്കുന്ന ഷിബു. അവൻ വല്ലാതെ വിയർക്കുന്നുണ്ട്. ഷിബുവിന്റെ മുഖത്ത് വിരിയുന്ന അമ്പരപ്പ്.

CUT TO

**സീൻ 42 A** ജെയ്സൻ
***SONG***

**ജെയ്സന്റെ വീട് DAY -INT**

മുറിയിൽ ഇരിക്കുന്ന മേശമേൽ ഗ്ലാസുകൾ ഒരു ചീട്ടുകൊട്ടാരം പോലെ മുകളിൽ മുകളിലായി അടുക്കി വയ്ക്കുന്ന ജെയ്സൻ. ശേഷം ജെയ്സൻ ഏറ്റവും അടിത്തട്ടിൽ ഏറ്റവും അറ്റത്ത് ഇരിക്കുന്ന ഗ്ലാസ് തട്ടിയിടാനായി തന്റെ കൈകൾ അടുപ്പിക്കുന്നു.. അതിനുശേഷം വളരെ പേടിയോടെ ആ ഗ്ലാസ് തട്ടിയിടുന്നു. ജെയ്സൻ ഒരു മിന്നായം പോലെ ആ ഗ്ലാസുകൾ എല്ലാം താഴെ വീഴാതെ പെറുക്കി പഴയപോലെ വെയ്ക്കുന്നു .ഇത് ഞെട്ടലോടെ സ്വയം കാണുന്ന ജെയ്സൻ.

CUT TO

**സീൻ 42 B**
***SONG*** ഷിബു

**ഷിബുവിന്റെ വീട് -മുറി DAY - INT**

മുറിയുടെ ഒരു വശത്ത് നിന്ന്, കിടക്കുന്ന കട്ടിൽ കൈകൊണ്ട് വലിച്ചു നീക്കുന്ന ഷിബു. കട്ടിൽ നീക്കിയ ശേഷം ഷിബു തളർന്നു അതിൽ തന്നെ ഇരിക്കുന്നു.

CUT TO

**സീൻ 42 C**
***SONG***

ജെയ്സൻ,ജെസ്മി

***ജെയ്സന്റെ വീട് DAY - INT***

ജെയ്സൻ ഗ്ലാസുകൾ വീണ്ടും അടുക്കി വെയ്ക്കുന്നു. എന്നിട്ട് മുൻപത്തെ പോലെ തട്ടിയിടുന്നു. അവൻ വീണ്ടും അസാധാരണ വേഗത്തിൽ ആ ഗ്ലാസുകൾ തിരികെ കൃത്യമായി അടുക്കി വക്കുന്നു.

CUT TO

ജെയ്സൻ തന്റെ കണ്ണ് ഒരു കറുത്ത തുണികൊണ്ട് പിന്നിൽ നിന്ന് കെട്ടിയ ശേഷം വീണ്ടും അടുക്കിവച്ചിരിക്കുന്ന ഗ്ലാസുകൾ തട്ടിയിടുന്നു. അസാധാരണ വേഗത്തിൽ ഇപ്പോഴും ഗ്ലാസ് അടുക്കി വയ്ക്കുന്ന ജെയ്സൻ. അവൻ തന്റെ കണ്ണുകൾ തുറന്നു നോക്കുന്നു. അവന്റെ മുഖത്ത് അഭിമാനം തുളുമ്പുന്ന ഒരു പുഞ്ചിരി. അവൻ തന്റെ അസാധാരണ ശക്തി ആസ്വദിക്കാൻ തുടങ്ങിയിരിക്കുന്നു.

തന്റെ മുറിയുടെ വാതിൽ തുറക്കുന്ന ജെയ്സൻ

**ജെസ്മി :-** എന്താടാ അവടെ?

**ജെയ്സൻ :-** ഒന്നൂല്ലാ..

**ജെസ്മി :-** എന്റെ പാത്രങ്ങൾ എന്തിയെ?

ജെസ്മിയുടെ കൈകളിലേക്ക് പാത്രങ്ങൾ കൊടുക്കുന്ന ജെയ്സൻ .

ഗാനം തുടരുന്നു

CUT TO

**സീൻ 42 D** ജെയ്സൻ
**SONG**

***ജെയ്സന്റെ വീട് DAY - INT***

ജെയ്സൻ ശക്തിയിൽ ചുവരിൽ ഇടിക്കുന്നു. ചുവരിൽ ഒരു നിമിഷം നോക്കി നിൽക്കുന്ന ജെയ്സൻ. ചുവരിന് ഒന്നും സംഭവിക്കുന്നില്ല. നിരാശയിൽ തിരിയുന്ന ജെയ്സൻ. അപ്പോൾ ചുവരിൽ നീളത്തിൽ ഒരു വിള്ളൽ രൂപപ്പെടുന്നു.

CUT TO

ജോസ്‌മോൻ
ലൈബ്രേറിയൻ,സ്കൂൾകുട്ടികൾ

**സീൻ 42 E**
***SONG***

***ലൈബ്രറി DAY - INT***

ലൈബ്രറിയിൽ നിന്ന് കുറച്ച് അധികം ബുക്കുകൾ എടുത്തു മറിച്ചു നോക്കുന്ന ജോസ്‌മോൻ. അവൻ അതിൽ ചിലത് എടുത്തു തന്റെ കയ്യിൽ പിടിക്കുന്നു.

CUT TO

**സീൻ 42 F** ജെയ്സൻ

***SONG***

***ജെയ്സന്റെ വീട് DAY -INT***

കറങ്ങിക്കൊണ്ടിരിക്കുന്ന സീലിംഗ് ഫാൻ. സീലിംഗ് ഫാനിന്റെ സ്പീഡ് മാക്സിമം കൂട്ടി വയ്ക്കുന്ന ജെയ്സൻ. വളരെ വേഗത്തിൽ കറങ്ങുന്ന ഫാനിന്റെ ലീഫിൽ പിടിക്കാൻ ശ്രമിക്കുന്ന ജെയ്സൻ. ആദ്യം ഒന്ന് രണ്ടു തവണ പേടിച്ചു ലീഫിൽ പിടിക്കാതിരുന്ന ജെയ്സൻ പിന്നീട് അതിൽ പിടിക്കുന്നു.

CUT TO

**സീൻ 42 G** ജെയ്സൻ
***SONG***

***ജെയ്സന്റെ വീട് DAY INT/ EXT***

ജനലിലൂടെ മുറ്റത്തേക്ക് നോക്കുന്ന ജെയ്സൻ. ജെയ്സന്റെ നോട്ടത്തിൽ ഒരു മാവ് അവിടെ നിൽപ്പുണ്ട്. മാവിൽ നിറയെ മാങ്ങയാണ്.

CUT TO

**സീൻ 42 H**
***SONG***

***ജെയ്സന്റെ വീട് DAY -EXT***

കല്ലുകൾ എറിഞ്ഞു മാങ്ങകൾ താഴെ വീഴ്ത്തുന്ന ജെയ്സൻ. ഓരോ ഏറിനും ഒന്നും രണ്ടും മാങ്ങ വീതം വീഴുന്നുണ്ട്.

CUT TO

**സീൻ 42 J**
***SONG***

***ഷിബുവിന്റെ വീട് DAY - INT***

ഷിബു തന്റെ അസാധാരണ കഴിവ് ഉപയോഗിച്ച് വീടിനുള്ളിലെ സാധനങ്ങൾ പറത്തി നോക്കുന്നു.

CUT TO

**സീൻ 42 K** ഷിബു

***SONG***

***ഷിബുവിന്റെ വീട് DAY -EXT***

വീടിന്റെ മുറ്റത്ത് കിടക്കുന്ന ഒരു മരത്തടി ആഞ്ഞു ചവിട്ടുന്ന ഷിബു. മരത്തടി ഒടിഞ്ഞു രണ്ടാവുന്നു. അത് കാണുന്ന ഷിബുവിന്റെ റിയാക്ഷൻ.

CUT TO

**സീൻ 42 L**
***SONG***

ജെയ്സൻ,
പോത്തന്റെ വീട്ടിലെ പട്ടി

***ജെയ്സന്റെ വീട് DAY -EXT***

മാവിന്റെ താഴെ പോയി ജെയ്സൻ മാവ്
ഒന്ന് ആഞ്ഞു കുലുക്കുന്നു. മാങ്ങകൾ
നിലത്തേക്ക് ചറപറ വീഴുന്നു.
ജെയ്സന്റെ മുഖത്ത് റിയാക്ഷൻ.
അതുകണ്ട് നിന്ന പോത്തന്റെ വീട്ടിലെ
പട്ടിയുടെ റിയാക്ഷൻ.

CUT TO

ജോസ്മോൻ
വഴി യാത്രകാർ

**സീൻ 42 M**
***SONG***

***റോഡ് DAY -EXT***

സൈക്കിളിൽ റോഡിലൂടെ പാഞ്ഞു വരുന്ന ജോസ്മോൻ. അവന്റെ സൈക്കിളിന്റെ ക്യാരിയറിൽ ലൈബ്രറിയിൽ നിന്നും എടുത്ത ബുക്കുകളും ഉണ്ട്. അവൻ ധൃതിയിൽ വീട്ടിലേക്ക് ചവിട്ടുന്നു.

CUT TO

**സീൻ 42 N**
***SONG***

**ജെയ്സന്റെ വീട് DAY -EXT**

ജെയ്സന്റെ നോട്ടത്തിൽ ആകാശത്തിലൂടെ പറന്നു പോകുന്ന ഒരു കാക്ക. അത് കാണുമ്പോൾ അവന്റെ മുഖത്തെ പുഞ്ചിരി.

CUT TO

ജെയ്സൻ,ജോസ്മോൻ

**സീൻ 42 P**
***SONG***

*ജെയ്സന്റെ വീട് DAY -EXT*

ഒരു മരത്തിനു മുകളിലേക്ക് വലിഞ്ഞു കയറുന്ന ജെയ്സൻ. അവരുടെ കാഴ്ച്ചയിൽ മരത്തിന്റെ ഏറ്റവും മുകളിലെ ചില്ലയിൽനിന്ന് പക്ഷികൾ പറക്കാൻ ചിറകുകൾ വിരിക്കും പോലെ കൈകൾ വിരിച്ചു ചാടുന്ന ജെയ്സൻ.

CUT TO DARKNESS

“അയ്യോ” എന്ന് വിളിച്ചുകൊണ്ട് ജെയ്സൻ നിലത്തേക്ക് വീഴുന്നതിന്റെ ശബ്ദം. ജെയ്സൻ തന്റെ ദേഹത്തെ പൊടി മുഴുവൻ തട്ടിക്കളയുന്നു. അവന്റെ നോട്ടത്തിൽ ജോസ്മോൻ വീടിന്റെ മുറ്റത്തുതന്നെ നിൽപ്പുണ്ട്. അവൻ തന്റെ സൈക്കിളിൽ നിന്ന് ഇതുവരെ ഇറങ്ങിയിട്ടില്ല. ജെയ്സന്റെ മുഖത്ത് ഒരു നിമിഷം പരുങ്ങൽ.

ജോസ്മോനോട് **ജെയ്സൻ :-** പറക്കാൻ പറ്റൂല..

ജെയ്സൻ വീണ ഭാഗത്ത് വലിയ ഒരു ഗർത്തം. അത് കാണുന്ന ജോസ്മോന്റെ മുഖത്തെ റിയാക്ഷൻ.

ഗാനം മുറിയുന്നു.

CUT TO

**സീൻ-43** ജെയ്സൻ ,ജോസ്മോൻ

***ജെയ്സന്റെ മുറി - DAY / INT***

ജെയ്സനും ജോസ്മോനും ജെയ്സന്റെ കട്ടിലിൽ ഇരിക്കുകയാണ്. അവന്റെ മുൻപിൽ കുറച്ചധികം ബുക്കുകളും ഉണ്ട്. ജെയ്സന്റെ പിടലി ഭാഗത്ത് എണ്ണയിട്ടു തടവി കൊടുത്തുകൊണ്ട് ഇരിക്കുകയാണ് ജോസ്മോൻ. മറ്റു പരുക്കുകൾ ഒന്നും ഇല്ലെങ്കിൽ പോലും ജെയ്സന്റെ കഴുത്തിൽ ഉളുക്ക് സംഭവിച്ചിട്ടുണ്ട്.
എണ്ണ തൂക്കുന്നതിനിടെ

**ജോസ്മോൻ :-** മാമൻ.. ഈ മില്ലർ ഉറെയേ പറ്റി കേട്ടിട്ടുണ്ടോ..?

ജെയ്സൻ ഇല്ല എന്ന് തലയാട്ടുന്നു.

**ജോസ്മോൻ :-** പുള്ളി ഒരു സൈന്റിസ്റ്റ് ആരുന്നു.. പുള്ളി പറയുന്നത് ലോകത്ത് ആദ്യവായിട്ടു ജീവൻ ഉണ്ടായത് മിന്നലടിച്ചിട്ടു ആണെന്നാ..

**ജെയ്സൻ :-** അതിനു..?

**ജോസ്മോൻ :-** പറയുന്ന കേക്ക്..

ജെയ്സൻ വീണ്ടും ജോസ്മോൻ പറയുന്ന കാര്യങ്ങളിലേക്ക് ശ്രദ്ധിക്കുന്നു.

**ജോസ്മോൻ :-** മിന്നലടി കിട്ടീട്ട് മനസ്സ് വായിക്കാൻ കഴിയുന്നവരും സ്ഥിരമായി ലോട്ടറി അടിക്കുന്നവരും ഒക്കെ ഇപ്പൊ ലോകത്തുണ്ട്..

ജെയ്സൻ ജോസ്മോനെ ശ്രദ്ധയോടെ നോക്കി ഇരിക്കുന്നു

**ജോസ്മോൻ :-** എനിക്ക് തോന്നുന്നത് മാമന് ഇപ്പൊ ഉള്ള ഈ മാറ്റം ആ മിന്നലടീടെതന്നെയാന്ന.. അല്ലേൽ ഇപ്പൊ ഇങ്ങനെ ഒന്നും വരില്ല..

ജെയ്സന്റെ റിയാക്ഷൻ

**ജോസ്മോൻ :-** മാമന് ഇപ്പൊ കിട്ടിയിരിക്കുന്ന ഈ കഴിവുകൾക്ക് ഇംഗ്ലീഷിൽ പറയുന്നത് സൂപ്പർ പവേഴ്സ് എന്നാ..

**ജെയ്സൻ :-** സൂപ്പർ പവേഴ്സോ..?

**ജോസ്മോൻ :-** മ്.. പലർക്കും പല പവേഴ്സാ..

CUT TO

**സീൻ 43 A**

*ഷിബുവിന്റെ വീട് DAY -INT* ഷിബു

ജോസ്മോന്റെയും ജെയ്സന്റെയും വോയിസ്ഓവറിൽ കാണിക്കുന്ന ദൃശ്യം ,ഷിബുവിന്റെ വീട്

**( V.O ) ജോസ്മോൻ :-** ചിലർക്ക് ബുദ്ധി, ചിലർക്ക് ശക്തി, ചിലർക്ക് ഓർമ്മ അങ്ങനെ അങ്ങനെ.. നമുക്ക് ചിന്തിക്കാൻ പോലും പറ്റാത്ത പവേഴ്സ് ഉണ്ട്..

ഒരു വെട്ടുകത്തി എവിടെ നിന്നോ പറന്നുവന്ന് ഷിബുവിന്റെ കയ്യിൽ ഇരിക്കുന്നു ,ഷിബുവിന്റെ മുഖത്തെ പുഞ്ചിരി

**(V.O) ജോസ്മോൻ :-** മാമൻ.. സൂപ്പർമാൻ.. സ്പൈഡർ മാൻ.. ബാറ്റ്മാൻ.. ശക്തിമാൻ എന്നൊക്കെ പറയുന്നവന്മാരെക്കുറിച്ച് കേട്ടിട്ടുണ്ടോ..?

CUT BACK

**സീൻ - 43 B** ജെയ്സൻ, ജോസ്മോൻ

*ജെയ്സന്റെ മുറി - DAY / INT*

**ജെയ്സൻ :-** ഇല്ല.. ആരാ അവന്മാര്..?

പുച്ഛത്തിൽ **ജോസ്മോൻ :-** ഇതൊക്കെ അറിയണോങ്കി കുറച്ച് വിവരം വേണം.. ഇടക്ക് ബാലരമേം കളിക്കുടുക്കേം ഒക്കെ വായിക്കണം..

ജെയ്സന്റെ റിയാക്ഷൻ. തന്റെ മുൻപിൽ ഇരിക്കുന്ന COMIC BOOKS - ൽ ചിലത് എടുത്ത് ജെയ്സന് നേർക്ക് നീട്ടി

**ജോസ്മോൻ :-** അവരൊക്കെ സൂപ്പർ ഹീറോസ്.. സൂപ്പർ പവേഴ്സ് ഉള്ളവർക്ക് പറയുന്ന പേരാ സൂപ്പർ ഹീറോസ്.. മലയാളത്തിൽ ഒത്തിരി ശക്തിയുള്ളവൻ എന്നാ അർഥം.. എട്ടുകാലി കടിച്ചകൊണ്ടാ സ്പൈഡർമാന് അങ്ങനെ പേര് വന്നെ.. ബാറ്റ്മാന്റെ കാര്യം എങ്ങനാന്നു അറിഞ്ഞൂട.. ചിലപ്പോ ക്രിക്കറ്റ് കളിച്ചോണ്ടിരുന്നപ്പൊ കൂട്ടുകാര് വല്ലോം ബാറ്റിനു പുള്ളീടെ തലക്കടിച്ചു കാണും.. അങ്ങനെ വരാനേ വഴിയുള്ളൂ..

**ജെയ്സൻ :-** ഇവന്മാരൊക്കെ ഇപ്പൊ എവിടെ ഉണ്ട്..?

**ജോസ്മോൻ :-** മാമാ ഇവന്മാരെല്ലാം അമേരിക്കക്കാരാ.. അമേരിക്ക പിടിച്ചുനിൽക്കുന്നത് തന്നെ അവരുള്ളകൊണ്ടാ..

അത്ഭുതത്തിൽ **ജെയ്സൻ :-** ഓ.. അത് ശരി..?

ജെയ്സനെ നോക്കി

**ജോസ്മോൻ :-** ഉം.. ഇനിയിപ്പോ അമേരിക്കക്കാർക്ക് മാത്രവല്ല.. നമുക്കും സൂപ്പർ ഹീറോ ഉണ്ട്.. അതൊക്കെ പോട്ടെ.. എന്തൊക്കെയാ മാമന്റെ സൂപ്പർ പവേഴ്സ്..?

CUT TO

**സീൻ - 44**

ജെയ്സൻ, ജോസ്മോൻ,ബിജി,
അനീഷ്,ബിൻസി, ജെസ്മി,അപ്പുമോൾ
സെൽവൻ,കണ്ണപ്പൻ,ഗോപൻ
മെമ്പർ,ശാരദ
കമ്മിറ്റികാർ , കുട്ടികൾ,നാട്ടുകാർ

***ഗാനം (SONG CONTINUES)***
***ഗ്രാമോത്സവം. DAY -EXT***

ന്യൂ ഇയർ പ്രമാണിച്ചുള്ള
ഗ്രാമോത്സവത്തിലെ അമ്പേയ്ത്ത് മത്സരം,
വളയേർ മത്സരം എന്നിവയിൽ
ഈസിയായി സമ്മാനം വാങ്ങുന്ന ജെയ്സൻ.
ജെയ്സന്റെ കാഴ്ച്ചയിൽ കുറച്ചു
അപ്പുറത്ത് മാറി നിൽക്കുന്ന ബിജി.
അവളുടെ നോട്ടം മറ്റൊരു ഭാഗത്ത്
ഒരുമിച്ചു നിൽക്കുന്ന അനീഷിലും
ബിൻസിയിലും ആണ്.
ബിജിയുടെ അടുത്തെത്തി അവളെ നോക്കി

**ജെയ്സൻ :-** അവനോട് പോകാൻ പറ ബിജി.. നീ ഇപ്പോഴും അത് ഓർത്ത് ഇരിക്കുകയാണോ.. ? എന്നെ കണ്ടുപടിക്ക്. അനീഷ് നിന്നെ പറ്റിച്ചതിലും വ്യത്തിക്കാ ബിൻസി എന്നെ പറ്റിച്ചേ.... എന്നിട്ടും ഞാൻ കരയുന്നില്ലല്ലോ.. എന്തും നേരിടാനുള്ള മനസുണ്ടാകണം..

INTER CUT TO

ജെയ്സൻ കക്കൂസിൽ ഇരുന്നു
വെള്ളമടിച്ചുകൊണ്ട് പൊട്ടിക്കരയുന്നതിന്റെ
ദൃശ്യങ്ങൾ.

CUT BACK TO

**ജെയ്സൻ :-** നീ ഇങ്ങോട്ട് വന്നേ.. ഒരു പരുപാടിയുണ്ട് ..

ജെയ്സൻ ബിജിയെ വിളിച്ചുകൊണ്ട്
മത്സരങ്ങൾ നടക്കുന്ന സ്റ്റേജിൽ
കൊണ്ടുപോവുന്നു. അവിടെ വളയേറിൽ
കിട്ടുന്ന ഒരു റോസാപ്പൂ ബിജിക്ക്
കൊടുത്തുകൊണ്ട്

**ജെയ്സൻ :-** നീ ഇത് വച്ചോ....

ബിജിയുടെ റിയാക്ഷൻ.
*ഗാനം തുടരുന്നു.*

CUT TO

**സീൻ 44 A**
***SONG***

ജെയ്സൻ,ജോസ്മോൻ,മജിഷ്യൻ
കുറച്ച് കുട്ടികൾ ,നാട്ടുകാർ

**ഗ്രാമോൽസവം *DAY -EXT***

ഗ്രൌണ്ടിന്റെ മറ്റൊരു വശത്ത് കുറച്ച് കുട്ടികൾ കൂട്ടം കൂടി നിൽക്കുന്നു. അവിടേക്ക് ഓടിവരുന്ന ജെയ്സനും ജോസ്മോനും. ഒരു മജീഷ്യൻ ജെയ്സന്റെ കാഴ്ച്ചയിൽ മാജിക് ഷോ കാണിക്കുന്നു. മജീഷ്യൻ ഒരു വശത്ത് ഇരിക്കുന്ന കുറച്ചു കളർ ബോളുകൾക്ക് നേരെ കൈകൾ നീട്ടുന്നു. ബോളുകൾ അയാളുടെ നേരെ കുതിക്കുന്നു. അത് കണ്ടു കൈ അടിക്കുന്ന കുട്ടികൾ. ജോസ്മോനും ജെയ്സനും അത് കാണുന്നു. ജോസ്മോന്റെ നോട്ടം ജെയ്സനിൽ.

CUT TO

**സീൻ 44 B** ജെയ്സൻ,ജോസ്മോൻ

***SONG***

**ജെയ്സന്റെ വീട്-പറമ്പ് - DAY -EXT**

പറമ്പിൽ ഒരിടത്ത് പോയിരുന്ന് കുറെ കല്ലുകൾ കൂട്ടിയിട്ട് കൈകൾ നീട്ടി അത് നീക്കാൻ പറ്റുമോ എന്ന് നോക്കുന്ന ജെയ്സൻ. ഭയങ്കരമായി സ്ട്രെയ്ൻ എടുത്ത് മുക്കുന്ന ശബ്ദം ഒക്കെ ഉണ്ടാക്കിയാണ് ജെയ്സൻ കല്ല് നീക്കാൻ ശ്രമിക്കുന്നത്. അത് നോക്കിക്കൊണ്ട് ഇരിക്കുന്ന ജോസ്മോൻ.
അവനും അറിയാതെ സ്ട്രെയ്ൻ ചെയ്യുന്നപോലത്തെ ശബ്ദം ഉണ്ടാക്കുന്നു. ജെയ്സന് കല്ല് അനക്കാൻ കഴിയില്ല എന്ന് മനസ്സിലാക്കുമ്പോൾ ജോസ്മോൻ നിരാശൻ ആവുന്നു.

**ജോസ്മോൻ :-** വിട്ടേക്ക് മാമ.. നടക്കില്ല..

തിരിഞ്ഞു നടക്കുന്ന ജോസ്മോൻ. ജെയ്സൻ ഒരിക്കൽ കൂടി കൂട്ടിയിട്ട കല്ലുകൾക്ക് നേരെ പല വിധത്തിൽ കൈകൊണ്ട് ആംഗ്യം കാണിച്ചു നോക്കുന്നു.
എന്നിട്ടും അനക്കം ഒന്നും ഇല്ലാതെ വരുമ്പോൾ നിരാശയിൽ അവിടെനിന്നു എഴുന്നേറ്റ് ജോസ്മോന്റെ പിന്നാലെ നടക്കുന്നു. അവർ നടന്നുനീങ്ങുമ്പോൾ കല്ല് കൂട്ടത്തിൽ നിന്ന് ഏറ്റവും മുകളിലെ കല്ല് ഉരുണ്ട് താഴേക്ക് വീഴുന്നു.

CUT TO

**സീൻ 44 C**
***SONG*** ഷിബു

*ഷിബുവിന്റെ വീട് DAY -INT*

കണ്ണാടിക്കു മുൻപിൽ നിന്ന് ഒരുങ്ങുന്ന ഷിബു. പതിവിലും സന്തോഷത്തിലാണ് അയാൾ. ഒരു ഫുൾ സ്ലീവ് ഷർട്ടും മുണ്ടുമാണ് വേഷം. ഷിബു അവന്റെ കൈകൊണ്ട് മുടിയിൽ തൊടാതെ തന്നെ ശക്തി ഉപയോഗിച്ച് മുടി ചീകി ഒതുക്കുന്നു. അയാളുടെ മുഖത്തെ ചിരി.

**സീൻ 44 D**
**SONG**
**കടവ് DAY - EXT**

ഷിബു,ഉഷ,കുക്കു
ഗോപൻ,കൊച്ചാപ്പി,ആന്റോ
വഞ്ചി തുഴയുന്ന ആൾ,നാട്ടുകാർ

കടവത്തേക്ക് അടുപ്പിക്കുന്ന വഞ്ചി. വഞ്ചിയിലേക്ക് കയറുന്ന നാട്ടുകാർ. ആ കൂട്ടത്തിൽ ഉഷയും കുക്കുവും ഉണ്ട്. ഒരു കൂളിംഗ് ഗ്ലാസും വച്ച് ഓടിവന്നു വഞ്ചിയിലേക്ക് കയറുന്ന ഷിബു. തൊട്ടു പിന്നാലെ ഒരു ആടുമായി ഓടിവന്നു വഞ്ചിയിൽ കയറുന്ന ആന്റോ. ഷിബു ഉഷയുടെ നേരെ എതിർവശത്ത് സ്ഥലം പിടിക്കുന്നു. അത് കാണുന്ന ഉഷ മുഖം തിരിക്കുന്നു. തന്റെ കഴിവ് ഉപയോഗിച്ച് അവളുടെ മുടി പാറിക്കുന്ന ഷിബു. അവളുടെ സൌന്ദര്യത്തിൽ അവൻ ലയിക്കുന്നു.

CUT TO

ഷിബു,ഉഷ,കുക്കു
പ്രായം ആയ അപ്പാപ്പൻ
അറ്റെൻഡർ,വൃദ്ധൻമ്മാർ,
രോഗികൾ ,ആശുപത്രി ജീവനകാർ
മെയിൽ നേഴ്സ്

**സീൻ 44 E**
**SONG**
**ഹോസ്പിറ്റൽ DAY- INT**

ഹോസ്പിറ്റലിൽ ഡോക്ടറിനെ കാണാനായി കുക്കുവിനോപ്പം ഇരിക്കുന്ന ഉഷ. കുറച്ചകലെയായി ഷിബുവും ഇരിപ്പുണ്ട്. ഷിബുവിന്റെ കാഴ്ച്ചയിൽ നിന്ന് ഉഷയെ മറച്ചുകൊണ്ട് മുൻപിൽ ഒരു വീൽ ചെയർ കൊണ്ട് നിർത്തുന്ന അറ്റെൻഡർ എങ്ങോട്ടോ പോകുന്നു. വീൽ ചെയറിൽ ഒരു അപ്പാപ്പൻ ഇരിപ്പുണ്ട്. ഉഷയെ കാണാനായി തന്റെ അസാധാരണ ശക്തി ഉപയോഗിച്ച് വീൽ ചെയർ നീക്കുന്ന ഷിബു. എന്താണ് സംഭവിക്കുന്നത് എന്ന് മനസിലാവാതെ ഇരിക്കുന്ന അപ്പാപ്പൻ. ഉഷയെ ഇപ്പോൾ ഷിബുവിനു വ്യക്തമായി കാണാം. ഷിബുവിന്റെ മുഖത്തെ തെളിച്ചം.

**സീൻ 44 F**
**SONG**
**കവല -തുഷാർ ചായക്കട DAY- INT /EXT**

ഷിബു,ഉഷ,കുക്കു,പൈലി
കവലയിൽ ഉള്ളവർ

ഉഷയും കുക്കുവും ഹോട്ടൽ തുഷാറിൽ ഭക്ഷണം കഴിക്കാൻ കയറുന്നു. ഉഷയുടെ മുൻപിലേക്ക് ഒരു പ്ലേറ്റ് അപ്പവും കറിയും കൊണ്ട് വയ്ക്കുന്ന ഷിബു. ഇരുവരും പരസ്പരം നോക്കുന്നു. ഗാനം അവസാനിക്കുന്നു.

CUT TO

**സീൻ - 45**

ഷിബു,പൈലി,ഉഷ,കുക്കു
കവലയിൽ ഉള്ളവർ

***കവല - തുഷാർ ചായക്കട - DAY INT/EXT***

ഉഷ ഇരുന്നു ഭക്ഷണം കഴിക്കുന്ന ടേബിളിൽ തന്നെ അവളുടെ കുടയും ഇരിപ്പുണ്ട്. കടയിൽ ഇപ്പോൾ ആകെയുള്ളത് ഉഷയും അവളുടെ മകൾ കുക്കുവും ഷിബുവും പൈലിയും ആണ്. അടുക്കളയിൽ നിന്നും ഉഷയെ നോക്കുന്ന ഷിബു. പൈലിയുടെയും നോട്ടം ഇപ്പോൾ ഉഷയിലാണ്.
ദൃശ്യം ഇപ്പോൾ പൈലിയിൽ ആണ്. അടുക്കളയിൽ നിൽക്കുന്ന ഷിബുവിനെ ഒന്ന് നോക്കിയശേഷം, ഉഷ ഇരുന്ന മേശക്ക് നേരെ നടന്നു ചെന്ന് അവളുടെ എതിർവശത്ത് ചെന്നിരിക്കുന്ന പൈലി. ഷിബുവിന്റെ നോട്ടം ഇപ്പോൾ പൈലിയിലും ഉഷയിലും ആണ്. അവനു പൈലി ഉഷയുടെ അടുത്തിരിക്കുന്നത് ഇഷ്ടപ്പെട്ടിട്ടില്ല ഉഷയ്ക്കും ഇഷ്ടപ്പെട്ടില്ല എന്ന് അവളുടെ മുഖത്തുനിന്നും വ്യക്തമാണ്. പൈലി തന്റെ മുൻപിൽ ഇരുന്ന സ്റ്റീൽ ഗ്ലാസിൽ ജഗ്ഗിൽ നിന്ന് വെള്ളമൊഴിച്ചശേഷം അത് ഉഷയുടെ നേരെ നീക്കി വക്കുന്നു.

ഉഷയോടു **പൈലി :-** നെനക്ക് സുഖവാണോ ഉഷേ..?

ഉഷ കൃത്രിമമായി ഒന്ന് പുഞ്ചിരിക്കുന്നു. പൈലി കുക്കുവിനെ നോക്കി

**പൈലി :-** മോൾടെ അസുഖത്തെക്കുറിച്ച് ദാസൻ പറഞ്ഞാരുന്നു.. പാവം.. ഓടിയോടി മടുത്തുകാണുമല്ലെ .. ?

അതിനു ഉഷ മറുപടി പറയുന്നില്ല.

**പൈലി :-** എന്തുണ്ടേലും എന്നോടു പറയാൻ മടിക്കണ്ട.. കേട്ടോ..എനിക്ക് മനസ്സിലാകും ?

ഉഷയ്ക്ക് വല്ലാതെ IRRITATION ആവുന്നുണ്ട്.

**പൈലി :-** നീ ഏതായാലും ആ സതീശനെ കളഞ്ഞിട്ട് വന്നത് നന്നായി, അവന് പൊടിമറ്റത്തുമാത്രമല്ല വേറെ പലയിടത്തും ഭാര്യമാർ ഉണ്ടെന്നാ പറയുന്നേ..

ഉഷ സങ്കടവും ദേഷ്യവും കടിച്ചമർത്തി ഇരിക്കുന്നു. അശ്ലീല ചുവയിൽ ഉഷയെ ഒന്ന് നോക്കി

**പൈലി :-** ഉഷ ഇടക്ക് ഇങ്ങോട്ടൊക്കെ ഒന്ന് ഇറങ്ങ് കേട്ടോ .. നമുക്ക് എന്തേലും മിണ്ടീം പറഞ്ഞുവൊക്കെ ഇരിക്കാം.. ഞാനാണേൽ എപ്പോഴും ഒറ്റയ്ക്കാ..

ഉഷ ഒരു നിമിഷം ഒന്ന് സ്തബ്ധയായി ഇരിക്കുന്നു. അവൾ പൈലിയെ ഒന്ന് നോക്കുന്നു. പൈലിയുടെ കണ്ണുകളിൽ കുടിലത നിഴലിക്കുന്നു. അവൾ തന്റെ മകളെ കൈപിടിച്ച് അവിടെനിന്ന് എഴുന്നെൽപ്പിക്കുന്നു. എന്നിട്ട് അവൾ വേഗം കൈ കഴുകാൻ വാഷ് ബെയ്സിനു നേരെ നടക്കുന്നു. ഉഷയുടെ പിന്നാലെ ചെല്ലുന്ന പൈലി. ഒരു ഇടുങ്ങിയ അറ പോലെയാണ് വാഷ് ബേസിൻ ഉള്ള ഭാഗം നിർമ്മിക്കപ്പെട്ടിരിക്കുന്നത്. അവിടെ കഷ്ടിച്ച് ഒരാൾക്ക് മാത്രമേ നിൽക്കാൻ കഴിയൂ. വാഷ് ബേസിനിൽ ടാപ്പ് ഒന്നുമില്ല. സമീപം ഇരിക്കുന്ന ബക്കറ്റിൽ നിന്നും കപ്പിൽ വെള്ളം കോരി എടുത്ത് കൈ കഴുകുന്ന ഉഷ. അവൾ ആകെ ഭയപ്പെട്ടിരിക്കുന്നു. കുക്കുവിന്റെ കണ്ണുകളിലും ഭയമുണ്ട്. ഉഷ കൈ കഴുകി തിരിയുമ്പോൾ അവൾക്ക് മുന്നിൽ നിൽക്കുന്ന പൈലി.
ഉഷ വല്ലാതാവുന്നു.
ഉഷയുടെ മകളെ ഒന്ന് തലോടുന്ന പൈലി. ഉഷ ഭയത്തിൽ ആ ഇടുങ്ങിയ സ്ഥലത്തുനിന്ന് പുറത്തേക്ക് പോവാൻ തുടങ്ങുമ്പോൾ അവൾക്ക് മുന്നിൽ തടസമായി നിൽക്കുന്ന പൈലി.
ഉഷ കുക്കുവിന്റെ കയ്യിൽ മുറുകെ കയറി പിടിക്കുന്നു.

**പൈലി :-** ഉഷയ്ക്ക് പോണോ..? പൊയ്ക്കോ..

പൈലി അവിടെ നിന്ന് മാറാതെ ഉഷയ്ക്ക് കടന്നുപോവാൻ കുറച്ചു സ്ഥലം ഇട്ടശേഷം ഒരു വശത്തേക്ക് ഒതുങ്ങി നിൽക്കുന്നു. ഉഷയ്ക്ക് ഇറങ്ങിപ്പോകാൻ ഉള്ള സ്ഥലം അവിടെയില്ല. എങ്കിലും അവൾ ഒരു ഓരം ചേർന്ന് അവിടെ നിന്ന് പുറത്തേക്ക് പോവാൻ തുടങ്ങുമ്പോൾ കുറച്ചു മുൻപിലോട്ടു കയറി നിൽക്കുന്ന പൈലി.

**പൈലി :-** നീ പോയപോലെ ഒന്നുവല്ല.. ഒന്നുമെഴുത്തിട്ടുണ്ട്.. മൊത്തത്തിൽ..വീട്ടിലോട്ട് വരുന്നോ..? വെറുതെയൊന്നും വേണ്ട.. നല്ല കാശ് തരാം.. നിന്റെ കഷ്ടപ്പാടൊക്കെ മാറട്ടെ..

ഉഷയുടെ ദേഹം പൈലിയുടെ വയറുമായി നന്നായി ഉരസുന്നു. ഉഷയ്ക്ക് നല്ല ദേഷ്യം വരുന്നുണ്ട്. അവൾ എന്തോ ഒന്ന് പറയാൻ

തുനിയുന്നുണ്ടെങ്കിലും കുക്കു ഒപ്പം ഉള്ളതിനാൽ വേഗം അവിടെനിന്നു കുക്കുവിനേയും കൂട്ടി പുറത്തേക്ക് പോകുന്നു. പൈലിയുടെ മുഖത്ത് വിരിയുന്ന കുടിലത. അയാൾ ഒരു കള്ളച്ചിരി ചിരിക്കുന്നു. അയാൾ ഒരു നിർവൃതിയിൽ, മുഖത്തെ പുഞ്ചിരി മായാതെ ഒരു മേശയുടെ നേരെ എത്തി അവിടുത്തെ സ്റ്റീൽ ഗ്ലാസിൽ ജഗ്ഗിൽ നിന്ന് വെള്ളമൊഴിച്ച് കുടിക്കാൻ തുടങ്ങുന്നു. പെട്ടെന്ന് മേശമേൽ ഇരിക്കുന്ന ജഗ്ഗും സ്റ്റീൽ ഗ്ലാസുകളും എല്ലാം വിറച്ചു തുടങ്ങുന്നു. ചായക്കടയിൽ ഇരിക്കുന്ന സാധനങ്ങൾ എല്ലാം വിറച്ചു തുടങ്ങുന്നു. അമ്പരപ്പോടെ പൈലി അത് ശ്രദ്ധിക്കുന്നു. ചെറുകടികൾ സൂക്ഷിക്കുന്ന ചില്ല്അലമാര മറിഞ്ഞു നിലത്തേക്ക് വീഴുന്നു. ഹോട്ടലിന്റെ പല ഭാഗത്തുമുള്ള ജനലുകളുടെ ചില്ലുകൾ തകരുന്നു. എന്താണ് സംഭവിക്കുന്നത് എന്നറിയാതെ പൈലി ഞെട്ടലിൽ ചുറ്റും നോക്കുന്നു. പൈലിയുടെ നോട്ടത്തിൽ ചായക്കടയുടെ ഒരു വശത്ത് പൈലിയെ രൂക്ഷമായി നോക്കി നിൽക്കുന്ന ഷിബു. പൈലി ഒരു പിടിപാടും ഇല്ലാതെ ഷിബുവിനെ നോക്കുന്നു. താൻ നിന്നിടത്തു നിന്ന് കൊടുങ്കാറ്റുപോലെ പാഞ്ഞു വന്നു അസാധാരണ ശക്തിയോടെ പൈലിയുടെ കഴുത്തിൽ പിടിച്ചുയർത്തുന്ന ഷിബു. ഒരു നിമിഷം ശ്വാസം കിട്ടാതെ തന്റെ കൈകാലുകൾ ഇട്ടടിക്കുന്ന പൈലി. പൈലിയെ ഉയർത്തിപ്പിടിച്ചിട്ടുണ്ടെങ്കിലും ഷിബു ഇപ്പോൾ വല്ലാതെ തന്റെ ശ്വാസം ഒരിക്കൽക്കൂടി വലിച്ചു വിട്ടുകൊണ്ട് അല്പം കിതപ്പോടെ

**ഷിബു :-** ഉഷയോടു അങ്ങനെ ഒരുത്തനും സംസാരിക്കാൻ പാടില്ല..

പൈലി അമ്പരപ്പ് വിട്ടുമാറാതെ ഷിബുവിനെ നോക്കുന്നു. ഒന്ന് ശ്വാസം വലിച്ചുവിട്ടു ഒരു പുഞ്ചിരിയോടെ

**ഷിബു :-** മൊതലാളി ഇന്ന് പറഞ്ഞത് ഞാൻ കാര്യവാക്കുന്നില്ല.. പോട്ടെ.. പക്ഷെ ഇനി ഇങ്ങനെ ഉണ്ടായാ.. മുതലാളിയെ പടവാക്കി ചില്ലിട്ടു ഞാൻ ചുവരെ കേറ്റും.. എന്റെ ചിലവിത്തന്നെ ആറടി നീളത്തിൽ ഒരു കുഴിയും വെട്ടിത്തരും..

പൈലി ഭീതിയിൽ തന്റെ തല ആട്ടുന്നു. പൈലിയെ ഭിത്തിയുടെ നേരെ വലിച്ചെറിഞ്ഞിട്ട് വന്യമായ മുഖഭാവത്തിൽ നടന്നു നീങ്ങുന്നു. ഇപ്പോഴും അവന്റെ കൈകാലുകൾക്കു വിറയലുണ്ട്. എന്തോ ഓർത്തിട്ടെന്നപോലെ തിരിഞ്ഞു പൈലിയെ നോക്കി

**ഷിബു :-** ഇത് നാട്ടുകാരോടോ പോലീസുകാരോടോ ഒന്നും പറയാൻ നിക്കണ്ട..

തന്റെ പോക്കറ്റിൽ നിന്ന് ബീഡി എടുത്തു കത്തിച്ചു പുകച്ചുകൊണ്ട്

**ഷിബു :-** എന്നെ പിടിച്ചിടാനുള്ള വലിപ്പൊവൊന്നും ഇപ്പൊ ഇവിടുത്തെ ഒരു ജയിലിനും ഇല്ല..

പൈലിയുടെ റിയാക്ഷൻ .

പുഞ്ചിരിയോടെ **ഷിബു :-** ഞാൻ പോട്ടെ...

ഒരു ചെണ്ടമേളത്തിന്റെ പശ്ചാത്തലത്തിൽ ലുങ്കി മടക്കിയുടുത്ത് തിരിഞ്ഞു നടക്കുന്ന ഷിബു. ഷിബുവിന്റെ കാഴ്ചയിൽ മേശപ്പുറത്ത് ഉഷയുടെ കുട ഇരിപ്പുണ്ട്. ഷിബു തന്റെ കഴിവ് ഉപയോഗിച്ച് ആ കുട കയ്യിലേക്ക് ആക്കുന്നു. അത് കാണുന്ന പൈലിയുടെ റിയാക്ഷൻ.

CUT TO

**സീൻ - 46**

അനീഷ്,ബിൻസി,സാജൻ,വർക്കി,
പോത്തൻ,കുഞ്ഞൻ,ബിജി
പാച്ചൻ,ബിന്ദു,മെമ്പർ
സന്തോഷ്,കണ്ണപ്പൻ,ശാരദ
ഷിനോജ്,ഗോപൻ,സെൽവൻ
കുട്ടികൾ,കവലയിൽ ഉള്ളവർ

***കവല -അനീഷിന്റെ കട DAY- INT/EXT***

കഴിഞ്ഞ സീനിൽ കേട്ട ചെണ്ടമേളം തുടരുന്നു. കവലയുടെ ഒരു വശത്ത് കൂടി നിൽക്കുന്ന നാട്ടുകാർ. അനീഷിന്റെ പുതിയ സ്ഥാപനത്തിന്റെ ഉദ്ഘാടനം ആണ് അവിടെ നടക്കുന്നത്. സ്ഥാപനത്തിന്റെ മുൻപിൽ ചെണ്ടമേളം നടക്കുന്നുണ്ട്. 'ഗൾഫ് ഡ്യൂട്ടി പെയ്ഡ് ഷോപ്പ് ആൻഡ് ട്രാവൽ ഏജൻസി' എന്നാണു കടയുടെ പേര്. റിബ്ബൺ മുറിച്ചു കട ഉത്ഘാടനം ചെയ്യുന്ന ബിൻസി. ചുറ്റും നിൽക്കുന്ന ആളുകൾ കയ്യടിക്കുന്നു. മെമ്പർ ഉൾപ്പെടെയുള്ള ആളുകൾ അവിടെ നിൽപ്പുണ്ട്. കുറച്ചപ്പുറത്ത് മാറി നിന്ന് പാച്ചൻ പടക്കത്തിന് തീ കൊളുത്തുന്നു. സാജനും ബിൻസിയും അനീഷും കടയിലേക്ക് വരുന്നവർക്ക് ലഡു കൊടുക്കുന്ന തിരക്കിലാണ്. കടയുടെ മുൻപിൽ ഇരിക്കുന്ന നിരീക്ഷണ ക്യാമറയിലേക്ക് നോക്കി നിൽക്കുന്ന കുറച്ചു കുട്ടികൾ. ബിജി തന്റെ സ്ഥാപനത്തിന്റെ മുൻപിൽ നിന്ന് അനീഷിനെ തുറിച്ചു നോക്കുന്നുണ്ട്. അനീഷ് ബിജിയോട് ലഡു വേണോ എന്ന് ആംഗ്യത്തിൽ ചോദിക്കുന്നുണ്ട്. അത് മൈൻഡ് ചെയ്യാതെ നിൽക്കുന്ന ബിജി.

ആ ബഹളത്തിനിടയിലൂടെ കയ്യിൽ ഒരു പൊട്ടിച്ച കവറുമായി ധൃതിയിൽ ബിജിയുടെ കടയിലേക്ക് നോക്കി നടന്നുവരുന്ന വർക്കി. വർക്കിയെ കാണുന്ന ബിജി.
ഓവർ ലാപ്പ്

(V.O) **വർക്കി :-** കുറച്ചു മുമ്പാ ലെറ്റർ വീട്ടിൽ കിട്ടിയത്..

CUT TO

**സീൻ - 47**

ജെയ്സൻ,വർക്കി,ബിജി
കവലയിൽ ഉള്ളവർ

*കവല - ബിജിയുടെ സ്ഥാപനം DAY- INT/EXT*

തന്റെ ഓഫീസിനുള്ളിൽ ഇരുന്ന്
കവറിനുള്ളിലെ ലെറ്റർ വായിക്കുന്ന ബിജി.
സമീപം നിൽക്കുന്ന വർക്കി

**വർക്കി :-** കിട്ടിയപ്പോഴേ ഞാൻ ഇങ്ങു കൊണ്ടുപോന്നു..

പതിഞ്ഞ സ്വരത്തിൽ

**വർക്കി :-** സംഭവം ഞാൻ അവനെ കുറെ ചീത്ത പറഞ്ഞിട്ടുണ്ടെങ്കിലും അവൻ ഇത് കുറെ ആഗ്രഹിച്ചതാ..

ബിജിയുടെ മുഖത്ത് അങ്കലാപ്പ്. പെട്ടെന്ന്
ബിജിയുടെ സ്ഥാപനത്തിലേക്ക് കയറിവരുന്ന
ജെയ്സൻ. വർക്കിയെ അവിടെ കണ്ടതിന്റെ
അമ്പരപ്പ് ജെയ്സന്റെ മുഖത്തുണ്ട്.

ബിജിയോട് **ജെയ്സൻ :-** ബിജി.. എന്റെ പാസ്പോർട്ടിന്റെ വേരിഫിക്കേഷൻ റിജക്റ്റ് ആയിന്നു പോസ്റ്റ്മാൻ......

വാക്കുകൾ കിട്ടാതെ

**ജെയ്സൻ :-** എങ്ങനാ..? എന്താ പറ്റിയെ..?

**ബിജി :-** അറിയില്ല ജെയ്സാ.. നമ്മടെ ഡോക്യുമെൻസ് എല്ലാം ഓക്കെ ആയിരുന്നു ..

എന്തോ ആലോചനയോടെ

**ബിജി :-** നീയും നിന്റെ അളിയനും തമ്മി ഈ ഇടക്ക് എന്തോ പ്രശ്നം ഉണ്ടായില്ലേ..?? ഇനി അങ്ങേരു വല്ലോം പണിഞ്ഞതാണോ..?

അത് കേൾക്കുന്ന ജെയ്സന്റെയും
വർക്കിയുടെയും റിയാക്ഷൻ.

CUT TO

**സീൻ - 48**

ഷിബു,ഉഷ,ദാസൻ,കുക്കു,
കേശവൻ,കേശവന്റെഡ്രൈവർ
വഴിയാത്രക്കാർ

*ഉഷയുടെ വീട് DAY. INT/EXT*

ഉഷയുടെ വീട്ടുമുറ്റത്ത് കിടക്കുന്ന അമ്പാസിഡർ കാർ. കാറിന്റെ ബോഡിയിൽ വിരൽ ഉപയോഗിച്ച് പടം വരച്ച് കളിക്കുന്ന കുക്കു. വീടിന്റെ സിറ്റ്ഔട്ടിൽ ഇരിക്കുന്ന കേശവൻ. അയാൾ ചീപ്പ് എടുത്തിട്ട് തല ചീവുന്നു. തന്റെ മൂക്കിലേക്ക് വിരൽ അടുപ്പിക്കുന്ന കുക്കു. അവളുടെ മൂക്കിൽ നിന്ന് ചോര പൊടിയുന്നു. അവൾ അത് അല്പം ഭീതിയോടെ നോക്കി നിന്നിട്ട് കയ്യിലെ തൂവാലകൊണ്ട് തുടയ്ക്കുന്നു. അവൾ വീടിനുള്ളിലേക്ക് ഓടുന്നു. കുക്കുവിനെ തടഞ്ഞു നിർത്തുന്ന കേശവൻ.

**കേശവൻ :-** ഇങ്ങ് വാ ചോദിക്കട്ടെ....

കുക്കു കേശവനെ ഭേദിച്ച് 'അമ്മാ..' എന്ന് വിളിച്ചുകൊണ്ട് അകത്തേക്ക് പോകുന്നു.

CUT TO

*ഉഷയുടെ വീട് - അടുക്കള - DAY- INT*

അടുക്കളയിൽ നിൽക്കുന്ന ദാസനും ഉഷയും. അടുപ്പിൽ ചായ തിളയ്ക്കുന്നുണ്ട്. ഉഷ തുടരുന്നു

**ഉഷ :-** പണ്ട് ചെയ്തത് എല്ലാം എന്റെ അറിവില്ലായ്മ കൊണ്ടാ.. അയാളെന്നെ പറ്റിക്കുവെന്നു എനിക്കറിയില്ലാരുന്നു..

അവളുടെ കണ്ണുകൾ നിറഞ്ഞിട്ടുണ്ട് ഇപ്പോൾ. തൊണ്ട ഇടറി വിങ്ങലോടെ

**ഉഷ :-** കൊറേ അനുഭവിച്ചു ഏട്ടാ.. കൊറേ....

അവൾക്ക് കൂടുതൽ ഒന്നും പറയാൻ കഴിയാതെ അവളുടെ ചുണ്ടുകൾ വിറയ്ക്കുന്നു.

**ഉഷ :-** ഇനിയൊരു കല്ല്യാണം എനിക്ക് വേണ്ട.. ഏട്ടൻ എന്നെ ഒന്ന് മനസ്സിലാക്ക്..

ദാസന്റെ റിയാക്ഷൻ

**ദാസൻ :-** കേശവേട്ടന് നമ്മടെ കാര്യങ്ങൾ ഒക്കെ അറിയാം.. അയാൾക്ക് നിന്നോട് ഒരു അടുപ്പം തോന്നിയകൊണ്ട് എന്നോട് വന്നു സംസാരിച്ചെന്നേ ഉള്ളൂ..

ദാസൻ ഉഷയുടെ പ്രതികരണത്തിനായി അവളെ ഒന്ന് നോക്കുന്നു. ഒരു നിമിഷം ഉഷ മൌനം പാലിക്കുന്നു.

**ദാസൻ :-** നീ സമ്മതിക്കുവാരുന്നേൽ എന്റെ കൊറേ പ്രശ്നങ്ങൾ മാറിയേനെ.....

കുക്കു അവർ സംസാരിക്കുന്ന മുറിയിൽ എത്തുന്നു. എന്തോ പറയാൻ എന്നോണം ഉഷയെ നോക്കി

**കുക്കു :-** അമ്മേ.....

കുക്കുവിനെ നോക്കി രൂക്ഷമായി ഉഷ

**ഉഷ :-** എന്താടീ....?

അത് കാണുമ്പോൾ ഭയത്തിൽ കുക്കു 'ഒന്നുമില്ല' എന്ന് ആംഗ്യം കാണിച്ചിട്ട് അവിടെനിന്ന് പോകുന്നു.

**ദാസൻ :-** എന്നോടുള്ള ദേഷ്യം കുഞ്ഞിനോട് തീർക്കണ്ടടീ മോളേ.. എനിക്ക് മനസ്സിലാവും.. നീ പോയ അന്ന് വീണതാ നമ്മടെ അച്ഛൻ..
പിന്നെ എണീറ്റിട്ടില്ല. നിന്നോട് മനസ്സിൽ വെറുപ്പൊന്നും ഇല്ലാരുന്നു.. കെട്ടിയോനേം കൂട്ടി നീ വരുന്നത് നോക്കി അങ്ങേര് കുറേക്കാലം കെടന്നു.. അവസാനം നരകിച്ച് ചത്തു..

ഉഷയുടെ റിയാക്ഷൻ.
വാഷ് ബേസിനിൽ ചോര തുപ്പുന്ന ഉഷയുടെ മകൾ കുക്കു. അവളുടെ മൂക്കിലൂടെയും ചോര വരുന്നുണ്ട്.
അടുക്കള

**ദാസൻ :-** അച്ഛനെ ചികിത്സിക്കാൻ വേണ്ടി വാങ്ങിച്ചുകൂടിയതാ കടം മൊത്തം..
അന്നതൊക്കെ തരാൻ ആ പുറത്തിരിക്കുന്ന മനുഷ്യൻ മാത്രേ ഉള്ളാരുന്നു..
അതുകൊണ്ടാ അങ്ങേരോട് മറുത്ത് പറയാൻ ഒരു മടി.. സാരവില്ല.. എന്റെ കടം വീട്ടാൻ വേണ്ടി നീ നിന്റെ ജീവിതം കളയേണ്ട..

ഉഷയുടെ മുഖത്ത് മൌനം. ദാസൻ പറഞ്ഞത് വല്ലാതെ അവളെ മുറിവേൽപ്പിച്ചിട്ടുണ്ട് എന്ന് ഉഷയുടെ മുഖത്തുനിന്ന് വ്യക്തമാണ്.
ദാസൻ വെളിയിലേക്ക് പോകാൻ തുടങ്ങുമ്പോൾ

**ദാസൻ :-** എന്റെ ജീവിതം എന്തായാലും പോയി.. പോട്ടേ...

ഉഷയുടെ കാഴ്ച്ചയിൽ തിളച്ചു പൊങ്ങുന്ന ചായ.
കുക്കുമോളുടെ കളിപ്പാട്ടമെടുത്ത് കളിച്ചുകൊണ്ട് ഇരിക്കുന്ന കേശവൻ.
ഉമ്മറത്തേക്ക് എത്തുന്ന ദാസൻ.

കേശവനോട് **ദാസൻ :-** അവൾക്ക് ചെറിയൊരു തലവേദന.. നമ്മക്ക് വേറെ ഒരു ദിവസം ആക്കിയാലോ..?

കേശവൻ അതിനു മറുപടി പറയാൻ തുടങ്ങുമ്പോഴേക്കും അവിടേക്ക് എത്തുന്ന ഉഷ. അവൾ തന്റെ മുഖത്ത് കൃത്രിമമായ ഒരു ചിരി വരുത്തി ട്രേ കേശവന് നേരെ നീട്ടുന്നു. കേശവൻ മുഖത്ത് ഒരു പുഞ്ചിരിയോടെ ആ ട്രേയിൽ നിന്ന് ചായ ഗ്ലാസ് എടുക്കുന്നു. ഉഷയുടെ പിന്നിലൂടെ വരുന്ന ദാസൻ ഉഷയെ അവൾ അറിയാതെ നോക്കി നിൽക്കുന്നു.
കേശവനും ദാസനും കാറിൽ കയറി അവിടെനിന്നു പോകുന്നു. ഉമ്മറത്തെ പടിയിൽ ഇരിക്കുന്ന ഉഷ. അവളുടെ കണ്ണുകൾ നിറയുന്നു. ദേഷ്യവും സങ്കടവും കടിച്ചമർത്തി ഉഷ വിതുമ്പുന്നു.

**ഷിബു :-** ഉഷേ..

ഉഷ തലയുയർത്തി നോക്കുമ്പോൾ വീട്ടുമുറ്റത്ത് ഷിബു. അവന്റെ കയ്യിൽ ഉഷ ചായക്കടയിൽ വച്ച് മറന്ന കുടയുണ്ട്.

**ഷിബു :-** ഞാനിത് തരാൻ വന്നതാ..

ഉഷ ആ കുട വാങ്ങിക്കുന്നു.

**ഷിബു :-** എന്നെ ഓർമ്മയുണ്ടോ..?
സതീശനെ ഇട്ടിട്ടു പോന്നു അല്ലേ..? ഉഷ ഇനി തിരിച്ചു പോണുണ്ടോ..?

ഷിബുവിനോടായി വിങ്ങിപ്പൊട്ടിയ ശബ്ദത്തിൽ

**ഉഷ :-** നെനക്കെങ്കിലും എന്നെ വെറുതെ വിട്ടൂടെ ഷിബൂ.. ഞാൻ ആർക്കും ഒരു ദ്രോഹോം ചെയ്യുന്നില്ലല്ലോ...കുട കൊണ്ടുവന്നതിനു നന്ദി..

ഉഷ പറഞ്ഞത് മുഴുവിപ്പിക്കും മുന്നേ അവിടേക്ക് വരുന്ന കുക്കു. ഷിബു എന്തോ കണ്ടിട്ടെന്നപോലെ 'മോളെ' എന്ന് വിളിച്ച് കുക്കുവിന്റെ അടുത്തേക്ക് ഓടിച്ചെല്ലുന്നു. കുക്കുവിന്റെ മൂക്കിലും ഡ്രസ്സിലും ചോരയാണ്. അവൾ കരയുന്നുണ്ട്. ഉഷ എന്ത് ചെയ്യണം എന്ന് അമ്പരന്നു നിൽക്കുന്നു. ഷിബു കുക്കുമോളെ അങ്കലാപ്പിൽ എടുക്കുന്നു.

**സീൻ - 49**

ജെയ്സൻ,സാജൻ,വർക്കി,പോത്തൻ
,ആന്റോ,സന്തോഷ്,ഷിനോജ്
മറ്റ്പോലീസുകാർ

***പോലീസ് സ്റ്റേഷൻ - EVENING - INT/EXT***

പോലീസ് സ്റ്റേഷനിൽ എസ്.ഐ.സാജന്റെ മുൻപിൽ ഇരിക്കുന്ന ജെയ്സനും വർക്കിയും. പോത്തൻ ഉൾപ്പടെയുള്ള ബാക്കിയുള്ള പോലീസുകാരും അവിടെയുണ്ട്. മറ്റൊരു വശത്ത് സ്റ്റേഷൻ സെല്ലിന്റെ ലോക്ക് ജാം ആയി ഇരിക്കുകയാണ്. അത് ശരി ആക്കുന്ന തിരക്കിലാണ് ഷിനോജും വേറെ ഒരു പോലീസുകാരനും. സെല്ലിന്റെ അകത്ത് കിടക്കുന്ന പ്രതിയും ഷിനോജിനെ സഹായിക്കുന്നുണ്ട്. ഷിനോജിനെ ഒന്ന് നോക്കിക്കൊണ്ട്

**സാജൻ :-** വല്ലതും നടക്കുവോഡേയ്..?

**ഷിനോജ് :-** കുറച്ച് കോംപ്ലിക്കേറ്റട് ആണ് സാർ..

**ആന്റോ :-** സാർ...ഇന്ന് ഒരു ദിവസം എന്നെ തുറന്നുവിടുവോ....വൈകുന്നേരം സിനിമാനടൻ സുധീഷ് വരുമ്പോ കാണാനാ..

**സാജൻ :-** മിണ്ടായിരിയെട നീ....ആ പാവം പാത്തുമ്മേടെ ആടിനെ കട്ടോണ്ട് ഓടീതല്ലേ....അവടെ കെടക്ക്...

സാജൻ തിരിഞ്ഞു വർക്കിയെ നോക്കി എന്തോ ഓർത്ത് എടുത്തുകൊണ്ട്

**സാജൻ :-** എന്തായിരുന്നു ജെയ്സാ കാര്യം..?

**ജെയ്സൻ :-** സർ.. എന്റെ പാസ്പോർട്ടിന്റെ വെരിഫിക്കേഷൻ..

**സാജൻ :-** ഫെയിൽ ആയി അല്ലെ..? കഷ്ടായിപ്പോയി കേട്ട..

**ഭവ്യതയിൽ ജെയ്സൻ :-** സാറേ.. അളിയനെ തല്ലിയേന്റെ പേരിലാ എന്റെ വേരിഫിക്കേഷൻ ഫെയിൽ ആക്കിയെങ്കിൽ.. അളിയനോട് ക്ഷമ ഞാൻ..

ഇടക്ക് കയറി അല്പം ദേഷ്യം അഭിനയിച്ച്

**സാജൻ :-** എന്ന് ആര് പറഞ്ഞത്..? പോത്തൻ ഒന്നുവില്ലേലും നിന്റെ പെങ്ങടെ കെട്ടിയോനല്ലേ.. അവൻ അങ്ങനെ ചെയ്യുവോ..?

പോത്തനെ നോക്കി

**സാജൻ :-** ചെയ്യോ ...?? പോത്താ..?

**പോത്തൻ :-** ഏയ്..

ജെയ്സനോട്

**സാജൻ :-** നിന്റെ വേരിഫിക്കേഷന് വന്നവര് നിന്നെ പാസ് ആക്കിവിട്ടതാരുന്നു.. പിന്നെ ഞാൻ ഇടപെട്ടിട്ടാണ് ഫെയിൽ ആക്കിയത്.. അങ്ങനെ ആ ക്രെഡിറ്റ് നിന്റെ അളിയന് കൊടുക്കണ്ട..

സാജൻ എന്തോ പറയാൻ തുടങ്ങുമ്പോഴേക്കും ഷിനോജ് ഒരു കമ്പികൊണ്ട് പൂട്ട് പൊട്ടിക്കാൻ ശ്രമിക്കുന്നതിന്റെ ശബ്ദം കേൾക്കുന്നു. സാജൻ ഷിനോജിനെ നോക്കി കൊണ്ട്

**സാജൻ :-** ഡേയ്.. ഷിനോജെ.. നിന്റെ കാര്യം കുറച്ച് കഷ്ടം തന്നെ കേട്ടാ.. ഇവിടൊരു കാര്യം സംസാരിക്കുന്ന കണ്ടില്ലേ..?

ഷിനോജ് പരുങ്ങുന്നു. ഷിനോജ് ആ കമ്പി താഴെ വക്കുന്നു.

**ജെയ്സൻ :-** സാറേ.. സാറ് എന്നെ ദ്രോഹിക്കരുത്.. ഞാൻ അന്ന് അറിയാതെ.. വെള്ളമടിച്ചിട്ട് ..

സാജൻ ഒന്ന് ചിരിക്കുന്നു. ജെയ്സന്റെയും വർക്കിയുടെയും റിയാക്ഷൻ.

**സാജൻ :-** ജെയ്സാ.. നെനക്ക് എത്ര തന്തയാണ്ടെടാ..?

ഇടക്ക് കയറി

**വർക്കി :-** സാറേ.. മര്യാദക്ക് സംസാരിക്കണം..

സാജന്റെ റിയാക്ഷൻ.

**സാജൻ :-** ഓ.. വർക്കിച്ചന് വായില് നാക്കൊക്കെ ഒണ്ടോ..? ഇതെന്റെ മര്യാദയുടെ അങ്ങേയറ്റവാ വർക്കിച്ചാ.. ജെയ്സാ നിന്റെ പല സർട്ടിഫിക്കറ്റിലും നിന്റെ തന്തേടെ പേര് പലതാണല്ലോഡേയ്.. അതെന്തടെ അങ്ങനെ..? ഞങ്ങക്കൊന്നും അങ്ങനല്ലല്ലോ..?

സാജൻ തന്റെ മേശപ്പുറത്തുനിന്ന് ജെയ്സന്റെ ബെർത്ത് സർട്ടിഫിക്കറ്റിന്റെ കോപ്പിയും SSLC സർട്ടിഫിക്കറ്റിന്റെ കോപ്പിയും എടുത്ത് കാണിച്ചുകൊണ്ട്

**സാജൻ :-** നിന്റെ ബർത്ത് സർട്ടിഫിക്കറ്റിൽ തന്തേടെ പേര് മാർട്ടിൻ എന്നും നിന്റെ എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിൽ വർക്കീന്നുവാ.. അങ്ങനെ ഡോക്യുമെൻസ് ഒത്തുപോകാത്തപ്പോൾ ഞങ്ങൾ എങ്ങനെ വേരിഫിക്കേഷൻ പാസ് ആക്കിത്തരും.. ജെയ്സൻ പറ.....

**ജെയ്സൻ :-** അത് ബർത്ത് സർട്ടിഫിക്കറ്റ് ചെയ്തയാൾക്ക് അന്ന് തെറ്റിപ്പോയതാ സാർ.. അത് കുഴപ്പവില്ലെന്ന് പറഞ്ഞാരുന്നു..

ഒരു ചിരിചിരിച്ചിട്ട്

**സാജൻ :-** അതുകൊണ്ടാണല്ലേ..? അപ്പൊ അനിയന് പഴയ കഥകൾ ഒന്നും അറിഞ്ഞുകൂടല്ലേയ്?..

വർക്കിയെ നോക്കി

**സാജൻ :-** അതെന്നാ വർക്കിച്ചാ പറയാതിരുന്നത്..?

അപേക്ഷയുടെ സ്വരത്തിൽ

**വർക്കി :-** സാറേ....

വർക്കിയുടെ മുഖം മാറുന്നു. അത് ശ്രദ്ധിച്ചുകൊണ്ട്

**സാജൻ :-** സത്യം വർക്കിച്ചനു അറിയാം.. വർക്കിച്ചൻ ഇപ്പൊ അത് പറയണം..

വർക്കി ഒന്നും മിണ്ടുന്നില്ല.

**സാജൻ :-** ആ പറ വർക്കിച്ചാ.. സത്യം ഇവനോട് പറ.. ഇവന്റെ അഹങ്കാരം ഒരു പൊടിക്ക് കുറയട്ടെ..

വർക്കി എന്തോ പറയാൻ വെമ്പുന്നുണ്ട്

**സാജൻ :-** പറ വർക്കിച്ചാ..
വർക്കിച്ചൻ പറഞ്ഞില്ലേ ഞാൻ പറയും കേട്ടാ..

വർക്കിയുടെ റിയാക്ഷൻ.
ജെയ്സനെ നോക്കിക്കൊണ്ട്

**സാജൻ :-** എടാ ചെക്കാ നിന്റെ തന്ത ഇയാള് അല്ല.. ഒരു നാടകക്കാരനാ..

ജെയ്സൻ ഞെട്ടലോടെ വർക്കിയെ നോക്കുന്നു. വർക്കി ഇപ്പോൾ തല കുനിച്ചിരിക്കുകയാണ്.

**സാജൻ :-** ഒരു മാർട്ടിൻ.. ഒരു പെരുന്നാളിന് ഏതോ പള്ളീല് നാടകം കളിക്കാൻ പോയതാ.. അവിടുത്തെ വെടിപ്പുര പൊട്ടി തെറിച്ചു ആള് കാഞ്ഞുപോയി.. അതിന്റെ കൂട്ടത്തിൽ നിന്റെ ഓർമ്മയും അടിച്ച് പോയ് പോയി.. അന്ന് തൊട്ടു ഈ പരട്ടക്കെളവൻ നിന്റെ തന്തയാന്നും പറഞ്ഞു നിന്നെ പറ്റിക്കുന്നതാ.. നിന്റെ നാടും നിന്റെ വീടും നിന്റെ തന്തേം ഒന്നും ഇതല്ല.. നീ എവിടുന്നോ വലിഞ്ഞു കേറി വന്ന വരത്തനാ..

വർക്കിയെ നോക്കി

**സാജൻ :-** എന്താ അങ്ങനെയല്ലേ വർക്കീ..?

സാജൻ ദേഷ്യത്തിൽ മേശപ്പുറത്ത് കൈകൊണ്ട് ആഞ്ഞ് അടിക്കുന്നു.

ദേഷ്യത്തിൽ **സാജൻ :-** അങ്ങനെ അല്ലേന്ന്..?

വർക്കി ഒന്നും മിണ്ടുന്നില്ല.
വർക്കിയെ നോക്കി

**ജെയ്സൻ :-** അപ്പാ....

വർക്കി ജെയ്സനെ നോക്കാതെ നേരെ തന്നെ നോക്കി നിറകണ്ണുകളോടെ ഇരിക്കുകയാണ്.

**സാജൻ :-** എടാ തന്തയില്ലാത്തവനെ.. നീ ഇന്നാള് എന്റെ മോൾടെ അടുത്ത് എന്തോന്ന് ഡയലോഗ് അടിച്ചത്.. നീ പൊറത്ത് പോയി കാശ്കാരൻ ആവുവല്ലേ..?

ജെയ്സന്റെ റിയാക്ഷൻ. ജെയ്സനെ നോക്കി പരിഹാസത്തിൽ

**സാജൻ :-** ഡേയ് ജെയ്സാ.. പുറത്ത് പോയില്ലെങ്കിൽ എന്ത്.. നമ്മടെ നാട്ടിൽ വേറെന്തൊക്കെ പണികൾ കെടക്കുന്നു.. ഓട വൃത്തിയാക്കാം, കക്കൂസ് കഴുകാം, ശവം കുഴിച്ചിടാം.. അങ്ങനെന്തൊക്കെ.. ഞാൻ ഇവിടെ ഉള്ളടത്തോളംകാലം നീ ഒരു കോത്താഴത്തോട്ടും പോവയും ഇല്ല.. നീ ഒരു തേങ്ങാ ആവാനും പോണില്ല.. പോലീസുകാരുടെ അടുത്തോ കളിക്കണത്.. റാസ്കൽ..

അത് കേൾക്കുമ്പോൾ ജെയ്സൻ തന്റെ പല്ലുകൾ ഇറുമ്മുന്നു. അത് കാണുമ്പോൾ വർക്കി ജെയ്സന്റെ കയ്യിൽ കയറിപ്പിടിക്കുന്നു. ജെയ്സൻ കൈ വിടുവിപ്പിച്ചിട്ടു ഒന്നും മിണ്ടാതെ അവിടെ നിന്ന് വെളിയിലേക്ക് ഇറങ്ങിപ്പോകുന്നു. അവന്റെ കണ്ണുകൾ നിറഞ്ഞിട്ടുണ്ട്. അത് കണ്ടു നിൽക്കുന്ന വർക്കി കലിപ്പിച്ചു സാജനെ നോക്കുന്നു. അത് മനസ്സിലാക്കി

**സാജൻ :-** എന്താടാ..?

വർക്കി സാജനെ കലിപ്പിച്ചു നോക്കുന്നു.

CUT TO

**സീൻ - 50**

ഷിബു,ഉഷ,ലേഡിഡോക്ടർ
ഹോസ്പിറ്റൽജീവനകാർ
രോഗികൾ

***ഹോസ്പിറ്റൽ EVENING -INT***

ഒരു ലേഡി ഡോക്ടറുടെ മുറി.
മുറിക്കുള്ളിൽ നിൽക്കുന്ന ഉഷയും
ഷിബുവും.

**ഡോക്ടർ :-** ഉഷയോട് ഞാൻ കഴിഞ്ഞവട്ടോം പറഞ്ഞതല്ലേ കുഞ്ഞിന്റെ ഓപ്പറേഷൻ വൈകിപ്പിക്കല്ലേന്നു..??

ഉഷ തന്റെ തല കുനിച്ചു നിൽക്കുന്നു.
അവൾ വിങ്ങിപ്പൊട്ടുകയാണ്. അത്
കാണുന്ന ഷിബു. അവളുടെ കണ്ണുനീർ
അവനു താങ്ങാൻ ആവുന്നില്ല. ഒരു നിമിഷം
ഒന്ന് ശാന്തയായി

**ഡോക്ടർ :-** ഇന്ന് തന്നെ ഓപ്പറേഷൻ നടത്തണം.. കാശടച്ചാ ബാക്കി പ്രോസീജിയെഴ്സ് തൊടങ്ങാം....

മറുപടിയില്ലാതെ നിൽക്കുന്ന ഉഷ

**ഡോക്ടർ :-** ഉഷ.. കുഞ്ഞിന്റെ ജീവൻ വച്ച് കളിക്കല്ല്...

ഇടക്ക് കയറി ഷിബു

**ഷിബു :-** ഡോക്ടർ ബാക്കി കാര്യങ്ങൾ നോക്കിക്കോ.. കാശ് ഞാൻ കൊണ്ടുവരാം..

**ഡോക്ടർ :-** ഉഷേടെ ആരാ..?

**ഷിബു :-** വേണ്ടപ്പെട്ട ഒരാളാ..

അമ്പരപ്പിൽ ഷിബുവിനെ നോക്കുന്ന ഉഷ.

ഉഷയോട് **ഷിബു :-** വെഷമിക്കണ്ടാ..

ഉഷയുടെ പ്രതികരണത്തിന് കാത്തു
നിൽക്കാതെ ഷിബു അവിടെനിന്ന്
പുറത്തേക്ക് വേഗത്തിൽ നടന്നു
തുടങ്ങുമ്പോൾ

CUT TO BLACK

**സീൻ - 51**
**ഫ്ലാഷ്ബാക്ക്**

ജെയ്സന്റെ ചെറുപ്പം(6),വർക്കി,മാർട്ടിൻ
ചിതറിയോടുന്ന നാട്ടുകാർ

**പള്ളിക്കുന്ന് പള്ളി മൈതാനം *-സ്റ്റേജ് - NIGHT - EXT***

പടത്തിന്റെ ആദ്യ സീനിൽ കണ്ട സ്റ്റേജും നാടകവും. നാടകം കണ്ടുകൊണ്ടിരിക്കുന്ന ജെയ്സന്റെ ചെറുപ്പം. സ്റ്റേജ് പൊട്ടിത്തെറിക്കുന്നു. അമ്പരപ്പോടെ അത് നോക്കി നിൽക്കുന്ന ജെയ്സൻ. മെല്ലെ അവൻ പൊട്ടിക്കരച്ചിലിലേക്ക് വഴി മാറുന്നു. പൊട്ടിക്കരഞ്ഞുകൊണ്ട് അവൻ സ്റ്റേജിനുനേരെ ഓടുന്നു. പെട്ടെന്ന് ജെയ്സൻ നിന്നിരുന്ന ഭാഗത്തും ഒരു പൊട്ടിത്തെറി ഉണ്ടാവുന്നു. ബോധരഹിതനായി നിലത്തേക്ക് തെറിച്ചു വീഴുന്ന ജെയ്സൻ. ജെയ്സനെ പൊക്കി എടുക്കുന്ന വർക്കി.

**സീൻ - 52** ജെയ്സൻ,വർക്കി,ജെസ്മി, ജോസ്മോൻ

*ജെയ്സന്റെ വീട് - NIGHT - INT*

തന്റെ മുറിയിലെ ജനലിലൂടെ വെളിയിലേക്ക് നോക്കി നിൽക്കുന്ന ജെയ്സൻ. പുറത്തെ മുറിയിൽ ജോസ്മോനും ജെസ്മിയും ഇരിപ്പുണ്ട്.

CUT TO

വഴിയിൽ നിന്ന് വീട്ടിലേക്ക് മെല്ലെ കയറി വരുന്ന വർക്കി. വർക്കിയുടെ നോട്ടത്തിൽ ജോസ്മോനും ജെസ്മിയും.

അവരോടായി **വർക്കി :-** അവനെന്തിയേ..?

ജെസ്മി ജെയ്സന്റെ മുറി ചൂണ്ടിക്കാണിക്കുന്നു. ഒരു നിമിഷം ആ മുറിയിലേക്ക് നോക്കി നിന്നശേഷം വർക്കി തന്റെ മുറിയിലേക്ക് പോകുന്നു.

CUT TO

ജെയ്സന്റെ മുറിയിൽ എത്തി,

**വർക്കി :-** മോനേ..

വിളികേട്ട് തിരിയുന്ന ജെയ്സൻ. ജെയ്സന്റെ കാഴ്ച്ചയിൽ മുറിക്കകത്തുള്ള ഒരു മേശയുടെ മുകളിലേക്ക് വർക്കി ഒരു ട്രങ്ക് പെട്ടി വെയ്ക്കുന്നു. ജെയ്സന്റെയും വർക്കിയുടെയും കണ്ണുകൾ തമ്മിൽ ഇടയുന്നുണ്ട് എങ്കിലും അവർക്കിരുവർക്കും ഒന്നും സംസാരിക്കാൻ കഴിയുന്നില്ല.

ഇടറിയ ശബ്ദത്തിൽ **വർക്കി :-** അവൾ എല്ലാം നിന്നോട് പറഞ്ഞു അല്ലേയ്..?

ജെയ്സന്റെ മുഖത്ത് മൌനം. അവൻ തലയാട്ടുന്നു.

തുടരുന്ന **വർക്കി :-** നേരത്തെ പറയണം എന്ന് ഉണ്ടായിരുന്നു.. സ്വാർത്ഥതകൊണ്ട് പറയാഞ്ഞതാ.. സത്യം അറിഞ്ഞാൽ ചിലപ്പം നീ എന്നെ അപ്പാന്നു വിളിച്ചില്ലെങ്കിലോ..?

ഒന്ന് നിർത്തിയിട്ട്

**വർക്കി :-** നിന്റെ അച്ഛന്റെ പെട്ടിയാ.. ഇത് മാത്രേ എന്റെ കയ്യിൽ ഉള്ളൂ..

ജെയ്സന്റെ റിയാക്ഷൻ.

വർക്കി വീണ്ടും എന്തോ പറയാനായി ശ്രമിച്ചെങ്കിലും അയാൾ അത് മുഴുമിപ്പിക്കാതെ പെട്ടി അവിടെ വച്ചശേഷം ആ മുറിയിൽ നിന്ന് ഇറങ്ങിപ്പോകാൻ തുടങ്ങുന്നു. ഒരു നിമിഷം എന്തോ ആലോചിച്ചിട്ടെന്നോണം തിരിഞ്ഞു നിന്ന്

**വർക്കി :-** പിന്നെ നിന്റെ അപ്പൻ വെറുതെ ഒരു പൊട്ടിത്തെറിയിൽ മരിച്ച ആളൊന്നുവല്ല..

അതുപറയുമ്പോൾ വർക്കിയുടെ മുഖത്ത് അഭിമാനമുണ്ട്. ജെയ്സൻ അല്പമാത്ര അത് നോക്കിനിന്നശേഷം തന്റെയടുത്തിരിക്കുന്ന പെട്ടിയിലേക്ക് ഒന്ന് നോക്കുന്നു. ജെയ്സന്റെ ഓർമ്മകളിൽ അവൻ ആ പെട്ടി നേരത്തെ കണ്ടിട്ടുണ്ട്. പെട്ടിയുടെ ദൃശ്യത്തിനൊപ്പം പശ്ചാത്തലത്തിൽ നാടകബെല്ലിന്റെയും റിഹെഴ്സലിന് ഇടയിലുള്ള സംഭാഷണങ്ങളുടെയും ANNOUNCEMENT-ന്റെയും ശബ്ദം ജെയ്സന്റെ മനസ്സിലേക്ക് വരുന്നു.

FLASH CUT TO

**സീൻ - 53**

ജെയ്സന്റചെറുപ്പം(6),മാർട്ടിൻ,
വർക്കി,
മറ്റ് നാടകക്കാർ

**റിഹേഴ്സൽ ക്യാമ്പ് *DAY -INT***

***ഫ്ലാഷ്ബാക്ക്***

വർഷങ്ങൾക്ക് മുൻപ് റിഹേഴ്സൽ ക്യാമ്പിൽ അതെ ട്രങ്ക് പെട്ടിയോട് ഒപ്പം ചേർന്ന് നിൽക്കുന്ന ആറുവയസുകാരൻ ജെയ്സൻ. അവന്റെ കാഴ്ച്ചയിൽ റിഹേഴ്സൽ ക്യാമ്പിൽ ഉള്ള കലാകാരന്മാരെ നാടകം പഠിപ്പിക്കുന്ന അവന്റെ അച്ഛൻ മാർട്ടിൻ.

**(V.O) വർക്കി :-** അങ്ങേർക്ക് വേണമെങ്കിൽ അന്ന് ആ അപകടത്തീന്നു ബാക്കിയുള്ളവരെപ്പോലെ ഓടി രക്ഷപ്പെടാരുന്നു..

CUT TO

**സീൻ - 53A**
***ഫ്ലാഷ്ബാക്ക്***

മാർട്ടിൻ,ജെയ്സന്റെ ചെറുപ്പം(6)
ഗ്രൗണ്ടിൽ ഉള്ള മറ്റാളുകൾ

**പള്ളിക്കുന്ന് പള്ളി മൈതാനം- *സ്റ്റേജ് NIGHT-EXT***

**'പള്ളിക്കുന്നിലെ പുണ്യാളൻ'** എന്ന നാടകത്തിന്റെ കട്ട് ഔട്ട്. മാർട്ടിന്റെ ഒപ്പം നോക്കി നിൽക്കുന്ന ജെയ്സൻ.

CUT TO

മാർട്ടിൻ,ജെയ്സന്റെ ചെറുപ്പം(6)
വർക്കി
മറ്റ് നാടകക്കാർ,
കമ്മിറ്റിക്കാർ,ജനങ്ങൾ

**സീൻ - 53B**
***ഫ്ലാഷ്ബാക്ക്***

**പള്ളിക്കുന്ന് മൈതാനം.*-ബാക്ക് സ്റ്റേജ് NIGHT-EXT***

അതേ നാടകത്തിലെ പുണ്യാളന്റെ വസ്ത്രം ധരിച്ചു നാടകത്തിന്റെ പിന്നണിയിൽ നിൽക്കുന്ന മാർട്ടിൻ. ജെയ്സൻ അപ്പോൾ വർക്കിയുടെ കൈകളിൽ പിടിച്ചിരിക്കുകയാണ്. മാർട്ടിൻ ജെയ്സന് റ്റാറ്റാ കൊടുക്കുന്നു.

CUT TO

ജെയ്സന്റെ ചെറുപ്പം (6),വർക്കി,മാർട്ടിൻ
മറ്റ് നാടകക്കാർ,കമ്മിറ്റിക്കാർ ,ജനങ്ങൾ

**സീൻ - 53C**
***ഫ്ലാഷ്ബാക്ക്***

**പള്ളിക്കുന്ന് മൈതാനം.-*സ്റ്റേജ് NIGHT-EXT***

വർക്കിയോടൊപ്പം നാടകം കണ്ടുകൊണ്ടിരിക്കുന്ന ജെയ്സൻ. അവൻ തന്റെ അച്ഛന്റെ വരവിനായി നോക്കി നിൽക്കുകയാണ്. ഗ്രൗണ്ടിലെ പലയിടങ്ങളിൽ പൊട്ടിത്തെറികൾ ഉണ്ടാകുന്നു.

**(V.O) വർക്കി :-** പക്ഷെ അങ്ങേരത് ചെയ്തില്ല.. അതുകൊണ്ട് മാത്രം രക്ഷപ്പെട്ട കുറേ ആളുകൾ ഇന്നും ജീവിച്ചിരിപ്പുണ്ട്..

CUT TO

**സീൻ - 53D**
***ഫ്ലാഷ്ബാക്ക്***

മാർട്ടിൻ, ജെയ്സന്റെ ചെറുപ്പം(6)
വർക്കി
മറ്റ് നാടകക്കാർ ,കമ്മിറ്റിക്കാർ
ജനങ്ങൾ

**പള്ളിക്കുന്ന് പള്ളി മൈതാനം-*സ്റ്റേജ് NIGHT-EXT***

അപകടത്തിൽ പെട്ട ആളുകളെ രക്ഷിക്കുന്ന മാർട്ടിൻ. രക്ഷാപ്രവർത്തനത്തിനു ഇടയിൽ സ്റ്റേജ് പൊട്ടിത്തെറിക്കുന്നു. അവിടെ നിന്നിരുന്ന മാർട്ടിൻ അപകടത്തിൽ പെടുന്നു. അത് കണ്ടുനിന്ന ജെയ്സന്റെ ചെറുപ്പം. ജെയ്സൻ ബോധാരഹിതൻ ആവുന്നു.

CUT BACK TO

**സീൻ - 54** ജെയ്സൻ,വർക്കി

***ജെയ്സന്റെ വീട് NIGHT --INT***

പൂട്ടിയ പെട്ടി തുറക്കുന്ന ജെയ്സന്റെ ആദ്യ കാഴ്ച്ചയിൽ ഫ്രെയിം ചെയ്തുവച്ചിരിക്കുന്ന ഒരു ഫോട്ടോ. ആ ഫോട്ടോയിൽ ജെയ്സന്റെ അച്ഛൻ മാർട്ടിനും കൈക്കുഞ്ഞായ ജെയ്സനും ആണ്. അവൻ ആ ഫോട്ടോയിലെ മാർട്ടിന്റെ മുഖം ഒന്ന് തലോടുന്നു.

**വർക്കി(V.O) :-** നിന്റെ അപ്പൻ ഒരു നായകൻ ആയിരുന്നെടാ...

ഒരു മികച്ച പശ്ചാത്തലസംഗീതത്തിലൂടെ ദൃശ്യം കടന്നു പോവുന്നു. ഫോട്ടോ മാറ്റിവച്ചശേഷം ജെയ്സൻ വീണ്ടും പെട്ടിയിലേക്ക് നോക്കുന്നു. പെട്ടി നിറയെ സ്ക്രിപ്റ്റുകളും നാടകത്തിന്റെ രംഗചിത്രങ്ങളും മറ്റുമാണ്. പെട്ടിയിൽ ഇരിക്കുന്ന പല സ്ക്രിപ്റ്റുകളും ഒന്ന് മറിച്ചു നോക്കുന്ന ജെയ്സൻ. അവസാനം ഒരു ബ്രൌൺ കവർ ഇട്ട് പൊതിഞ്ഞ ഒരു പൊതി അവന്റെ കണ്ണിൽ പെടുന്നു. ദൃശ്യത്തിനു മുകളിൽ പതിഞ്ഞ താളത്തിൽ പശ്ചാത്തല സംഗീതം കേട്ടുതുടങ്ങുന്നു. ജെയ്സൻ ആ കവർ പൊട്ടിക്കുമ്പോൾ അതിൽ 'മിന്നൽ മുരളി' എന്ന നാടകത്തിന്റെ സ്ക്രിപ്റ്റ് ആണ്. സ്ക്രിപ്റ്റിന്റെ മുൻപിൽ 'മിന്നൽ മുരളി' എന്നെഴുതിയിരിക്കുന്നു.

**FLASH CUT TO**

**സീൻ - 54A**
*ഫ്ലാഷ്ബാക്ക്*

ജെയ്സന്റെ ചെറുപ്പം(6)
മാർട്ടിൻ

**റിഹേഴ്സൽ ക്യാമ്പ് /ബാക്ക്സ്റ്റേജ് DAY -INT**

ദൃശ്യത്തിൽ 'മിന്നൽ മുരളി' എന്ന നാടകത്തിലെ മുരളിയുടെ വസ്ത്രം ഡിസൈൻ ചെയ്തുകൊണ്ടിരിക്കുന്ന മാർട്ടിൻ. അത് നോക്കിക്കൊണ്ട് ഇരിക്കുന്ന ആറുവയസ്സുകാരൻ ജെയ്സൻ. ഒരു നിമിഷം കൌതുകത്തിൽ ആ ചിത്രത്തിലേക്ക് നോക്കിയശേഷം

**ജെയ്സൻ :-** അച്ഛാ.. ആരാ ഈ മിന്നൽ മുരളി..?

**മാർട്ടിൻ :-** അത് അച്ഛന്റെ അടുത്ത നാടകത്തിന്റെ പേരാ..

**ജെയ്സൻ :-** മിന്നൽ മുരളി എന്താ ചെയ്യാ..?

ദൃശ്യത്തെ ഓവർലാപ്പ് ചെയ്തു ജെസ്മിയുടെ കരച്ചിൽ കേൾക്കുന്നു.

CUT BACK TO

**സീൻ - 54B**

ജെയ്സൻ,ജെസ്മി,വർക്കി
ജോസ്മോൻ

*ജെയ്സന്റെ വീട് - NIGHT -INT*

ജെസ്മിയുടെ കരച്ചിൽ കേട്ടിട്ട് എന്നോണം ട്രങ്ക് പെട്ടി അതേപടി വച്ച് ജെയ്സൻ മുറിയിൽ നിന്ന് ഇറങ്ങി വെളിയിലേക്ക് ചെല്ലുന്നു. ജെയ്സന്റെ കാഴ്ച്ചയിൽ വർക്കി ചുമയ്ക്കുന്നുണ്ട്. വർക്കിയുടെ വായിൽ നിന്നും ചോര പൊടിയുന്നുണ്ട്.

കരഞ്ഞുകൊണ്ട് **ജെസ്മി :-** അപ്പാ..

ജെസ്മിയോട് **ജോസ്മോൻ :-** അമ്മ ഒന്ന് ഒച്ച വെക്കാതിരുന്നെ..

ജെസ്മിയെ സമാധാനിപ്പിക്കാൻ എന്നോണം

**വർക്കി :-** ഒന്നുവില്ലെന്നു പറഞ്ഞില്ലേ....

ജെയ്സൻ നടന്നു വർക്കിയുടെ അടുത്ത് എത്തുന്നു. ജെയ്സനെ കാണുമ്പോൾ ജെസ്മിയും ജോസ്മോനും കൂടുതൽ ഒന്നും വർക്കിയോടു ചോദിക്കാതെ മിണ്ടാതിരിക്കുന്നു. വർക്കി ശക്തമായി ചുമയ്ക്കുന്നു. അയാൾ വേദനകൊണ്ട് തന്റെ നെഞ്ച് തടവുന്നുണ്ട്. അയാളുടെ നെഞ്ചിൽ തല്ലുകൊണ്ട് ചതഞ്ഞ പാടുണ്ട്. ആ ചതവിൽ ഒന്ന് തലോടി

**ജെയ്സൻ :-** അപ്പയെ അയാള് തല്ലിയോ..?

തപ്പിത്തടഞ്ഞു **വർക്കി :-** ഇല്ലാ.. ഞാൻ..

താൻ പറഞ്ഞത് മുഴുവിപ്പിക്കാൻ കഴിയാതെ ശക്തമായി ചുമയ്ക്കുന്ന വർക്കി. അയാൾക്ക് ശ്വാസം വലിക്കാൻ ബുദ്ധിമുട്ടുണ്ട്.
വർക്കി പറയുന്നത് മുഴുവൻ കേൾക്കാൻ നിൽക്കാതെ അകത്തേക്ക് നടക്കുന്ന ജെയ്സൻ. അവൻ തന്റെ പല്ലുകൾ ഇറുമ്മുന്നു. ദേഷ്യത്തിൽ തന്റെ മുഷ്ടികൾ ചുരുട്ടുന്നു. ജെയ്സന്റെ കയ്യിൽ നീല ഞരമ്പുകൾ തെളിയുന്നു . എന്തോ ഒന്ന് അവൻ മനസ്സിൽ തീരുമാനിച്ച് ഉറപ്പിച്ചിട്ടുണ്ട്.
അവനു പിന്നാലെ ചെല്ലുന്ന ജോസ്മോൻ. ജെയ്സൻ തന്റെ മുറിയിലെ കട്ടിലിൽ എന്തൊക്കെയോ ചിന്തിച്ചുകൊണ്ട് ഇരിക്കുകയാണ്. ഒരു നിമിഷാർദ്ധത്തിനു ശേഷം

**ജെയ്സൻ :-** നീ പറഞ്ഞ ആ അമേരിക്കക്കാരില്ലേ സൂപ്പർ ഹീറോസ്.. അവൻമ്മാരുടെ പരുപാടി എങ്ങനാ..?

ജോസ്മോന്റെ റിയാക്ഷൻ.

**ജോസ്മോൻ :-** അവര് മുഖമൂടിയും ഒരു തരം തുണിയും ഒക്കെ ഇട്ട് ദുഷ്ടന്മാരെ പോയി ഇടിക്കും..

ജെയ്സന്റെ മുഖം. ഒരു മാസ് പരിവേഷത്തിൽ ആണ് അവന്റെ ഇരിപ്പ്. അവന്റെ നോട്ടത്തിൽ മുൻപിൽ ഇരിക്കുന്ന പള്ളിക്കുന്ന് സ്കൂൾ ആനിവേഴ്സറിയുടെ നോട്ടീസ്. അതിൽ വിശിഷ്ടാതിഥികൾ അയ്യാ നടൻ സുധീഷിന്റെയും M.L.A യുടെയും പേരുകളും പടവും ഉണ്ട്.

CUT TO

**സീൻ - 55**

ബിജി,ജോസ്മോൻ,സഞ്ജയൻ
പരിപാടി അവതരിപ്പിക്കുന്ന കുട്ടികൾ
അദ്ധ്യാപകർ,
നാട്ടുകാർ ,സ്വാഗതസംഘം

***കുറുക്കന്മൂല സ്കൂൾ***
***NIGHT - INT/EXT***

കുറുക്കന്മൂല സ്കൂൾ വാർഷികം.
സ്കൂൾ ആനിവേഴ്സറിയുടെ പലപല കട്ട്സ്.
അരങ്ങിൽ പിള്ളേരുടെ പരുപാടി
നടക്കുന്നുണ്ട്. സ്റ്റേജിന്റെ പിന്നിൽ നിൽക്കുന്ന
ബിജി. സ്കൂൾ പിള്ളേരുടെ കരാട്ടെ
പെർഫോമൻസ് സ്റ്റേജിൽ അരങ്ങേറാൻ
പോകുന്നുണ്ട്. അതിന്റെ തയ്യാറെടുപ്പിലാണ്
ബിജി. ശിക്കാരി ശംഭുവിന്റെ വേഷം
ആനിവേഴ്സറിയുടെ പരിപാടിക്ക് വേണ്ടി
ധരിക്കുന്ന ജോസ്മോൻ.
ദൃശ്യത്തെ ഓവർലാപ് ചെയ്തു കേൾക്കുന്ന

**ANNOUNCEMENT :-** പ്രിയപ്പെട്ട കുറുക്കന്മൂല നിവാസികളെ.. ഈ
കൊല്ലം നടന്ന സബ്ജില്ല കലോത്സവത്തിന്റെ
സമ്മാനദാന ചടങ്ങ്നിർവഹിക്കുവാനായി
ബഹുമാനപ്പെട്ട പൊതുമരാമത്ത് എം.എൽ,എ
ശ്രീ കെ.സി.ഗോപാലനും പ്രശസ്ത സിനിമാതാരം
ശ്രീ. സുധീഷും എതാനും നിമിഷങ്ങൾക്കുള്ളിൽ
ഇവിടെ എത്തിച്ചേരുന്നതാണ്..

CUT TO

**സീൻ - 56**

ഷിബു ,ബാങ്ക്സെക്യുരിറ്റി
സുധീഷിന്റെ കാർഡ്രൈവർ
കണ്ണപ്പൻ
അനൌൺസ്മെന്റ് ടീം നാട്ടുകാർ

***കവല -സഹകരണ ബാങ്ക് NIGHT/ EXT***

കവലയിലൂടെ പാഞ്ഞുപോകുന്ന സിനിമാനടൻ സുധീഷിന്റെ കാർ. അത് നോക്കി നിൽക്കുന്ന കവലയിലെ ആളുകൾ. സഹകരണബാങ്കിന്റെ ഷട്ടർ വലിച്ചടക്കുന്ന സെക്യൂരിറ്റി. അടുത്തുനിൽക്കുന്ന ആളുകളോടായി

**സെക്യൂരിറ്റി :-** ഗ്രൗണ്ടിൽ എങ്ങും ഇരിക്കാൻ കസേര കിട്ടില്ല.. സുധീഷ് വരുന്നകൊണ്ട് ആളുകൂടും..

ഇത് പറഞ്ഞിട്ട് വേഗം പോകുന്ന സെക്യൂരിറ്റി. ഷിബുവിന്റെ നോട്ടം സഹകരണബാങ്കിലേക്കാണ്.

CUT TO

**സീൻ - 57**

*കുറുക്കന്മൂല സ്കൂൾ ഗ്രൌണ്ട്. NIGHT-EXT*

സുധീഷ്,സാജൻ,പോത്തൻ
M.L.A, പാച്ചൻ,കുഞ്ഞൻ,ബിജി
ഷിനോജ്,സന്തോഷ്,പ്രിൻസിപ്പൾ മാത്തൻ
ഫോട്ടോഗ്രാഫർ1,ഫോട്ടോഗ്രാഫർ2,മെമ്പർ
സെൽവൻ,കണ്ണപ്പൻ,ഗോപൻ,ശാരദ
സ്വാഗതം ചെയ്യുന്ന കുട്ടികൾ,
ബാൻഡ്മേള ടീം,പോലീസുകാർ

സ്കൂളിന്റെ മുന്നിലേക്ക് വന്നു നിൽക്കുന്ന കാറുകൾ. പശ്ചാത്തലത്തിൽ ബാൻഡ് മേളം കേൾക്കാം. ചലച്ചിത്രതാരം സുധീഷ് ഒരു കാറിൽ കുറുക്കന്മൂല വാർഷികം നടക്കുന്ന ഗ്രൌണ്ടിലേക്ക് വരുമ്പോൾ അതുകണ്ട് ആവേശഭരിതരാവുന്ന കുട്ടികൾ ഓടിക്കൂടുന്നു.

**സീൻ - 58** ഷിബു

***ഷിബുവിന്റെ വീട് - NIGHT / EXT***

ഷിബുവിന്റെ കാഴ്ചയിൽ പറന്നകലുന്ന കാക്കക്കൂട്ടം. ഷിബു തന്റെ വീടിനു മുന്നിൽ തൂക്കിയിട്ടിരിക്കുന്ന ചാക്കുകൊണ്ട് ഉണ്ടാക്കിയ നോക്കുകുത്തിയിലേക്ക് നോക്കുന്നു.
ബാക്ക് ഗ്രൗണ്ടിൽ കാക്കകളുടെ ഒച്ച ഓവർലാപ്പിൽ

**സീൻ - 59**

ജെയ്സൻ,ബിജി,പോത്തൻ
പാച്ചൻ,ജോസ്മോൻ,സുധീഷ്,കുഞ്ഞൻ
പ്രിൻസിപ്പൾമാത്തൻ,സാജൻ
സഞ്ജയൻ,എം.എൽ.എ
സെൽവൻ,ആന്റോ,ഷിനോജ്,കുട്ടി1
സന്തോഷ്,കണ്ണപ്പൻ,മെമ്പർ,ശാരദ
ഫോട്ടോ ഗ്രാഫർ 1, ഫോട്ടോഗ്രാഫർ2,
പരിപാടി അവതരിപ്പിക്കുന്ന കുട്ടികൾ
രാവണന്റെ വേഷം ധരിച്ച കുട്ടി
പോലീസുകാർ,ബാൻഡ്മേള ടീം
നാട്ടുകാർ

***കുറുക്കൻമൂല സ്കൂൾ സ്കൂൾ ഗ്രൌണ്ട് - NIGHT / EXT***

സ്കൂൾ ഗ്രൗണ്ടിൽ ഒരിടത്ത് മാലപ്പടക്കത്തിനു തിരികൊളുത്തുന്ന പാച്ചൻ.

CUT TO

കരാട്ടെ ഡ്രസ്സ് ഇട്ട കുട്ടികൾ സുധീഷ് വന്നതറിഞ്ഞ് അങ്ങോട്ടേക്ക് ഓടുന്നു. അതിന്റെ പിന്നാലെ ബിജിയും.

CUT TO

കുട്ടികൾ സുധീഷിന്റെ അടുത്തേക്ക് ഓടിച്ചെന്നു അയാൾക്ക് ഷേക്ക് ഹാൻഡ് കൊടുക്കാൻ ശ്രമിക്കുന്നുണ്ട്. പോത്തന്റെ കഴുത്തിൽ ഇപ്പോൾ നെക്ക്കോളർ ഇല്ല. ചില ആളുകൾ സുധീഷിനെ നോക്കി 'കിണ്ടി' 'കിണ്ടി' എന്ന് വിളിക്കുന്നുണ്ട്. അവരെ തല്ലി ഓടിക്കുന്ന എസ്.ഐ.സാജനും പോത്തനും. അവരെ നോക്കി ഒരു വളിച്ച ചിരി ചിരിക്കുന്ന സുധീഷ്.

CUT TO

ബാൻഡ്മേളം അതിന്റെ പീക്കിൽ നിൽക്കുമ്പോൾ കടയിൽ നിന്ന് വാങ്ങിയ മുഖമൂടി ധരിച്ച് നടക്കുന്ന ഒരു കുട്ടി. ഒരു കൈ വന്നു ആ കുട്ടിയുടെ മുഖത്തെ മുഖമൂടി കവർന്നെടുത്തുകൊണ്ട് പോവുന്നു. ഒന്ന് അമ്പരപ്പിൽ ചുറ്റും നോക്കിയിട്ട് തന്റെ സമീപം നിൽക്കുന്ന അച്ഛനോട്

**കുട്ടി :-** അച്ഛാ.. എന്റെ മൊകംമൂടി കാണുന്നില്ല....

ചുറ്റും അമ്പരപ്പോടെ നോക്കുന്ന അച്ഛൻ.

CUT TO

ബാക്ക് സ്റ്റേജ്.

കോസ്റ്റ്യൂം മാറുന്ന മുറിയിൽ എന്തോ തപ്പിക്കൊണ്ടിരിക്കുന്ന ഒരു പൊക്കവും വണ്ണവും ഉള്ള പയ്യൻ. മേക്കപ്പ് ചെയ്തുകൊണ്ടിരിക്കുന്ന ബാക്കി കുട്ടികളോടായി

**പയ്യൻ :-** നിങ്ങളെന്റെ കോസ്റ്റ്യൂം കണ്ടാരുന്നോ..?

**രാവണന്റെ വേഷം ധരിച്ച പയ്യൻ :-** എന്ത്?....!!!

CUT TO

കലാപരിപാടികൾ കാണുവാനായി മുൻ നിരയിൽ ഇരിക്കുന്ന സുധീഷും എം.എൽ എ യും മറ്റ് വിശിഷ്ടവ്യക്തികളും. സ്റ്റേജിന്റെ മുന്നിലായി നിൽക്കുന്ന എസ്.ഐ.സാജൻ. സാജന്റെ ഒപ്പം പോത്തനും ഉണ്ട്. ലൈറ്റുകൾ ഓഫ് ആകുന്നു. സ്റ്റേജിലേക്ക് അടിക്കുന്ന കർട്ടനിൽ മാത്രമാണ് ഇപ്പോൾ ലൈറ്റ് ഉള്ളത്.
കാണികൾ എന്തോ കണ്ടിട്ടെന്നോണം സ്റ്റേജിലേക്ക് കൈ ചൂണ്ടുന്നു. അങ്ങോട്ടേക്ക് നോക്കുന്ന എസ്.ഐ.സാജൻ. കർട്ടനിൽ തെളിയുന്ന സൂപ്പർമാന് സമാനമായ ഒരു SILHOUTTE. പെട്ടെന്ന് കർട്ടന്റെ ഉള്ളിൽ നിന്ന് എസ്.ഐ.സാജന് നേരെ കുതിക്കുന്ന ജെയ്സൻ. മുൻപത്തെ കുട്ടിയുടെ കാണാതായ മുഖം മൂടിയും, ബാക്ക് സ്റ്റേജിൽ കോസ്റ്റ്യൂം തപ്പിക്കൊണ്ടിരുന്ന കുട്ടിയുടെ കോസ്റ്റ്യൂമും. ഒരു മുണ്ട് ധരിച്ചാണ് ജെയ്സൻ കുതിക്കുന്നത്. നിലത്തേക്കു വന്നു ലാൻഡ് ചെയ്യുന്ന ജെയ്സൻ. ശക്തമായി ലാൻഡ് ചെയ്തതിന്റെ ആഘാതത്തിൽ അയാളുടെ ചുവടുകൾ ഒന്ന് പതറുന്നു. മുൻപോട്ടു നടക്കുന്ന അയാൾ സ്റ്റേജിൽ നടക്കുന്ന കലാപരിപാടിയുടെ ഗാനത്തിനൊപ്പം നൃത്തം ചെയ്താണ് നടക്കുന്നത്. പശ്ചാത്തലസംഗീതത്തിന്റെ പിൻബലത്തിൽ ഇവിടെയൊരു വമ്പൻ സംഘട്ടനത്തിനു തുടക്കമാവുന്നു.

CUT TO

***FIGHT SCENE***

**സീൻ - 60** ഷിബു

***സഹകരണബാങ്ക് NIGHT - INT / EXT***

രാത്രിയിൽ നോക്കുകുത്തിയുടെ ചാക്കുകൊണ്ടുള്ള മുഖംമൂടി വച്ച് ബാങ്ക് മോഷ്ടിക്കാനായി കയറുന്ന ഷിബു.

CUT TO-

ഷിബു ബാങ്ക് ചവിട്ടിപ്പൊളിച്ചു അകത്തേക്ക് കയറുന്നു. ഷിബുവിന്റെ POVയിൽ ബാങ്ക്. ബാങ്കിന്റെ ലോക്കർ അവൻ തന്റെ കൈകളുടെ അസാധാരണബലം ഉപയോഗിച്ച് തകർക്കുന്നു അവന്റെ നോട്ടത്തിൽ തകർന്നു കിടക്കുന്ന ലോക്കറിനുള്ളിൽ നിറയെ കാശ് . ഷിബുവിന്റെ റിയാക്ഷൻ. പശ്ചാത്തലത്തിൽ ബാൻഡ് മേളം കേൾക്കുന്നു .

CUT BACK TO

**സീൻ - 61**

***സ്കൂൾ ഗ്രൌണ്ട് - NIGHT -INT /EXT***

ജെയ്സൻ,ബിജി,ജോസ്മോൻ,
സുധീഷ്,സാജൻ,പോത്തൻ
പ്രിൻസിപ്പൾമാത്തൻ,കുഞ്ഞൻ,M.L.A
സന്തോഷ്,പാച്ചൻ,ഷിനോജ്,ആന്റോ
സെൽവൻ,സഞ്ജയൻ,കുട്ടി1,കുട്ടി 2,
ഫോട്ടോഗ്രാഫർ1,ഫോട്ടോഗ്രാഫർ2
മെമ്പർ,കണ്ണപ്പൻ,ശാരദ,ബാൻഡ്മേള ടീം
പരിപാടി അവതരിപ്പിക്കുന്ന കുട്ടികൾ,
ബിജിയുടെ സ്ടുടെന്റ്സ്
മറ്റ് പോലീസുകാർ ,നാട്ടുകാർ

എസ്.ഐ.സാജനെയും മറ്റു പോലീസുകാരെയും അടിച്ചു നിലംപരിശാക്കുന്ന ജെയ്സൻ. M.L.Aയെയും നടൻ സുധീഷിനെയും പോലീസ് എസ്കോർട്ടിൽ തിരികെ അവരുടെ കാറുകളിലേക്ക് കയറ്റിവിട്ടശേഷം പോലീസുകാർ ജെയ്സനെ വളയുന്നു. സംഘട്ടനം ശക്തമാവുന്നു.

,

പോലീസുകാരെ തല്ലുന്നതിനിടയിൽ മേക്കപ്പ് റൂമിൽ ജെയ്സന്റെയും പോലീസുകാരുടെയും ദേഹത്ത് Paint വീഴുന്നു .
പോലീസുകാരെ തല്ലുന്നത് കണ്ട ബിജി ജെയ്സനെ നേരിടാനായി അവനുമുന്നിലേക്ക് ചാടി വീഴുന്നു. ഒട്ടേറെ തവണ ബിജിയെ തല്ലാതെ ഒഴിഞ്ഞു മാറാൻ ശ്രമിക്കുന്ന ജെയ്സൻ അവസാനം ഗതികെട്ട് അവൾക്കിട്ട് ഒരെണ്ണം കൊടുക്കുന്നു. പോത്തന് മാത്രം ജെയ്സൻ വലിയ ഉപദ്രവങ്ങൾ ഏൽപ്പിക്കുന്നില്ല. എപ്പോഴാ ഒരു സമയം തന്നെ അടിക്കാൻ വന്ന പോത്തനെ 'മാറളിയാ' എന്ന് പറഞ്ഞു തള്ളിമാറ്റുന്ന ജെയ്സൻ. സ്റ്റേജിൽ നിന്ന് സംഘട്ടനം ക്ലാസ് മുറികളിലേക്കും സ്റ്റാഫ് റൂമിലേക്കും മേക്ക് അപ്പ് റൂമിലേക്കും ഒക്കെ നീങ്ങുന്നു. സംഘട്ടനത്തിനു ഒടുവിൽ ബാക്കി പോലീസുകാരെയെല്ലാം അടിച്ച് ഒതുക്കിയ ശേഷം എസ്.ഐയുടെ കൈ പിടിച്ചു വളക്കുന്ന ജെയ്സൻ. തന്റെ ശബ്ദം ഒന്ന് മാറ്റി

**ജെയ്സൻ :-** നീ മരണമണി കേട്ടിട്ടുണ്ടോ സാജാ..?

വേദനയിൽ നിലവിളിച്ചുകൊണ്ട്

**സാജൻ :-** ഇല്ല..

ജെയ്സൻ തന്റെ ഇരുകൈകളും കൊണ്ട് സാജന്റെ ഇരുചെവികളും ചേർത്ത് വലിച്ചടിക്കുന്നു. ഒരു നിമിഷത്തേക്ക് അവന്റെ ചെവിയിൽ കേൾക്കുന്ന ശക്തമായ മൂളൽ.

**ജെയ്സൻ :-** ഓരോ നിമിഷോം ഞാനിനി നിന്റെ പിന്നാലെ ഉണ്ടാവും.. നിന്റെ ഇരിപ്പിലും നടപ്പിലും നിന്റെ ശ്വാസത്തിൽ പോലും ഞാനുണ്ടാവും.. ഇനി ഒരു തവണകൂടെ നീ ആരുടെയെങ്കിലും ദേഹത്ത് കൈവച്ചാ നീ നിന്റെ മരണമണി കേക്കും....

കലിപ്പിൽ തിരിഞ്ഞു ജെയ്സനെ നോക്കി

**സാജൻ :-** ധൈര്യവുണ്ടേ.. നീ ആരാന്നു പറഞ്ഞിട്ടു പോടാ പുല്ലേ....

സാജന്റെ ചെവിയിൽ

**ജെയ്സൻ :-** " മുരളി.. മിന്നൽ മുരളി.. "

പശ്ചാത്തലത്തിൽ മാസ് മ്യൂസിക്.

CUT TO

പെട്ടെന്ന് ആ ഹാളിലുള്ള മുഴുവൻ ലൈറ്റും ഓഫ് ആകുന്നു. ഒരു നിമിഷം എല്ലായിടത്തും ഇരുട്ട്. ആളുകളുടെ പിറുപിറുക്കലുകൾ. വീണ്ടും ആരോ ഒരാൾ ഫ്യൂസ് കുത്തുമ്പോൾ അടികൊണ്ട് അവശരായി കിടക്കുന്ന പോലീസുകാർ. ഒരു വശത്ത് ചുവരിൽ 'മിന്നൽ മുരളി' എന്ന് വലുപ്പത്തിൽ ആരോ എഴുതിയിട്ടിരിക്കുന്നു. അവിടേക്ക് അത്ഭുതത്തോടും അമ്പരപ്പോടും നോക്കി നിൽക്കുന്ന ആളുകൾ. എസ്.ഐ.സാജന്റെ കിടപ്പ് കണ്ടു കൈ അടിക്കുന്ന കരാട്ടെ ഡ്രസ്സ് ഇട്ട കുട്ടികൾ.

CUT TO

സ്കൂൾ കെട്ടിടത്തിന്റെ തൊട്ടടുത്തുള്ള വാട്ടർട്ടാങ്ക്, അതിന്റെ അടുത്തായി ഒരു ആൾ രൂപം. ആകാശത്ത് പൊട്ടിവിരിയുന്ന കമ്പത്തിന്റെ വെളിച്ചത്തിൽ ആ ആൾരൂപം വ്യക്തമാവുന്നു, അത് മിന്നൽ മുരളിയാണ്.

CUT TO

**സീൻ - 62**

ഷിബു,ഉഷ,ദാസൻ
ഹോസ്പിറ്റൽ മെയിൽ സ്റ്റാഫ്
ഹോസ്പിറ്റൽ ജീവനക്കാർ ,രോഗികൾ
,മറ്റുള്ളവർ

***ഹോസ്പിറ്റൽ - NIGHT EXT/INT***

ഒരു ബാഗിൽ കാശുമായി ഹോസ്പിറ്റൽ എത്തുന്ന ഷിബു. അവൻ കുക്കുവിന്റെ ബിൽ അടക്കാൻ ബില്ലിംഗ് സെക്ഷനിലേക്ക് എത്തുന്നു. കൌണ്ടറിൽ ഇരിക്കുന്ന സ്റ്റാഫ് ഷിബുവിനോട് ,

**ഹോസ്പിറ്റൽ മെയിൽ സ്റ്റാഫ് :-** ആ ബിൽ അടച്ചല്ലോ..? കുക്കുവിന്റെ അല്ലേ..?

ഷിബു അതെ എന്ന രീതിയിൽ തല ആട്ടുന്നു.

**ഹോസ്പിറ്റൽ മെയിൽ സ്റ്റാഫ് :-** അത് അടച്ചു..ദാ അയാളാ അടച്ചത് ,

ഷിബു സ്റ്റാഫ് ചൂണ്ടികാണിക്കുന്ന ഭാഗത്തേക്ക് നോക്കുന്നു , അവിടെ നിൽക്കുന്ന ദാസൻ.
അത് അറിയുന്ന ഷിബുവിന്റെ മുഖം മാറുന്നു. അവൻ തന്റെ ബാഗിലേക്ക് ഒന്ന് നോക്കുന്നു. അവന്റെ കണ്ണുകളിൽ നിരാശ.
കൌണ്ടറിന്റെ മുന്നിൽ നിന്നും കോറിഡോറിലൂടെ നടന്നുവരുന്ന ഷിബു.
ഷിബു ഉഷയെ കാണുന്നു. ഉഷയുടെ അടുത്തേക്ക് വന്നിട്ട്

**ഷിബു :-** മോൾക്കൊന്നും സംഭവിക്കില്ല കേട്ടോ.. എല്ലാം ശരിയാവും..

എന്ന് പറഞ്ഞുകൊണ്ട് തിരികെ നടന്നു പോകുന്നു. ഷിബുവിന്റെ കണ്ണുകൾ നിറയുന്നുണ്ട്. ഉഷ ഷിബുവിന്റെ കയ്യിൽ ഇരിക്കുന്ന ബാഗ് കാണുന്നുണ്ട്.
കോറിഡോറിലൂടെ ഉഷയുടെ അടുത്തേക്ക് വേഗം നടന്നു വരുന്ന ദാസൻ. അവൻ ഉഷയുടെ അടുത്ത് എത്തിയിട്ട്

**ദാസൻ :-** അവനെന്താ പറഞ്ഞെ..?

**ഉഷ :-** ഒന്നും പറഞ്ഞില്ല..

ദാസന്റെ റിയാക്ഷൻ

CUT TO

**സീൻ - 63**

*കവല - DAY. EXT*

ജെയ്സൻ,ഷിബു,സാജൻ,പോത്തൻ
പൈലി,സെൽവൻ
കണ്ണപ്പൻ,മെമ്പർ,സന്തോഷ്,ശാരദ
കൊച്ചാപ്പി,ഗോപൻ
നാട്ടുകാർ ,പോലീസുകാർ

ഒരു പോലീസുകാരൻ കവലയിലെ കടകളിലെ ഭിത്തിയിൽ മുഴുവൻ ഒരു നോട്ടീസ് ഒട്ടിച്ചു വച്ചിരിക്കുന്നു. അതിലുള്ള വാചകങ്ങൾ നാട്ടുകാരിൽ ഒരാൾ കൊച്ചാപ്പി വായിക്കുന്നു.

**കൊച്ചാപ്പി :-** 'കുറുക്കന്മൂല സ്കൂൾ ആനിവേഴ്സറി ദിനത്തിൽ വലിയഭീതി ഉണ്ടാക്കുകയും പോലീസുകാരെ ആക്രമിക്കുകയും കുറുക്കന്മൂല സഹകരണ ബാങ്കിൽ കവർച്ച നടത്തുകയും ചെയ്ത മിന്നൽ മുരളി എന്ന് സ്വയം വിശേഷിപ്പിക്കുന്ന ഈ മുഖംമൂടി ധാരിയെകുറിച്ച് എന്തെങ്കിലും വിവരം ലഭിക്കുന്നവർ എത്രയും വേഗം പോലീസ് സ്റ്റേഷനിൽ വിവരം അറിയിക്കേണ്ടതാണ്.'

നാട്ടുകാർ പരസ്പരം നോക്കുന്നു. നാട്ടുകാരുടെ ഇടയിൽ രണ്ടു ഭാഗത്തായി നിൽക്കുന്ന ജെയ്സനും ഷിബുവും. അവർ ഇരുവരുടെയും മുഖത്ത് അൽപ്പം പരിഭ്രമവും സംശയങ്ങളും. സഹകരണ ബാങ്കിലേക്ക് ആണ് ജെയ്സന്റെ നോട്ടം. അതേ സമയം ഷിബു നോക്കുന്നത് പോലീസ് ജീപ്പിൽ ഇരിക്കുന്ന എസ്.ഐയെയാണ്. അയാളുടെ കൈകാലുകളിൽ മുഴുവൻ പരുക്കുകൾ വച്ച് കെട്ടിയിരിക്കുകയാണ്. ഷിബു തന്റെ ചുണ്ടിലേക്ക് ഒരു ബീഡി വയ്ക്കുന്നു. അവരിരുവരുടെ നോട്ടങ്ങൾ ഒരു നിമിഷം പരസ്പരം ഉടക്കുന്നു. മുഖത്ത് ഒരു കൃത്രിമമായ പുഞ്ചിരി വരുത്തി ഷിബുവിനോട്

**ജെയ്സൻ :-** എന്തൊക്കെയ അല്ലെ...?

**ഷിബു :-** അതെ....

ഇരുവരും രണ്ടു വഴിക്കു നടന്നകലുമ്പോൾ അവരുടെ മദ്ധ്യത്തിൽ ആയുള്ള പോസ്റ്റിലും നോട്ടിസ് ഒട്ടിച്ചിരിക്കുന്നു ,നോട്ടിസിൽ , ജെയ്സൻ സ്കൂൾ ആനിവേഴ്സറിക്ക് ധരിച്ച മുഖംമൂടിയും കോസ്ട്യും ധരിച്ച ഒരാളുടെ ഒരു SKETCH ചെയ്ത ചിത്രം .
സ്ക്രീനിൽ

**'ഇടവേള'** എന്ന് തെളിയുന്നു.

**സീൻ - 64**

ഷിബു,ഉഷ,കൊച്ചാപ്പി
ശശി,മെമ്പർ,ഗോപൻ,
സൈക്കിൾ കടക്കാരൻ
വഞ്ചിയിലെ യാത്രക്കാർ,
കല്യാണത്തിന് പോകുന്നവർ

***കടത്തുവഞ്ചി - DAY / EXT***

പുഴയിലൂടെ പോകുന്ന കടത്തുവഞ്ചി. വഞ്ചിക്ക് മുകളിലായി ഒരു കൂട്ടം കാക്കകൾ പറന്നകലുന്നു. വഞ്ചിക്കു ഒരു വശത്തായി ഷിബു നിൽപ്പുണ്ട്. ഷിബു കാക്കകളെ നോക്കി ഇരിക്കുകയാണ്. ഓവർലാപ്പിൽ ഷിബുവിന്റെ മുൻപിൽ നിൽക്കുന്ന യാത്രക്കാരുടെ സംഭാഷണം. കൊച്ചാപ്പി തുടരുന്നു.

**കൊച്ചാപ്പി :-** പോലീസിനു കഴിവൊണ്ടേലല്ലേ ഇവനെ ഒക്കെ പിടിക്കാൻ പറ്റൂ....???

ഷിബു അത് കേട്ടിട്ട് അവന്റെ ശ്രദ്ധ നാട്ടുകാരിലേക്ക് തിരിക്കുന്നു.

**ശശി :-** ഇതിപ്പോ സംഭവം കഴിഞ്ഞിട്ട് രണ്ടാഴ്ച്ച കഴിഞ്ഞില്ലേ..? അവന്റെ പൂടയേലും കിട്ടിയോ..?

**മെമ്പർ :-** അവനെ പിടിക്കുവാന്നു പറഞ്ഞാ.. എങ്ങനെയാ..? അവൻ ആള് അമാനുഷികൻ അല്ലേ..? ഏഴു ഏഴര അടി പൊക്കവുണ്ടെന്നാ കേട്ടെ. ആ എസ്.ഐ.സാജനെ ഒക്കെ ഇടിച്ചു ആട്ടിൻ സൂപ്പ് പോലെ ആക്കിയില്ലേ..?

കേട്ടുകൊണ്ടിരിക്കുന്ന മറ്റൊരു നാട്ടുകാരൻ.

**സൈക്കിൾ കടക്കാരൻ :-** പോത്തൻ ചോര തൂറ്റി..

ഒന്ന് ചിരിച്ചുകൊണ്ട്

**ഗോപൻ :-** സാജൻ ഇന്നലെ കടേലോട്ട് വന്നാരുന്നു.. അങ്ങേരടെ മോൾടെ കല്ല്യാണം പ്രമാണിച്ച് മുടി വെട്ടിക്കാൻ.. കയ്യിലെ പ്ലാസ്റ്റർ ഒന്നും ഇതുവരെ അഴിച്ചിട്ടില്ല..

**കൊച്ചാപ്പി :-** എന്തായാലും അവന്റെ പേര് കൊള്ളാം.. മിന്നൽ മുരളി..

ഷിബു ഒരു കൌതകത്തോടെ അത് കേൾക്കുന്നു.

CUT TO

ജെട്ടിയിലേക്ക് നിർത്തുന്ന വഞ്ചി .വഞ്ചിയിൽ നിന്നും ഇറങ്ങുന്ന ഷിബു.
ഷിബുവിനെ നോക്കി

**ഗോപൻ :-** എടാ.. ഷിബു.. നീ അനീഷിന്റെ കല്യാണത്തിന് വരുന്നില്ലേ..?

**ഷിബു :-** ഇല്ല..

ഗോപൻ ഷിബു കേൾക്കാതെ ബാക്കിയുള്ളവരോടായി ആയി ശബ്ദം താഴ്ത്തി

**ഗോപൻ :-** വിളിച്ചുകാണില്ല....

വഞ്ചിയിൽ നിന്നും ഇറങ്ങുന്ന ഷിബു. അവൻ മെല്ലെ തന്റെ പോക്കറ്റിൽ നിന്നും ഒരു ബീഡി എടുത്ത് ചുണ്ടിലേക്ക് വെയ്ക്കുന്നു.
ഷിബുവിന്റെ കാഴ്ച്ചയിൽ അണിഞ്ഞൊരുങ്ങി വഞ്ചി ലക്ഷ്യമാക്കി വരുന്ന കുറച്ച് സ്ത്രീകൾ. അവർ വഞ്ചിയിലേക്ക് കയറുന്നു. അവരുടെ ഒപ്പം ഉഷയും ഉണ്ട്. ഷിബു അവളെ കാണുന്നു. ഷിബു വേഗം തന്റെ ചുണ്ടിലെ ബീഡി തിരിച്ചു എടുത്ത് പോക്കറ്റിലേക്ക് ഇടുന്നു. അവൾ പതിവിലും സുന്ദരിയാണ്. വഞ്ചിയിൽ കയറിയ ശേഷം ഉഷ ഷിബുവിനെ ഒളികണ്ണിൽ ഒന്ന് നോക്കുന്നു. അത് ശ്രദ്ധിക്കുന്ന ഷിബു ഒന്ന് പതറുന്നു. വഞ്ചി നീങ്ങിതുടങ്ങുമ്പോൾ ഒന്ന് ആലോചിച്ചശേഷം വീണ്ടും വഞ്ചിയിലേക്ക് ചാടി കയറുന്ന ഷിബു. ഉഷയുടെ റിയാക്ഷൻ.

OVERLAP : ജീപ്പിന്റെ HORN അടി ശബ്ദം

CUT TO

**സീൻ - 65**

പോത്തൻ,ഷിനോജ്,അപ്പുമോൾ
പോത്തന്റെ വീട്ടിലെ പട്ടി

***പോത്തന്റെ വീട് - DAY INT / EXT***

പോത്തന്റെ വീട്ടുമുറ്റത്ത് കിടക്കുന്ന പോലീസ് ജീപ്പ്. ജീപ്പിനുള്ളിൽ കയറി ഹോൺ അടിക്കുന്ന പോത്തന്റെ മകൾ അപ്പുമോൾ.

CUT TO

പോത്തന്റെ വീട്ടിലെ പട്ടി ഒരു പൂച്ചക്കുട്ടിയെ നോക്കി കുരച്ചുകൊണ്ട് നിൽക്കുകയാണ്.

CUT TO

ശബ്ദം കേട്ട് പോത്തൻ തന്റെ മുറിയുടെ ജനാല തുറക്കുന്നു. പോത്തന്റെ കഴുത്തിൽ ഇപ്പോൾ വീണ്ടും കോളറുണ്ട്. പോത്തൻ ശബ്ദം എടുക്കാൻ കുറച്ച് പ്രയാസപ്പെട്ടുകൊണ്ട് അപ്പുമോളോട്

**പോത്തൻ :-** ജീപ്പീന്നു ഇറങ്ങിയില്ലേ അടിച്ചു നിന്റെ തൊട ഞാൻ പഴുപ്പിക്കും..

ഇത് കേട്ട് അപ്പുമോൾ ജീപ്പിൽനിന്നും പോത്തനെ നോക്കിയിട്ട് താഴേക്ക് ചാടി ഇറങ്ങുന്നു. അപ്പുമോളുടെ കാഴ്ച്ചയിൽ പൂച്ചക്കുട്ടി. അവൾ അതിന്റെ പിന്നാലെ ഓടുന്നു

ഓടുന്നതിനിടെ **അപ്പുമോൾ :-** നിക്കെടി അവിടെ..

CUT TO

പോത്തൻ തന്റെ മുറിക്കകത്തുള്ള കണ്ണാടിയിലേക്ക് നോക്കുന്നു. മുറിയിൽ കോൺസ്റ്റബിൾ ഷിനോജ് മോടിയുള്ള വസ്ത്രങ്ങൾ അണിഞ്ഞു നിൽപ്പുണ്ട്. തന്റെ മുടി ചീപ്പുകൊണ്ട് കോതി ഒതുക്കുന്നതിനിടയിൽ

**പോത്തൻ :-** തല്ലുന്നതിനിടയിലെ അവൻ എന്നെ പിടിച്ചിട്ട്.. മാറാലഹ.. മാറാലഹ എന്നൊക്കെ പറയുന്നുണ്ടായിരുന്നു..

അത് കേൾക്കുന്ന ഷിനോജ് ഒന്ന് ഗാഢമായി ചിന്തിക്കുന്നു.

**ഷിനോജ് :-** മാറാലഹ.. പോത്താ എനിക്ക് തോന്നുന്നത് ഇതേതോ തീവ്രവാദികൾ ആണെന്നാ..

ഷിനോജ് എന്തോ ഓർത്തെടുത്ത് കൊണ്ട്

**ഷിനോജ് :-** ഈ കേസ് നമ്മടെ കയ്യിൽ നിക്കൂന്ന് തോന്നുന്നില്ല പോത്താ.. ദേശീയ തലത്തിൽ സി.ബി.ഐ അന്വേഷിക്കേണ്ടി വരും..

ഷിനോജ് പറയുന്നത് ഒരു പുച്ഛത്തോടെ കേൾക്കുന്ന പോത്തൻ. അലമാരയുടെ സ്റ്റാന്റിൽ ഇരുന്ന പൌഡർ എടുത്തു മുഖത്തേക്ക് തൂത്തുകൊണ്ട്

**പോത്തൻ :-** തേങ്ങാക്കുല.. ഇത് ഇവിടെ ഒള്ള ഏതോ ഒരുത്തനാ.. എനിക്കുറപ്പാ..

ഇതുകേട്ട് ഷിനോജിന്റെ മുഖം മാറുന്നു.

CUT TO

**സീൻ - 65A**

അപ്പുമോൾ,പൂച്ചകുട്ടി

***ജെയ്സന്റെ മുറി - DAY / INT***

പൂച്ചക്കുട്ടിയുടെ പിന്നാലെ ജെയ്സന്റെ മുറിയുടെ ഉള്ളിലേക്ക് ഓടിക്കയറുന്ന അപ്പുമോൾ. പൂച്ചക്കുട്ടി മുറിക്കകത്തുള്ള ഒരു ഷെൽഫിന്റെ മുകളിലേക്ക് ചാടി കയറുന്നു. അപ്പുമോൾ താഴെ നിന്ന് അത് നോക്കി നിൽക്കുന്നു. പൂച്ചയെ പിടിക്കാനായി അപ്പുമോൾ ഷെൽഫിനു മുകളിലേക്ക് കൈ പൊക്കി ചാടുന്നു. പൂച്ച അവിടുന്നും ചാടി ഓടുന്നു. പക്ഷെ അപ്പോഴേക്കും അപ്പുമോളുടെ കയ്യിൽ പിടുത്തം കിട്ടുന്നത് ജെയ്സൻ ആനിവേഴ്സറിക്ക് പോലീസുകാരെ തല്ലാനായി ഉപയോഗിച്ച മുഖംമൂടിയിലാണ്. അതുകാണുന്ന അപ്പുമോളുടെ മുഖത്ത് കൗതുകം.

മേൽപ്പറഞ്ഞ ദൃശ്യത്തിനു മുകളിൽ

**പോത്തൻ v/o :-** എന്തെങ്കിലും ഒരു തുമ്പ് കിട്ടാതിരിക്കത്തില്ല..

CUT BACK

**സീൻ - 65 B** പോത്തൻ ,ഷിനോജ്

***പോത്തന്റെവീട്- മുറി - DAY /INT***

അലമാരയിൽ ഇസ്തിരിയിട്ട് വച്ചിരുന്ന ഷർട്ട് ദേഹത്തേക്ക് ഇടുന്ന പോത്തൻ. ഷിനോജ് പോത്തനെ നോക്കിക്കൊണ്ട്

**ഷിനോജ് :-** പോത്താ.. ദേ പൊക്കിൾ..

**പോത്തൻ :-** ഏഹ്.. പൊക്കിളോ..?

ഷിനോജ് പോത്തന്റെ ഷർട്ടിലേക്ക് കൈ ചൂണ്ടുന്നു. പോത്തൻ ഇട്ടുകൊണ്ടിരുന്ന ഷർട്ടിന്റെ രണ്ടു ബട്ടൺ പൊട്ടിയിരിക്കുന്നു. ആ വിടവിലൂടെ പോത്തന്റെ പൊക്കിൾ ഷർട്ടിനു വെളിയിലേക്ക് ഉന്തി നിൽക്കുന്നു. അതുകണ്ട പോത്തൻ ദേഷ്യം കടിച്ചമർത്തി

**പോത്തൻ :-** എത്ര മണിക്കാ കെട്ട്..?

ഷിനോജ് തന്റെ കയ്യിലെ വാച്ചിൽ സമയം നോക്കുന്നു

**ഷിനോജ് :-** പതിനൊന്നു മണിക്ക്.. ഇനി അരമണിക്കൂർ കൂടിയേ ഉള്ളൂ..

അത് കേൾക്കുന്ന പോത്തന്റെ മുഖത്ത് അമർഷം.

CUT TO

**സീൻ - 65C**

ജെയ്സൻ,പോത്തൻ
ജോസ്മോൻ,വർക്കി,അപ്പുമോൾ

*ജെയ്സന്റെ വീട് - DAY / INT -EXT*

തന്റെ ഷർട്ടുമായി ജെയ്സന്റെ വീടിനു മുൻപിലേക്ക് വരുന്ന പോത്തൻ. ഒരൽപ്പം മടിയോടെയാണ് അയാൾ ആ വീടിനു മുൻപിൽ നിൽക്കുന്നത്

**പോത്തൻ :-** ഇവിടെയാരും ഇല്ലേ..?

വീടിനു വെളിയിലേക്ക് വെപ്രാളത്തിൽ ഇറങ്ങി വരുന്ന വർക്കിയും ജോസ്മോനും. ജോസ്മോൻ നല്ല ഡ്രസ്സിൽ ആണ്. ജോസ്മോനെ കാണുമ്പോൾ

**പോത്തൻ :-** നീ എന്നാടാ ഇവിടെ.. വീട്ടീപ്പോടാ..

**ജോസ്മോൻ :-** ഞാനും കല്യാണത്തിനുപോവ്വാ...

പോത്തൻ ഒന്ന് അമർത്തി മൂളുന്നു. പോത്തൻ വീടിനു മുൻപിൽ വന്നു നിൽക്കുന്നത് വർക്കിക്ക് ഒരു അത്ഭുതം പോലെയാണ്. ഒരല്പം മടിയോടെ വർക്കിക്ക് അധികം കണ്ണ് കൊടുക്കാതെ ഗൌരവത്തിൽ

**പോത്തൻ :-** ഈ ഷർട്ടിന്റെ ബട്ടൺ പൊട്ടിപ്പോയി ഒന്ന് തയിച്ചു തരണം.. വെറുതെയൊന്നും വേണ്ട.. എത്രയാണെന്നുവച്ചാൻ..

പോത്തന്റെ കയ്യിൽ നിന്ന് ഷർട്ട് വാങ്ങിച്ച ശേഷം

**വർക്കി :-** അകത്തേക്ക് ഇരിക്കാം..

എടുത്ത വായിൽ **പോത്തൻ :-** ഞാൻ ആരുടെയും ഓശാരത്തിനു വന്നതല്ല..

പെട്ടെന്ന് വീടിനു പുറത്തേക്ക് ഇറങ്ങി വരുന്ന ജെയ്സൻ. അവൻ എവിടെയോ പോകാനെന്ന പോലെ ഒരുങ്ങിയാണ് വന്നിരിക്കുന്നത്.
പോത്തനെ കാണുമ്പോൾ ജെയ്സൻ ഒന്ന് പരുങ്ങുന്നുണ്ട്. പോത്തനും ജെയ്സനെ ഒന്ന് നോക്കുന്നു. വർക്കിയെ ഒന്ന് നോക്കിയിട്ട് ജെയ്സൻ

**ജെയ്സൻ :-** ഞാൻ ചോറ് എടുത്ത് വച്ചിട്ടുണ്ട്..

**വർക്കി :-** നീ കടയിലോട്ടാണോ..?

**ജെയ്സൻ :-** അല്ല അപ്പാ.. ആ ബിജിയെ ഒന്ന് കാണണം.. പാസ്പോർട്ടിന്റെ കാര്യത്തിൽ എന്തോ വഴി ഉണ്ടെന്നാ അവള് പറഞ്ഞെ..

അത് കേൾക്കുന്ന ജോസ്മോന്റെ റിയാക്ഷൻ. ജെയ്സൻ പുറത്തേക്ക് ഇറങ്ങാൻ തുടങ്ങുന്നു. അപ്പോൾ പോത്തൻ ജെയ്സന്റെ ചെരുപ്പിന് മുകളിലേക്ക് ചവിട്ടി നിൽക്കുന്നു. പുറത്തേക്ക് ഇറങ്ങിവരുന്ന ജെയ്സനോട്

**പോത്തൻ :-** സത്യം പറയെടാ.. നീ നിന്റെ പഴയ കാമുകീടെ കല്ല്യണത്തിന് പോവല്ലേ..?

ജെയ്സൻ അതിനു മറുപടി പറയാതെ മുറ്റത്തേക്ക് ഇറങ്ങി ചെരുപ്പെടുക്കാൻ തുടങ്ങുമ്പോൾ അതിൽ ചവിട്ടിപ്പിടിച്ചിരിക്കുന്ന പോത്തൻ. പോത്തനെ നോക്കി ശബ്ദം താഴ്ത്തി 'മാറളിയ' എന്ന് പറഞ്ഞു പോത്തനെ മാറ്റി തന്റെ ചെരുപ്പ് എടുത്ത് ഇടുന്ന ജെയ്സൻ. പോത്തന് ജെയ്സൻ ആ പറഞ്ഞതിൽ എന്തോ ഒന്ന് കത്തുന്നു.

CUT TO

മുറ്റത്തേക്ക് മുഖം മൂടിയും വച്ചുകൊണ്ട് ഓടിവരുന്ന അപ്പുമോൾ.

പോത്തൻ ഒന്ന് തിരിഞ്ഞാൽ മുഖം മൂടി കാണാൻ കഴിയുന്ന രീതിയിൽ നിൽക്കുകയാണ് അപ്പുമോൾ. വേറെ ആരും അവളെ ശ്രദ്ധിക്കുന്നില്ല.

CUT TO

ഒരു നിമിഷം ആലോചിച്ച ശേഷം ഓടി വന്നു ജെയ്സൻ പോകുന്ന വഴിക്ക് മുന്നിലേക്ക് വന്നു തടസ്സമായി നിൽക്കുന്ന പോത്തൻ. അവിടെ നിന്ന് ജെയ്സനെ പരിഹസിക്കുന്ന രീതിയിൽ

**പോത്തൻ :-** അങ്ങനെയങ്ങ് പോവല്ലേ.. അവള് നിന്നെ പറ്റിച്ചതാണോടാ..?

അതിനു മറുപടി പറയാതെ ജെയ്സൻ രൂക്ഷമായി പോത്തനെ ഒന്ന് നോക്കുന്നു. അവർക്ക് പിന്നിൽ അപ്പുമോൾ കളിക്കുന്നത് കാണാം.

**പോത്തൻ :-** നെനക്ക് ചൊറിയുന്നുണ്ടോ ഡാ..?

ജെയ്സന് വല്ലാത്ത പ്രകോപനം ഉണ്ടാവുന്നു. അതുകാണുമ്പോൾ ആത്മഗതത്തിൽ

**ജോസ്മോൻ :-** അപ്പക്ക് കിട്ടിയതൊന്നും പോരേ..??

ജെയ്സനോട്

**പോത്തൻ :-** നെനക്ക് ദേഷ്യം വരുന്നുണ്ടോ.. ഒണ്ടെങ്കി പറയടാ..??

പൊടുന്നനെ പോത്തനെ 'മാറളിയാ' എന്ന് പറഞ്ഞു അസാധാരണ ശക്തിയോടെ പൊക്കിയെടുത്ത് മാറ്റി നിർത്തുന്ന ജെയ്സൻ. അത് കാണുന്ന വർക്കിയും ജോസ്മോനും ഒന്ന് ഞെട്ടുന്നു. ജെയ്സൻ സൈക്കിൾ എടുത്ത് മുറ്റത്ത് നിന്ന് ചവിട്ടി പോകുന്നു. ജെയ്സന്റെ സൈക്കിളിന്റെ പിന്നിൽ ഓടിച്ചെന്നു കയറിക്കൊണ്ട്.

**ജോസ്മോൻ :-** മാമ.. ഞാനുവൊണ്ട്..എന്നെ കവലേൽ ഒന്നിറക്കാവോ?

ജോസ്മോൻ ജെയ്സന്റെ സൈക്കിളിനു പിറകിൽ കയറിപ്പോയത് ശ്രദ്ധിക്കാതെ ഒന്ന് നടുങ്ങി നിൽക്കുന്ന പോത്തൻ. അയ്യാളുടെ ഓർമ്മയിൽ കിണറ്റിലേക്ക് തന്നെ എടുത്തുപൊക്കി ഇടുന്ന ജെയ്സൻ, അതേപോലെ തന്നെ സ്കൂൾ ആനിവേഴ്സറി അടിയിൽ തന്നെ അതെ രീതിയിൽ എടുത്തു മാറ്റി 'മാറളിയാ' എന്ന് പറയുന്ന മിന്നൽ മുരളി. ഇപ്പോൾ ജെയ്സൻ തന്നെ എടുത്തു മാറ്റിയതും അതേ രീതിയിൽ തന്നെയാണ്. ചിന്തകളിൽ നിന്ന് പിൻവലിഞ്ഞു വീടിന്റെ അകത്തേക്ക് നോക്കുന്ന പോത്തൻ. 'മാറളിയാ' എന്ന് അയാൾ ഒരു നിമിഷം പറഞ്ഞു നോക്കുന്നു. അല്പം അമ്പരപ്പിൽ പോത്തൻ അവിടെ പടിക്കൽ ഇരിക്കുന്നു. അയാളാകെ വിയർത്തു തുടങ്ങിയിരിക്കുന്നു. പോത്തന്റെ മുൻപ്പിലേക്ക് മുഖം മൂടിയുമായി വന്നു നിൽക്കുന്ന അപ്പുമോൾ. പോത്തൻ തലകുനിച്ചിരുന്നു ആലോചിക്കുകയാണ്. പോത്തൻ ഒന്ന് തല പൊക്കിയാൽ മുഖം മൂടി കാണാൻ കഴിയും. പോത്തനോടു മുഖം മൂടി ചൂണ്ടി

**അപ്പുമോൾ :-** അപ്പാ.. ഇങ്ങോട്ട് നോക്കിക്കേ..

തല ഉയർത്തി നോക്കുന്ന പോത്തൻ. അവന്റെ കണ്ണുകളിൽ ഞെട്ടൽ. ഒരു നിമിഷം എന്തിലോ അവൻ തന്റെ കണ്ണുകളുടെ ദൃഷ്ടി പതിപ്പിച്ചിരിക്കുകയാണ്.
പോത്തന്റെ നോട്ടത്തിൽ മുറ്റത്ത് കിടക്കുന്ന ജെയ്സന്റെ കീറിയ കാവി മുണ്ട്.
അപ്പുമോളുടെ മുഖത്ത് ഇരിക്കുന്നത് എന്താണെന്ന് ശ്രദ്ധിക്കാതെ അവളെ തള്ളിമാറ്റി

**പോത്തൻ :-** മാറ് പെണ്ണേ..

അയയിൽ കിടക്കുന്ന മുണ്ട് എടുത്തു
നോക്കുന്ന പോത്തൻ.
മുണ്ടിൽ പറ്റിപ്പിടിച്ചിരിക്കുന്ന മഞ്ഞ കളറും
മുണ്ടിലെ കീറലും ശ്രദ്ധിക്കുന്ന പോത്തൻ.
പോത്തന്റെ ഓർമ്മയിൽ

FLASH CUT TO

മിന്നൽ മുരളി സ്കൂൾ ആനിവേഴ്സറി
ദിനത്തിൽ പോലീസുകാരെ തല്ലുന്നതിനിടയിൽ
മേക്കപ്പ് റൂമിൽ ജെയ്സന്റെയും
പോലീസുകാരുടെയും ദേഹത്ത് paint വീണ
രംഗം.

CUT BACK TO

പോത്തന്റെ റിയാക്ഷൻ.

CUT TO

**സീൻ - 66**

*റോഡ് - നാട്ടിടവഴി DAY / EXT* ജെയ്സൻ,ജോസ്മോൻ

റോഡിലൂടെ സൈക്കിളിൽ പോകുന്ന ജെയ്സൻ. അവനു തൊട്ടുപിന്നിൽ ജോസ്മോനും ഉണ്ട്.

**ജെയ്സൻ :-** നെനക്ക് നിന്റെ അപ്പന്റെകൂടെ കല്യാണത്തിനു പോയപ്പോരെ?

**ജോസ്മോൻ :-** ഞാനീ പോലീസുകാര്ടെ കൂടെ ഒരു പരിപാടിക്കും പോവാറില്ല....മാമൻ വരുന്നുണ്ടേ വാ....നല്ല ബിരിയാണി ഉണ്ടെന്ന കേട്ടേ..!

**ജെയ്സൻ :-** പോടാ...എന്റെ പട്ടിവരും അവൾടെ കല്യാണത്തിനു..ബിരിയാണി ഞാൻ കാശ് കൊടുത്ത കഴിച്ചോളാം..

**ജോസ്മോൻ :-** മാമാ..

**ജെയ്സൻ :-** മ്..?

**ജോസ്മോൻ :-** മാമൻ ബിജിടീച്ചറെ കാണാൻ പോവല്ലേ..?

**ജെയ്സൻ :-** ആ..

**ജോസ്മോൻ :-** ഞാൻ മാമനോട് ഒരു കാര്യം പറയാന്ന് ഓർത്തിരിക്കുവാരുന്നു.

ആകാംക്ഷയിൽ

**ജെയ്സൻ :-** എന്താ.. ?

**ജോസ്മോൻ :-** ബിജി ടീച്ചർക്ക് മാമനോട് ഐ ലവ് യു ആണെന്ന് തോന്നുന്നു..

ജെയ്സൻ അമ്പരപ്പിൽ സൈക്കിൾ ചവിട്ടി

**ജെയ്സൻ :-** നിന്നോടാരാ പറഞ്ഞെ..?

**ജോസ്മോൻ :-** എനിക്ക് തോന്നിയതാ.. ഇടക്കിടക്ക് എന്നോട് മാമാനെക്കുറിച്ച് അന്വേഷിക്കുന്നുണ്ട്.. മാമൻ വീട്ടിലുണ്ടോ..? മാമൻ തയ്യൽക്കടയിൽ ഉണ്ടോ..? എന്നൊക്കെയാ ചോദിക്കുന്നെ..

ഇത് കേൾക്കുന്ന ജെയ്സന്റെ സൈക്കിൾ ഒന്ന് പുളയ്ക്കുന്നു. വീണ്ടും അത് കണ്ട്രോളിൽ വരുമ്പോൾ

**ജെയ്സൻ :-** ശെരിക്കും....?

**ജോസ്മോൻ :-** ആ.. ടീച്ചർ പറയുന്നത് നമ്മടെ നാട്ടിൽ മാമനെപോലെ സൌന്ദര്യമൊള്ള ഒരാളില്ലെന്നാ..

ജെയ്സന്റെ മുഖത്തെ പുഞ്ചിരി

**ജെയ്സൻ :-** സ്വാഭാവികം.. പിന്നെ വേറെ എന്തൊക്കെ പറഞ്ഞു ടീച്ചർ..?

**ജോസ്മോൻ :-** പക്ഷേ...ടീച്ചറിന് മാമന്റെ ഇപ്പോഴത്തെ ഫാഷൻ ഒന്നും ഇഷ്ടവല്ല....കുറച്ചൂടെ നാടനായി നടന്നൂടെ എന്നൊക്കെ ചോയിച്ചു....അല്ലേലും ടീച്ചർ ആ പറഞ്ഞത് സത്യവാ.. മാമന്റെ അമേരിക്കൻ ഫാഷൻ പയങ്കര ബോറാ.....മുടിയൊക്കെ നടുക്കൂന്നു ചീകി വച്ചിരിക്കുന്നത് കണ്ടാൽ ഒരുമാതിരി കോക്കാച്ചിത്തവളയെപ്പോലിരിക്കും...

ജെയ്സൻ ജാള്യതയിൽ കണ്ണാടിയിൽ നോക്കി തന്റെ തലമുടി കൈകൊണ്ട് ഒരു വശത്തേക്ക് ഒതുക്കിവയ്ക്കുന്നു.

**ജോസ്മോൻ :-** മാമാ... മാമൻ ഒന്ന് സൂക്ഷിച്ചോ കേട്ടോ.... ആനിവേഴ്സറിക്ക് ഇടി കിട്ടിയേപ്പിന്നെ മിന്നൽ മുരളിയെ പിടിച്ചേ അടങ്ങൂന്നും പറഞ്ഞാ അപ്പൻ നടക്കുന്നെ......

**ജെയ്സൻ :-** നിന്റെ അപ്പന് അതിനുള്ള ബുദ്ധിയൊന്നും ഇല്ല...

**ജോസ്മോൻ :-** അതൊക്കെ തോന്നലാ...അപ്പൻ രാവിലെ ബട്ടൻസ് പൊട്ടീന്നും പറഞ്ഞ് വീട്ടി വന്നതൊക്കെ വെറുതെയാന്നു എനിക്ക് തോന്നുന്നില്ല....ആ മുഖം മൂടിയൊക്കെ ഒളിപ്പിച്ചു വച്ചല്ലോ അല്ലെ?..എങ്ങാനും അപ്പൻ വീട്ടിക്കേറിയാൽ എല്ലാം തീരും...

ജെയ്സൻ ഒന്ന് ശങ്കിക്കുന്നു. അവൻ സൈക്കിൾ ചവിട്ടി നിർത്തുന്നു.

**ജെയ്സൻ :-** ആകെ ടെൻഷൻ ആയല്ലോ....നീ ഇറങ്ങിക്കെ ജോസ്മോനെ..

ജോസ്മോൻ ചാടിയിറങ്ങുന്നു. വേഗം വന്നവഴിക്കു തിരിച്ചു പോകുന്ന ജെയ്സൻ. ഒരുനിമിഷം ഒന്നും മനസിലാവാതെ സൈക്കിളിൽ പാഞ്ഞു പോവുന്ന ജെയ്സനെ നോക്കി

**ജോസ്മോൻ :-** മാമ..?

CUT TO

**സീൻ - 67**

ജെയ്സൻ,ഷിനോജ്,

**ജെയ്സന്റെ വീട് - DAY / EXT**

തന്റെ വീടിനു മുൻപിൽ എത്തുമ്പോൾ അവിടെ അയയിൽ കിടന്നിരുന്ന മുണ്ട് കാണാനില്ല. അവന്റെ മുഖത്ത് പകപ്പ്. അവൻ പോത്തന്റെ വീട്ടിലേക്ക് നോക്കുന്നു. അവിടെ ആരെയോ നോക്കി നിൽക്കുന്ന ഷിനോജ്. അയാളോടായി

**ജെയ്സൻ :-** അളിയൻ എന്തിയെ..?

**ഷിനോജ് :-** അറിയില്ല.. പെട്ടെന്ന് എന്തോ 'കിട്ടി' 'കിട്ടി' എന്നും പറഞ്ഞു ഓടി വന്ന് ആ അയയിൽ കെടന്ന ലുങ്കീം എടുത്ത് വണ്ടീംകൊണ്ട് ഒറ്റപ്പോക്ക്..

**ജെയ്സൻ :-** ലുങ്കിയോ....?

ആലോചനയോടെ നിൽക്കുന്ന ജെയ്സൻ. എന്തോ ഓർത്തെടുത്തുകൊണ്ട് തലയിൽ കൈവച്ച്

**ജെയ്സൻ :-** ഉയ്യോ...!!

ഒരു നിമിഷം സ്തംഭിച്ചു നിൽക്കുന്ന ജെയ്സൻ. പശ്ചാത്തലസംഗീതം കനക്കുന്നു. ഷിനോജ് വീണ്ടും വഴിയിലേക്ക് നോക്കിനിൽക്കുന്നു. ഷിനോജിന്റെ കാഴ്ച്ചയിൽ നിന്ന് മറയാനെന്നോണം മെല്ലെ പിന്നിലേക്ക് നടക്കുന്ന ജെയ്സൻ. ഷിനോജിനു തന്നെ കാണാൻ കഴിയില്ല എന്ന് ഉറപ്പിച്ചു കഴിയുമ്പോൾ ജെയ്സൻ അവിടെ കണ്ട രണ്ട് ലുങ്കിയും ഒരു ഷർട്ടും എടുത്തുകൊണ്ട് വേഗം പറമ്പിലെ കുറുക്കുവഴിയിലൂടെ ഇറങ്ങി ഓടുന്നു.

CUT TO

**സീൻ 67 A**

**റോഡ് - പലയിടങ്ങൾ DAY -EXT**

ജെയ്സൻ പാഞ്ഞുപോകുന്ന വേഗതയിൽ കരിയില ചിതറിപ്പോകുന്നു.

CUT TO

വഴിയിലെ വേലികളിൽ കാട്ടാനകളുടെ വരവറിയിക്കാൻ കെട്ടിതൂക്കിയിരിക്കുന്ന ബിയറുകുപ്പികൾ കാറ്റിന്റെ വേഗതയിൽ തമ്മിൽ ഇടിക്കുന്നു.

CUT TO

**സീൻ 67 B** ജെയ്സൻ,കുഞ്ഞൻ

**റോഡ് DAY - EXT**

ഓട്ടോയിൽ പല്ല് കുത്തിയിരിക്കുന്ന കുഞ്ഞൻ. ജെയ്സൻ കടന്നു പോകുമ്പോൾ ഓട്ടോയ്ക്ക് മുൻപോട്ടു ഒരിളക്കം തട്ടുന്നു. അയാൾ ചുറ്റും നോക്കുന്നു.

**സീൻ - 68** ജെയ്സൻ,പോത്തൻ

***റോഡ് - DAY / EXT***

റോഡിലൂടെ വേഗതയിൽ പായുന്ന പോത്തൻ ഓടിക്കുന്ന പോലീസ് ജീപ്പ്. ജെയ്സന്റെ കീറിയ മുണ്ട് സൈഡ് സീറ്റിലുണ്ട്. എന്തോ തീരുമാനിച്ചുറച്ച പോലെ പല്ലുകൾ ഒക്കെ ഇറുമ്മി

**പോത്തൻ :-** പൊന്നുമോനെ.. മിന്നൽ മുരളി.. ഇന്നത്തോടെ നിന്റെ എല്ലാ കളിയും തീർക്കൂട ഞാൻ..

എന്ന് ആരോടെന്നില്ലാതെ പറയുന്നു. പെട്ടെന്ന് ജീപ്പിന്റെ ടയറുകൾ പാളുന്നു. ആക്സിലേറ്റർ ആഞ്ഞു ചവിട്ടുന്ന പോത്തൻ. വണ്ടി മുൻപോട്ടു നീങ്ങുന്നില്ല. പിന്നിലേക്ക് നോക്കുന്ന പോത്തന്റെ കാഴ്ചപ്പാടിൽ അവിടെ മുഴുവൻ പുകമയം. അയാൾക്ക് ഒന്നും കാണാൻ കഴിയുന്നില്ല.

CUT TO-

ജീപ്പിന്റെ പിന്നിലെ കമ്പിയിൽ പിടിച്ചു വണ്ടി ഓടാതെ പിടിച്ചു നിർത്തുന്ന ജെയ്സൻ. അവൻ തന്റെ വേഷം മുഴുവൻ മാറി ഒരു ലുങ്കി കൊണ്ട് തന്റെ മുഖവും മൂടിയിട്ടുണ്ട്.

പോത്തൻ തന്റെ ജീപ്പ് നിർത്തിയശേഷം വെളിയിലേക്ക് ഇറങ്ങുന്നു. അവൻ നോക്കുമ്പോൾ പിന്നിലെ ടയർ പാളിയ പാടുകൾ. പോത്തന്റെ റിയാക്ഷൻ. അവൻ ചുറ്റും നോക്കുന്നു.
ആരെയും കാണുന്നില്ല. പെട്ടെന്ന് എന്തോ ഓർത്തിട്ടെന്നപോലെ പോത്തൻ ജീപ്പിന്റെ മുൻപിലെ സൈഡ് സീറ്റിൽ പോയി നോക്കുന്നു. അവിടെ അവൻ വച്ചിരുന്ന മുണ്ട് കാണുന്നില്ല. അവന്റെ മുഖത്തു അമ്പരപ്പ്.

CUT TO

**സീൻ - 68A**

ജെയ്സൻ,പോത്തൻ
ബസിൽ ഉള്ളവർ

***റോഡ് - DAY / EXT***

മുണ്ടിന്റെ ഉള്ളിൽ ഒരു കല്ല് വച്ച് കെട്ടിയശേഷം അതെടുത്ത് തോട്ടിലേക്ക് എറിയുന്ന ജെയ്സൻ.
ഓവർ ലാപ്പ് ചെയ്തു കേൾക്കുന്ന ബസിന്റെ ശബ്ദം.
പോത്തൻ ഇപ്പോളും ജെയ്സനെ അവിടെ തിരയുന്നുണ്ട്. ജെയ്സന്റെ പോയിന്റ് ഓഫ് വ്യൂവിൽ പോത്തൻ എന്തോ കണ്ടിട്ടെന്നോണം ജെയ്സൻ നിൽക്കുന്ന സ്ഥലത്തേക്ക് വേഗം വരുന്നു. ജെയ്സന്റെ ടെൻഷൻ. പെട്ടെന്ന് ജെയ്സനും പോത്തനും നിൽക്കുന്നതിന്റെ ഇടയിലുള്ള റോഡിലൂടെ ഒരു ബസ് കടന്നുപോകുന്നു.
ബസ് പോയിക്കഴിയുമ്പോൾ പോത്തൻ ജെയ്സൻ നേരത്തെ നിന്നിരുന്ന സ്ഥലത്ത് ചെന്ന് നോക്കുന്നു. അവിടെ ഇപ്പോൾ ആരുമില്ല. പോത്തന്റെ റിയാക്ഷൻ.

CUT TO-

**സീൻ - 69**

ജെയ്സൻ,ഷിബു,ജോസ്മോൻ,ബിജി
ഉഷ,പൈലി,കൊച്ചാപ്പി
ഗോപൻ,വൃദ്ധൻ,സെൽവൻ,ശാരദ
കൊച്ചാപ്പി,സൈക്കിൾ കടക്കാരൻ
കണ്ണപ്പൻ,മെമ്പർ
ബസ്സിലുള്ളവർ

***കല്ല്യാണബസ്- റോഡ് - DAY EXT / INT***

ബസിൽ കയറുന്ന ജെയ്സൻ.

**OBV:ജോസ്മോൻ :-** ഈ കല്യാണത്തിനു പട്ടിയെ വരൂന്ന് പറഞ്ഞിട്ട്..?

ജെയ്സൻ അപ്പോഴാണ് ജോസ്മോനെ കാണുന്നത്. അവൻ ചുറ്റും നോക്കുന്നു. ജോസ്മോനെയും ജെയ്സനെയും നോക്കുന്ന വണ്ടിയിലെ ആളുകൾ. വണ്ടിക്കകത്ത് ജെയ്സന്റെ മുൻപിൽ നിൽക്കുന്ന ഷിബു. ജെയ്സന്റെ നോട്ടത്തിൽ വണ്ടിയിൽ ഒട്ടിച്ചിരിക്കുന്ന അനീഷിന്റെയും ബിൻസിയുടെയും ചിരിക്കുന്ന ഫോട്ടോ. അത് അവരുടെ കല്യാണവണ്ടിയാണ്. ജെയ്സന്റെ റിയാക്ഷൻ. ഷിബുവിന്റെ മുൻപിൽ നിൽക്കുന്ന ജെയ്സൻ. ജെയ്സന്റെ നോട്ടത്തിൽ ബസിൽ നിറയെ മോടിയോടെ വസ്ത്രങ്ങൾ അണിഞ്ഞ ആളുകൾ.

**ജോസ്മോൻ :-** ബിരിയാണീടെ കാര്യം ഓർത്തിട്ടു കൊതി കേറീട്ടു വന്നതല്ലേ..?

**ജെയ്സൻ :-** പോടാ...ഞാൻ അറിയാതെ കേറീതാ...ഞാൻ പോവ്വാ..

ബസ്സിന്റെ ബാക്ക് സീറ്റിൽ ഇരിക്കുന്ന ഒരാളെ കാണുന്ന ജോസ്മോൻ. ജെയ്സനെ തട്ടി വിളിക്കുന്നു.
കണ്ണുകൊണ്ട് ആംഗ്യം കാണിച്ചു, ചെറിയ പുഞ്ചിരിയിൽ

**ജോസ്മോൻ :-** മാമ....ദേ ബിജി ടീച്ചർ......

ജോസ്മോന്റെ ചിരി കണ്ട്

**ജെയ്സൻ :-** ഓ....അവന്റെയൊരു കിണി..

ജെയ്സൻ ജോസ്മോൻ നോക്കുന്ന ഭാഗത്തേക്ക് നോക്കുന്നു. അവിടെ ബിജിയേ കാണുന്നു. ആമ്പൽഡേയിൽ നടന്ന അടിയുടെ ഭാഗമായി ബിജിയുടെ കഴുത്തിലും ഒരു കോളർ വന്നിട്ടുണ്ട്. ബിജി ഇരിക്കുന്നത് മൂന്നു പേർക്ക് ഇരിക്കാൻ കഴിയുന്ന സീറ്റിലാണ് . അവിടെ ബിജി മാത്രമേ ഇപ്പോൾ ഉള്ളൂ. ബിജിയെ കാണുമ്പോൾ

കരാട്ടെയുടെ മാതൃകയിൽ അഭിവാദനം ചെയ്തുകൊണ്ട്

**ജോസ്മോൻ :-** സംബായി.. ഹുസ്..

ബിജിയും ജോസ്മോനെ തിരിച്ചു അഭിവാദനം ചെയ്യുന്നു. ബിജിയെ കണ്ടിട്ട് ജെയ്സൻ ഒരത്ഭുതത്തോടെ ബിജിയുടെ അടുത്തേക്ക് വരുന്നു.

**ജെയ്സൻ :-** നീയെന്താ ഇതില്..? ഇത് അനീഷിന്റെ കല്ല്യാണവണ്ടിയല്ലേ..?

**ബിജി :-** ഞാൻ അവരടെ കല്ല്യാണം കൂടാൻ പോവാ.... നീയും വരുമെന്ന് ഞാൻ വിചാരിച്ചില്ല.. ഒരു നല്ല ഡ്രസ്സ് ഇടാൻ മേലാരുന്നോ..? ഇതെന്താ ലുങ്കിയൊക്കെ ഉടുത്ത്..?

ശബ്ദം താഴ്ത്തി ബിജിയുടെ അടുത്തേക്ക് നിന്ന്

**ജെയ്സൻ :-** അയ്യേ.... എന്റെ പട്ടി പോകും അവരടെ കല്ല്യാണം കൂടാൻ. ഞാൻ ഇതില് അറിയാതെ കേറിപ്പോയതാ....

ജോസ്മോനെ നോക്കിയിട്ട് ജെയ്സൻ

**ജെയ്സൻ :-** ഞാൻ പോവ്വാ..

ജെയ്സന്റെ കയ്യിൽ കയറി പിടിച്ചു

**ബിജി :-** ജെയ്സാ പോകല്ലേ.. ഈ കല്യാണം നമ്മൾ മുൻപ്പിൽ നിന്ന് കൂടണം.. ഇല്ലെങ്കി അവര് വിചാരിക്കും നമ്മള് അവരെ ഓർത്ത് വെഷമിച്ച് ഇരിക്കുവാന്നു.. എന്തായാലും അത് വേണ്ട.. വാ.. നീ ഇവിടെയിരിക്ക്.. ഇരിക്ക്.. ഒള്ള ഡ്രസ് ഒക്കെ മതി..

ഷിബുവിന്റെ കുറച്ചു മുൻപ്പിലായി ഷിബുവിന് നോട്ടം കൊടുക്കാതെ പൈലിയും നിൽപ്പുണ്ട്. പൈലിയുടെ മുഖത്ത് ഷിബു പിന്നിൽ നിൽക്കുന്നതിന്റെ ഭയമുണ്ട്. ജെയ്സൻ ബിജിയുടെ അടുത്ത് വന്നിരിക്കുന്നു. ബിജി വേദനയിൽ തന്റെ കഴുത്തിൽ തൊടുന്നത് കാണുന്ന ജെയ്സൻ.

**ജെയ്സൻ :-** നിന്റെ കഴുത്തിന്റെ വേദന ഇതുവരെ മാറിയില്ലേ..?

ബിജി തിരിയാൻ കുറച്ചു പ്രയാസപ്പെട്ടുകൊണ്ട്

**ബിജി :-** ഓ.. ഇതെന്നേം കൊണ്ടേ പോകൂ.. പക്ഷെ.. എന്തുവന്നാലും അവനെ ഞാൻ പൊക്കും.. എന്നെ അവനു ശരിക്കും അറിയില്ല..

ഇതുകേട്ട് ഒന്ന് ചുമയ്ക്കുന്ന ജോസ്മോൻ. ജെയ്സൻ ജോസ്മോനെ ഒന്ന് നോക്കുന്നു. അതിനുശേഷം ബിജിയെ ഇടം കണ്ണിട്ട് നോക്കുന്ന ജെയ്സൻ. ബിജി അത് കണ്ടിട്ട് “എന്താ?” എന്ന് ചോദിക്കുന്നു.

തപ്പിക്കൊണ്ട് **ജെയ്സൻ :-** ഞാൻ ഒന്ന് ചോതിച്ചോട്ടെ..?

ജോസ്മോന്റെ റിയാക്ഷൻ. ജെയ്സനോടായി

**ബിജി :-** ഉം....

**ജെയ്സൻ :-** നീ ജോസ്മോനോട് എന്നെക്കുറിച്ച്..?

പെട്ടെന്ന് ജോസ്മോൻ ജെയ്സന്റെ കയ്യിൽ നുള്ളിപ്പറിച്ചിട്ട് മിണ്ടരുത് എന്ന് കണ്ണുകൊണ്ട് ആംഗ്യം കാണിക്കുന്നു.

**ബിജി :-** നിന്നെ കുറിച്ച്..?

സംസാരത്തിന്റെ ടോൺ മാറ്റിക്കൊണ്ട്

**ജെയ്സൻ :-** എന്നെക്കുറിച്ച്..?

**ബിജി :-** നീ എന്താ ഈ പറയുന്നേ..?

**ജെയ്സൻ :-** ഞാൻ ഒന്നും പറഞ്ഞില്ലല്ലോ..

ബിജിയുടെ റിയാക്ഷൻ. ബിജി ജെയ്സനെ ഒന്ന് സംശയിച്ച് നോക്കിയിട്ട് ജോസ്മോനെ നോക്കുന്നു. ജോസ്മോൻ ഒന്നും അറിയാത്തതുപ്പോലെ മുൻപ്പിലേക്ക് നോക്കിനിൽക്കുന്നു. ഷിബു ഉഷയെയും നോക്കുന്നു. ഇവിടെ മെല്ലെ ഒരു ഗാനം കേട്ടുതുടങ്ങുന്നു.

ഗാനം

ഷിബുവിന്റെ നോട്ടം ഏറ്റവും മുൻപ്പിലായി ഇരിക്കുന്ന ഉഷയിലാണ്. ഉഷയുടെ മുഖത്തെ ചിരിയും അവളുടെ സംസാരവും ഒക്കെ കണ്ടുനിൽക്കുന്ന ഷിബുവിന്റെ കണ്ണുകളിൽ പ്രണയം. ഉഷ ഇടയ്ക്ക് ഒളികണ്ണിട്ടു ഷിബുവിനെ നോക്കുന്നുണ്ട്. ഉഷയുടെ പിറകിലായി ഇരിക്കുന്ന ജെയ്സനും ബിജിയും. ഷിബു ജെയ്സന്റെ അടുത്തായി സീറ്റിൽ വന്നു ഇരിക്കുന്നു.

ഉഷയുടെ ബ്ലൌസ് കുറച്ചു മാറികിടക്കുന്നത് ശ്രദ്ധയിൽ പെടുന്ന ഷിബു. ഒരു വൃദ്ധനും ഉഷയെ ശ്രദ്ധിച്ചു അവളുടെ മാറികിടക്കുന്ന ബ്ലൌസിലേക്ക് നോക്കുകയാണ്. അത് ശ്രദ്ധിക്കുന്ന ഷിബു. അവൻ മെല്ലെ തന്റെ അസാധാരണ ശക്തി

ഉപയോഗിച്ച് അവളുടെ ബ്ലൌസ്
നേരെയിടുന്നു. അത് കണ്ട് അമ്പരപ്പോടെ
നിൽക്കുന്ന വൃദ്ധൻ. ആരോ തൊട്ടപോലെ
തോന്നുന്ന ഉഷ മെല്ലെ തന്റെ ബ്ലൌസിലേക്ക്
നോക്കുന്നു. ഇതെല്ലാം കാണുന്ന പൈലിയുടെ
റിയാക്ഷൻ.

CUT TO

**സീൻ - 70**

ജെയ്സൻ,ഷിബു,ദാസൻ,ഉഷ,ബിജി
ബിൻസി,ജോസ്മോൻ,അനീഷ്,
കുഞ്ഞൻ,സാജൻ,കേശവൻ
പൈലി,സി.ഐ,
,ബിന്ദു,സെൽവൻ,കണ്ണപ്പൻ
,മെമ്പർ,വികാരിയച്ചൻ, കൊച്ചാപ്പി
കപ്പ്യാർ,സന്തോഷ്,ഷിനോജ്
ക്യാമറമാൻ,ഗോപൻ,ശാരദ
സൈക്കിൾ കടക്കാരൻ,
കന്യാസ്ത്രീകൾ
മറ്റ് പോലീസുകാർ,നാട്ടുകാർ
ബന്ധുക്കൾ

***SONG - DAY / EXT***

***കല്യാണ ഓഡിട്ടോറിയം***

ഗാനം തുടരുന്നു.
ഉത്സവപ്രതീതി തുടിക്കുന്ന അന്തരീക്ഷത്തിൽ അനീഷിന്റെയും ബിൻസിയുടെയും വിവാഹം ഓഡിറ്റോറിയത്തിൽ വച്ച് നടക്കുന്നു.

CUT TO

ജെയ്സനും ബിജിയും ജോസ്മോനും ഒരുമിച്ചു നിന്ന് അനീഷിന്റെയും ബിൻസിയുടെയും വിവാഹം കൂടുന്നു.

CUT TO

ജെയ്സൻ ബിജി തന്നെ നോക്കുന്നുണ്ടോ എന്നറിയാൻ ഇടക്ക് അവളെ നോക്കുന്നു. ഇതുകാണുന്ന ബിജി എന്തിനാണ് ജെയ്സൻ തന്നെ ഇങ്ങനെ നോക്കുന്നത് എന്ന സംശയത്തോടെ നിൽക്കുന്നു. ജെയ്സനോട് ചളമാക്കരുത് എന്ന് ആംഗ്യം കാണിക്കുന്ന ജോസ്മോൻ.

CUT TO

അനീഷിനും ബിൻസിക്കും കാണാൻ കഴിയുന്നിടത്ത് ഒരുമിച്ചു നിൽക്കുന്ന ജെയ്സനും ബിജിയും. അവരിരുവരും തങ്ങളെ കണ്ടു എന്ന് ഉറപ്പു വരുമ്പോൾ മുഖത്ത് ഒരു ചിരി വരുത്തുന്നു. ബിൻസിയുടെയും അനീഷിന്റെയും ഒപ്പം അവരുടെ മാതാപിതാക്കളും ഉണ്ട്. തന്റെ കൈകളിൽ പ്ലാസ്റ്റർ ഇട്ടാണ് എസ്.ഐ.സാജൻ അവരുടെ ഒപ്പം നിൽക്കുന്നത്. എസ്.ഐ.സാജൻ ആളുകളെ എല്ലാം സ്വീകരിച്ചു ഇരുത്തുമ്പോൾ ജെയ്സനെ ശ്രദ്ധിക്കുന്നു. അടുത്തു നിൽക്കുന്ന ക്യാമറാമാനോട്

**സാജൻ :-** അവന്റെ ഫോട്ടോയും പടോം ഒന്നും എടുത്തേക്കല്ല്.. നിന്റെ സ്റ്റുഡിയോ പൂട്ടിക്കും ഞാൻ..

അതുകേട്ട് അമ്പരപ്പിൽ നിൽക്കുന്ന ക്യാമറമാൻ.

CUT TO

ജെയ്സനും ബിജിയും വധൂവരന്മാർക്ക് ഒപ്പം നിന്ന് ഫോട്ടോ എടുക്കുന്നു. ചിരിക്കുന്ന മുഖവുമായാണ് ബിജിയും ജെയ്സനും നിൽക്കുന്നത്. അനീഷിന്റെയും ബിൻസിയുടെയും മുഖം വിളറിയാണ് ഇരിക്കുന്നത്. ഫോട്ടോ എടുത്ത് കഴിയുമ്പോൾ അനീഷിനു ഷേക്ക്ഹാൻഡ് കൊടുക്കാൻ തുടങ്ങുന്ന ബിജി . ബിജിക്ക് ഷേക്ക്ഹാൻഡ് കൊടുക്കാതെ ജെയ്സന് കൊടുക്കുന്ന അനീഷിന്റെ കയ്യിലെ എല്ലുകൾ ഒടിയുന്നതിന്റെ ശബ്ദം കേൾക്കാം. അമ്പരപ്പിൽ അതുകേട്ട് നിൽക്കുന്ന ബിജിയും ബിൻസിയും. ജോസ്മോൻ ഒളികണ്ണിൽ ജെയ്സനെ ഒന്ന് നോക്കുന്നു. തന്റെ കൈ അനക്കുവാൻ കഴിയാതെ നിൽക്കുന്ന അനീഷ്.
അനീഷിനോടായി ചെവിയിൽ

**ജോസ്മോൻ :-** അതൊരു മികച്ച തീരുമാനമായിരുന്നു..

CUT TO

ഉഷയെ നോക്കി നിൽക്കുന്ന ഷിബു. ഉഷയുടെ അടുത്തേക്ക് വരുന്ന ദാസൻ. ദാസനെ കാണുമ്പോൾ ഷിബു ഒന്ന് പരുങ്ങുന്നു. ദാസന്റെ കൂടെ കേശവനും ഉണ്ട്. കേശവനെ കാണുന്ന ഉഷയുടെ റിയാക്ഷൻ.

CUT TO

എസ്.ഐ സാജന്റെ മുൻപ്പിലേക്ക് വരുന്ന സി.ഐ.
സി.ഐയെ കണ്ടു സാജൻ തന്റെ ഒടിഞ്ഞ കൈകൊണ്ട് സല്യൂട്ട് അടിക്കുവാൻ നോക്കുന്നുണ്ട്.

സി.ഐ ഒരു ചിരിയോടെ സാജന്റെയും വധൂവരന്മാരുടെയും അടുത്തേക്ക് വന്നു നിൽക്കുന്നു. അവർ ഫോട്ടോക്ക് പോസ് ചെയ്യുന്നു. ഫോട്ടോയ്ക്ക് പോസ് ചെയ്യുന്നതിനിടയിൽ

**സി.ഐ :-** താനിങ്ങനെ ജുബ്ബയൊക്കെ ഇട്ട് നടന്നോ.. ആ മുരളിയെ ഒടനെ പൊക്കിയില്ലേ തന്റെ ജോലി തെറിക്കും.. ഓർത്തോണം..

ഫോട്ടോ എടുക്കുമ്പോൾ അതിൽ സാജന്റെ വിളറിയ മുഖം.

CUT TO

ഭക്ഷണം കഴിക്കുവാനായി ഹാളിലേക്ക് കയറാൻ ക്യൂ നിൽക്കുന്ന ആളുകൾക്ക് ഇടയിൽ നിൽക്കുന്ന ജെയ്സനും ബിജിയും. മുൻപ്പിൽ നല്ല തിരക്കായതിനാൽ ജെയ്സൻ പിന്നിൽ നിന്ന് ഒരാൾക്കിട്ടു ഒരു ചെറിയ തള്ളൽ കൊടുക്കുന്നു. ആ തള്ളലിന്റെ ശക്തിയിൽ മുൻപ്പിൽ നിൽക്കുന്ന ആളുകൾ എല്ലാം മറിഞ്ഞു വീഴുന്നു.
ഉഷയെ നോക്കി നിന്നിരുന്ന ഷിബുവും ഒപ്പം മറിഞ്ഞു വീഴുന്നു. ആ ഗ്യാപ്പിൽ ജെയ്സനും ബിജിയും മുൻപിലേക്ക് കയറി പോകുന്നു.

CUT TO

ബിജിയും ജെയ്സനും ഭക്ഷണം കഴിക്കുന്നത് അനീഷും ബിൻസിയും കഴിക്കുന്നതിന്റെ നേരെ എതിർവശത്ത് ഇരുന്നാണ്.
ഇരുകൂട്ടരുടെയും റിയാക്ഷൻസ്. അനീഷ് ഇപ്പോൾ തന്റെ ഇടതു കൈകൊണ്ടാണ് ഭക്ഷണം കഴിക്കുന്നത്.

CUT TO

ഭക്ഷണം കഴിക്കുന്നതിനിടയിൽ ജെയ്സനെ ബിജി ഇടയ്ക്ക് നോക്കുന്നുണ്ട്. ജെയ്സൻ തിരിയുമ്പോൾ ബിജി വേറെ ഒരു വശത്തേക്ക് നോട്ടം മാറ്റുന്നു. ഇതൊക്കെ കുറെ കണ്ടതാണ് എന്ന ഭാവത്തിൽ ജോസ്മോൻ ഭക്ഷണത്തിൽമാത്രം ശ്രദ്ധിച്ചു കഴിക്കുന്നു.

CUT TO

ഭക്ഷണം കഴിച്ചുകഴിഞ്ഞു കൈ കഴുകുന്ന ദാസനും കേശവനും. അവരുടെ കാഴ്ച്ചയിൽ ഉഷയും ഷിബുവും എന്തോ സംസാരിക്കുകയാണ്.
അത് കാണുമ്പോൾ ദാസനോട്

**കേശവൻ :-** ഉഷ എന്തിനാ അവനോടൊക്കെ സംസാരിക്കാൻ നിക്കുന്നെ.. ? എനിക്ക് അത്ര പിടിക്കുന്നില്ലാട്ടാ..

അത് കേൾക്കുന്ന ദാസന്റെ റിയാക്ഷൻ.

CUT TO

ഷിബുവിന്റെ അടുത്ത് എത്തി കലിപ്പിൽ

**ദാസൻ :-** എന്താടാ ..നീ പിന്നെം പഴേപോലെ അവൾടെ പുറകെ കൂടാനുള്ള പരിപാടിയാണോ ?

ഷിബു ഒന്ന് പുഞ്ചിരിക്കുന്നു. ദാസൻ നിൽക്കുന്നതിന്റെ കുറച്ചു പിന്നിലായി ഒരു കൂർത്ത കമ്പി വളഞ്ഞു നിൽക്കുന്നുണ്ട്. പല്ലിറുമ്മി തുടർന്നുകൊണ്ട്

**ദാസൻ :-** നീ കൂടുതൽ ഒണ്ടാക്കല്ലെ. കൊന്നു കളയും ഞാൻ

ഷിബു തന്റെ അസാധാരണ ശക്തി ഉപയോഗിച്ച് ആ കമ്പി വിറപ്പിക്കുന്നു. എന്നിട്ട് ദാസനെ നോക്കി ചിരിച്ചുകൊണ്ട്

**ഷിബു :-** നമ്മൾ തമ്മിൽ എന്തിനാ ദാസാ ഒടക്ക്.. എന്നെ വിട്ടേരെ..

വിറയലോടെ നിൽക്കുന്ന കൂർത്ത കമ്പി. നിഗൂഢമായ പുഞ്ചിരിയോടെ നിൽക്കുന്ന ഷിബു. എന്നിട്ട് ദാസനെ നോക്കി നടന്നു നീങ്ങുന്നു.

CUT TO

**സീൻ 70 A**

ജെയ്സൻ,ഷിബു,ബിജി,ഉഷ
ജോസ്മോൻ,ദാസൻ,പൈലി
കേശവൻ,കണ്ണപ്പൻ,സെൽവൻ,മെമ്പർ,ശാരദ
കൊച്ചാപ്പി,ഗോപൻ ,സന്തോഷ്
നാട്ടുകാർ,ബന്ധുക്കൾ

***റോഡ്/കവല DAY/EXT***
**SONG**
**ഗാനം തുടരുന്നു.**

കവലയിലേക്ക് തിരികെ എത്തുന്ന കല്ല്യാണവണ്ടി. വണ്ടിക്കകത്ത് പിൻസീറ്റിൽ ഇരിക്കുന്ന ബിജി. അവൾ വല്ലാതെ ഉറക്കം തൂങ്ങുകയാണ്. ബിജി ഉറങ്ങി ജെയ്സന്റെ തോളിലേക്ക് ചരിയുന്നു. അത് കാണുന്ന ജെയ്സന്റെയും ജോസ്മോന്റെയും മുഖത്ത് അമ്പരപ്പ്. വണ്ടി ഗട്ടർ ചാടുമ്പോൾ ഉറക്കം തെളിയുന്ന ബിജി. അവളുടെ മുഖത്ത് ഒരു ചമ്മലുണ്ട്.

CUT TO

വണ്ടിയിൽനിന്നും ഇറങ്ങുന്ന ബിജിയും ജെയ്സനും മറ്റാളുകളും. ജെയ്സനും ബിജിയും പരസ്പരം ഒന്ന് നോക്കുന്നു. അവരുടെ ബന്ധം പുതിയൊരു തലത്തിലേക്ക് വളർന്നു എന്ന് ആ നോട്ടത്തിൽ മനസ്സിലാക്കാൻ കഴിയും. ഇരുവരെയും അവരറിയാതെ നോക്കുന്ന ജോസ്മോൻ. അവന്റെ മുഖത്ത് കള്ളച്ചിരി.

CUT TO

**സീൻ 70 B**
***SONG***

ജെയ്സൻ,ജോസ്മോൻ,ബിജി
ബിജിയുടെ സ്ടുടെന്റ്സ്

***കവല -ബിജിയുടെ സ്ഥാപനം DAY -INT /EXT***

ജോസ്മോനെ വിളിക്കാനായി ജെയ്സൻ കരാട്ടെ ക്ലാസിലേക്ക് വരുന്നു. ജെയ്സൻ അതൊരു പതിവാക്കുന്നു. ബിജിയുടെ ആവശ്യപ്രകാരം ഓടുകൽ പൊട്ടിക്കാൻ ശ്രമിക്കുന്നു. അവന് അത് കഴിയാതെ വരുന്നു. ക്ലാസിനിടയിൽ ബിജി ഓടുകൾ അടിച്ചുപൊട്ടിക്കുമ്പോൾ അത് നോക്കി നിൽക്കുന്ന ജെയ്സൻ. ജെയ്സൻ തന്റെ കായികബലം കണ്ടതിൽ അവൾക്കു അഭിമാനം. അവരിരുവരുടെയും ചിരി.

CUT TO

ഷിബു,ഉഷ
നാട്ടുകാർ

**സീൻ 70 C**
***SONG***

***പലയിടങ്ങൾ - ഉഷയുടെ വീട് DAY -EXT***

രാത്രി-പകൽ വ്യത്യാസം ഇല്ലാതെ ഷിബു ഉഷയെ പിന്തുടരുന്നതിന്റെയും അകലെനിന്നു നോക്കി നിൽക്കുന്നതിന്റെയും ദൃശ്യങ്ങൾ.

ഷിബു,ഉഷ

**സീൻ 70 D**
***SONG***

**ഉഷയുടെ വീട്  DAY INT-EXT**

ഉഷയുടെ വീടിന്റെ സമീപം ജനലിലൂടെയും ഷിബു അവളെ കാണുന്നുണ്ട്.
CUT  TO

തന്റെ വീടിനു പിന്നിലെ പൈപ്പിൻ ചുവട്ടിൽ ഇരുന്ന് ചായഗ്ലാസ് കഴുകുന്ന ഉഷ. ഉഷയുടെ മുൻപ്പിൽ കുറച്ചു മാറി നിൽക്കുന്ന ഷിബു. താൻ എന്തോ പറഞ്ഞുകൊണ്ടിരിക്കുന്നതിന്റെ ബാക്കി എന്നപോലെ

**ഷിബു :-** എനിക്ക് നീയില്ലാതെ പറ്റില്ല ഉഷേ.. എപ്പോഴും നിന്നെ കണ്ടോണ്ടിരിക്കാൻ തോന്നുവാ.. ഞാൻ.. ഞാൻ നിന്നെ കെട്ടിക്കോട്ടേ..?

ഷിബുവിന്റെ മുഖത്തേക്ക് പോലും നോക്കാതെ

**ഉഷ :-** വെറുതെ ആഗ്രഹങ്ങൾ ഒന്നും മനസ്സിൽ വെക്കണ്ട ഷിബു.. ദാസേട്ടൻ പറയുന്നത് മാത്രമേ ഞാൻ ചെയ്യൂ..

അതിനു ശേഷം ഉഷ അവിടെനിന്നു അകത്തേക്ക് കയറിപ്പോകുന്നു. ഷിബുവിന്റെ റിയാക്ഷൻ.

CUT  TO

ഷിബു നിരാശയോടെ നടന്നകലുന്നത് ജനലിന്റെ ഇടയിലൂടെ നോക്കി നിൽക്കുന്ന ഉഷ. ഉഷയുടെ കണ്ണുകളിൽ നനവ്.

CUT  TO

**സീൻ 71**

ജെയ്സൻ,ബിജി,പോത്തൻ,ദാസൻ
കവലയിലുള്ളവർ

***കവല-ജെയ്സൻ സ്ടിച്ചിംഗ് സെന്റെർ -DAY - EXT***

തയ്യൽ മെഷീനിൽ തന്റെ അസാധാരണശക്തി ഉപയോഗിച്ച് വേഗത്തിൽ തുണി തയിക്കുന്ന ജെയ്സൻ. അത് അത്ഭുതത്തിൽ നോക്കിക്കൊണ്ട്

**ദാസൻ :-** പയ്യെ ചവിട്ട് ജെയ്സാ...നീയെല്ലാംകൂടെ പൊളിച്ചടുക്കൂല്ലോ

ജെയ്സന്റെ റിയാക്ഷൻ.
അതെസമയം കവലയിലൂടെ സ്കൂട്ടറിൽ പാഞ്ഞു പോകുന്ന ബിജി. ജെയ്സന്റെ തയ്യൽക്കടയിലേക്ക് നോക്കി ധൃതിയിൽ

**ബിജി :-** ജെയ്സ.. ആ കാശ് റെഡിയല്ലേ..?

കൈ ഉയർത്തി കാണിച്ചു

**ജെയ്സൻ :-** ആ.. അതെ..

**ബിജി :-** നമുക്ക് വൈകിട്ടു മെമ്പറിനെ കാണാൻ പോണം.. പാസ്പോർട്ടിന്റെ കാര്യം പുള്ളി ഏറ്റുന്നാ പറഞ്ഞെ....

**ജെയ്സൻ :-** ആ.. ഒക്കെ..

CUT TO

അത് കുറച്ചപ്പുറത്ത് അങ്ങാടിക്കടയുടെ മുൻപിൽ നിന്ന് ഈ സംഭാഷണം ഒളിഞ്ഞു കേൾക്കുന്ന പോത്തൻ.

(സ്വയം) **പോത്തൻ :-** ഈ കാശൊക്കെ ഇവനിതെവിടുന്നാ.... അപ്പൊ ബാങ്ക് മോഷ്ടിച്ചതും ഇവൻ തന്നെ..

പോത്തൻ എന്തോ തീരുമാനിച്ചു ഉറപ്പിക്കുന്നു.

CUT TO

**സീൻ 72**

ജെയ്സൻ,വർക്കി,ദാസൻ
കവലയിൽ ഉള്ളവർ

*കവല -ജെയ്സൻ സ്ടിച്ചിംഗ് സെന്റെർ. DAY- INT*

തയ്യൽക്കടയുടെ അകത്തെ മുറിയിലെ അലമാരയിൽ താൻ കാശ് വച്ചിരുന്ന ഡ്രോ തുറന്നു പരിശോധിക്കുന്ന ജെയ്സൻ. അൽപ്പനേരം പരിശോധിച്ചിട്ടും അവനത് പൊതിഞ്ഞു വച്ചിരുന്ന കൂടല്ലാതെ ഒന്നും കണ്ടെത്താൻ സാധിക്കുന്നില്ല. ജെയ്സന്റെ മുഖം മാറുന്നു. അവന്റെ മുഖത്തെ ടെൻഷൻ. ജെയ്സൻ കടയുടെ മുന്നിലേക്ക് വന്നു വർക്കിയോടു

**ജെയ്സൻ :-** ഞാൻ ഇവിടെ വച്ചിരുന്ന കാശ് കണ്ടാരുന്നോ..?

ഇതുകേട്ട് ദാസന്റെ മുഖം മാറുന്നു.

**വർക്കി :-** ഇല്ല.. കാശൊക്കെ ഇവടാണോ വക്കുന്നെ..?

വർക്കിയും ജെയ്സന്റെ ഡ്രോ തിരയാൻ അവിടേക്ക് ചെല്ലുന്നു. തിരച്ചിലിനിടെ തയ്യൽക്കടയുടെ മറ്റൊരു ഭാഗത്ത് നിൽക്കുന്ന ദാസനെ നോക്കി.

**വർക്കി :-** ഡാ.. നീയാ അശോകന്റെ പാൻസിന്റെ തുണി തപ്പിയതല്ലാരുന്നോ..? അപ്പൊ അലമാരിയിലെങ്ങാനും കാശ് വല്ലോം ഇരിക്കുന്ന കണ്ടാരുന്നോ .?

ദാസന്റെ റിയാക്ഷൻ. ജെയ്സൻ ദാസനെ തറപ്പിച്ചൊന്നു നോക്കുന്നു. ദാസന്റെ കൈകൾ വിറച്ചുതുടങ്ങുന്നു. ജെയ്സൻ സംശയത്തോടെ ദാസന്റെ അടുത്തേക്ക് ചെന്നിട്ട്

**ജെയ്സൻ :-** ദാസേട്ടാ.. എന്റെ കാശെവിടെ?

അത് കേൾക്കുന്ന വർക്കി അമ്പരപ്പിൽ ജെയ്സനെ നോക്കുന്നു

**വർക്കി :-** ഡാ.. ജെയ്സാ..

അത് വകവെക്കാതെ പല്ലിറുമ്മി ദാസന്റെ കോളറിൽ കയറിപ്പിടിച്ചു

**ജെയ്സൻ :-** എന്റെ കാശ് എവിടെടോ..?

ദാസന്റെ ചുണ്ടുകൾ വിറച്ചുതുടങ്ങുന്നു. ജെയ്സന്റെ റിയാക്ഷൻ.

CUT TO

**സീൻ - 73**

സാജൻ,പോത്തൻ,ഷിനോജ്,
സന്തോഷ്,പോലീസുകാരൻ2
മറ്റ്പോലീസുകാർ

***പോലീസ് സ്റ്റേഷൻ - DAY -INT/EXT***

സാജന്റെ മേശപ്പുറത്തേക്ക് ഷിനോജ് ഒരു ഫയൽ എടുത്തു വക്കുന്നു.

**ഷിനോജ് :-** സാർ.. മിന്നൽ മുരളി ആക്രമണത്തെ കുറിച്ചുള്ള എന്റെ നിഗമനങ്ങൾ ആണ് ഇതിൽ..

**സാജൻ :-** കൊറേ ഉണ്ടോ ....?

തന്റെ കയ്യിലെ ഫയൽ കാണിച്ചു

**ഷിനോജ് :-** ഇരുനൂറ്റിമുപ്പത്തെട്ടു പേജുള്ള റിപ്പോർട്ട് ആണ് സാർ..

**സാജൻ :-** അത്രേം വേണ്ട.. രാവിലെ കാര്യായിട്ട് ഒന്നും കഴിച്ചിട്ടില്ല.. ചുരുക്കി പറഞ്ഞാൽ മതി..

ഷിനോജ് പറയുന്നതിന്റെ ഇടയിൽ കയറി

**പോത്തൻ :-** സാർ.. എനിക്കൊരു കാര്യം പറയാനൊണ്ട്..

പോത്തനോട് അല്പം കലിപ്പിച്ചു

**സാജൻ :-** ഡേയ് വെയിറ്റ്.. ആദ്യം ഷിനോജ് പറയട്ടെ..

പെട്ടെന്ന് ഓഫീസിനുള്ളിലേക്ക് കയറിവരുന്ന മറ്റൊരു പോലീസുകാരൻ. സല്യൂട്ട് അടിച്ചുകൊണ്ട്

**സന്തോഷ് :-** സാജൻ സാറേ.. പന്തലിന്റെ കാശ് ബാക്കി ചോതിച്ചോണ്ട് സുരേന്ദ്രൻ വന്നിട്ടുണ്ട്..

**സാജൻ :-** അവന്റെ മുട്ടുകാല് തല്ലിയൊടിക്കൂന്നു പറ..

**സന്തോഷ് :-** എസ് സാർ..

സല്യൂട്ട് അടിച്ചുകൊണ്ട് ആ പോലീസുകാരൻ ഇറങ്ങിപ്പോകുമ്പോൾ സാജൻ ഷിനോജിനെ ഒന്ന് നോക്കുന്നു.

**ഷിനോജ് :-** സാർ.. അന്ന് നടന്നത് തീവ്രവാദി ആക്രമണം ആണ് സർ..

സാജന്റെ മുഖത്ത് ഞെട്ടൽ.

തുടർന്നുകൊണ്ട് **ഷിനോജ് :-** അന്നത്തെ ആക്രമണത്തിൽ അടി കിട്ടിയത് സാറിനാണെങ്കിലും അയാളുടെ ലക്ഷ്യം മറ്റൊരാൾ ആയിരുന്നു..

ആകാംക്ഷയിലും അമ്പരപ്പിലും ഷിനോജിനെ ഒരു നിമിഷം നോക്കി

**സാജൻ :-** യു മീൻ സുധീഷ്..?

**ഷിനോജ് :-** നൊ സാർ..

**സാജൻ :-** പ്രിൻസിപ്പിൾ മാത്തൻ..?

**ഷിനോജ് :-** നൊ സാർ.. M.L.A കെ.സി.ഗോപാലൻ..

നടുക്കത്തിൽ **സാജൻ :-** ഓ മൈ ഗോഡ്..

അതുകേൾക്കുന്ന പോത്തന്റെ മുഖത്ത് ഷിനോജിനോടുള്ള നീരസം.

**ഷിനോജ് :-** M.L.A ഏയ്ക്കു നേരെ ഇനി ഏതു നിമിഷവും ഒരു തീവ്രവാദി ആക്രമണം ഉണ്ടാവാൻ സാധ്യത ഉണ്ട് സാർ.. M.L.A ഏക്ക് കൂടുതൽ പ്രൊട്ടക്ഷൻ കൊടുക്കണം.. അടുത്ത ആക്രമണം നടത്താൻ ഉള്ള കാശിനു വേണ്ടിയാവും അയാൾ ബാങ്ക് മോഷ്ടിച്ചത്..

ഇറാഖിന്റെ മാപ്പ് എടുത്തു മേശപ്പുറത്ത് വച്ചുകൊണ്ട്

**ഷിനോജ് :-** പോത്തനെ തല്ലുന്നതിനിടയിൽ അവൻ മാറാലഹ.. മാറാലഹ എന്ന് പറഞ്ഞത് ഒരു ക്ലൂ ആണ് സാർ..

ആകാംക്ഷയിൽ **സാജൻ :-** എന്ത് ക്ലൂ..

മാപ്പിൽ ഒരിടത്ത് കൈ ചൂണ്ടിക്കൊണ്ട്

**ഷിനോജ് :-** മാറാലഹ ഇറാഖിനടുത്തുള്ള ഒരു സ്ഥലമാണ് സാർ.. വിച്ച് മീൻസ്..

ഷിനോജിനെ നോക്കി ഞെട്ടലോടെ

**സാജൻ :-** ആ തീവ്രവാദി വന്നത് ഇറാഖിൽ നിന്നാണ്..

ഷിനോജ് തലയാട്ടുന്നു

**സാജൻ :-** യു ആർ ബ്രില്ല്യന്റ്.. അയാം പ്രൌഡ് ഓഫ് യു..

**ഷിനോജ് :-** താങ്ക്യു സാർ..

ഇടക്ക് കയറി

**പോത്തൻ :-** സാർ.. അത് മാറാലഹ ഒന്നും അല്ല.. മാറ് അളിയാ എന്നാ.. മാറ് അളിയാ.. ഇത് തീവ്രവാദി ആക്രമണം ഒന്നുമല്ല സാർ.. എന്റെ അളിയൻ ജെയ്സനാ സാറേ ഇതിനു പിന്നിൽ.. പാസ്പോർട്ട് റിജക്റ്റ് ചെയ്തതിന്റെ ദേഷ്യത്തിനാ അവൻ സാറിനെ തല്ലിയേ.. അവൻ തന്നെയാ ബാങ്കും മോഷ്ടിച്ചേ..

കലിപ്പിച്ചു

**സാജൻ :-** പോത്താ താൻ മണ്ടനാന്നു വീണ്ടും വീണ്ടും ഇങ്ങനെ തെളിയിക്കണോ..? ആ വന്നവന്റെ ഓട്ടവും ചാട്ടവും കണ്ടാത്തന്നെ അറിഞ്ഞൂടെ അവൻ അന്താരാഷ്ട്ര പരിശീലനം കിട്ടിയിട്ടുള്ള കുറ്റവാളിയാണെന്ന്..

ഈ ജെയ്സനെകൊണ്ട് അത് വല്ലതും പറ്റുവോ..? നിങ്ങള് തമ്മിലൊള്ള കലിപ്പൊന്നും ഇതിലോട്ടു വലിച്ചിടണ്ടാ കേട്ട..
ആ വന്നവൻ എന്നെ തല്ലിയത് കേസന്വേഷണം അട്ടിമറിക്കാനും വഴിതെറ്റിക്കാനും വേണ്ടിയാണ്..

അത് കേൾക്കുമ്പോൾ ഷിനോജ് പോത്തനെ പുച്ഛത്തിൽ ഒന്ന് നോക്കുന്നു. തുടർന്നുകൊണ്ട്

**സാജൻ :-** ടോ.. രണ്ടു ദിവസം മുൻപ്പ് വരെ മാറാലഹ.. മാറാലഹ എന്നല്ലേ താൻ പറഞ്ഞോണ്ടിരുന്നത്.. എന്നിട്ടിപ്പോ മാറളിയ ആയോ..?

(നിസ്സഹായതയിൽ) **പോത്തൻ :-** എന്നെ ഒന്ന് വിശ്വാസിക്ക് സാറേ..

ഒരു നിമിഷത്തെ ആലോചനക്ക് ശേഷം

**സാജൻ :-** തെളിവുണ്ടാ..?

ഒരു ദീർഘനിശ്വാസത്തിൽ അവിടെ ഒരു നിമിഷം നിൽക്കുന്ന പോത്തൻ.

**പോത്തൻ :-** തെളിവുണ്ട് സാറേ.. മുരളി അന്ന് ഉടുത്തിരുന്ന മുണ്ട്.. അത് ഞാൻ.. എന്റെ കയ്യിൽ ഉണ്ടായിരുന്നു സാർ.. അത് എന്റെ അളിയൻ.. ശ്ശേ.. ഞാൻ ഇത് എങ്ങനെ പറഞ്ഞു മനസ്സിലാക്കും..

ഒന്ന് ചിരിച്ചിട്ട്

**സാജൻ :-** ആ കൊള്ളാം.. തന്റെ അളിയന് മുണ്ട് ഉണ്ടെന്നും പറഞ്ഞു എങ്ങനാടെയ് അവൻ മിന്നൽ മുരളിയാവണത്.. എന്റെ കയ്യിൽ മൂന്നു മുണ്ട് ഉണ്ട്.. എന്ന് വച്ച് ഞാനാണോ മിന്നൽ മുരളി....?

ഷിനോജ് ഇത് കേട്ടിട്ട് വാ പൊത്തി ചിരിക്കുന്നു. പോത്തൻ അത് കാണുന്നു. സാജൻ തുടരുന്നു.

**സാജൻ :-** ആ മുഖം മൂടി ആയിരുന്നേൽ പിന്നെയും നോക്കായിരുന്നു.. പോയി ആദ്യം തെളിവ് കൊണ്ടുവാടെ..

**പോത്തൻ :-** സാറിന്റെ വർത്തമാനം കേട്ടാ തോന്നും അവൻ മുഖം മൂടിയിട്ട് എന്റെ മുമ്പിവന്നു നിക്കൂന്ന്..

**സാജൻ :-** താനിനി കൂടുതൽ..

പെട്ടെന്ന് മുറിയിലേക്ക് വരുന്ന മറ്റൊരു പോലീസുകാരൻ

**പോലീസ്ക്കാരൻ 2 :-** സാറേ.. കവലേൽ തല്ല്..

**സാജൻ :-** ഏ..??

**പോലീസ്ക്കാരൻ 2 :-** ആ ജെയ്സനും ദാസനും തമ്മിൽ....

സാജന്റെ റിയാക്ഷൻ.
ഓവർലാപ്പ് : അടുത്ത സീനിലെ ദാസനും ജെയ്സനും തമ്മിലുള്ള സംഘട്ടനത്തിന്റെ ശബ്ദം.

CUT TO

**സീൻ - 74**

ജെയ്സൻ,ഷിബു,ദാസൻ
വർക്കി,അനീഷ്,സെൽവൻ,
കേശവൻ,കണ്ണപ്പൻ,മെമ്പർ,ശാരദ
കവലയിൽഉള്ളവർ

***ജെയ്സൻ സ്റ്റിച്ചിംഗ് സെന്റെർ-കവല -DAY - INT/EXT***

ജെയ്സനെ പിടിച്ചുമാറ്റുന്ന വർക്കിയും മെമ്പറും. തന്റെ എതിർവശത്ത് നിറകണ്ണുകളോടെ നിൽക്കുന്ന ദാസനെ നോക്കി അലറിക്കൊണ്ട്

**ജെയ്സൻ :-** എന്നെ പൊട്ടനാക്കാന്ന് കരുതിയോ നീ..???

ദാസന്റെ ചുണ്ടിൽനിന്നും ചോര പൊടിയുന്നുണ്ട്. ജെയ്സനെ ശാന്തനാക്കാൻ ശ്രമിക്കുന്ന വർക്കി.

**ദാസൻ :-** എന്റെ ഗതികേട് കൊണ്ടാ... ഉഷേടെ കുഞ്ഞിന്റെ ഓപ്പറേഷൻ നടത്താൻ വേറെ വഴിയില്ലാതായിപ്പോയി..??

ജെയ്സൻ അത് കേൾക്കുമ്പോൾ ഒരു നിമിഷം ശാന്തനാവുന്നു.

**ദാസൻ :-** തിരിച്ചുവക്കാൻവേണ്ടിത്തന്നെയാ എടുത്തേ.. എന്നെക്കൊണ്ട് പറ്റിയില്ല മോനേ....

ചുറ്റും നിൽക്കുന്ന ആളുകളുടെ റിയാക്ഷൻ. ഒരുനിമിഷത്തെ ദീർഘനിശ്വാസത്തിനു ശേഷം

**ജെയ്സൻ :-** ഇന്ന് വൈകുന്നേരത്തിനു മുമ്പ് എന്റെ കാശ് തിരിച്ചു തന്നില്ലേ.. കൊന്നുകളയും ഞാൻ..

ദാസനെ വന്നു കൂട്ടിക്കൊണ്ടു പോകുന്ന കേശവൻ.

**കേശവൻ :-** എന്താ ദാസാ ഇത്.. വെറുതെ ആൾക്കാരെക്കൊണ്ട് പറയിക്കാൻ..ഇങ്ങോട്ട് വന്നെ

അയാൾ ചുറ്റും ഒന്ന് നോക്കിയ ശേഷം കവലയിൽ നിന്ന് നടന്നകലുന്നു.

CUT TO

നാട്ടുകാർ കവലവിട്ട് അകലുമ്പോഴും ഒരാൾ മാത്രം കവലയുടെ ഒത്ത നടുവിലായി നിൽപ്പുണ്ട് ഷിബു.
ഷിബു നടന്നുപോകുന്ന ദാസനെ നോക്കിക്കൊണ്ട് ഒരു ബീഡി എടുത്ത് കത്തിക്കുന്നു.

**സീൻ - 75** ഷിബു,പാച്ചൻ

*ഷിബുവിന്റെ വീട് - NIGHT / INT*

ഷിബു എന്തോ ആലോചിച്ചു കിടക്കുകയാണ്. ഷിബുവിന്റെ കാഴ്ച്ചയിൽ ചുവരിൽ ഒരു പല്ലി. ഷിബു പല്ലിയുടെ നേർക്ക് തന്റെ കൈ നീട്ടുന്നു. ഷിബു തന്റെ അസാമാന്യ കഴിവ് ഉപയോഗിച്ച് ആ പല്ലിയെ ചിന്നഭിന്നമാക്കുന്നു. ഷിബുവിന്റെ മുഖത്ത് പതഞ്ഞു പൊന്തുന്ന വന്യത. ഷിബു തന്റെ കട്ടിലിൽനിന്ന് എഴുന്നേൽക്കുന്നു.

CUT TO

ഒരു കൂടിൽ നിറയെ താൻ മോഷ്ടിച്ച കാശ് എടുത്തു വയ്ക്കുന്ന ഷിബു. അതിനു ശേഷം അവൻ റൂമിൽ നിന്ന് പുറത്തേക്ക് വരുന്നു.

CUT TO

വീട്ടിൽ അങ്ങിങ്ങായി കിടക്കുന്ന മദ്യകുപ്പികൾ, ബീഡി കുറ്റികൾ എല്ലാം എടുത്തു കീറിയ ഒരു ചാക്കിലേക്കിട്ടു കെട്ടി പറമ്പിലേക്ക് എറിയുന്ന ഷിബു. ഇത് അല്പം അന്ധാളിപ്പോടെ നോക്കി നിൽക്കുന്ന പാച്ചൻ. പാച്ചൻ വള്ളിനിക്കർ മാത്രമേ ധരിചിട്ടുള്ളൂ.

അത് ചൂണ്ടി **ഷിബു :-** ഇനി ഈ കോണകം ഒന്നും ഇട്ട് ഇതിലേ നടക്കാൻ പറ്റില്ല.. മര്യാദക്ക് തുണി ഉടുത്തോണം..

പാച്ചൻ അങ്കലാപ്പിൽ ഷിബുവിനെ നോക്കുന്നു.

**ഷിബു :-** ഞാൻ ഉഷേ ഇങ്ങോട്ട് കൊണ്ടെരാൻ പോവ്വാ ...

പാച്ചന്റെ റിയാക്ഷൻ.

**പാച്ചൻ :-** അതിനാ ദാസൻ സമ്മതിക്കുവോ..?

ഒന്ന് പുഞ്ചിരിച്ചുകൊണ്ട് ഷിബു തന്റെ വലതു കയ്യിലെ ചൂണ്ടുവിരലും നടുവിരലും പാച്ചനു മുന്നിൽ ഉയർത്തി പിടിക്കുന്നു.

എന്തോ ഓർത്തിട്ട് **ഷിബു :-** ദാസൻ..

പാച്ചനെ നോക്കി

**ഷിബു :-** ഒറപ്പായും ഇതിൽ ഏതേലും ഒന്ന് നടക്കും..

ഉയർത്തിപ്പിടിച്ച നടുവിരൽ താഴ്ത്തി

**ഷിബു :-** ദാസൻ സമ്മതിക്കും.. ഞാൻ അവളെ കൊണ്ട് വരും..

ഉയർത്തിപ്പിടിച്ച ചൂണ്ടുവിരൽ താഴ്ത്തി

**ഷിബു :-** ദാസൻ സമ്മതിക്കില്ല.. ഞാൻ അവളെ കൊണ്ട് വരും..

പാച്ചൻ ഒന്നും മനസിലാവാത്ത പോലെ അന്തം വിട്ടു ഷിബുവിനെ നോക്കുന്നു. ഷിബു നിഗൂഡമായ ഒരു പുഞ്ചിരി സമ്മാനിച്ച് പുറത്തേക്ക് പോകുന്നു. ഷിബു വീടിനകത്ത് നിന്ന് പെറുക്കിയെടുത്ത ചവറുകൾ കത്തിച്ച ശേഷം ഒരു വലിയ കൂടും എടുത്ത് വരമ്പിലൂടെ നടന്നു അകലുന്നു.
ദൃശ്യം മുകളിലേക്ക് ഉയരുമ്പോൾ ഷിബുവിന്റെ വീടിനു മുകളിൽ വച്ചിരിക്കുന്ന നോക്കുകുത്തിയുടെ മേൽ ഇരിക്കുന്ന രണ്ടു കാക്കകൾ.

CUT TO

**സീൻ - 76** ജെയ്സൻ,വർക്കി,ജെസ്മി

*ജെയ്സന്റെ വീട് - NIGHT /EXT*

വീടിന്റെ അടുത്തുള്ള പറമ്പിൽ കരിയില കൂട്ടിയിട്ടു കത്തിക്കുന്ന വർക്കി. വർക്കിയുടെ സമീപം നിൽക്കുന്ന ജെയ്സൻ. കുറച്ചു പിന്നിലായി ജെസ്മിയും നിൽപ്പുണ്ട്.

**ജെസ്മി :-** നീ ദാസേട്ടനെ അടിക്കാൻ ആരാ..? അതിനുമാത്രവൊന്നും നീ വളർന്നിട്ടില്ല ജെയ്സാ....

ഒന്ന് തലയുയർത്തി നോക്കിയിട്ട്

**ജെയ്സൻ :-** പിന്നെ എന്റെ കാശ് മോഷ്ടിച്ച അവനെ എന്താ ഞാൻ ചെയ്യണ്ടേ.. മാലയിടണോ..? എനിക്കാ കാശ് കിട്ടണം..

ജെയ്സനെ ഒന്ന് രൂക്ഷമായി നോക്കി

**ജെസ്മി :-** എന്റെ കാശ്.. എന്റെ ജീവിതം.. എല്ലാം എന്റെ.. എന്റെ.. നിനക്ക് നിന്നോടല്ലാതെ വേറെ ആരോടേലും ആത്മാർത്ഥതയുണ്ടോ.. ജെയ്സാ..?

കലിപ്പിൽ **ജെയ്സൻ :-** എനിക്കതിന്റെ ആവശ്യമില്ല.. നാട്ടുക്കാർ ആരേലും എന്റെ കാര്യം അന്വേഷിക്കുന്നുണ്ടോ..?

ശാന്തമായി ജെയ്സന്റെ സമീപത്തേക്ക് വന്നു

**വർക്കി :-** നാട്ടുകാരെ നീ നോക്കണ്ട മോനെ....

ജെയ്സനെ എങ്ങനെ പറഞ്ഞു മനസ്സിലാക്കും എന്നറിയാതെ ഒരു നിമിഷം നിർത്തി.

**വർക്കി :-** ദാസൻ അവരെപ്പോലെ അല്ലല്ലോ..

ജെയ്സൻ ഒരു നിമിഷം ഒന്നും മിണ്ടുന്നില്ല.

**വർക്കി :-** അവന്റെ ദേഹത്ത് നീ കൈ വെക്കരുതായിരുന്നു.. ചെറുപ്പത്തിലെ നിന്നെ നിലത്തുവക്കാതെ കൊണ്ട് നടന്നോണ്ടിരുന്നതാ അവൻ.. ഈ ആയുസ്സിൽ കഷ്ടപ്പെടാവുന്നതിന്റെ അങ്ങേയറ്റം അവൻ കഷ്ടപ്പെട്ടിട്ടുണ്ട്.. ഓരോ ദിവസോം രക്തം ആവിയാക്കിയാ അവൻ ജീവിക്കുന്നെ..

ജെയ്സന്റെ അടുത്തുവന്നു അവന്റെ തോളിൽ കൈ വച്ച്

**വർക്കി :-** പറ്റുവെങ്കിൽ നീ അവനോട് പോയി മാപ്പ് പറ..

ജെയ്സൻ വർക്കിയെ ഒന്ന് നോക്കുന്നു. ഒരു നിമിഷത്തെ മൌനത്തിനു ശേഷം ജെയ്സനെ നോക്കി വർക്കി

**വർക്കി :-** മോനെ ജെയ്സാ.. മരിച്ചുകഴിഞ്ഞാൽ പുനർജ്ജന്മം ഉണ്ടെന്നൊക്കെ പണ്ടത്തെ ആളുകള് പറയുന്നത് വെറുതെയാ.... ജീവിതം ഒന്നേ ഉള്ളൂ.. തെറ്റുപറ്റാതെ നോക്കണം.. വലിയ ശരികൾ ചെയ്യാൻ പറ്റണം.. അവിടെ നീ നോക്കണ്ടത് നിന്റെ സ്വാർത്ഥതയല്ല.... നിന്റെയപ്പൻ അങ്ങനാരുന്നു.. നിനക്കും അത് കഴിയണം..

ആ പറഞ്ഞത് ജെയ്സന്റെ മനസ്സിനെ തൊടുന്നു. അവന്റെ റിയാക്ഷൻ. അവന്റെ ചിന്തകൾക്ക് മുകളിൽ കേൾക്കുന്ന കാക്കകൾ കരയുന്ന ശബ്ദം. ജെയ്സന്റെ നോട്ടത്തിൽ സമീപമുള്ള മരത്തിലെ ചില്ലയിൽ ഇരിക്കുന്ന കുറച്ചു കാക്കകൾ.

CUT TO

**സീൻ - 77**

ദാസൻ,ഷിബു
കവലയിൽ ഉള്ളവർ

***കവല / ജെയ്സൻ സ്ടിച്ചിംഗ് സെന്റെർ - NIGHT-INT/EXT***

ആ കാക്കകൾ കവലക്ക് ചുറ്റും വട്ടം കറങ്ങുന്നു. കവലയിൽ അങ്ങിങ്ങായി നിൽക്കുന്ന കുറച്ചാളുകൾ. അവരെല്ലാം പരസ്പരം
സംസാരിച്ചുകൊണ്ടിരിക്കുകയാണ്.

CUT TO

തയ്യൽക്കടയുടെ ഉള്ളിൽ ഒരിടത്ത് എന്തൊക്കെയോ ചിന്തിച്ചിരിക്കുന്ന ദാസൻ. അവൻ ആകെ വിഷമത്തിലാണ്. അവൻ തിരിഞ്ഞു നോക്കുമ്പോൾ തയ്യൽകടയിൽ ആളുകൾക്ക് ഇരിക്കുവാനുള്ള കസേരയിൽ ഇരിക്കുന്ന ഷിബു. അപ്രതീക്ഷിതമായി അവിടെ ആളെ കണ്ടതിനാൽ ദാസൻ ഒന്ന് ഞെട്ടുന്നു. എങ്കിലും അത് ഭാവിക്കാതെ

**ദാസൻ :-** എന്താ..? കട അടക്കാൻ പോവ്വാ..?

**ഷിബു :-** ഞാൻ നിന്നെ ഒന്ന് കാണാൻ വന്നതാ..

ദാസൻ ഷിബുവിനെ നോക്കുന്നു

**ദാസൻ :-** എന്താ..?

**ഷിബു :-** പറയാം.....നീ ഇപ്പൊ കുറച്ചു കഷ്ടപ്പാടിലാന്നു എനിക്കറിയാം..

ഷിബു തന്റെ വലത്തേ കയ്യിൽ ഇരിക്കുന്ന കവർ എടുത്ത് ദാസന്റെ മുൻപിലേക്ക് വയ്ക്കുന്നു. ദാസൻ ആ കൂട് തുറക്കുമ്പോൾ അതിൽ നിറയെ കാശ്. ദാസന്റെ മുഖത്ത് അന്ധാളിപ്പ്

**ഷിബു :-** ഈ കാശ് നീ എടുത്തോ.. എന്നിട്ട് ആ ജെയ്സന് കൊടുക്കാനുള്ളത് അങ്ങ് കൊടുക്ക്..

ഷിബുവിനെ ഒന്ന് സംശയിച്ച് നോക്കുന്ന ദാസൻ.

**ദാസൻ :-** എന്താ നിന്റെ ഉദ്ദേശം..?

ഷിബു ദാസന്റെ അടുത്തേക്ക് വന്നിട്ട് ഭവ്യതയോടെ

**ഷിബു :-** ദാസാ.. ഉഷയെ എനിക്ക് കെട്ടിച്ച് തരുവോ..?

ദാസന്റെ റിയാക്ഷൻ.
അല്പം പരിഹാസം കലർന്ന ഒരു ചിരി ചിരിച്ചിട്ട് തന്റെ മുന്നിലേക്ക് വച്ച കൂട് തൊഴിച്ചു സൈഡിലേക്ക് ഇടുന്നു.

**ദാസൻ :-** നടക്കൂല ഷിബു.. ആ ആഗ്രഹം മനസ്സിന്നു കളഞ്ഞേക്ക് ...

ഷിബുവിന്റെ മുഖത്ത് നിരാശ

**ദാസൻ :-** അവളെ കെട്ടാനുള്ള നിന്റെ യോഗ്യത എന്താ.. നിന്റെ പ്രാന്തോ..? അതോ വട്ടെളകി ചത്ത നിന്റെ തള്ളേടെ പാരമ്പര്യവോ..?

അത് കേൾക്കുന്ന ഷിബുവിന്റെ മുഖം വാടുന്നു. അവന്റെ ദീർഘനിശ്വാസം. ഒരു നിമിഷത്തെ മൗനത്തിനു ശേഷം. ഷിബു ഒരു പുഞ്ചിരിയോടെ അവിടെനിന്നു തന്റെ കൂടും എടുത്തുകൊണ്ട് വെളിയിലേക്ക് നടക്കുന്നു. അത് നോക്കി നിൽക്കുന്ന ദാസൻ. ദാസൻ തന്റെ പോക്കറ്റിൽ നിന്ന് ഒരു സിഗരറ്റും തന്റെ ശേഷം ലൈറ്ററും എടുത്ത് കത്തിക്കുന്നു. തിരിഞ്ഞു താൻ ഇരിക്കുന്ന തയ്യൽ മെഷീന്റെ അടുത്തേക്ക് നടന്നു തുടങ്ങുന്നു.

CUT TO

**സീൻ 77 A**
***SONG***
***ഉഷയുടെ വീട്***
***NIGHT -EXT***

ജെയ്സൻ,ഉഷ,കുക്കു

ദാസന്റെ വീടിന്റെ വാതിലിൽ തട്ടുന്ന ജെയ്സൻ. കതക് തുറക്കുന്ന ഉഷ. ഉഷയോടൊപ്പം കുക്കുവും ഉണ്ട്. ജെയ്സനെ കാണുമ്പോൾ ഉഷ ഒന്ന് പുഞ്ചിരിക്കുന്നു.

**ജെയ്സൻ :-** ദാസേട്ടൻ..

**ഉഷ :-** ദാസേട്ടൻ കടേന്നു ഇതുവരെയെത്തിയില്ല....

ജെയ്സന്റെ മുഖത്ത് നിരാശ. കൂടുതൽ ഒന്നും പറയാൻ നിൽക്കാതെ അവൻ നടന്നകലുന്നു.

CUT TO

**സീൻ 77B** ഷിബു,ദാസൻ

**കവല/ജെയ്സൻ സ്റ്റിച്ചിംഗ് സെന്റെർ**
***NIGHT-INT/EXT***

ദാസൻ കടയിൽ നിന്നും ഇറങ്ങുവാൻ തുടങ്ങുന്നു. കവല വിജനമാണ്. തയ്യൽ മെഷീനിന്റെ മുകളിലേക്ക് കവർ ഇടുന്ന ദാസൻ. പെട്ടെന്ന് ഒരു വലിയ ശബ്ദത്തോടെ കടയിലെ വാതിലുകൾ എല്ലാം അടയുന്നു. ദാസന്റെ നോട്ടത്തിൽ അവന്റെ മുൻപ്പിൽ നിൽക്കുന്ന ഷിബു.

**ഷിബു :-** എനിക്ക് നിന്നോട് ഒന്നൂടെ സംസാരിക്കണം ദാസാ..

അല്പം ഭയത്തിൽ പുറത്തേക്കിറങ്ങാൻ ശ്രമിച്ചുകൊണ്ട്

**ദാസൻ :-** നീ പോയെ ഷിബു.... എനിക്ക് വീട്ടിൽ പോണം...

ദാസൻ വെളിയിലേക്ക് നടക്കാൻ തുടങ്ങുമ്പോൾ ഷിബു തന്റെ കൈകൾ തയ്യൽക്കടയിലെ കത്രികകൾ ഇരിക്കുന്ന ഭാഗത്തേക്ക് വീശുന്നു. ദാസന്റെ നേർക്ക് ആ കത്രികകൾ പറന്നെത്തുന്നു. ദാസന്റെ മുഖത്തിനും കഴുത്തിനും വയറിനും നേരെ ചെന്ന് വായുവിൽ നിൽക്കുന്നു. ഭീതിയിൽ ഒരു കസേരയിലേക്ക് ചെന്നിരിക്കുന്ന ദാസൻ. ദാസൻ താനിരിക്കുന്ന കസേരയിൽ നിന്ന് എഴുന്നേൽക്കാൻ പോലും സാധിക്കാതെ ഇരിക്കുകയാണ്.

ശാന്തനായി

**ഷിബു :-** നീ ഇനി എങ്ങും പോന്നില്ല ദാസാ...

ദാസന്റെ മുഖത്ത് ഭീതി. ചെറുതായി ഷിബുവിന്റെ കണ്ണുകൾ നിറയുന്നു.

**ഷിബു :-** നെനക്കുവില്ലാരുന്നോ ദാസാ ഒരമ്മ... അവരെ ആരെങ്കിലും പ്രാന്തി എന്ന് വിളിച്ചാ നിനക്ക് നോവില്ലേ...? എനിക്കും നോവും.

ദാസൻ ഒച്ച വയ്ക്കാൻ ശ്രമിക്കുന്നുണ്ട്. അയാളുടെ ശബ്ദം പുറത്തേക്ക് വരുന്നില്ല. തുടർന്നുകൊണ്ടു

**ഷിബു :-** എന്റെ അമ്മ ചത്തപ്പോ ഒരു കുഴി വെട്ടി മൂടിയിട്ട് അപ്പൻ എങ്ങോട്ടോ പോയി...... മൂന്നാല് ദിവസം ഞാൻ പട്ടിണി കെടന്നു....

ഒരുത്തനും എന്നെ തിരിഞ്ഞു നോക്കിയില്ല....പേത്തലച്ചി പാറുവിന്റെ മോൻ പട്ടിണി കെടന്നു ചാവട്ടെ എന്ന് വിചാരിച്ചു കാണും.
അന്ന് ഒരു പാത്രം ചോറും കൊണ്ട് എന്റെ അടുത്ത് എത്തിയവള ഉഷ... അന്ന് അവള് കാണിച്ചാ ദയ പിന്നെ ആരും എന്നോട് കാണിച്ചിട്ടില്ല.......അന്ന് മുതല് അവളെന്റെ മനസ്സിക്കേറിപ്പോയി... എനിക്കറിയാം..... അവൾക്കെന്നെ ഇഷ്ടവാ...ഒത്തിരി ഇഷ്ടവാ...പഷേ നീ പറയുന്നതെ അവള് കേക്കു...
എന്റെ കാര്യം നീ ഒരിക്കലും സമ്മയിക്കില്ലെന്നു എനിക്കറിയാം...

ഈറനായ കണ്ണുകളോടെ

**ഷിബു:-** അവളെ ഞാൻ സ്നേഹിക്കുന്നപോലെ ആർക്കും സ്നേഹിക്കാൻ പറ്റില്ലെന്ന് നെനക്കെന്താ മനസിലാവാത്തെ ദാസാ....

തന്റെ കണ്ണുനീർ തുടച്ച് ഒരു നിമിഷം എന്തോ ആലോചനയിൽ ഇരിക്കുന്ന ഷിബു. ഭീതിയിൽ അത് നോക്കിയിരിക്കുന്ന ദാസൻ.

**ഷിബു:-** നീ എന്നോട് പൊറുക്കണം...

ഷിബു ഇത് പറഞ്ഞിട്ട് ആ മുറി നിറയെ കന്നാസിൽ നിന്ന് മണ്ണെണ്ണയൊഴിക്കുന്നു. അത് കാണുന്ന ദാസന്റെ റിയാക്ഷൻ.

**ഷിബു :-** ഉഷയെ കെട്ടാനുള്ള എന്റെ യോഗ്യത എന്താന്ന് നീ ചോദിച്ചില്ലേ.... എനിക്ക് അവളോടുള്ള സ്നേഹം ..അതാ എന്റെ യോഗ്യതാ...

ഷിബു ലൈറ്റർ കത്തിച്ചു എറിയുന്നു. ജെയ്സൻ സ്റ്റിച്ചിംഗ് സെന്ററിൽ തീകത്തി പടരുന്നു. ഭീതി നിറഞ്ഞ ദാസന്റെ മുഖം.

**ഷിബു :-** എനിക്കിനി എന്റെ പെണ്ണിന്റെയൊപ്പം ജീവിച്ചുതുടങ്ങണം... നീയിനി തിരിച്ചുവരരുത് ദാസാ..

നിഗൂഡത നിറഞ്ഞതും ഭീതിജനിപ്പിക്കുന്നതുമായ പശ്ചാത്തലസംഗീതം.

CUT TO

**സീൻ 77 C**

ഷിബു,
കവലയിൽ ഉള്ളവർ

**കവല-സ്ടിച്ചിംഗ് സെന്റെർ**
**NIGHT-EXT**

തയ്യൽക്കടയുടെ വെളിയിലേക്ക് വാതിൽ തുറന്നുപുറത്തേക്ക് ഇറങ്ങിവരുന്ന ഷിബു. പശ്ചാത്തലത്തിൽ കാക്കളുടെ ഒച്ച. തുറന്നവാതിലിന്റെ വിടവിലൂടെ അകത്തു തീപടർന്നു പിടിക്കുന്നത് നമുക്ക് കാണാം. തയ്യൽക്കടയുടെ പലവശങ്ങളിൽ നിന്നായി പറന്നുയരുന്ന കാക്കകൾ. ഷിബു വെളിയിലേക്ക് ഇറങ്ങിയതിനു തൊട്ടുപിന്നാലെ വാതിൽ തനിയെ അടഞ്ഞു പുറത്തെ പൂട്ട്വീഴുന്നു. തയ്യൽക്കടയുടെ വെളിയിലേക്ക് ഇറങ്ങുന്ന ഷിബു മെല്ലെചുറ്റും ഒന്നുനോക്കുന്നു. അങ്ങിങ്ങായി കൂടി നിൽക്കുന്ന ആളുകൾ ഒന്നും ഇതുവരെ തയ്യൽക്കട ശ്രദ്ധിച്ചിട്ടില്ല. അവൻ മെല്ലെ തന്റെ പോക്കറ്റിൽ നിന്ന് ദാസന്റെ സിഗരറ്റും ലൈറ്റർ-ഉം എടുത്തുകത്തിക്കുന്നു. പശ്ചാത്തലസംഗീതം അതിന്റെ തീവ്രതയിൽ എത്തുന്നു. ഷിബു പുകയൂതി വിടുമ്പോൾ പിന്നിലെ തയ്യൽക്കടയിൽനിന്ന് മെല്ലെ പുക പുറത്തേക്ക് വന്നുതുടങ്ങുന്നു. വല്ലാത്ത ഒരു സംതൃപ്തിയോടെ പുഞ്ചിരിക്കുന്ന ഷിബു. അവിടെ ഒരു ഭീതി ജനിപ്പിക്കുന്ന ഗാനംതുടങ്ങുകയാണ്.

CUT TO

**സീൻ - 78**

ഷിബു,ദാസൻ,പൈലി
സെൽവൻ,കണ്ണപ്പൻ
,നാട്ടുകാർ

***SONG***
***കവല - NIGHT / EXT***

കവലയിൽ കൂട്ടം കൂടി നിൽക്കുന്ന ആളുകളുടെ ദൃശ്യം. അ63 വരുടെയെല്ലാം നോട്ടം ഒരേ സ്ഥലത്തേക്കാണ്. അവരുടെയെല്ലാം മുഖത്ത് തീജ്വാലകൾ പ്രതിഫലിക്കുന്നുണ്ട്.

CUT TO

പെട്ടെന്ന് ഷിബുവിന്റെ ഭാവം മാറുന്നു. അവൻ തയ്യൽക്കടയുടെ നേരെ തിരിഞ്ഞു നിലവിളിച്ചുകൊണ്ട്

**ഷിബു :-** അയ്യോ കടക്കു തീ പിടിച്ചേ.. നാട്ടുകാരേ ഓടിവായോ..

ആളുകൾ തയ്യൽ കടയിലേക്ക് ഓടി വരുന്നു. തയ്യൽകടയോട് ചേർന്ന് നിന്ന റേഷൻകടയിലേക്കും തീ കത്തി പിടിക്കുന്നു.

CUT TO

**സീൻ 78A**
***SONG***

ജെയ്സൻ,ഷിബു,ദാസൻ
പൈലി,കണ്ണപ്പൻ,സെൽവൻ
ഗോപൻ,നാട്ടുകാർ

**കവല-ജെയ്സൻ സ്ടിച്ചിംഗ് സെന്റെർ**
**NIGHT-EXT**

എല്ലാവരും തയ്യൽക്കടയുടെ തീ അണയ്ക്കാൻ ശ്രമിക്കുന്നു. ആൾക്കൂട്ടത്തിൽ റേഷൻകടയിലെ സെൽവനും ഉണ്ട്. കടയുടെ തടികൊണ്ടുള്ള പാളികൾ കത്തി താഴെ വീഴുമ്പോൾ അകത്തെ ഭിത്തിയിൽ എന്തോ എഴുതിയിരിക്കുന്നത് കണ്ട് നടുക്കത്തിൽ നിൽക്കുന്ന ആളുകൾ. ഷിബു ഭയത്തിൽ നിൽക്കുന്ന നാട്ടുകാരെയെല്ലാം പുഞ്ചിരിയോടെ നോക്കുന്നു. എന്നിട്ട് വേഗം ഓടിച്ചെന്ന് തയ്യൽക്കടയുടെ വാതിൽ ചവിട്ടി തുറന്നു അകത്തേക്ക് കയറുന്നു. തീപിടുത്തം അണക്കാൻ ശ്രമിക്കുന്ന ഷിബു.
ഷിബു ചെയ്യുന്നത് കാണുമ്പോൾ ധൈര്യം സംഭരിച്ചു ചില നാട്ടുകാരും തയ്യൽകടയിലേക്ക് വന്നു വെള്ളം ഒഴിച്ച് തീ കെടുത്താൻ ശ്രമിക്കുന്നു. ആ കൂട്ടത്തിൽ പൈലിയും ഉണ്ട്. പൈലിയുടെ നോട്ടം ഷിബുവിലാണ്. അയാളുടെ ഉള്ളിൽ എന്തൊക്കെയോ സംശയങ്ങൾ ഉണ്ട്. തയ്യൽക്കടയുടെ ഉള്ളിൽ നിന്ന് കത്തിക്കരിഞ്ഞു തുടങ്ങിയ ദാസന്റെ ജീവനറ്റ ശരീരവുമായി ഇറങ്ങിവരുന്ന ഷിബു. കടയുടെ മുന്നിലേക്ക് ഓടി വരുന്ന ജെയ്സൻ. അവൻ കട കത്തിയത് കണ്ടു അമ്പരക്കുന്നു. ജെയ്സൻ കടക്കുള്ളിൽ ചുവരിൽ എന്തോ എഴുതിയിരിക്കുന്നത് ശ്രദ്ധിക്കുന്നു. അത് 'മിന്നൽ മുരളി' എന്നാണ്. അവൻ അതുകണ്ട് ഞെട്ടുന്നു. അവൻ ചുറ്റും നോക്കുന്നു.

CUT TO

**സീൻ 78 B**

ഷിബു,ദാസൻ,ജെയ്സൻ, പൈലി,ബിജി
വർക്കി, സാജൻ, കുക്കു,ഉഷ ,പോത്തൻ
സാംബശിവൻ ,കണ്ണപ്പൻ,സെൽവൻ,ഗോപൻ
സന്തോഷ്,ഷിനോജ്,മെയിൽ നേഴ്സ്,
രോഗികൾ,ആശുപത്രി ജീവനക്കാർ,നാട്ടുകാർ

***ഹോസ്പിറ്റൽ NIGHT INT -EXT***
***SONG***

നാട്ടുകാരുടെ ഒപ്പം ഓട്ടോയിൽ ദാസനെ ഹോസ്പിറ്റലിൽ എത്തിക്കുന്ന ഷിബു.

CUT TO

ആശുപത്രിയിൽ എത്തുന്ന ജെയ്സനും വർക്കിയും. സംശയ ദൃഷ്ടിയിൽ ജെയ്സനെ നോക്കുന്ന നാട്ടുകാർ. നാട്ടുകാർക്ക് ഇടയിൽ സെൽവനും ഉണ്ട്. നാട്ടുകാരെ ഷിബു ശ്രദ്ധിക്കുന്നുണ്ട്. നാട്ടുകാർ തന്നെ സംശയത്തോടെ നോക്കുന്നത് മനസ്സിലാക്കുന്ന ജെയ്സൻ.

CUT TO

ഹോസ്പിറ്റലിൽ വരുന്ന ബിജി , ബിജി ജെയ്സനെ ആശ്വസിപ്പിക്കുന്നു.

CUT TO

എസ്.ഐ.സാജനും കോൺസ്റ്റബിൾ ഷിനോജും പോത്തനും അടങ്ങുന്ന സംഘം നാട്ടുകാരുമായി സംസാരിക്കുന്നു. സെൽവനും മറ്റ് നാട്ടുകാരും എല്ലാം ഒരുപോലെ കൈചൂണ്ടി കാണിക്കുന്നത് ജെയ്സനെയാണ്. അത് കണ്ട് നിൽക്കുന്ന ഷിബു. ജെയ്സന്റെ റിയാക്ഷൻ.

CUT TO

ദാസനെ സ്ട്രെച്ചറിൽ കൊണ്ടുപോവാനും ആശുപത്രിയിൽ കാശ് അടയ്ക്കാനും എല്ലാം മുൻപന്തിയിൽ നിൽക്കുന്ന ഷിബു. അവൻ ബാക്കിയാളുകളെയെല്ലാം ഇടയ്ക്കിടയ്ക്ക് വീക്ഷിക്കുന്നുണ്ട്.

CUT TO

ദാസന്റെ മൃതശരീരം കണ്ട് പൊട്ടിക്കരയുന്ന ഉഷ. അത് അൽപ്പം വിഷമത്തോടെ നോക്കി നിൽക്കുന്ന ഷിബു. അവൻ ഇടയ്ക്ക്പോയി അവളെ ആശ്വസിപ്പിക്കാൻ എന്നോണം അവളെ ചേർത്തുനിർത്തുന്നു. അത് ചിലയാളുകൾ ശ്രദ്ധിക്കുന്നുണ്ട്.

CUT TO

**സീൻ 78 C**

ജെയ്സൻ,ഷിബു,ഉഷ,വർക്കി,പൈലി
കുക്കു,ബിജി,സെൽവൻ
മെമ്പർ,കണ്ണപ്പൻ
കർമ്മി,നാട്ടുകാർ

***ഉഷയുടെ വീട് DAY -EXT***
***SONG***

ദാസന്റെ ശവസംസ്കാരശുശ്രൂഷയ്ക്ക് ഏറ്റവും മുൻപ്പിൽ നിന്ന് കാര്യങ്ങൾ ചെയ്തു കൊടുക്കുന്ന ഷിബു. അവൻ അതിനിടയിൽ ഉഷയെ ശ്രദ്ധിക്കുന്നുണ്ട്. അവളുടെ മകളെ എടുത്തുകൊണ്ട് നടക്കുന്ന ഷിബു. ഷിബുവിനെത്തന്നെ നോക്കി നിൽക്കുന്ന പൈലി. ഷിബു വന്യമായി പൈലിയെ നോക്കുന്നു.

CUT TO

പൈലി ,നാട്ടുകാരൻ

**സീൻ 78 D**

**പൈലിയുടെ വീട് DAY -EXT**
**SONG**

പൈലി വീട്ടിൽ നിന്ന് തന്റെ സാധനങ്ങൾ എല്ലാം ഒരു പെട്ടിയിൽ ചുമന്നു വഴിയിലൂടെ ധിറുതിയിൽ നടക്കുന്നു. അതുകണ്ട് നിൽക്കുന്ന ഒരു നാട്ടുകാരൻ. പൈലിയോടു

**അയാൾ :-** ഇതിപ്പോ എന്താ പൈലി ഇങ്ങനൊരു പോക്ക്..?

വെപ്രാളത്തിൽ പൈലി

**പൈലി :-** ഈ നാട് നശിക്കാൻ പോവ്വാ....

പൈലി പറഞ്ഞത് കേട്ട് അന്തംവിട്ട് നിൽക്കുന്ന ആ നാട്ടുകാരൻ. പൈലി വേഗത്തിൽ നടക്കുന്നു.

CUT TO

**സീൻ 78E** ഷിബു,ഉഷ

**SONG**

***ഉഷയുടെ വീട് NIGHT-MORNIG - EXT***

ഉഷയുടെ വീട്ടിലെ ഇറയത്ത് കിടന്നുറങ്ങുന്ന ഷിബു. രാവിലെ ഉഷ വാതിൽ തുറക്കുമ്പോൾ ഒരു പുഞ്ചിരിയോടെ അവിടെനിന്നു ഇറങ്ങിപ്പോകുന്ന ഷിബു.

CUT TO

**സീൻ - 78 F**
***SONG***
***ജെയ്സൻ സ്ടിച്ചിംഗ് സെന്റെർ- DAY / EXT***

ജെയ്സൻ,സാജൻ
ബിജി,പോത്തൻ, അനീഷ്(?)
ഷിനോജ്,സെൽവൻ,കണ്ണപ്പൻ
സന്തോഷ്,മെമ്പർ,നാട്ടുകാർ,
പോലീസുകാർ

കത്തി കരിഞ്ഞ തയ്യൽക്കട പരിശോധിക്കുന്ന സാജനും സംഘവും. ചുവരിൽ "മിന്നൽ മുരളി" എന്നെഴുതിയിരിക്കുന്നത് അവർ ശ്രദ്ധിക്കുന്നു . ഷിബു കൊണ്ടുവന്ന കാശ് കടയിൽ നിന്ന് കണ്ടെത്തുന്ന പോലീസ്.

അസ്വസ്ഥതയോടെ ഷിനോജിനോട്

**സാജൻ:-** ആകപ്പാട കൺഫ്യൂഷൻ ആയല്ല് പുല്ല് .. ഏതു അടകോടനോട് ചോദിച്ചാലും അവന്മാര് പറയുന്നത് ജെയ്സനാ ചെയ്തതെന്നാണ് ... അവൻ അത്രേം മണ്ടനാണോ ഡേയ് ? ...ഇത് ഇവന്റെ കട അല്ലേ ?..എത്ര വാശി ഉണ്ടെങ്കിലും ഇവിടിട്ട് അവൻ ഒരാളെ കൊല്ലുവോ..? എല്ലാരും അവനെ സംശയിക്കൂന്നു ഇവനറിയില്ലേ?

തന്റെ ശബ്ദത്തിൽ നിഗൂഡത നിറച്ചു

**ഷിനോജ്:-** ക്രിമിനൽ സൈക്കോളജി വച്ച് നോക്കിയാൽ അതിബുദ്ധിയുള്ളവന്മാരും ഇങ്ങനെ ചെയ്യും സാറേ...ഇപ്പൊ സാറിനു ഒരു കൺഫ്യൂഷൻ ഉണ്ടായില്ലേ?..അത് തന്നെയാ അവനും വേണ്ടത്...

സാജൻ ആലോചനയിലാണ്.

**ഷിനോജ്:-** എന്തായാലും സാറിപ്പോ ചാടിക്കേറി ഒന്നും ചെയ്യേണ്ട...കുറച്ചൂടി conclusive ആയ എന്തെങ്കിലും evidence കിട്ടും..അതുവരെ നോക്കാം...പിന്നേ ദാ..

ഷിനോജ് നിലത്ത് നിന്നും കുറച്ചു കരിമരുന്ന് പൊടി എടുത്തിട്ട്.

**സാജൻ:-** ഇത് ഗൺ പൌഡർ ആ സാറേ.. ഞാൻ അന്ന് പറഞ്ഞ തീവ്രവാദി ആക്രമണ സാധ്യതയും തള്ളിക്കളയണ്ട സാറേ....എന്റെ നിഗമനങ്ങൾ അങ്ങനൊന്നും തെറ്റാറില്ല.

അത് കേൾക്കുന്ന സാജന്റെ റിയാക്ഷൻ.
CUT TO

കടയുടെ മുന്നിൽ നിന്ന് ഇതെല്ലാം കാണുന്ന ബിജിയും ജെയ്സനും

നാട്ടുകാരും(സെൽവനും, കണ്ണപ്പനും ആ കൂട്ടത്തിലുണ്ട്).
ജെയ്സനെ അടിമുടി ഒന്ന് നോക്കുന്ന ഷിനോജ്.ജെയ്സന്റെ അടുത്തേക്ക് വരുന്ന സാജൻ.

**സാജൻ :-** ഡേയ്.. നീ ആള് കൊള്ളാല്ലോടെയ്.. പറഞ്ഞ സമയത്തിന് കാശ് കിട്ടിയില്ലെങ്കിൽ നീ ആളെ കൊല്ലും അല്ലേ..?

അവർക്കിടയിലേക്ക് കേറിവന്നുകൊണ്ട്

**ബിജി :-** ചൊറിയാൻ നിക്കണ്ട സാറേ.. ഇവനെതിരെ തെളിവൊണ്ടെങ്കി ഇവന്റെ തലയിൽ കയറിയാമതി..

ബിജിയെ ഒന്ന് രൂക്ഷമായി നോക്കി

**സാജൻ :-** നീ ആരെടീ.. ഇവനെ താങ്ങാൻ..?

**ബിജി :-** അറിയണോന്നു നിർബന്ധോണ്ടേൽ സാറിന്റെ മരുമോനോട് ചോതിച്ചുനോക്ക്

ബിജിയെ ഒന്ന് നോക്കിയശേഷം ജെയ്സന്റെ നേരെ പല്ലിറുമ്മി

**സാജൻ :-** പൊന്നു മോനെ.. ജെയ്സാ.. ഇതിന്റെ എല്ലാം പിന്നില് നീയാന്നു എനിക്കറിയാം...നീ ദാസന് അന്വേഷിച്ചു വീട്ടിപ്പോയ കാര്യവൊക്കെ ഞങ്ങക്ക് അറിയാം.. ഒരു തെളിവ്.. ഒരൊറ്റ തെളിവ് എന്റെ കയ്യില് വന്നാ പിന്നെ ഈ കൊലപാതക കേസ് മാത്രവായിരിക്കില്ല നിന്റെ തലേലോട്ടു വരാൻ പോകുന്നേ.. ബാങ്ക് മോഷണോം സ്കൂളിലെ ആക്രമണോം എല്ലാംകൂടെ ചേർത്ത് ഞാനൊരു സദ്യയങ്ങു വെളമ്പും.. പിന്നെ നീ കണ്ണടക്കാൻ പോകുന്നത് കഴുമരത്തിലാ.. ഓർത്തോ..

സാജൻ ഇത് പറഞ്ഞിട്ട് തിരിഞ്ഞു നടക്കുന്നു. വലിയ അപകടമാണ് തന്നെ മുൻപിൽ കാത്തിരിക്കുന്നത് എന്ന് മനസ്സിലാക്കുന്ന ജെയ്സൻ.
അവൻ തന്റെ സമീപം നിൽക്കുന്ന ബിജിയെ നോക്കുന്നു.

CUT TO-

**സീൻ - 78F1** ജെയ്സൻ, ബിജി

*കവല -ബിജിയുടെ സ്ഥാപനം - DAY / INT*

ബിജി തന്റെ സ്ഥാപനത്തിൽ ഒരു ബോക്സിംഗ് ബാഗിൽ ബ്രൂസ് ലീ കിക്ക് പ്രാക്റ്റീസ് ചെയ്തുകൊണ്ട് ഇരിക്കുകയാണ്. സ്ഥാപനത്തിന്റെ മറ്റൊരു വശത്ത് തലയിൽ കൈവച്ചു അത്യധികം ടെൻഷനോടെ ഇരിക്കുന്ന ജെയ്സൻ. കുറച്ചു മാറി ജോസ്മോനും ഇരിപ്പുണ്ട്. ബിജി ജെയ്സനേ നോക്കി

ബിജി : നീ വെഷമിക്കേണ്ട ജെയ്സാ.....നീയല്ല ഇത് ചെയ്തതെന്ന് എനിക്ക് ഉറപ്പാ..നിനക്ക് ഇതിനൊക്കെയുള്ള ധൈര്യം ഇല്ലെന്നും എനിക്കറിയാം. എനിക്ക് തോന്നുന്നു ഈ മിന്നൽ മുരളി എന്ന് പറയുന്നവൻ വേറെ ഏതോ നാട്ടിൽ നിന്നും വന്നവനാ... അല്ലേലും അങ്ങേർക്കു നിന്നോട് പണ്ടേ കലിപ്പല്ലേ.....

ബിജി പറയുന്നത് മുറിച്ചുകൊണ്ട്

**ജെയ്സൻ** : ബിജി എനിക്കൊരു കാര്യം പറയാനുണ്ട്

ജോസ്മോന്റെ റിയാക്ഷൻ.ജെയ്സൻ പറയുന്നത് കാര്യമാക്കാതെ

**ബിജി :** നീ ഒന്നും പറയണ്ട ജെയ്സാ...എനിക്ക് നിന്നെ വിശ്വാസവാ...ഈ സാജൻ വെറുതേ നിന്നോടുള്ള പഴയ ദേഷ്യം തീർ..

**ജെയ്സൻ:** : ഞാനാ..ഈ മിന്നൽ മുരളി...

അത് കേട്ടിട്ട് ജോസ്മോൻ തലയിൽ കൈ വെക്കുന്നു

**ബിജി:** തീർക്കാൻ ...തീർക്കാൻ. എന്താ ? എന്താ നീ ഇപ്പൊ പറഞ്ഞേ ?

**ജെയ്സൻ :** ഈ മുഖമൂടി ഇട്ടോട്ടു വന്ന മിന്നൽ മുരളിയില്ലേ ..അത് ഞാൻ ആണെന്ന്

ബിജിക്ക് ഒന്നും മനസ്സിലാവുന്നില്ല. അവൾ ഒരു നിമിഷം ആലോചിച്ച് നിന്ന ശേഷം പൊട്ടിച്ചിരിക്കുന്നു ..
അത് കണ്ടിട്ട് ജെയ്സൻ ആ മുറിയുടെ ഒരു വശത്ത് അടുക്കി വച്ചിരിക്കുന്ന ഓടുകളും ഇഷ്ടികകളും ഞൊടിയിടയിൽ അടിച്ചു പൊട്ടിക്കുന്നു. അത് കണ്ടു അന്തംവിട്ടു നിൽക്കുന്ന ബിജി. മേശപ്പുറത്തെ ജഗ്ഗിൽനിന്നും അവൾ വെള്ളം കുടിക്കുന്നു. കുടിച്ചിട്ട് തിരിഞ്ഞു ജെയ്സനോട്

**ബിജി :-** പോലീസുകാര് പറഞ്ഞപോലെ ദാസേട്ടനെ കൊന്നത് നീയാണോ?

**ജെയ്സൻ :-** അല്ല..

.

**ബിജി :-** ബാങ്കീന്ന് കാശ് മോഷ്ടിച്ചത് നീയാണോ?

**ജെയ്സൻ :-** അല്ല..എന്നെക്കൊണ്ട് അതൊക്കെ പറ്റുവോ..?

**ബിജി :-** അപ്പോ..അന്നാ സ്കൂൾ ആനിവേഴ്സറിക്ക് നീയാണോ എന്നെ അടിച്ചേ....?

ജെയ്സൻ ഒന്ന് പരുങ്ങുന്നു.

**ജോസ്മോൻ:-** അതേയ്..സംബായ്

ജെയ്സന്റെ കുറ്റസമ്മതം നിറഞ്ഞ റിയാക്ഷൻ.

CUT TO

കരാട്ടെ ക്ലാസിന്റെ മുൻവശം. ക്ലാസിന്റെ അകത്തുനിന്നും 'ഹീയ' എന്ന ശബ്ദവും ഒരു കിക്കിന്റെ ശബ്ദവും കേൾക്കുന്നു. സ്ഥാപനത്തിന്റെ പുറത്തിരുന്ന കാക്കകൾ പറന്നു പോവുന്നു.

CUT TO

**സീൻ - 78 G** ജെയ്സൻ,ബിജി
***SONG***
***ബിജിയുടെ സ്ഥാപനം - DAY/INT***

എന്തോ ആലോചിച്ച് കൊണ്ട് നടക്കുന്ന ബിജി. അത് നോക്കി ഇരിക്കുന്ന ജെയ്സൻ .ജെയ്സന്റെ കണ്ണിന്നു താഴെയായി ബിജിയുടെ കിക്കിന്റെ പാടും ഉണ്ട്.

**ജെയ്സൻ :-** പോലീസിന്റെ കാര്യം എനിക്ക് ഒരു വിഷയവല്ല ബിജി...

വാക്കുകൾ കിട്ടാതെ പതറുന്ന ജെയ്സൻ ബിജി നിശബ്ദയാണ്. ജെയ്സൻ വല്ലാതെ സമ്മർദ്ദത്തിൽലാണ്

**ജെയ്സൻ:-** കണ്ണടച്ചാൽ ദാസേട്ടന്റെ മുഖവാ ഓർമ്മവരുന്നെ.....ഞാൻ ...അന്ന്...എനിക്കൊന്നു ക്ഷമ ചോതിക്കാൻ പോലും..

ജെയ്സന്റെ വാക്കുകൾ പതറുന്നു. അവനൊരു നിമിഷം മിണ്ടാതിരിക്കുന്നു. ജെയ്സന്റെ സങ്കടത്തിന്റെ ആഴം ബിജിക്ക് മനസിലാവുന്നുണ്ട്.

**ബിജി:-** കഴിഞ്ഞത് കഴിഞ്ഞു ജെയ്സാ....അതിനെക്കുറിച്ച് ആലോചിച്ചിരുന്നാലും ഇനി ഒന്നും ചെയ്യാനില്ല....ഇനി എന്താ ചെയ്യണ്ടെന്നു ആലോചിക്ക്...
എന്താ നിന്റെ പ്ലാൻ..?

ഒന്ന് ദീർഘനിശ്വസിച്ചു

**ജെയ്സൻ:-** എനിക്കിട്ടു പണിയും തന്നു ഈ കളിയൊക്കെ കളിക്കുന്നത് എതവനാന്നു എനിക്കറിയണം.. ഞാനവനെ വെറുതെ വിടില്ല
ബിജി......ദാസേട്ടനുവേണ്ടി ഞാൻ അത്രെയെലും ചെയ്യണം.

**ബിജി :-** നീ ധൈര്യായിട്ട് ഇറങ്ങിക്കോ ജെയ്സാ ഞാനുവൊണ്ട്...നമ്മടെ കുറുക്കന്മൂലയിൽ തല്ക്കാലം ഒരു മിന്നൽ മുരളി മതി..

**ജോസ്മോൻ:-** ഞാനുവൊണ്ട് മാമാ...!

എന്തോ ആലോചിച്ച് ഉറപ്പിക്കുന്ന രീതിയിൽ ഇരിക്കുന്ന ജെയ്സൻ. ജെയ്സനേ നോക്കി ബിജി
മുഖത്തു ബിജിയുടെ അടികൊണ്ട ഭാഗം നോക്കി

**ബിജി :** നിനക്ക് ഇപ്പോഴും വേദനയുണ്ടോ ജെയ്സാ ?

ജെയ്സൻ ഉണ്ട് എന്നാ അർത്ഥത്തിൽ തലയാട്ടുന്നു

CUT TO

**സീൻ 78 H**
**SONG**

**ക്ലോക്ക് ടവർ DAY- EXT**

ക്ലോക്ക് ടവറിൽ സമയം അതിരാവിലെ 6 മണി
എന്ന് കാണിക്കുന്നു .

**സീൻ -78 J**

ജെയ്സൻ
വഞ്ചിക്കാരൻ,വഞ്ചിയിൽ ഉള്ളവർ

**SONG**

**പുഴ -കടവ് DAY -EXT**

വഞ്ചിയുടെ മുന്നിൽ നിന്ന് കടവിലേക്ക്
വരുന്ന ജെയ്സൻ

**സീൻ - 78 K**

ജെയ്സൻ,ബിജി,പോത്തൻ
ഷിനോജ്,സന്തോഷ്,സെൽവൻ
കണ്ണപ്പൻ,ഗോപൻ,ശാരദ
മറ്റ് പോലീസുകാർ, നാട്ടുകാർ

***SONG***

**ചന്ത DAY /NIGHT INT-EXT**

ചന്തയിലും നാട്ടിലും ഒക്കെയുള്ള സകല ആളുകളേയും പല സ്ഥലങ്ങളിൽ ഇരുന്ന് നിരീക്ഷിക്കുകയും അവരെക്കുറിച്ച് പഠിക്കുകയും ചെയ്യുന്ന ജെയ്സനും ബിജിയും..

CUT TO

അതേസമയം പോലീസുകാർ ജെയ്സനെക്കുറിച്ച് കൂടുതൽ തെളിവുകൾ കിട്ടാൻ അവനെക്കുറിച്ച് ഒളിഞ്ഞും മറഞ്ഞും അന്വേഷിക്കുകയാണ്. ബൈനോക്കുലർ ഉപയോഗിച്ച് ജെയ്സനെ നിരീക്ഷിക്കുന്ന അളിയൻ പോത്തൻ.

CUT TO

ജെയ്സൻ കവലയിൽ നിൽക്കുമ്പോൾ പോലീസ് ജീപ്പിൽ ആ വഴി പോകുന്ന സാജൻ. അയാൾ വളരെ കടുപ്പത്തിൽ ജെയ്സനെ നോക്കുന്നു. അവന്റെ റിയാക്ഷൻ.

CUT TO

പോത്തൻ,ജെസ്മി

**സീൻ 78 L**
**SONG**

**പോത്തന്റെ വീട് DAY - INT**

തന്റെ കണ്ടെത്തലുകൾ പോത്തൻ മുറിയിലെ ചുവരിൽ എഴുതി ഇടുന്നുണ്ട്. ഡ്രോയിംഗ് പെൻസിൽ കൊണ്ട് ഭിത്തി വൃത്തികേടാക്കിയതിനു പോത്തനുമായി വഴക്കുണ്ടാക്കുന്ന ജെസ്മി.

CUT TO

സാജൻ,ബിജി,പോത്തൻ കുഞ്ഞൻ,സെൽവൻ,
ഷിനോജ്,കണ്ണപ്പൻ,മെമ്പർ
സന്തോഷ്,സൈക്കിൾ
കടക്കാരൻ,കൊച്ചാപ്പി
ഗോപൻ,
നാട്ടുകാർ,വികാരിയച്ചൻE.T.C.....

**സീൻ 78 M**
**SONG**
***കവല DAY -EXT***

കവലയുടെ ഒത്ത നടുവിലായി ഒരു മണി കെട്ടിത്തൂക്കുന്നു. സൈഡിൽ 'മിന്നൽ മുരളി അപായമണി'
എന്ന് എഴിതിയിട്ടുണ്ട്. മണി അടിച്ചു ഉദ്ഘാടനം ചെയ്യുന്ന
എസ്.ഐ.സാജൻ. നാട്ടുകാർ കൈ അടിക്കുന്നു. കുറച്ചകലേ നിന്ന് ബിജിയും അത് കാണുന്നുണ്ട്.ബിജിയുടെ കാഴ്ച്ചയിൽ അപായ മണിയുടെ പരിസരത്ത് കറങ്ങി നടക്കുന്ന അനീഷ്

CUT TO

**സീൻ 78 N**

ജെയ്സൻ,ജോസ്മോൻ

**SONG**
***കുളം / പുഴ DAY -EXT***

കുളത്തിൽ നിന്ന് കുളിക്കിടയിൽ മുങ്ങി നിവരുന്ന ജോസ്മോൻ. സമീപം സോപ്പ് തേച്ചുകൊണ്ടിരിക്കുന്ന ജെയ്സൻ

**ജെയ്സൻ :-** ജോസ്മോനെ... ബിജിക്ക് ഒരുത്തനെ സംശയോണ്ട്... എനിക്കും അവനെത്തന്നെയ സംശയം... മിക്കവാറും അവനായിരിക്കും എന്റെ ഡ്യൂപ്ലിക്കേറ്റ്.

**ജോസ്മോൻ :-** ആരാ ?

CUT TO

**സീൻ - 79**

ജെയ്സൻ,അനീഷ്
അനീഷിന്റെ കടയിലെ പയ്യൻ

***അനീഷിന്റെ കട / കവല***
***DAY -INT /EXT***

കൈയിൽ ഒരു കട്ടറുമായി നിൽക്കുന്ന
അനീഷ്

അനീഷിന്റെ കടയിലേക്ക് പെട്ടന്ന്
കയറിച്ചെല്ലുന്ന ജെയ്സൻ.
ജെയ്സനോട്

**അനീഷ് :-** എന്താ..?

കട്ടർ കയ്യിലിരിക്കുന്നത് കണ്ടു
സംശയത്തോടെ അനീഷിനെ നോക്കുന്ന

**ജെയ്സൻ :-** ബിൻസിക്ക് സുഖമല്ലേ ..?

.

**അനീഷ് :-** ആണെങ്കിൽ ?

**ജെയ്സൻ :-** ഒന്നുമില്ല അവളോട് എന്റെ അന്വേഷണം പറ
കേട്ടോ..?

അത് ഇഷ്ടപ്പെടാതെ

**അനീഷ് :-** ഓ....

ജെയ്സൻ കടയിൽ ചുറ്റും ഒന്ന് നോക്കുന്നു.

**ജെയ്സൻ :-** അനീഷേ.. ഇവിടെ കട്ടിംഗ് മെഷീൻ ഉണ്ടോ.. ?
കട്ടിംഗ് മെഷീൻ... ഈ ബാങ്കിലെ ലോക്കർ ഒക്കെ
കുത്തിപ്പൊളിക്കാൻ പറ്റുന്നപോലത്തെ..?

അനീഷിനു ഭാവമാറ്റം വല്ലതുമുണ്ടോ എന്ന്;
ശ്രദ്ധിക്കുന്ന ജെയ്സൻ.
ഒന്നും മനസ്സിലാവാതെ അനീഷ്.

**അനീഷ് :-** ഇല്ല...

**ജെയ്സൻ :-** ഗൺ പൌഡർ ?

വെള്ളിവീണ ശബ്ദത്തിൽ

**അനീഷ് :-** ഇല്ല....

**ജെയ്സൻ :-** ഇവിടെ തോക്കുണ്ടോ..?

**അനീഷ് :** അതൊന്നും ഇവിടെ ഇല്ല

അനീഷിനെ അടിമുടി വീക്ഷിക്കുന്ന ജെയ്സൻ.
പെട്ടെന്ന് ജെയസ്ൻ എന്തോ കണ്ടിട്ടെന്ന പോലെ നോക്കുന്നു. കടയുടെ ഉള്ളിൽ വെളിയിലേക്ക് തിരിച്ചു വച്ചിരിക്കുന്ന ഒരു ഇലക്ട്രോണിക്ക് ഉപകരണത്തിലേക്ക് നോക്കുന്നു.
അനീഷിനോടു

**ജെയ്സൻ** അതെന്താ..?

**അനീഷ് :-** അത് നിരീക്ഷണ ക്യാമറയാ.. ഇവിടെ നടക്കുന്ന കാര്യങ്ങൾ ഒക്കെ റിക്കാർഡ് ചെയ്യും...

ജെയ്സന്റെ മുഖത്ത് ആകാംക്ഷ. നിരീക്ഷണ ക്യാമറ ഇരിക്കുന്ന ആംഗിൾ ഒന്ന് പരിശോധിക്കുന്ന ജെയ്സൻ. അത് തയ്യൽക്കടയേയും കൂടി കവർ ചെയ്യുന്നുണ്ട്.

**ജെയ്സൻ :-** ശരിക്കും..?

**അനീഷ് :-** മ്..

ജെയ്സന്റെ മുഖത്തെ ആവേശം. ജെയ്സൻ എന്തോ മനസ്സിൽ തീരുമാനിച്ചുറപ്പിക്കുന്നു. അവന്റെ മുഖഭാവത്തിനു മുകളിൽ ഒരു ത്രില്ലിംഗ് B.G.M.

**ജെയ്സൻ :-** ഇത് എത്ര ദിവസമായി വെച്ചിട്ട്..?

**അനീഷ്:** കട തുറന്ന അന്നുമുതൻ ഉണ്ടല്ലോ..

CUT TO

**സീൻ - 80**

ഷിബു,കണ്ണപ്പൻ, പ്രാസംഗികൻ
മെമ്പർ, സെൽവൻ,ഗോപൻ,ശാരദ
സൈക്കിൾകടക്കാരൻ,കൊച്ചാപ്പി
നാട്ടുകാർ

***കവല - DAY / EXT***

കവലയിൽ മെമ്പറിന്റെ നേതൃത്വത്തിൽ 'മിന്നൽ മുരളി പ്രതിഷേധയോഗം' നടക്കുകയാണ്. ആരൊക്കെയോ മൈക്കിൽ പ്രസംഗിക്കുന്നുണ്ട്. അത് കേട്ട് നിൽക്കുന്ന ആളുകൾ. പെട്ടെന്ന് സൈക്കിളിൽ കവലയിലേക്ക് പാഞ്ഞു വരുന്ന കണ്ണപ്പൻ.

**കണ്ണപ്പൻ :-** മിന്നൽ മുരളിയെ ഇന്ന് പൂട്ടും.. ഇന്ന് പോലീസ് അവനെ പൂട്ടും.. കാണണോങ്കി എല്ലാരും പെട്ടെന്ന് സ്റ്റേഷനിലോട്ട് ചെല്ല്..

വാർത്ത കേൾക്കുന്ന നാട്ടുകാരുടെ (സെൽവൻ, ബാർബർ, ഗോപാലൻ) റിയാക്ഷൻ. മറ്റൊരിടത്തുനിന്ന് ഉപ്പുസോഡ കുടിച്ചു നിൽക്കുന്ന ഷിബു അത് കേൾക്കുന്നു. ഷിബുവിന്റെ മുഖത്ത് അങ്കലാപ്പ്. നാട്ടുകാർ ഓടുന്നത് കാണുമ്പോൾ

**പ്രാസംഗികൻ :-** ആരും പോകരുത്...മിന്നൽ മുരളിയെ പിടിച്ചാലും ഇല്ലെങ്കിലും നമ്മുടെ സമരം ശക്തമായി തുടരും.... ആരുപോയാലും സംഘാടകർ പോകരുത്..

**SCENE 81**

*ഷിബുവിന്റെ വീട് DAY/EXT* ഷിബു

ഷിബുവിന്റെ വീട്ടിലെ നോക്കുകുത്തിയുടെ മുഖത്തെ മുഖം മൂടിയുടെ ക്ലോസ് ഷോട്ട്. ഒരു ഭീതി ജനിപ്പിക്കുന്ന പശ്ചാത്തലസംഗീതം ഇപ്പോൾ കേൾക്കാം. നോക്കുകുത്തിയുടെ തലയിൽ നിന്ന് ആ മുഖംമൂടി വലിച്ചൂരുന്ന ഷിബുവിന്റെ കൈകൾ. തലയുടെ ഭാഗത്ത് ഒരു മൺകലമാണ്. ഷിബു മുഖം മൂടി വലിച്ചൂരിയത്തിന്റെ ഇഫക്റ്റിൽ മൺകലം അങ്ങോട്ടും ഇങ്ങോട്ടും ആടുമ്പോൾ പശ്ചാത്തല സംഗീതം കനക്കുന്നു.

CUT TO

**സീൻ - 82**

ജെയ്സൻ,ഷിബു,സാജൻ
ആന്റോ,അനീഷ്,പോത്തൻ
കണ്ണപ്പൻ,സെൽവൻ,ഷിനോജ്
,ഗോപൻ,സന്തോഷ്,മെമ്പർ,
മറ്റ് പോലീസുകാർ,നാട്ടുകാർ

***പോലീസ്സ്റ്റേഷൻ / സാജന്റെ മുറി***
***DAY - INT / EXT***

സാജന്റെ ഓഫീസ് മുറിയിൽ നിൽക്കുന്ന ജെയ്സൻ, സാജൻ, അനീഷ്, ഷിനോജ്. ഒപ്പം കുറച്ചു പോലീസുകാരും. ഒരു കെട്ട് വീഡിയോ കാസറ്റുകൾ സാജന്റെ മേശപ്പുറത്തേക്ക് ഇടുന്ന അനീഷ്. സാജനോട് അനീഷ്

**അനീഷ് :-** ആറാം തിയതി അല്ലെ..?

ഒന്ന് ആലോചിച്ചിട്ട്

**സാജൻ :-** ആ.. അതെ..

ആ കാസറ്റുകളുടെ കൂട്ടത്തിൽ നിന്ന് ഒരെണ്ണം എടുത്ത് വി.സി.ആറിലേക്ക് ഇടുന്ന അനീഷ്. ദൃശ്യം കാണാനായി ടി.വിയുടെ മുൻപ്പിൽ കൂട്ടം കൂടി നിൽക്കുന്ന പോലീസുകാർ. ടി.വിയിൽ ദൃശ്യങ്ങൾ ഒന്നും തെളിഞ്ഞു തുടങ്ങിയിട്ടില്ല.
വി.സി.ആറിനു വെളിയിൽ 'മെയിഡ് ഇൻ ചൈന' എന്നെഴുതിയിരിക്കുന്നത് കാണുന്ന സാജൻ.

**സാജൻ :-** ഇത് ചൈനേന്നു വാങ്ങീതാണോ..?

**അനീഷ് :-** അല്ല.. ബീമാപ്പള്ളി.. (പരുങ്ങലിൽ) ഗൾഫിലു ചൈനയിലെ സാധനോം കിട്ടും..

സ്റ്റേഷന്റെ അകത്ത് ഒരു വശത്തായി നിന്ന പ്രതി ആന്റോയും അത് കേൾക്കുന്നുണ്ട്. അവൻ അനീഷിനെ ഒരു കള്ളച്ചിരിയോടെ നോക്കുന്നു. ഷിനോജ് സാജനെ നോക്കി തന്റെ അറിവിന്റെ കവാടം തുറന്നുകൊണ്ട്

**ഷിനോജ് :-** ഗൾഫിലും കിട്ടും സാർ.. സർ ആഗോളവൽക്കരണം ഭൂമിയിൽ ഇന്ന്..

അത് തടഞ്ഞുകൊണ്ട്

**സാജൻ :-** ഇപ്പൊ വേണ്ട....

അനീഷിനോട്

**സാജൻ :-** മോനേ.. ഒടനെ നടക്കൂല്ലോ അല്ലേ..? വെളിയിൽ നാട്ടുകാര് മൊത്തം കൂടിയിട്ടുണ്ട്..

**അനീഷ് :-** ഒന്ന് rewind ചെയ്യേണ്ട താമസവേ ഉള്ളൂ..

വീഡിയോ പ്ലേ ആകുന്നു.
വീഡിയോ ടൈം അട്ജസ്റ്റ് ചെയ്ത് ഫോർവേഡ് ചെയ്യുന്ന അനീഷ്. ജെയ്സൻ ഉൾപ്പെടെ ഉള്ളവർ വീഡിയോയിലേക്ക്

ശ്രദ്ധയോടെ നോക്കുന്നു. വീഡിയോയിലെ ബ്ലാക്ക് ആൻഡ് വൈറ്റ് ദൃശ്യം.

CUT TO

**സീൻ 82A**

ഷിബു ,അനീഷ്

**കവല - DAY /NIGHT EXT**

**CCTV FOOTAGE-**
തയ്യൽക്കട ലക്ഷ്യമാക്കി നടക്കുന്ന ഒരാളുടെ രൂപം ദൃശ്യത്തിൽ പതിഞ്ഞിട്ടുണ്ട്. പക്ഷെ ദൃശ്യത്തിൽ അതാരാണെന്നു ഒട്ടും വ്യക്തമല്ല.

CUT BACK TO
**സീൻ 82**

***പോലീസ്റ്റേഷൻ / സാജന്റെ മുറി***
***DAY - INT / EXT***

ജെയ്സൻ,ഷിബു,സാജൻ
ആന്റോ,അനീഷ്,പോത്തൻ
കണ്ണപ്പൻ,സെൽവൻ,ഷിനോജ്
,ഗോപൻ,സന്തോഷ്,മെമ്പർ,
മറ്റ് പോലീസ്കാർ,നാട്ടുകാർ

ആന്റോ ഉൾപ്പടെ ഉള്ളവരുടെ ശ്രദ്ധ CCTV ദൃശ്യത്തിലാണ്. പെട്ടെന്ന് സ്റ്റേഷനിലെ വൈദ്യുതി കട്ട് ആവുന്നു. അത് അല്പ്പം പന്തികേടോടെ കാണുന്ന ജെയ്സൻ. അവൻ എന്തോ അപകടം മണക്കുന്നുണ്ട്. പെട്ടെന്ന് സ്റ്റേഷന്റെ പുറത്ത് ഒരു മേശ തകർന്നു വീഴുന്നതിന്റെ ശബ്ദം കേൾക്കാം. അങ്ങോട്ടേക്ക് ഓടിചെല്ലുന്ന സാജനും മറ്റു പോലീസുക്കാരും.

CUT TO

പോലീസ് സ്റ്റേഷന് മുൻപ്പിൽ വന്നു നിൽക്കുന്ന മുഖം മൂടിധാരിയായ ഷിബു. മേശ തകർന്നു നിലത്തു കിടക്കുന്ന പാറാവുകാരൻ പോലീസുകാരൻ. മുഖം മൂടിധാരിയെ കാണുന്ന പോലീസുകാരും നാട്ടുകാരും ഒന്ന് അമ്പരക്കുന്നു. പെട്ടെന്ന് ഷിബുവിനെ പിന്നിൽ നിന്നും വിളിക്കുന്ന പോത്തൻ

**പോത്തൻ :-** ഡാ.. ജെയ്സാ.. മുഖംമൂടിയിട്ട് കരീം വാരിത്തേച്ചോണ്ട് വന്നാ നിന്നെ മനസിലാവില്ലാന്നു വിചാരിച്ചോ..? എ്..?

പോത്തന്റെ കാഴ്ച്ചയിൽ സ്റ്റേഷന്റെ മറ്റൊരു വശത്ത് നിൽക്കുന്ന ജെയ്സൻ. ജെയ്സനെ കണ്ട പോത്തൻ ഒന്ന് ഞെട്ടുന്നു. പോത്തനെ

തന്റെ കഴിവ് ഉപയോഗിച്ച് മുകളിലേക്ക് എറിയുന്ന ഷിബു. പോത്തന്റെ നിലവിളി. അത് കാണുന്ന എസ്.ഐ ബാക്കി പോലീസുകാരോടായി

**സാജൻ :-** വെടിവെച്ചു കൊല്ലടാ അവനെ..

തോക്കുകൾ സെറ്റ് ചെയ്ത് ഷിബുവിന് നേരെ ചൂണ്ടുന്ന പോലീസുകാർ. പോലീസുകാർ ചൂണ്ടിയ എല്ലാ തോക്കുകളും ഒന്നൊഴിയാതെ ഷിബുവിന്റെ അസാധാരണ ശക്തിയിൽ വളഞ്ഞു പോകുന്നു. അമ്പരപ്പോടെ ഇത് കാണുന്ന ജെയ്സൻ മറ്റാരെങ്കിലും ശ്രദ്ധിക്കുന്നുണ്ടോ എന്ന് നോക്കിയശേഷം അവിടുന്ന് പിൻവലിയുന്നു. പോലീസുകാരുമായി വൻ സംഘട്ടനത്തിൽ ഏർപ്പെടുന്ന ഷിബു. സംഘട്ടനത്തിനിടയിൽ ഷിബു വി.സി.ആറും ടി.വിയും തകർത്ത് കളയുന്നു. അത് കണ്ടു നിരാശനാകുന്ന സാജൻ. തകർന്നു കിടക്കുന്ന വി.സി.ആറിനുള്ളിൽ നിന്ന് കാസറ്റ് എടുക്കുന്ന ഷിബു. ഷിബുവിനെ തടയാൻ ശ്രമിക്കുന്ന സാജനെ എടുത്തു പറത്തുന്ന ഷിബു. സാജനും മറ്റ് പോലീസുകാരും ഇടികൊണ്ട് നിലത്തേക്ക് വീഴുന്നു. കിട്ടിയ ഗ്യാപ്പിൽ പോലീസുകാരുടെ കണ്ണ് വെട്ടിച്ച് സ്റ്റേഷനിൽ നിന്ന് ഓടി രക്ഷപ്പെടുന്ന ആന്റോ. പെട്ടെന്ന് ഷിബുവിന്റെ പിന്നിൽ നിന്ന് ഒരു ചൂളം വിളി കേൾക്കുന്നു. തിരിഞ്ഞു നോക്കുന്ന ഷിബു. അവന്റെ കാഴ്ച്ചയിൽ പിന്നിൽ ആരുമില്ല. ഇപ്പോൾ ചൂളമടി കേൾക്കുന്നത് പോലീസ് സ്റ്റേഷന്റെ മുകളിൽനിന്നാണ്. ഷിബുവും ബാക്കിയുള്ള പോലീസുകാരും അങ്ങോട്ടേക്ക് നോക്കുമ്പോൾ അവിടെ കുറുക്കന്മൂല സ്കൂൾ ആനിവേഴ്സറിയിൽ താൻ ഉപയോഗിച്ച തന്റെ മുഖം മൂടിയും കോസ്റ്റ്യൂമും ധരിച്ച് പോലീസ് സ്റ്റേഷന്റെ മുകളിലെ പലകതട്ടിൽ നിൽക്കുന്ന മിന്നൽ മുരളി. തട്ടിൽനിന്ന് എടുത്തു താഴേക്കു ചാടി ഷിബുവിന്റെ മുൻപ്പിൽ വന്നു നിൽക്കുന്ന ജെയ്സൻ. അവിടെയൊരു വലിയ സംഘട്ടനത്തിനു തുടക്കമാവുന്നു. വളരെ രസകരമായാണ് സംഘട്ടനം മുന്നേറുന്നത്. പോലീസ് സ്റ്റേഷനിൽ നിന്ന് സംഘട്ടനം പുറത്തേക്കും നീങ്ങുന്നു. സ്റ്റേഷന്റെ ഒരു വശത്ത് തളർന്നു കിടക്കുന്ന എസ്.ഐ.സാജൻ. സാജന്റെ അടുത്തേക്ക് വളഞ്ഞ തോക്കുകൊണ്ട് വരുന്ന ഒരു പോലീസുകാരൻ.

സാജനോട് **സന്തോഷ് :-** സർ.. ഈ തോക്ക്..?

തോക്ക് നോക്കിക്കൊണ്ട്

**സാജൻ :-** അവിടെ എവിടേലും ആണിയടിച്ചു തൂക്കടെ....

CUT TO

**സീൻ 82 B**

ജെയ്സൻ,ഷിബു
നാട്ടുകാർ

***റോഡ്. DAY -EXT***

ഒരു കാളവണ്ടിക്കുമുകളിലൂടെ ചാടി ഓടുന്ന ജെയ്സനും ഷിബുവും.

**സീൻ 82 C**

**ചെറുറോഡ്/പാടം DAY -EXT**

ജെയ്സൻ,ഷിബു

സംഘട്ടനം പുരോഗമിക്കുന്നു.
പാടത്തുകൂടിയും ചെറു റോഡുകളിലൂടെയും കാസറ്റുമായി ഓടുന്ന ജെയ്സൻ.
ഒരു വാട്ടർവീൽ ഉപയോഗിച്ച് പാടത്തു വച്ച് സംഘട്ടനം ഉണ്ടാവുന്നു.

**സീൻ 82 D**

**കവല DAY -EXT**

ജെയ്സൻ,ഷിബു
നാട്ടുകാർ

വീണ്ടും ജെയ്സനെ പിന്തുടരുന്ന ഷിബു. അവസാനം അവർ കവലയിൽ മിന്നൽ മുരളി പ്രതിഷേധയോഗം നടന്ന സ്ഥലത്തുകൂടി ഓടുന്നു. അവിടെ കസേരകളും മറ്റും കിടപ്പുണ്ട്. അവർ തമ്മിൽ സംഘട്ടനം ഉണ്ടാവുന്നു. കാസറ്റ് ഷിബുവിന് വിട്ടുകൊടുക്കാതെ ഓടുന്ന ജെയ്സൻ.

CUT TO

ഷിബു,പാസ്റ്റർ
വിശ്വാസികൾ,നാട്ടുകാർ

**സീൻ 82 E**

**പെന്തക്കോസ്ത് ബിൽഡിംഗ്. *INT-DAY***

ഒരു പെന്തക്കോസ്ത് പ്രാർത്ഥന യോഗം നടക്കുന്ന ബിൽഡിംഗ്. അവിടെ പാസ്റ്ററും വിശ്വാസികളും നിന്ന് പ്രാർത്ഥിക്കുകയാണ്.

**പാസ്റ്റർ :-** അവൻ വരും.. പ്രിയ സഹോദരരെ അവൻ വരും... നമ്മളെ ഈ ലോകത്തിൽ നിന്ന് രക്ഷിക്കാൻ അവൻ വരും..

പെട്ടെന്ന് പ്രാർത്ഥനായോഗം നടന്ന ബിൽഡിംഗിന്റെ ഓട് പൊളിച്ചുകൊണ്ട് അവിടേക്ക് തെറിച്ചു വീഴുന്ന ഷിബു. അത് കാണുന്ന പാസ്റ്ററുടെയും വിശ്വാസികളുടെയും റിയാക്ഷൻ.

CUT TO

**സീൻ 82 F**

**റോഡ്/ബസ്. *DAY INT/EXT***

ജെയ്സൻ,ഷിബു,
പെൺകുട്ടി,പെൺകുട്ടിയുടെ അമ്മ
കണ്ടക്ട്ടർ,ബസ്ഡ്രൈവർ
ബസിലെ യാത്രകാർ, നാട്ടുകാർ

സംഘട്ടനം പുരോഗമിക്കുമ്പോൾ
കാസറ്റുമായി ഓടുന്ന ജെയ്സനെ കട്ടികൊണ്ട്
എറിഞ്ഞു വീഴ്ത്തുന്ന ഷിബു. ജെയ്സന്റെ
കയ്യിൽ നിന്ന് കാസറ്റ് തെറിച്ചു
ബസ്സിനകത്തേക്ക് വീഴുന്നു.

ജെയ്സൻ,ഷിബു,
പെൺകുട്ടി,പെൺകുട്ടിയുടെ അമ്മ
ബസ്ഡ്രൈവർ,കണ്ടക്ട്ടർ
ബസിലെ യാത്രകാർ,നാട്ടുകാർ

**സീൻ 82 G**

***ബസിന്റെ ഉൾവശം -INT/EXT***

അത് ഒരു പെൺകുട്ടിയുടെ കയ്യിൽ ആണ് കിട്ടുന്നത്. ബസ്സിനുള്ളിൽ വച്ച് ഷിബുവും ജെയ്സനും അടി കൂടുന്നു. ജെയ്സന്റെ അടികൊണ്ടു ഷിബുവിന്റെ കാലിലൊരു മുറിവുണ്ടാകുന്നു. ഷിബുവിന്റെ അടികൊണ്ട് തെറിച്ചു ഡ്രൈവർ സീറ്റിൽ പോയി ഇടിക്കുന്ന ജെയ്സൻ. ഡ്രൈവർ ബോധാരഹിതനാവുന്നു. അപകടകരമായ രീതിയിൽ ബസ്സ് മുന്നോട്ട് പായുന്നു. ഷിബുവിന്റെ കയ്യിൽ കാസറ്റ് കിട്ടുന്നു. ഷിബു ബസ്സിനകത്ത് നിന്ന് ചാടി വെളിയിലേക്ക് ഇറങ്ങുന്നു. അവന്റെ പിന്നാലെ ചാടുന്ന ജെയ്സൻ.

രക്ഷപെടാൻ ശ്രമിക്കുന്ന ഷിബു. അവന്റെ ഷർട്ടിൽ പിടിച്ചു വലിക്കുന്ന ജെയ്സൻ. ഷർട്ടിന്റെ തുണി കീറിപ്പോരുന്നു.

ജെയ്സന്റെ മുന്നിൽവച്ച് ഷിബു തന്റെ കയ്യിൽ ഇരിക്കുന്ന കാസറ്റ് തവിടുപൊടിയാക്കുന്നു. കൊക്കയിലേക്ക് പാഞ്ഞു പോകുന്ന ബസ്സ് ജെയ്സനെ ചൂണ്ടിക്കാണിക്കുന്ന ഷിബു. ബസ്സിലേക്ക് നോക്കുന്ന ജെയ്സൻ. എന്ത് ചെയ്യണമെന്നു അറിയാതെ അവൻ നിൽക്കുമ്പോൾ

CUT TO

ജെയ്സൻ,
പെൺകുട്ടി,പെൺകുട്ടിയുടെ അമ്മ,
ബസ്ഡ്രൈവർ,,കണ്ടക്ടർ
ബസിലെ യാത്രകാർ,നാട്ടുകാർ

**സീൻ 82 H**

***റോഡ്/ബസ്. INT/EXT -DAY***

റോഡിന്റെ കൈവരിയിൽ ഇടിച്ചു കയറുന്ന ബസ്സ്. താഴേക്ക് കൊക്കയാണ്. ബസ്സിന്റെ ഒരു പാതി റോഡിലും മറുപാതി റോഡിനു വെളിയിൽ കൊക്കയിലേക്ക് വീഴാനുമായി നിൽക്കുന്നു. മെല്ലെ അത് കൊക്കയിലേക്ക് വീഴാനായി ആയുന്നു. ഒരു കുട്ടി തെറിച്ചുപോയി മുൻപ്പിലെ ചില്ലും ഇടിച്ചു തകർത്തു താഴെ കൊക്കയിലേക്ക് വീഴാൻ തുടങ്ങുന്നു. ആ കുട്ടിയുടെ തുണി ബസ്സിനു മുൻപ്പിലെ ഒരു കൊളുത്തിൽ കുടുങ്ങുന്നു. അത് മെല്ലെ കീറി തുടങ്ങുന്നു. പെട്ടെന്ന് കൊക്കയിലേക്ക് വീഴാൻ തുടങ്ങിയ ബസ്സ് ആരോ പിടിച്ചു വലിചിട്ടെന്നപ്പോലെ പിന്നിലേക്ക് നീങ്ങുന്നു. അത് കാണുന്ന നാട്ടുകാരുടെ റിയാക്ഷൻ. അവരുടെയെല്ലാം നോട്ടത്തിൽ പിന്നിൽനിന്നു ബസ്സ് വലിച്ചു റോഡിലേക്ക് തിരിച്ചു കയറ്റുന്ന ജെയ്സൻ. അവിടെ സമീപം റോഡിൽ കിടക്കുന്ന ചെറിയ കല്ലുകൾ ജെയ്സന്റെ അസാധാരണ ശക്തിയിൽ വായുവിൽ ഉയർന്നു നിൽക്കുന്നു.

SLOW MOTION

അതേ സമയം ബസ്സിനു മുൻപ്പിൽ കുടുങ്ങിക്കിടക്കുന്ന കുട്ടിയുടെ ഡ്രസ്സ് കീറി അവൾ താഴേക്ക് വീഴുന്നു.
തെല്ലുസമയം കളയാതെ ജെയ്സൻ ഒരു പരുന്തു കുതിച്ചുയരും പോലെ ബസ്സിനു മുകളിൽ ചാടിക്കയറി കയറിൽ തൂങ്ങി കൊക്ക ലക്ഷ്യമാക്കി ചാടുന്നു.

BLACK OUT

നിശബ്ദത

FADE IN

കുട്ടിയുടെ അമ്മയും മറ്റ് യാത്രക്കാരും ബസ്സിനു മുകളിലേക്ക് നോക്കുന്നു. അവരുടെ റിയാക്ഷൻ. അവരുടെ നോട്ടത്തിൽ ബസ്സിനു

മുകളിൽ കുട്ടിയുമായി നിൽക്കുന്ന ജെയ്സൻ (മിന്നൽ മുരളി). ബസ്സിന്റെപേര് അപ്പോഴാണ് പ്രേക്ഷകർ കാണുന്നത് ' രക്ഷകൻ '.
അവിടെയുള്ള ആളുകൾ അഭിമാനത്തോടും നന്ദിയോടും ജെയ്സനെ നോക്കുന്നു. ഒരു ഹൃദ്യമായ സംഗീതം പശ്ചാത്തലത്തിൽ തുടങ്ങുന്നു.
പശ്ചാത്തലസംഗീതം തുടരുമ്പോൾ കുട്ടിയെ കെട്ടിപ്പിടിക്കുന്ന അവളുടെ അമ്മ. നാട്ടുകാർ മുഴുവൻ അത്ഭുതത്തിൽ മുഖം മൂടിധാരിയായ ജെയ്സനെ നോക്കി നിൽക്കുകയാണ്. കുട്ടിയുടെ അമ്മ ഒരു നിമിഷം വന്നു ജെയ്സനെ കെട്ടിപ്പിടിച്ചു അവനെ ചേർത്ത് പിടിക്കുന്നു. ജീവിതത്തിൽ ഇന്നേവരെ അവൻ അനുഭവിക്കാത്ത ഒരു തരം ആത്മസംതൃപ്തി അവനു ലഭിക്കുന്നു. അവന്റെ കണ്ണുകളിൽ ഒരു നനവ് പടരുന്നു. അവന്റെ മുഖത്ത് മെല്ലെ ഒരു പുഞ്ചിരി വിരിയുന്നു.

CUT TO

ജെയ്സൻ,പെൺകുട്ടി,
പെൺകുട്ടിയുടെ അമ്മ
ബസ് കണ്ടക്ട്ടർ
കണ്ണപ്പൻ,സെൽവൻ
മെമ്പർ,ഗോപൻ
നാട്ടുകാർ

**സീൻ 83**

*കവല. DAY- EXT*

അപകടത്തിൽ പെട്ട ബസിൽ ഉണ്ടായിരുന്ന കുറച്ചാളുകൾ കവലയിൽ നിന്ന് ബാക്കി ആളുകളോടെ നടന്ന സംഭവങ്ങൾ ആവേശത്തിൽ പറയുന്നു. ഉദ്വേഗത്തോടെ അത് കേട്ട് നിൽക്കുന്ന നാട്ടുകാർ. അവരിൽ ഒരാൾ എന്തോ കാണുന്നു. അയാളുടെ മുഖത്തു കൗതുകം. അയാൾ ബാക്കിയുള്ളവരേയും വിളിച്ചു താൻ കണ്ട കാഴ്ച കാണിക്കുന്നു. കവലയിൽ നിൽക്കുന്ന ആളുകൾ എല്ലാം എന്തോ കണ്ടിട്ടെന്നോണം അത്ഭുതത്തിൽ കവലയുടെ ഒരു ഭാഗത്ത് നോക്കുന്നു. അവരുടെ നോട്ടത്തിൽ കവലയിലേക്കു മെല്ലെ ഉരുണ്ടു വരുന്ന 'രക്ഷകൻ' ബസ്. ബസ്സിന്റെ മുൻപിൽ ഒരു തുണി വലിച്ചുകെട്ടി അതിൽ 'മിന്നൽ മുരളി (ഒറിജിനൽ) എന്ന് എഴുതിയിരിക്കുന്നു. അത്ഭുതത്തോടെ അത് നോക്കി നിൽക്കുന്ന നാട്ടുകാർ.

CUT TO

**സീൻ 83 A**
***SONG***

ജെയ്സൻ,ജോസ്മോൻ

**ജെയ്സന്റെ വീട് - DAY / INT**

ജെയ്സൻ തന്റെ മുറിയിൽ ഇരിക്കുന്ന ട്രങ്ക് പെട്ടി വീണ്ടും നോക്കുന്നു. അവൻ അത് വലിച്ചെടുക്കുന്നു. അതിനു മേലെയുള്ള പൊടി മുഴുവൻ തൂത്തുകളഞ്ഞ ശേഷം അത് മെല്ലെ തുറക്കുന്നു. അതിനകത്ത് നിന്നും ഒരു കവർ പുറത്തേക്ക് എടുക്കുന്ന ജെയ്സൻ. അത് പള്ളിക്കുന്നിലെ പുണ്യാളൻ എന്ന നാടകത്തിൽ
മാർട്ടിൻ ധരിച്ചിരുന്ന വസ്ത്രമാണ്. കോസ്റ്റ്യൂം കത്തിയിരിക്കുകയാണ്, അവിടേക്ക് വരുന്ന ജോസ്മോൻ, ജോസ്മോനും ജെയ്സനും പരസ്പരം നോക്കുന്നു.

സെൽവൻ,മെമ്പർ,കുഞ്ഞൻ,
കണ്ണപ്പൻ,ഗോപൻ,കൊച്ചാപ്പി
ബസിലെ പെൺകുട്ടി
പെൺകുട്ടിയുടെ അമ്മ, നാട്ടുകാർ

**സീൻ - 83 B**

***കവല - DAY / EXT***
***SONG***

നാട്ടുകാർ മിന്നൽ മുരളി അപായമണി എന്ന ബോർഡ് എടുത്ത് മാറ്റുന്നു.

**സീൻ 83  C** 
***SONG***

***പോത്തന്റെ വീട് DAY-INT***

തന്റെ മുറിയിലെ ചുവരിൽ നോക്കി ഇരിക്കുന്ന പോത്തൻ. ചുവരിൽ ഇപ്പോൾ രണ്ടു മുരളിയെ വരച്ചിട്ടുണ്ട്.

**സീൻ 83 D**
**SONG**

ജോസ്മോൻ,സഞ്ജയൻ,സിജോമോൻ
സ്കൂൾകുട്ടികൾ

***കുറുക്കൻമൂല സ്കൂൾ DAY-EXT***

സ്കൂളിലെ കുട്ടികൾക്കിടയിൽ യൂണിഫോം ധരിച്ചു നിൽക്കുന്ന ജോസ്മോൻ. അവന്റെ ചുറ്റുമുള്ള കുട്ടികൾ മിന്നൽ മുരളിയെക്കുറിച്ചാണ് സംസാരിക്കുന്നത്.

**സഞ്ജയൻ :-** മിന്നൽ മുരളി എന്റെ ചേട്ടന്റെ കൂട്ടുകാരനാ.. കഴിഞ്ഞ ദിവസം എന്റെ വീട്ടിൽ വന്നപ്പോ എന്റെ കയ്യിൽ വന്നു പിടിച്ചെടാ.. പാറപോലിരിക്കും.. പയങ്കര ശക്തിയാ..

**സിജോമോൻ :-** ഉയ്യോ.. നിന്റെ ഫാഗ്യം..

അത് കേട്ട് പുഞ്ചിരിക്കുന്ന ജോസ്മോൻ.

ജെയ്സൻ,ജോസ്മോൻ,ബിജി

**സീൻ 83 E**
**SONG**

**ജെയ്സന്റെ വീട് NIGHT / INT**

വീട്ടിൽ ഇരുന്നു കോസ്റ്റ്യൂം ഡിസൈൻ ചെയ്യുന്ന ജെയ്സൻ. ഒപ്പം ജോസ്മോനും ബിജിയും. അവരുടെ മുന്നിൽ കുറെയധികം കോമിക് പുസ്തകങ്ങൾ ഉണ്ട്.

**സീൻ 83 F**
***SONG***

പൈലി.
ബസ്ഡ്രൈവർ,ബസ്കണ്ടക്ട്ടർ
ബസിലെ ആളുകൾ

**രക്ഷകൻബസ് DAY -INT**

ബസ്സിനകത്ത് 'മിന്നൽ മുരളി ഈ വാഹനത്തിന്റെ ഐശ്വര്യം' എന്ന് എഴുതിയിരിക്കുന്നു. അത് കാണുന്ന പൈലി. അയാൾ തന്റെ മുഖം ഒരു തോർത്തുകൊണ്ട് മറച്ചിരിക്കുകയാണ്. അയാളുടെ കണ്ണുകളിൽ പ്രതീക്ഷയുണ്ട്.

കുഞ്ഞൻ,കണ്ണപ്പൻ,സെൽവൻ
കവലയിലുള്ള മറ്റ് ഓട്ടോകാർ
മറ്റുള്ള നാട്ടുകാർ

**സീൻ 83 G**
**SONG**

**ഓട്ടോസ്റ്റാന്റ് DAY / EXT**

കവലയിലെ ഓട്ടോ STAND. അവിടെ സെൽവനും കുറച്ച് നാട്ടുകാരവുണ്ട്, സെൽവൻ പറഞ്ഞതിന് മറുപടിയായി

**ഓട്ടോഡ്രൈവർ കുഞ്ഞൻ:-** അടി കഴിഞ്ഞു ഞാൻ നോക്കിയപ്പോ ജെയ്സൻ കവലേൽ തന്നെ ഒണ്ടാരുന്നു.. നിങ്ങക്ക് പ്രാന്താ... അവനൊന്നുവല്ല മിന്നൽമുരളി

സെൽവന്റെ റിയാക്ഷൻ.സെൽവൻ കുഞ്ഞനെയയും കുഞ്ഞന്റെ ഓട്ടോയും നോക്കുന്നു ഓട്ടോടെ പേര് മിന്നൽ എന്നാണ്.

**സെൽവൻ :-** ഡാ..നിന്റെ ശരിക്കുള്ള പേര് മുരളീന്നു അല്ലെ?...നിന്റെ ഒട്ടോടെ പേര് മിന്നലെന്നും..

**കുഞ്ഞൻ :-** അതിന്..?

**സെൽവൻ :-** നീയല്ലേടാ മിന്നൽ മുരളി?..

അത് കേൾക്കുന്ന നാട്ടുകാരിൽ ചിലർ കുഞ്ഞനെ നോക്കുന്നു. കുഞ്ഞന്റെ മുഖത്ത് ഭീതി. അല്പം പകപ്പോടെ

**കുഞ്ഞൻ :-** ഒന്ന്പോയെടാ...ഞാൻ മിന്നൽ മുരളിയാന്നു ...ഓരോരോ ഭാവനകളെ..

കുഞ്ഞൻ ഒന്നും പറയാതെ വേഗം അവിടെ നിന്നു തന്റെ ഓട്ടോയും എടുത്തു പോകുന്നു. സെൽവന്റെ റിയാക്ഷൻ.

ജെയ്സൻ,സെൽവൻ
പണിക്കാരൻ,നാട്ടുകാർ

**സീൻ 83 H**
**SONG**

**ജെയ്സൻ സ്ടിച്ചിംഗ് സെന്റെർ DAY /INT- EXT**

കത്തിക്കരിഞ്ഞു കിടക്കുന്ന ജെയ്സൻ സ്റ്റിച്ചിംഗ് സെന്റർ കുറച്ചാളുകളുടെ സഹായത്തോടെ വീണ്ടും പുതുക്കിപ്പണിയുന്ന ജെയ്സൻ.

**സീൻ 83 J**
**SONG**

ബിജി ,പെയിന്റർ
നാട്ടുകാർ

***റോഡ് DAY-EXT***

നാട്ടിലെ ജ്വല്ലറിയുടെ ചുവരെഴുത്ത്
പരസ്യങ്ങളിൽ മിന്നൽ മുരളി (ഒറിജിനൽ)
യുടെ ചിത്രങ്ങൾ ചേർത്ത് വരയ്ക്കുന്ന
ചിത്രകാരന്മാർ. അത് നോക്കി ബിജി.
അവളുടെ കണ്ണുകളിൽ അഭിമാനം.

**സീൻ 83 K** ഷിബു,ഉഷ,കുക്കു,കേശവൻ,
**SONG** കേശവന്റെഡ്രൈവർ

*ഉഷയുടെ വീട് - DAY - EXT /INT*

ഉഷയുടെ മകൾക്ക് പുതിയ ബാഗും വാട്ടർ ബോട്ടിലും ഒക്കെ വാങ്ങിച്ചു കൊടുക്കുന്ന ഷിബു. ഉഷയ്ക്ക് ഒരു നല്ല സാരിയും വാങ്ങുന്നു. ആ സാരി ഉഷയെ ഏൽപ്പിക്കുമ്പോൾ

**ഷിബു :-** ഉഷക്കിനി എന്റെ ഒപ്പം വന്നൂടെ.. ? പൊന്നുപോലെ നോക്കിക്കൊള്ളാം ഞാൻ നിന്നെ..

ഉഷയുടെ മറുപടി പറയുന്നില്ല.
അവളെ ഒന്ന് നോക്കിയിട്ടു

**ഷിബു:-** എത്ര കാലം വേണേലും ഞാൻ കാത്തിരിക്കാം..

ഉഷയുടെ വീട്ടുമുറ്റത്തേക്ക് കേശവന്റെ കാർ വന്നു നിൽക്കുന്നു. അവിടെ നിൽക്കുന്ന ഷിബുവിനെ കലിപ്പിച്ചു നോക്കുന്ന കേശവൻ. ഉഷ തിരിഞ്ഞു ഷിബുവിനെ നോക്കുന്നു.
ഷിബുവിനോടു രൂക്ഷമായി

**കേശവൻ :-** നീ എന്താടാ ഇവിടെ..?

ഷിബു അതിനു മറുപടി ഒന്നും പറയുന്നില്ല. അവന്റെ നോട്ടം ഉഷയിൽ.
ഷിബുവിനോടു

**കേശവൻ :-** ഇവടെ വന്നു വലിയ ചുറ്റിത്തിരിയലൊന്നും വേണ്ട.. പൊക്കോ...

ഷിബു തലയാട്ടുന്നു. ഉഷയുടെ റിയാക്ഷൻ.

**സീൻ 83 L**
**SONG**

ജെയ്സൻ,ഷിബു,സാജൻ,കേശവൻ,മെമ്പർ,കണ്ണപ്പൻ
സെൽവൻ,ഷിനോജ്
സന്തോഷ്,ക്രെയിൻ ഓപ്പറേറ്റർ,കേശവന്റെ
ഡ്രൈവർ,നാട്ടുകാർ

***ചതുപ്പ് DAY -EXT***

ഒരു ചതുപ്പിൽനിന്നും പൊക്കിയെടുക്കുന്ന കേശവന്റെ കാർ. താടിയിൽ കയ്യും കൊടുത്തിരിക്കുന്ന കേശവൻ. മറ്റൊരു വശത്ത് ഷിബു ബീഡി വലിച്ചുകൊണ്ട് കേശവനെ നോക്കി നിൽക്കുന്നു. കാറിനുള്ളിൽ എന്തോ കണ്ടു ഞെട്ടുന്ന ക്രെയിൻ ഓപ്പറേറ്റർ.

CUT TO

പോലീസുകാരുടെ കാഴ്ച്ചയിൽ കാറിനു വെളിയിൽ 'മിന്നൽ മുരളി ഒറിജിനൽ' എന്ന് എഴുതിയിരിക്കുന്നു. അത് വന്നു കാണുന്ന ജെയ്സന്റെ റിയാക്ഷൻ. ജെയ്സന്റെ മുഖത്ത് അമ്പരപ്പ്.

CUT TO-

ബീഡി വലിച്ചുകൊണ്ട് നാട്ടുകാരുടെ നടുവിലൂടെ നടന്നുപോകുന്ന ഷിബു. ഷിബുവിന്റെ പിന്നിലായി കുറെ കാക്കകൾ പറന്നകലുന്നു.

CUT TO

**സീൻ 83 M**
**SONG**

ജെയ്സൻ,ഷിബു

***ജെയ്സന്റെ വീട് - DAY/INT***

തന്റെ മുറിയിലെ അലമാരയ്ക്കുള്ളിൽ നിന്ന് ഒരു പഴയ ഫോട്ടോ എടുക്കുന്ന ജെയ്സൻ. ആ ഫോട്ടോയിൽ ജെയ്സന്റെ കുട്ടിക്കാലത്ത് ദാസൻ അവനെ എടുത്ത് പിടിച്ചിരിക്കുന്നതാണ്. ഒരു നിമിഷം ജെയ്സൻ വല്ലാതാവുന്നു.
മുറിയിലെ കണ്ണാടിയിൽ അവൻ തന്റെ മുഖം കാണുന്നു. കണ്ണാടിയിൽ തന്റെ ഭാവനയിൽ പിന്നിൽ നിൽക്കുന്ന നോക്കുകുത്തിയുടെ മുഖംമൂടി ധരിച്ച അപരനെ(ഷിബു) ജെയ്സൻ കാണുന്നു. ഒരു അമ്പരപ്പിൽ അവൻ തിരിഞ്ഞു കണ്ണാടിയുടെ പ്രതിഫലനം കണ്ട സ്ഥലത്തേക്ക് നോക്കുമ്പോൾ അവിടെയാരും ഇല്ല. താൻ കണ്ടത് തന്റെ ചിന്തകൾ മാത്രമാണ് എന്ന് മനസ്സിലാക്കുന്ന ജെയ്സൻ.

ജെയ്സൻ,ബസ്സിലെ പെൺകുട്ടി,
ബസ്സിലെ അമ്മ
കവലയിലെ ആളുകൾ

**സീൻ 83 N**
**SONG**

***ജെയ്സൻ സ്റ്റിച്ചിംഗ് സെന്റെർ -DAY INT/EXT***

,

തയ്യൽക്കടയിൽ എന്തൊക്കെയോ ചിന്തിച്ചിരിക്കുന്ന അവന്റെ കാഴ്ച്ചയിൽ മുന്നിൽ ഒരിടത്ത് നിൽക്കുന്ന ബസ്സിൽ നിന്ന് രക്ഷപ്പെട്ട പെൺകുട്ടി. ഒരു നിമിഷം അവൻ ആ പെൺകുട്ടിയെ നോക്കി നിൽക്കുന്നു. പെട്ടെന്ന് എന്തോ ഓർത്തിട്ടെന്ന പോലെ അവൻ ആ പെൺകുട്ടിയെ തിരിഞ്ഞു നോക്കുന്നു. ജെയ്സന്റെ ഓർമ്മകളിലേക്ക്.

FLASH CUT TO

ബസിൽ വച്ച് ജെയ്സൻ ആ കുട്ടിയെ രക്ഷിച്ചതും ഷിബുവിനെ പിടിക്കാൻ ശ്രമിച്ചപ്പോൾ അവന്റെ ഉടുപ്പ് കീറിയതും എല്ലാം അവന്റെ ഓർമയിൽ വരുന്നു.

CUT TO-

ജെയ്സൻ,ജോസ്മോൻ,ബിജി

**സീൻ - 84**

***CLIFF - DAY / EXT***

ഷർട്ടിന്റെ കീറിയഭാഗം വീണുപോയ സ്ഥലത്ത് തിരച്ചിൽ നടത്തുന്ന ജെയ്സനും ബിജിയും ജോസ്മോനും. അവരുടെ നോട്ടത്തിൽ അവിടെയെങ്ങും അവർ തേടുന്ന തുണിക്കഷണം ഇല്ല. അന്തരീക്ഷത്തിൽ മഴക്കാർ നിറഞ്ഞിട്ടുണ്ട്. നല്ല കാറ്റും വീശുന്നുണ്ട്.

**ജോസ്മോൻ :-** ഇതിപ്പോ എങ്ങനെ കിട്ടാനാ മാമ.. അത് പോയിക്കാണും..

**ബിജി :-** മിണ്ടാതെ നോക്കിയില്ലേൽ ഞാനൊരു കിക്ക് വച്ച് തരും ജോസ്മോനെ...

**ജോസ്മോൻ:-** സോറി സംബായ്....

ദൃശ്യം മറ്റൊരു വ്യൂ പോയിന്റിൽ ആകുമ്പോൾ ജെയ്സനും ജോസ്മോനും ബിജിയും തപ്പുന്നതിന്റെ ഫോർഗ്രൗണ്ടിൽ കുറച്ചു കാടുകൾക്ക് ഇടയിലായി ആ തുണിയുടെ കഷണം കിടപ്പുണ്ട്. ജെയ്സനും ജോസ്മോനും ബിജിയും ആ ഭാഗത്തേക്ക് ശ്രദ്ധിക്കുന്നേയില്ല. നിരാശയിൽ തന്റെ മുൻപ്പിൽ കിടന്ന ഒരു കല്ല് തൊഴിച്ചു കളഞ്ഞ ശേഷം നിലത്തേക്ക് അസ്വസ്ഥനായി ഇരിക്കുന്ന ജെയ്സൻ . അത് കാണുമ്പോൾ ജോസ്മോനും അവന്റെ സമീപം ഇരിക്കുന്നു. മെല്ലെ ആകാശത്തുനിന്നും മഴ തൂളി തുടങ്ങുന്നു.

ജോസ്മോൻ ജെയ്സനെ ഒന്ന് നോക്കുന്നു. ശക്തമായി കാറ്റ് വീശുന്നതിന്റെ ഫലമായി കാടിനിടയിൽ നിന്ന് തുണിക്കഷ്ണം പറന്നുവന്നു ജെയ്സനും ജോസ്മോനും ബിജിയും ഇരിക്കുന്നതിന്റെ തൊട്ടുപിന്നിൽ വന്നു കിടക്കുന്നു. അത് ശ്രദ്ധിക്കാതെ ജെയ്സനോട്

**ബിജി:** ജെയ്സാ മഴ വരുന്നു. നമുക്ക് പോയാലോ ....

ജെയ്സൻ ഒന്ന് മൂളുന്നു. അവർ മൂവരും അവിടെ നിന്ന് എഴുന്നേറ്റ് നടന്നു തുടങ്ങുന്നു. ബാക്ക് ഗ്രൗണ്ടിൽ കിടക്കുന്ന തുണിക്കഷ്ണം മെല്ലെ പറന്നു വന്നു ജെയ്സന്റെ ദേഹത്തേക്ക് വീഴുന്നു. അത് ശ്രദ്ധിക്കാതെ ആദ്യം ആ തുണിക്കഷണം തട്ടി എറിയുന്ന ജെയ്സൻ.

എന്തോ കണ്ടിട്ടെന്നപോലെ വീണ്ടും ആ തുണിക്കഷണത്തിലേക്ക് വീഴുന്ന ജെയ്സന്റെ കണ്ണുകൾ. അവൻ അതെടുക്കുന്നു. ഷർട്ടിന്റെ കോളറിൽ 'ജെയ്സൻ സ്റ്റിച്ചിംഗ് സെന്റർ' എന്നെഴുതിയിട്ടുണ്ട്. ജെയ്സൻ തിരിഞ്ഞ് ജോസ്മോനെയും ബിജിയെയും നോക്കുന്നു. അവർ എന്തോ തീരുമാനിച്ച് ഉറപ്പിക്കുന്നു.

CUT TO

**സീൻ - 85**

ജെയ്സൻ,ജോസ്മോൻ,ബിജി

***ജെയ്സൻ സ്റ്റിച്ചിംഗ് സെന്റെർ -കവല - DAY / INT***

മഴ ചാറുന്നു. തയ്യൽക്കടയിൽ കയറി ആളുകളുടെ റജിസ്റ്റർ എടുത്തു പരിശോധിക്കുന്ന ജെയ്സനും ജോസ്മോനും ബിജിയും. അവരിരുവരും നന്നായി നനഞ്ഞിട്ടുണ്ട്. ജോസ്മോന് അല്പം വിറയലും ഉണ്ട്. അവർ പരിശോധിച്ചുകൊണ്ടിരുന്ന റജിസ്റ്ററിന്റെ പുറം ചട്ട കത്തിക്കരിഞ്ഞു ഇരിക്കുകയാണ്.

രജിസ്റ്ററിൽ നിന്നും ജെയ്സൻ ആളുകളുടെ പേരിനൊപ്പം അവർ തയിക്കാൻ കൊടുത്ത തുണിയുടെ ഒരു പീസ് ഒട്ടിച്ചു വച്ചിട്ടുണ്ട്. തന്റെ കയ്യിലെ തുണിയുടെ കളറും രജിസ്റ്ററിൽ ഒട്ടിച്ചിരിക്കുന്ന തുണി പീസുകലുടെ കളറുമായി ഒത്തു നോക്കുന്ന ജെയ്സൻ. ജോസ്മോനും ബിജിയും മറ്റ് രജിസ്റ്ററുകൾ നോക്കുന്നുണ്ട്. പരിശോധനയുടെ അവസാനം രജിസ്റ്ററിൽ തുണിയുടെ പീസ് അവർ കണ്ടെത്തുന്നു. പേര് എഴുതിയിരിക്കുന്ന ഭാഗത്ത് "ഷി" എന്ന് മാത്രമ്മേ കാണുന്നുള്ളൂ. ബാക്കി ഭാഗം കത്തിപ്പോവുന്നു.

**ജെയ്സൻ :-** ഷി...?

**ജോസ്മോൻ :-** ഷി കൂട്ടി....ഷിനോജ്...

**ജെയ്സൻ :-** ഏയ്..ഷിന്റ്റോ?

**ബിജി :-** അനീഷ്?

**ജോസ്മോൻ :-** സംബായ്...."ഷി" അല്ലെ വേണ്ടേ?..."ഷ്" അല്ലല്ലോ

**ജെയ്സൻ :-** ഷിബു...!

ബിജിയുടെ റിയാക്ഷൻ. അവർ പരസ്പരം നോക്കുന്നു.

**ബിജി:-** സാധ്യത തള്ളിക്കളയാൻ പറ്റില്ല ജെയ്സ... അയാളെ കാണുമ്പോത്തന്നെ ഒരു പന്തികേട് ഒണ്ട്...

**ജോസ്മോൻ :-** മ്..ശരിയാ...നമുക്ക് പോയൊന്നു അന്വേഷിക്കാം..

**ബിജി:-** നീ വീട്ടിപ്പോട....ഞങ്ങള് മുതിർന്നവര് എന്താന്നുവച്ചാ ചെയ്തോളാം

ജോസ്മോന്റെ റിയാക്ഷൻ.
CUT TO

**സീൻ - 86**

ജെയ്സൻ,ബിജി,
വഴിയാത്രക്കാർ

***റോഡ് DAY - EXT***

ഇടവഴിയിലൂടെ സൈക്കിൾ ചവിട്ടി വേഗത്തിൽ വരുന്ന ജെയ്സനും ബിജിയും. ബിജി പിന്നിലെ ക്യാരിയറിൽ ആണ് ഇരിക്കുന്നത്. മഴ ഏകദേശം തോർന്ന സമയമാണ്.

**ജെയ്സൻ:-** അയാളെക്കൊണ്ട് ഇതൊക്കെ പറ്റുവോ..?

**ബിജി:-** ഒന്നും പറയാൻ പറ്റില്ല ജെയ്സ ആദ്യം ആ തുണീടെ ബാക്കി അവന്റെ വീട്ടിൽ ഉണ്ടോന്നു നോക്കാം..

**സീൻ 86 A** ജെയ്സൻ,ഷിബു,ബിജി

*ഷിബുവിന്റെ വീട് -DAY EXT-INT*

ഷിബുവിന്റെ വീടിനു മുൻപ്പിൽ എത്തുന്ന ജെയ്സനും ബിജിയും. അവർ പരസ്പരം നോക്കുന്നു. വീടിന്റെ വാതിൽക്കൽ ചെരുപ്പുകൾ ഒന്നുമില്ല.

**ജെയ്സൻ :-** ഇവിടെയാരും ഇല്ലേ..?

വീടിനകത്ത് നിന്ന് ആരുടെയും പ്രതികരണം ഇല്ല. വീടിന്റെ മുറ്റത്ത് അലക്കിയിട്ടിരിക്കുന്ന ഷിബുവിന്റെ ജട്ടിയും ലുങ്കിയും ബാക്കി വസ്ത്രങ്ങളും. അങ്ങോട്ടേക്ക് ശ്രദ്ധിക്കുന്ന ബിജി. അതിനിടയിൽ കീറിയ ഷർട്ട് ഉണ്ടോ എന്ന് പരിശോധിക്കുന്ന ബിജി. തന്നെ നോക്കുന്ന ജെയ്സനെ ഷർട്ട് അവിടെ ഇല്ല എന്ന് ആംഗ്യം കാണിക്കുന്ന ബിജി. വീടിന്റെ കതകിനടുത്തേക്ക് നടന്നു അവിടെ കതകിൽ തട്ടിക്കൊണ്ട്

**ജെയ്സൻ :-** ഷിബു..

അമ്പരപ്പിൽ ശബ്ദം താഴ്ത്തി

**ബിജി :-** എന്താ ഈ കാണിക്കുന്നേ..?

ബിജിയോടു മിണ്ടാതിരിക്കാൻ ആംഗ്യം കാണിക്കുന്ന ജെയ്സൻ. തന്നെ ആരെങ്കിലും ശ്രദ്ധിക്കുന്നുണ്ടോ എന്ന് നോക്കിയിട്ട് ചെരുപ്പിട്ടുകൊണ്ട് വീടിനകത്തേക്ക് കയറുന്ന ജെയ്സൻ. പരിഭ്രമത്തോടെ ചുറ്റും നോക്കിയശേഷം ബിജിയും അകത്തേക്ക് കയറുന്നു. അവൻ മെല്ലെ വാതിൽ തുറന്നപോലെ തന്നെ അടക്കുന്നു. എന്നിട്ട് വേഗം അകത്തേക്ക് കയറി ബിജിയോടു പാച്ചന്റെ മുറി പരിശോധിക്കാൻ ആഗ്യം കാണിച്ച ശേഷം ഷിബുവിന്റെ മുറി പരിശോധിക്കുന്ന ജെയ്സൻ.

CUT TO

വരമ്പിലൂടെ തന്റെ വീട്ടിലേക്ക് നടന്നുവരുന്ന ഷിബു. അവൻ അല്പം ഞൊണ്ടിയാണ് നടക്കുന്നത്.

ബസ്സിൽ വെച്ച് ജെയ്സനു മായി ഉണ്ടായ ഫൈറ്റിൽ ഉണ്ടായ പരുക്ക് അവന്റെ കാലിൽ കാണാം .

ഷിബു കട്ടിലിന്റെ തലയിണയുടെ കീഴിൽ വച്ചിരിക്കുന്ന GEOMETRY BOX കാണുന്ന ജെയ്സൻ.

CUT TO

അതേസമയം പാച്ചന്റെ മുറിയിൽ പരിശോധിക്കുന്ന ബിജി. ആ മുറിയിൽനിന്നു പാച്ചൻ ധരിക്കുന്ന വിവിധ നിറത്തിലുള്ള മൂന്നുനാല് വള്ളിനിക്കർ

അവനു കിട്ടുന്നു. അവയെല്ലാം
കീറിയിരിക്കുന്നവയാണ്.

CUT TO

പെട്ടെന്ന് തന്റെ അസാധാരണ കഴിവുകൊണ്ട്
പുറത്തു നിന്ന് ആരുടെയോ കാൽവയ്പ്പിന്റെ ശബ്ദം
കേൾക്കുന്ന ജെയ്സൻ. ഒരു നിമിഷം
നിശബ്ദനാകുന്നു. പെട്ടെന്ന് നിരത്തിയിട്ടിരുന്ന
സാധനങ്ങൾ വേഗം തിരികെ യഥാസ്ഥാനങ്ങളിൽ
വയ്ക്കുന്ന ജെയ്സൻ.

CUT TO

ജെയ്സന്റെ മുഖത്തെ പരിഭ്രമം. പെട്ടെന്ന് വാതിൽ
തുറന്നു അകത്തേക്ക് കയറുന്ന ഷിബു. ജെയ്സന്റെ
വർദ്ധിക്കുന്ന ശ്വാസഗതി. ഷിബു വീടിന്റെ പടിക്കൽ
കിടക്കുന്ന ഒരു തുണിയിൽ തന്റെ കാലിലെ ചെളി
ചവിട്ടി തുടക്കുകയാണ്. സാധാരണഗതിയിൽ തന്റെ
മുറിയിലേക്ക് നടന്നു കയറുന്ന ഷിബു. തന്റെ
മുറിയിലെ അലമാര തുറന്നു കിടക്കുന്നത്
കാണുന്നു. ഷിബുവിന്റെ മുഖത്ത് അമ്പരപ്പ്.
ഷിബുവിന്റെ കട്ടിലിന്റെ താഴെ കിടക്കുന്ന
ജെയ്സൻ. ജെയ്സന് ഇപ്പോൾ ഷിബുവിന്റെ
കാലുകൾ കാണാം.
ഷിബു വന്നു കയറിയത് അറിയാതെ പാച്ചന്റെ
മുറിയിൽ പരിശോധന നടത്തുന്ന ബിജി പ്രധാന
മുറിയിലേക്ക് വരുന്നു. അവിടെ പടിക്ക് സമീപം
നിലത്തു കിടക്കുന്ന തുണി ശ്രദ്ധിക്കുന്നു. ആ
തുണിയിലാണ് ഷിബു തന്റെ കാലിലെ ചളി
ചവിട്ടി തുടച്ചത്. ബിജി ആ തുണി എടുത്തു
ഉയർത്തി നോക്കുന്നു.
ആ തുണി തന്നെയാണ് ഷിബു ബസിലെ
സംഘട്ടനത്തിന്റെ സമയത്ത് ഉപയോഗിച്ചത് എന്ന്
മനസ്സിലാവുന്നു. ആ തുണിയിൽ വലിയ ഒരു
കീറലും ഉണ്ട്.
ഓവർലാപ്പ് ചെയ്തു

**OBV ഷിബു :-** അപ്പാ.....

ഒന്ന് ഭയക്കുന്ന ബിജി. അവൾ തന്റെ കയ്യിൽ
ഇരിക്കുന്ന തുണി ഒന്ന് മുറുകെ പിടിക്കുന്നു.
തന്റെ മുറിയിൽ നിന്ന് പാഞ്ഞു ഇറങ്ങി വരുന്ന
ഷിബു. അവന്റെ കാഴ്ചയിൽ മുറിയിൽ ആരുമില്ല.

കലിപ്പിച്ചു **ഷിബു :-** അപ്പ.. എന്റെ മുറീ നിങ്ങൾ ആരോടു ചോയിച്ചിട്ടാ കേറിയേ..?

പാച്ചന്റെ മറുപടിയൊന്നുമില്ല.

പല്ലിറുമ്മി **ഷിബു :-** അപ്പാ..

പെട്ടെന്ന് ഷിബുവിന്റെ നോട്ടത്തിൽ ആ മുറിയിൽ
നിലത്ത് രണ്ടു കാൽപ്പാടുകൾ.. അവൻ വീടിന്റെ
ഉള്ളിലേക്ക് ഒന്ന് നോക്കുന്നു.

വീടിനുള്ളിൽ എല്ലാവർക്കും കേൾക്കാവുന്ന രീതിയിൽ ഉച്ചത്തിൽ

**ഷിബു :-** ആരാടാ എന്റെ വീട്ടി കേറീത്..?

ഒരിടത്ത് നിന്നും മറുപടിയില്ല. പല്ലുകൾ ഇറുമ്മുന്ന ഷിബു. ഇപ്പോഴാണ് ആ കതക് പാളിക്ക് പിന്നിൽ ഒളിച്ചു നിൽക്കുന്ന ബിജിയെ നമ്മൾ കാണുന്നത്. ബിജി ശ്വാസമടക്കിപ്പിടിച്ചാണ് അവിടെ നിൽക്കുന്നത്. പെട്ടെന്ന് വാതിൽ ഷിബുവിന്റെ അസാധാരണശക്തിയിൽ അടയുന്നു. കതക് പാളിയുടെ മറവിൽ നിന്നിരുന്ന ബിജിയെ ഷിബു കാണുന്നില്ല. അവളുടെ കയ്യും കാലും വിറയ്ക്കുന്നു. ബിജിയുടെ കാഴ്ച്ചയിൽ ഷിബുവിന്റെ മുറിയിലെ കട്ടിലിനടിയിൽ നിന്നും തന്നെ നോക്കി കിടക്കുന്ന ജെയ്സൻ. വിറയലോടെ നിൽക്കുന്ന ബിജിയോടു അനങ്ങാതെ മിണ്ടാതെ നിൽക്കാൻ ജെയ്സൻ ആംഗ്യം കാണിക്കുന്നു. അവളുടെ നെറ്റിയിലെ വിയർപ്പുതുള്ളികൾ. ഷിബു തന്റെ അസാധാരണ ശക്തി ഉപയോഗിച്ച് അകത്തെ മുറിയിൽ നിന്ന് ഒരു കമ്പി തന്റെ കയ്യിലേക്ക് വരുത്തുന്നു. ജെയ്സന്റെ റിയാക്ഷൻ. പശ്ചാത്തലസംഗീതത്തിനു മൂർച്ചയേറുന്നു. ഷിബു തന്റെ മുറിയിലേക്ക് കമ്പി വലിച്ചുകൊണ്ട് നടന്നു നീങ്ങുന്നു. അത് കാണുന്ന ജെയ്സന്റെ മുഖത്ത് വിയർപ്പ് പൊടിയുന്നു. ഷിബു തന്റെ മുറിയുടെ പടിക്കൽ എത്തുമ്പോൾ അയാളുടെ കാലുകൾ കട്ടിളയിൽ തട്ടി കാലിലെ മുറിവ് വീണ്ടും താങ്ങുന്നു. അയാൾ വേദനയിൽ പുളഞ്ഞു കട്ടിലിൽ പിടിച്ചു നിലത്തേക്ക് ഇരിക്കുന്നു. അതേസമയം ബിജി ശബ്ദം ഉണ്ടാക്കാതെ പാച്ചന്റെ മുറിയിലേക്ക് മെല്ലെ നടക്കുന്നു. ജെയ്സന്റെ POVയിൽ തന്റെ തൊട്ടുമുൻപിൽ ഇരിക്കുന്ന ഷിബു. ഷിബു ഒന്ന് തിരിഞ്ഞു നോക്കിയാൽ കട്ടിലിനടിയിൽ കിടക്കുന്ന ജെയ്സനെ കാണാം. ജെയ്സൻ ഭീതിയിൽ തന്റെ കണ്ണുകൾ അടക്കുന്നു. ഷിബു മെല്ലെ വേദനയിൽ തന്നെ തന്റെ നോട്ടം കട്ടിലിനടിയിലേക്ക് പായിക്കാൻ തുടങ്ങുമ്പോൾ ഓവർലാപ് ചെയ്ത് 'ഷിബു അങ്കിൾ' എന്ന് ആരോ വിളിക്കുന്ന ശബ്ദം കേൾക്കാം. തിരിഞ്ഞു നോക്കുന്ന ഷിബു. അവൻ പോയി വാതിൽ തുറക്കുമ്പോൾ അവന്റെ കാഴ്ച്ചയിൽ വാതിൽക്കൽ നിൽക്കുന്ന ജോസ്മോൻ. മുഖത്ത് കൃത്രിമമായ ചിരി വരുത്തി

**ജോസ്മോൻ :-** പടക്കവുണ്ടോ ഷിബുവങ്കിൾ..?

ജോസ്മോനെ ഒന്ന് അടുമുടി നോക്കി

**ഷിബു :-** ഇല്ല..

**ജോസ്മോൻ :-** ഒന്ന് തപ്പിനോക്കൂ അങ്കിൾ.. ഇവിടെ കാണാതിരിക്കില്ല...

അതേസമയം ഷിബുവിന്റെ കട്ടിലിന്റെ അടിയിൽ നിന്നും എഴുന്നേൽക്കുന്ന ജെയ്സൻ. പാച്ചന്റെ മുറിയുടെ ഉള്ളിൽ നിൽക്കുന്ന മറഞ്ഞിരിക്കുന്ന ബിജി ടെൻഷനിൽ ജെയ്സന്റെ അടുത്ത് 'എങ്ങനെ രക്ഷപെടും' എന്ന് ആംഗ്യത്തിൽ ചോദിക്കുന്നു.

ജോസ്മോനോട്

**ഷിബു :-** നിന്നോട് പറഞ്ഞാ മനസിലാവില്ലേ..? ഇവിടെയില്ലാ..

ജെയ്സൻ മെല്ലെ പതുങ്ങി പ്രധാന മുറിയിലേക്ക് നടന്നു വരുന്ന ബിജിയും ജെയ്സനം. അത് ജോസ്മോന് കാണാം.
അവരെ ഉദ്ദേശിച്ച്

**ജോസ്മോൻ :-** വേഗം..

അത് കേൾക്കുമ്പോൾ

**ഷിബു :-** എന്ത് വേഗം..?

**ജോസ്മോൻ :-** വേഗം ഓടി വന്നിട്ടാന്നു തോന്നുന്നു.. മടുത്തുപോയി അങ്കിളേ..

**ഷിബു :-** ഉം.. നീ പോ..

ജെയ്സനും ബിജിയും ഇപ്പോൾ രക്ഷപെടാൻ വഴികൾ നോക്കുകയാണ്. അകത്തെ മുറികൾ എല്ലാം പൂട്ടിയിട്ടിരിക്കുന്നത് അവർക്ക് കാണാം. പെട്ടെന്ന് ബിജി മുകളിലെ ഓടിലേക്ക് നോക്കുന്നു. അവൾ അത് ജെയ്സനെ കാണിക്കുന്നു.

**ജോസ്മോൻ :-** അങ്കിളിന്റെ കാലിനു എന്ത് പറ്റി.. ചോര വരുന്നുണ്ടല്ലോ?

ഷിബു തന്റെ കാലിലേക്ക് നോക്കുമ്പോൾ കാലിലെ മുറിവിൽ നിന്ന് ചോര ഒഴുകുന്നു.

**ജോസ്മോൻ :-** ആശുപത്രീ കൊണ്ടോയി കാണിക്ക് അങ്കിളേ..അല്ലെ പഴുക്കും..

അവൻ ഒളികണ്ണിൽ അകത്തേക്ക് നോക്കുന്നു.ബിജിയേയും ജെയ്സനേയും നോക്കി

**ജോസ്മോൻ:** ഞാൻ വന്നില്ലായിരുന്നേൽ കാണായിരുന്നു

**ഷിബു :** എന്താ ?

**ജോസ്മോൻ** : അല്ല അങ്കിൾന്റെ കാലേ..

ഷിബു ഇപ്പോഴും തന്റെ കാലിലേക്ക് നോക്കി നിൽക്കുകയാണ്. എന്തോ കണ്ടിട്ടെന്നോണം

**ജോസ്മോൻ :-** അല്ലെങ്കിൽ എനിക്ക് പടക്കം വേണ്ട അങ്കിൾ.. ക്രിസ്മസ് ഒക്കെകഴിഞ്ഞില്ലേ.. അടുത്ത ക്രിസ്മസിനു വരാം..

ഇത് പറഞ്ഞുകൊണ്ട് ജോസ്മോൻ അവിടെ നിന്ന് വേഗം നടക്കുന്നു. ഷിബുവിന്റെ റിയാക്ഷൻ. ഒരു പശ്ചാത്തലസംഗീതംകേട്ടുതുടങ്ങുന്നു.പ്രധാനമുറിയിൽ നിൽക്കുന്ന ഷിബു. അവന്റെ കാലിൽ നിന്ന് രക്തം ഇപ്പോൾ വാർന്നു ഒഴുകുന്നു.ഇപ്പോൾ ഒരു ലോ ആംഗിൾ ഷോട്ടിൽ ഷിബു അറിയാതെ പ്രധാനമുറിയുടെ മുകളിലെ ഓട് തിരികെ യഥാസ്ഥാനത്ത് വക്കുന്ന ജെയ്സന്റെ കൈകൾ കാണാം. ജെയ്സനും ബിജിയും ഇപ്പോൾ വീടിനു മുകളിലാണ്. ജെയ്സൻ ഓട് യഥാസ്ഥാനത്തു വച്ച് കഴിയുമ്പോളാണ് ഷിബു മുകളിലേക്ക് നോക്കുന്നത്. ഷിബു അപ്പോൾ അവിടെ സംശയാസ്പദമായി ഒന്നുംകാണുന്നില്ല.

CUT TO-

**സീൻ - 87**

*ഹോസ്പിറ്റൽ - DAY - INT*

ഷിബു,ഡോക്ടർസാംബശിവൻ,
മെക്കാനിക്ക്,മെയിൽനേഴ്സ്
ആശുപത്രിരോഗികൾ,ജീവനക്കാർ
ബൈ സ്റ്റാൻഡേർസ്

ഹോസ്പിറ്റലിൽ തന്റെ ടൂൾ കിറ്റുമായി എത്തുന്ന മെക്കാനിക്ക്.
സ്കാനിംഗ് മെഷീൻ അഴിച്ച് പരിശോധിച്ചുകൊണ്ടിരിക്കുന്ന മെക്കാനിക്ക്.
സമീപം ഡോക്ടർ ഇരിപ്പുണ്ട്.

**ഡോക്ടർ :-** പള്ളിക്കുന്നീന്നു ഒരു മെക്കാനിക്ക് വന്നു നോക്കിയിരുന്നു.. പക്ഷെ ശരിയായില്ല..

മെഷീൻ ഒന്ന് പരിശോധിച്ചുകൊണ്ട്

**മെക്കാനിക്ക് :-** എന്താ ശരിക്കും പറ്റിയത്..?

**ഡോക്ടർ :-** എന്താ സംഭവിച്ചെന്നു കൃത്യം അറിയില്ല.. മിന്നലടിച്ചു വന്ന ഒരുത്തനെ പരിശോധിച്ചതാ.. പെട്ടെന്ന് ഒരു പൊട്ടിത്തെറിയും പുകയും..

**മെക്കാനിക്ക് :-** അയ്യോ എന്നിട്ട് അയാൾക്ക് വല്ലതും പറ്റിയോ..?

**ഡോകടർ :-** എവിടുന്നു.. അവനിപ്പോഴും പയറുപോലെ നടപ്പുണ്ട്..

ദൃശ്യം പതുക്കെ അവർക്ക് പിന്നിലേക്ക് സ്ലൈഡ് ആവുന്നു. അവിടെയൊരു ഡ്രസ്സിംഗ് ടേബിളിൽ ഷിബുവിന്റെ കാലിലെ മുറിവ് ഡ്രസ്സ് ചെയ്തുകൊണ്ടിരിക്കുന്ന ഒരു നേഴ്സ്. ഷിബു ഉദ്വേഗത്തോടെ ഡോക്ടറും മെക്കാനിക്കും തമ്മിൽ സംസാരിച്ച കാര്യങ്ങൾ കേട്ടിരിക്കുകയാണ്. അവന്റെ റിയാക്ഷൻ.

ഓവർ ലാപ്പിൽ

**( V.O) പ്രിൻസിപ്പൾ :-** ഞങ്ങൾ ഒന്ന് രണ്ടു തവണ മരിയയെ വാൺ ചെയ്തതാണ്..

CUT TO

**സീൻ - 88**

പോത്തൻ,അപ്പുമോൾ
പ്രിൻസിപ്പൾ മാത്തൻ ,

***കുറുക്കന്മൂല സ്കൂൾ / ഹെഡ്മാസ്റ്ററുടെ ഓഫീസ് DAY- INT***

കുറുക്കന്മൂല സ്കൂളിലെ പ്രിൻസിപ്പളിന്റെ ഓഫീസിൽ ഇരിക്കുന്ന പോത്തൻ. ഭയത്തിൽ പ്രിൻസിപ്പളിന്റെ മുൻപ്പിൽ നിൽക്കുന്ന പോത്തന്റെ മകൾ അപ്പുമോൾ.
പോത്തനോടു

**പ്രിൻസിപ്പൾ മാത്തൻ :-** എന്നിട്ടും വീണ്ടും ക്ലാസിൽ ബാഡ് വേഡ്സ് ഉപയോഗിച്ചതുകൊണ്ടാണ് സാറിനെ വിളിപ്പിച്ചത്..

പോത്തൻ കലിപ്പിച്ചു അപ്പുമോളെ നോക്കുന്നു.

**പ്രിൻസിപ്പൾ മാത്തൻ :-** സാർ ഒന്നും പറഞ്ഞില്ല..

അതിനു എന്തോ മറുപടി പറയാൻ തുടങ്ങുന്ന പോത്തൻ. പെട്ടെന്ന് പോത്തന്റെ കണ്ണുകൾ ഭിത്തിയിലെ ഡിസ്പ്ലേ ബോർഡിൽ ഒടക്കുന്നു. അതിൽ പിൻ ചെയ്തു വച്ചിരിക്കുന്ന സ്കൂൾ ആനുവൽ ഡേയുടെ ചിത്രങ്ങൾ. പോത്തൻ വേഗം എന്തോ ശ്രദ്ധിച്ച രീതിയിൽ ഡിസ്പ്ലേ ബോർഡിനു സമീപം എത്തുന്നു.
അതിൽ സ്റ്റേജിൽ സ്വീകരിച്ചിരുത്തുന്ന എം.എൽ.എയുടെയും സുധീഷിന്റെയും എല്ലാം ചിത്രങ്ങൾ ഉണ്ട്. അതിൽ ഒരു ചിത്രത്തിൽ സുധീഷിനു പിന്നിൽ നിൽക്കുന്ന ക്യാമറാമാനെ ഒന്ന് ശ്രദ്ധിച്ചു നോക്കുന്ന പോത്തൻ.

പ്രിൻസിപ്പളിനെ ആ ക്യാമറാമാന്റെ ഫോട്ടോ തൊട്ടുകാണിച്ചു.

**പോത്തൻ :-** ഇയ്യാൾ എടുത്ത ഫോട്ടോസ് ഉണ്ടോ..?

തന്റെ കണ്ണട ഒന്ന് നേരെ വച്ച് പോത്തന് സമീപം എത്തി ആ ഫോട്ടോയിൽ സൂക്ഷിച്ചു നോക്കി

**പ്രിൻസിപ്പൾമാത്തൻ :-** ഇല്ല.. കാശ് കൂടുതൽ ചോദിച്ച കാരണം ഇയാളുടെ കയ്യീന്ന് ഇതുവരെ ഫോട്ടോസ് വാങ്ങിച്ചില്ല..

ആകാംക്ഷ നിറഞ്ഞ പോത്തന്റെ കണ്ണുകൾ.

**പോത്തൻ :-** ഇയാൾ എവിടുത്തുകാരനാ..?

പോത്തന്റെ മുഖത്തെ ആകാംക്ഷ.
ചടുലമാകുന്ന പശ്ചാത്തല സംഗീതം.

CUT TO

**സീൻ - 89**

ഷിബു,
നേഴ്സുമാർ(ആണുങ്ങൾ,പെണ്ണുങ്ങൾ)
രോഗികൾ,റിസപ്ഷനിസ്റ്റ്
ഹോസ്പിറ്റൽ ജീവനക്കാർ

***ഹോസ്പിറ്റൽ റിസപ്ഷൻ***
***DAY - INT / EXT***

കോറിഡോറിലൂടെ നടന്നു വരുന്ന ഷിബു. അയാളുടെ കാഴ്ച്ചയിൽ റിസപ്ഷനിൽ ഇരിക്കുന്ന ഹോസ്പിറ്റൽ രജിസ്റ്റർ. അതിനു സമീപം ഒരു നേഴ്സും മൂന്നുനാല് ജോലിക്കാരും മറ്റു കുറച്ചു ആളുകളും സംസാരിച്ചു നിൽക്കുന്നു.
ഷിബുവിന്റെ കാഴ്ച്ചയിൽ കോറിഡോറിൽ ഇരിക്കുന്ന ഒരു ഷെൽഫ്. അയാൾ തന്റെ കൈകൾ രണ്ടും മുറുകെ ചുരുട്ടുന്നു. അയാൾ തന്റെ അസാമാന്യ ശക്തി ഉപയോഗിച്ച് ആ ഷെൽഫ് മറിച്ചിടുന്നു. ശബ്ദം കേട്ട് റിസപ്ഷനിൽ നിന്നവർ അവിടേക്ക് ഓടുന്നു. അതേസമയം റിസപ്ഷനിൽ ഇരിക്കുന്ന പേഷ്യൻസ് രജിസ്റ്റർ പരിശോധിക്കുന്ന ഷിബു. ഡേറ്റ് വച്ച് ആണ് ഷിബു രെജിസ്റ്ററിൽ നോക്കുന്നത്.
ഷിബുവിന്റെ POV-യിൽ രജിസ്റ്ററിൽ എഴുതിയിരിക്കുന്ന ജെയ്സന്റെ പേര്. ഷിബുവിന്റെ മുഖത്ത് അമ്പരപ്പ്. ഒരു പശ്ചാത്തലസംഗീതം കേട്ടുതുടങ്ങുന്നു.

ഓവർ ലാപ്പ്: പശ്ചാത്തലത്തിൽ ഉയരുന്ന FOLK സംഗീതം.

CUT TO

**സീൻ 89 A**

**സ്റ്റുഡിയോ/INT/EVENING**

സ്റ്റുഡിയോയുടെ ഉള്ളിലെ ഇരുട്ടുമുറിയിൽ നിന്ന് ഫോട്ടോ വാഷ് ചെയ്തു കുടയുന്ന ആനിവേഴ്സറി ഫോട്ടോയിൽ കണ്ട ഫോട്ടോഗ്രാഫർ.
അയാൾ അതുമായി സ്റ്റുഡിയോയിൽ ഇരിക്കുന്ന പോത്തന്റെ സമീപത്തെക്ക് എത്തുന്നു.
പോത്തന്റെ അടുത്ത് എത്തി ഫോട്ടോ രണ്ടു തവണകൂടി കുടയുന്ന ഫോട്ടോഗ്രാഫർ.
അയാളെ കാണുമ്പോൾ ആകാംക്ഷയിൽ എഴുന്നേൽക്കുന്ന പോത്തൻ.

**പോത്തൻ** :- കിട്ടിയോ?

**ഫോട്ടോഗ്രാഫർ** :- കിട്ടി..സാർ...മുഖം ക്ലിയർ ആണോന്ന് ഒരു സംശയം..

പോത്തൻ ആ ഫോട്ടോ വാങ്ങി നോക്കുന്നു.
ഫോട്ടോയിൽ നോക്കുമ്പോൾ അതിൽ കുറുക്കൻമൂല ആനിവേഴ്സറി അടിക്കിടയിൽ പോലീസ്ക്കാരെ മർദിക്കുന്നതിനടയിൽ മുഖംമൂടി മാറുമ്പോൾ മിന്നൽ മുരളിയായി നിൽക്കുന്ന ജെയ്സന്റെ മുഖം.
പോത്തന്റെ മുഖത്തെ നിഗൂഢമായ ചിരി.

**പോത്തൻ :-** എനിക്കിത് മതി..

**CUT TO**

**സീൻ- 89B**

പോത്തൻ,സാജൻ,കുഞ്ഞൻ
ഷിനോജ്,ആന്റോ,സെൽവൻ
സന്തോഷ്,കപ്പ്യാർ,പള്ളിവികാരി ബാൻഡ്മേളം
ശിങ്കാരി മേളം
നാട്ടുകാർ

**പള്ളിപ്പെരുന്നാൾ-ഗ്രൗണ്ട് EVENING - INT/EXT**

കുറുക്കന്മൂല പള്ളിയിലെ പെരുന്നാളിന്റെ വിവിധ കട്ടുകൾ. പള്ളി ഇരിക്കുന്നത് തുരുത്ത് പോലുള്ള ഒരു സ്ഥലത്താണ്. ആ തുരുത്ത് മുഴുവൻ വെള്ളത്താൽ ചുറ്റപ്പെട്ടു കിടക്കുകയാണ്. ബാൻഡ് മേളവും ശിങ്കാരി മേളവും പ്രദക്ഷിണവും ഒക്കെ പള്ളിയിലേക്കുള്ള പാലം വഴി കടന്നുപോകുന്നു. പള്ളിയുടെ അടിത്തട്ടിൽ ഉള്ള സെമിത്തേരിയിൽ ആളുകൾ മെഴുകുതിരി കത്തിച്ചു പ്രാർഥിക്കുന്നു. പാലത്തിനു മുൻപ്പിൽ ഒരു പ്രദക്ഷിണം നടക്കുന്നു. അവിടെ സമീപം നിൽക്കുന്ന പോലീസുകാർ. ജീപ്പിനു സമീപം നിൽക്കുന്ന സാജൻ.
സമീപം നിൽക്കുന്ന ഷിനോജിനോട്

**സാജൻ:-** ഡേയ്... താൻ ആ പോത്തനെ കണ്ടോ?

**ഷിനോജ്:-** ഇല്ല സാറേ...

പോലീസ് ജീപ്പിനുള്ളിൽ കൈവിലങ്ങുകളോടെ ആന്റോയും ഉണ്ട്.
ഒരാളുടെ POV ദൃശ്യം അയാൾ മെല്ലെ ചെന്ന് സാജന്റെ പിന്നിൽ നിന്ന് കൈകൊണ്ടു തോണ്ടുന്നു. സാജൻ തിരിഞ്ഞു നോക്കുന്നു. സാജന്റെ മുഖത്തു അമ്പരപ്പ്.

**സാജൻ :-** ഡേയ്...താനിതെവിടാരുന്നടെ

CUT TO

**സീൻ - 90**

ഷിബു,വർക്കി,ബിജി,ആദിവാസികളുടെ
പ്രദക്ഷണം
കവലയിൽ ഉള്ളവർ

***കവല / ജെയ്സൻ സ്ടിച്ചിംഗ് സെന്റെർ - EVENING/ EXT***

ആദിവാസികളുടെ ക്ഷേത്രത്തിൽ നിന്നുമുള്ള പ്രദക്ഷിണം കവലയിലൂടെ കടന്നുപോവുന്നു. അതിനിടയിലൂടെ തയ്യൽക്കടയിലേക്ക് എത്തുന്ന ഷിബു. അവിടെ വർക്കി ഇരിപ്പുണ്ട്. കവലയിൽ ഇരിക്കുന്ന ആളുകളിൽ പലരും ഷിബുവിനെ ഒളിഞ്ഞും തെളിഞ്ഞും നോക്കുന്നുണ്ട്.

വർക്കിയോടു **ഷിബു :-** ജെയ്സൻ എന്തിയേ..?

ഷിബുവിനെ നോക്കാതെ **വർക്കി :-** അവൻ ചായക്കടേ കാണും....

ഷിബു തിരിഞ്ഞു ചായക്കടയിലേക്ക് നോക്കുന്നു. ഷിബുവിനെ തന്റെ സ്ഥാപനത്തിൽനിന്ന് നോക്കിനിൽക്കുന്ന ബിജി.

CUT TO

**സീൻ - 91**

ജെയ്സൻ, ഷിബു, കണ്ണപ്പൻ
ചായക്കടയിലെ ആളുകൾ,
ചായക്കട പുതിക്കിപണിയുന്ന പണിക്കാർ

***ചായക്കട -കവല. EVENING- INT/EXT***

ചായക്കടയുടെ ഉള്ളിലേക്ക് കയറിച്ചെല്ലുന്ന ഷിബു. ഷിബുവിനെ കാണുമ്പോൾ ചായക്കടയിലുള്ള ആളുകൾ ഒരുനിമിഷം സംസാരം അവസാനിപ്പിക്കുന്നു. ഷിബു ജെയ്സനെ തിരയുന്നു. ചായക്കടയുടെ മുകളിൽ ചെറിയ അറ്റകുറ്റപ്പണികൾ നടന്നുകൊണ്ടിരിക്കുകയാണ്. കുറച്ചു പണിക്കാർ അവിടെ ഉളിയും മറ്റു പണിസാധനങ്ങളും ഒക്കെയായി പണിയെടുക്കുന്നുണ്ട്. അവൻ ജെയ്സനെ കാണുമ്പോൾ ജെയ്സൻ ഇരുന്നതിന്റെ പിന്നിലെ ബെഞ്ചിൽ പോയി ഇരിക്കുന്നു. ജെയ്സനും ഷിബുവിനെ കാണുന്നുണ്ട്. ഇരുവരുടെയും കണ്ണുകൾ ഉടക്കുമ്പോൾ അവർ മുഖത്തു കൃത്രിമമായ ഒരു ചിരി വരുത്തുന്നുണ്ട്. അടുക്കളയിലേക്കു നോക്കി ഉച്ചത്തിൽ

**ഷിബു :-** ഒരു ചായ..

cut to

കവലയിലെ ഫോൺ ബൂത്തിലേക്ക് ഫോൺ വരുന്നു. ഫോൺ എടുക്കുന്ന സെൽവൻ. ഒരു ഞെട്ടലോടെ ബൂത്തിൽ നിന്നും പുറത്തേക്കു വരുന്ന സെൽവൻ. റേഷൻ കടയുടെ മുനിൽ ഇരിക്കുന്ന നാട്ടുകാരോടായി സെൽവൻ എന്തോ പറയുന്നു.അത് കേൾക്കുന്ന നാട്ടുകാരുടെ മുഖത്ത് അമ്പരപ്പ് .

Cut to

തന്റെ മുൻപ്പിൽ ഇരിക്കുന്ന കുപ്പിഗ്ലാസ് മെല്ലെ മേശയിൽ ഇട്ടു അങ്ങോട്ടും ഇങ്ങോട്ടും ഉരുട്ടുന്ന ഷിബു. ജെയ്സൻ അത് ശ്രദ്ധിക്കുന്നുണ്ട്. തന്റെ അടുത്തിരിക്കുന്ന ഒരാളോട് ജെയ്സന് കേൾക്കാൻ കഴിയുന്ന ശബ്ദത്തിൽ

**ഷിബു :-** മിന്നൽ മുരളിയെക്കുറിച്ചു പിന്നെ വേറെ വിവരങ്ങള് വല്ലതും കിട്ടിയോ?

അത് ചോദിച്ച ശേഷം ഷിബു ജെയ്സനെത്തന്നെ ശ്രദ്ധിക്കുകയാണ്. ജെയ്സൻ ഭാവഭേദം ഒന്നുമില്ലാതെ അവിടെത്തന്നെ ഇരിക്കുകയാണ്. ഷിബുവിന് മറുപടി എന്നപോലെ

**അയാൾ :-** ആരും ഒന്നും പറഞ്ഞുകേട്ടില്ല..

**ഷിബു :-** അവനെ ഇങ്ങനെ അഴിച്ചുവിട്ടാമതിയോ...നമുക്കുടനെ പിടിക്കണ്ടേ..?

**കണ്ണപ്പൻ :-** ഒറപ്പായിട്ടും പിടിക്കണം.....അവനെതായാലും മുന്നോട്ടു അധികം ഈ കളി കളിക്കില്ല....

അത് കേൾക്കുന്ന ഷിബുവിന്റെ മുഖത്തു പുഞ്ചിരി. അവൻ ജെയ്സനെത്തന്നെ നോക്കിയിരിക്കുകയാണ്.

ജെയ്സനെ അർഥം വച്ചുകൊണ്ട്

**ഷിബു:-** ആള് നമ്മടെ കൺമുമ്പിത്തന്നെ കാണുന്നെ... എപ്പളെലും നമ്മടെ പാങ്ങിനു കിട്ടും....

ജെയ്സന്റെ റിയാക്ഷൻ. ജെയ്സന്റെ റിയാക്ഷൻ. കടയിലേക്ക് വരുന്ന സെൽവൻ. സെൽവൻ കണ്ണപ്പന്റെ അടുത്ത് വന്നു ഇരുന്നിട്ട് അയാളുടെ ചെവിയിൽ എന്തോ പറയുന്നു. അടുക്കളയിൽ തിളയ്ക്കുന്ന എണ്ണയിൽ പലഹാരം ഉണ്ടാക്കുന്നതിന്റെ ദൃശ്യം. അതിന്റെ ശബ്ദം.

ജെയ്സൻ ഇരിക്കുന്ന ബെഞ്ചിന്റെ തൊട്ടുമുകളിൽ നിന്ന് ഉളികൊണ്ട് എന്തോ ചെത്തിമിനുക്കുന്ന പണിക്കാരൻ.

ഷിബു ഇപ്പോഴും ജെയ്സനിൽനിന്നു കണ്ണ് എടുത്തിട്ടില്ല. പെട്ടെന്ന് തിരിഞ്ഞു ഷിബുവിന്റെ മുഖത്തേക്ക് നോക്കുന്ന ജെയ്സൻ. ഷിബു പെട്ടെന്ന് തന്റെ കണ്ണുകൾ മറ്റൊരിടത്തേക്ക് പായിക്കുന്നു. തന്റെ മുഖത്തു ഒരു പുഞ്ചിരി വരുത്തി ഷിബുവിനോട്

**ജെയ്സൻ :-** ഷിബുവേട്ടൻ ചായക്കടെലേ ജോലി നിർത്തിയാരുന്നല്ലേ?

**ഷിബു :-** ആഹ്....അതെ അതെ...ഇപ്പൊ അപ്പന്റെ കൂടെ പടക്കത്തിന്റെ പരുപാടിയാ..

അത് പുതിയ അറിവാണെന്ന രീതിയിൽ

**ജെയ്സൻ :-** ഓ... ഓ...

പെട്ടെന്ന് ഷിബു തന്റെ കൈകൾ ജെയ്സന്റെ മേശയിൽ ഇരുന്ന ഗ്ലാസിനെ നേരെ നീട്ടുന്നു. ഷിബുവിന്റെ അസാധാരണശക്തികൊണ്ട് ഗ്ലാസ് മേശയിൽനിന്നു താഴേക്ക് വീഴുന്നു. ജെയ്സൻ അത് പിടിക്കാനായി തുനിയുന്നുണ്ടെങ്കിലും അവസാന നിമിഷം അവൻ തന്റെ കൈ പിൻവലിക്കുന്നു. ഗ്ലാസ് നിലത്തുവീണ് പൊട്ടി ചിതറുന്നു. തന്റെ മുഖത്തു കൃത്രിമമായ ഒരു പുഞ്ചിരി വരുത്തി ഷിബുവിനോട്

**ജെയ്സൻ :-** ശ്ശോ.. ഗ്ലാസ് പൊട്ടി..

ഷിബുവിന്റെ മുഖം വിളറുന്നു. അവൻ ജെയ്സനെ കാണിക്കാൻ എന്നോണം മുഖത്ത് ഒരു ചിരി വരുത്തുന്നു.

പെട്ടെന്ന് ജെയ്സൻ ഇരിക്കുന്നതിന്റെ തൊട്ട് മുകളിൽ നിന്നും ഉച്ചത്തിൽ

**ഒരു പണിക്കാരൻ :-** മാറിക്കോ..

പെട്ടെന്ന് മുകളിൽ നിന്ന് പണിക്കാരന്റെ കൈയിൽ നിന്ന് താഴെപ്പോയ ഉളി തന്റെ തലയ്ക്കു നേരെ വരുന്നതെന്നറിഞ്ഞു ഞൊടിയിടയിൽ ഒന്ന് നോക്കുകപോലും ചെയ്യാതെ കൈകൊണ്ട് പിടിച്ചെടുക്കുന്ന ജെയ്സൻ. അത് കാണുമ്പോൾ ചായക്കടയിൽ ഇരിക്കുന്ന എല്ലാവരും ഒന്നു അത്ഭുതത്തിൽ അവനെ നോക്കുന്നു. ഷിബുവിന്റെ നോട്ടം ഇപ്പോൾ ജെയ്സനിൽത്തന്നെയാണ്. ജെയ്സൻ ഒരു നിമിഷത്തെ പകപ്പിൽ ആരേയും നോക്കുന്നില്ല. തന്നെ ഷിബു നോക്കുന്നുണ്ട് എന്ന് ജെയ്സനും അറിയാം.

OVERLAP **ഒരാൾ :-** ഇപ്പൊ പടവായേനെ....നീ ഭാഗ്യം ഉള്ളോനാ...

ജെയ്സൻ മുഖത്തു ഒരു കൃത്രിമമായ ചിരി വരുത്തിയിട്ട് ഉളി മേശപ്പുറത്തേക്ക് വയ്ക്കുന്നു. ഷിബു ഇപ്പോഴും ജെയ്സനെ നോക്കിയിരിക്കുകയാണ്. ജെയ്സൻ തന്റെ ചായ കുടിച്ചു തീർന്നശേഷം മെല്ലെ ഷിബുവിനെ നോക്കി ഒന്ന് പുഞ്ചിരിച്ചു ചായക്കടയുടെ വെളിയിലേക്ക് ഇറങ്ങിപ്പോകുന്നു. ജെയ്സന് പിന്നാലെ ചായക്കടയിൽ നിന്ന് ഇറങ്ങിപ്പോകുന്ന ഷിബു. അടുക്കളയിലേക്കു നോക്കി

**ഷിബു:** ചായ വേണ്ടാ...

CUT TO

**സീൻ - 91A**

ജെയ്സൻ,
ഷിബു,ബിജി,സെൽവൻ,കണ്ണപ്പൻ,സാജൻ,ഷിനോജ്,
പോലീസുകാർ,നാട്ടുകാർ

*കവല- NIGHT / INT*

ചായക്കടയുടെ വെളിയിലേക്ക് ഇറങ്ങി നടക്കുന്ന ജെയ്സൻ. ജെയ്സന്റെ പിന്നാലെ മെല്ലെ നടക്കുന്ന ഷിബു. ഷിബു തന്റെ പിന്നിൽ ഉണ്ടെന്നു ജെയ്സന് മനസിലാവുന്നുണ്ട്. ജെയ്സൻ ഒരു നിമിഷം നിന്നിട്ട് തിരിഞ്ഞു പിന്നിലേക്ക് ഷിബുവിനെ നോക്കുന്നു. ഷിബു തന്റെ പോക്കറ്റിൽ നിന്ന് ഒരു ബീഡി എടുത്തു തീപ്പെട്ടിക്കൊണ്ട് കത്തിച്ചു നടന്നു ജെയ്സന്റെ ഒപ്പം എത്തുന്നു.

അവർ പരസ്പരം നോക്കുന്നു. മുൻപോട്ടു നടക്കാൻ ആംഗ്യം കാണിച്ചുകൊണ്ട്

**ഷിബു :-** നടക്ക്.....

അവർ ഒരുമിച്ചു മുൻപോട്ടു നടക്കുന്നു. ഇപ്പോൾ കവലയിൽ അങ്ങിങ്ങായി നിൽക്കുന്ന ആളുകൾ ഒരുമിച്ചു നടന്നുപോകുന്ന ജെയ്സനെയും ഷിബുവിനെയും നോക്കുന്നുണ്ട്. ബിജിയും ജെയ്സനെയും ഷിബുവിനെയും ആകാംക്ഷയിൽ നോക്കുന്നുണ്ട്. ജെയ്സനും അവളെ നോക്കുന്നു. ഷിബു താൻ പുകച്ചുകൊണ്ടിരുന്ന ബീഡി എടുത്തു ജെയ്സന് നേരെ നീട്ടുന്നു. ജെയ്സന്റെ നോട്ടം. അവൻ ആ ബീഡി വാങ്ങി വലിക്കുന്നു. പുക ഉള്ളിൽ എത്തുമ്പോൾ അവൻ വല്ലാതെ ചുമയ്ക്കുന്നു. അത് കാണുമ്പോൾ ബീഡി തിരിച്ചുവാങ്ങിക്കൊണ്ട്

**ഷിബു :-** പറ്റത്തില്ലെങ്കി വലിക്കണ്ടാ

ഷിബു ബീഡി തിരികെ വായിലേക്ക് തിരിച്ചു വച്ച് ചുണ്ടിൽ കടിച്ചുപിടിക്കുന്നു.

**ജെയ്സൻ :-** ഇനി കാര്യങ്ങളൊക്കെ കൊറച്ച് കടുക്കുവല്ലോ ഷിബുവേട്ടാ

ഷിബു ഒന്ന് മൂളുന്നു.

**ഷിബു :-** നമുക്ക് ഇതിവിടെ തീർത്തൂടെ ജെയ്സാ..? നടന്നതൊക്കെ നമുക്ക് മറന്നേക്കാം..

**ജെയ്സൻ :-** ദാസേട്ടനെ കൊന്നുകളഞ്ഞത് ഞാൻ മറക്കണോ ഷിബുവേട്ടാ....എല്ലാത്തിനും ഞാൻ കണക്കു വച്ചിട്ടുണ്ട്...നിങ്ങളെ ഞാൻ പച്ചയ്ക്ക് കൊളുത്തും ഷിബുവേട്ടാ....

ഷിബുവിന്റെ മുഖത്തു മൗനം

ഷിബു വലിച്ച് തീർന്ന ബീഡിക്കുറ്റി നിലത്തിട്ടു ചവിട്ടിക്കെടുത്തുന്നു.

**ഷിബു :-** ഒരു കള്ളനും പോലീസും കളിക്ക് എനിക്ക് ഇനി താല്പര്യവില്ല ജെയ്സാ....ദാസനും നീയും തമ്മിലുള്ള അടുപ്പം എനിക്കറിയില്ല... എന്റെ മുമ്പിലെ വഴികളെല്ലാം അടഞ്ഞപ്പളാ ഞാനവനെ കൊന്നത്....

ഒരു ദീർഘനിശ്വാസത്തിൽ

**ഷിബു :-** ഇപ്പൊ..എന്റെ മുമ്പി ഒരു വെളിച്ചം ഉണ്ട് ജെയ്സാ...ഇതിനുമുമ്പ് ഒരിക്കലും എനിക്കതുണ്ടായിട്ടില്ല... ഈ സമയത്ത് നീയത് കെടുത്തരുത്... ഞാൻ ഏറ്റോം സ്നേഹിക്കുന്ന ഒരാള് എന്റെ ജീവിതത്തിലേക്ക് വന്നോണ്ടിരിക്കുന്ന സമയാ ഇത്..അവള് എന്റെ ഒപ്പം എത്തുന്ന ദിവസം ഞാനീ നാട്ടീന്നു പൊക്കോളാം..എനിക്ക് കൊറച്ചു സമയം താ....

ജെയ്സൻ ഷിബുവിന്റെ കണ്ണുകളിലേക്കു നോക്കുന്നു. അയാൾ പറയുന്നതിലെ ആത്മാർത്ഥത അവനു മനസിലാവുന്നുണ്ട്. എങ്കിലും എങ്ങനെ പ്രതികരിക്കണം എന്നറിയാതെ അവൻ നിൽക്കുകയാണ്.

കവലയുടെ പലഭാഗത്തു നിന്നായി ആളുകൾ ആയുധങ്ങളും തീപ്പന്തങ്ങളും ഒക്കെയായി നടന്ന് വരുന്നു

ജെയ്സന്റെ നോട്ടത്തിൽ കവലയിലേക്കു പാഞ്ഞു വരുന്ന പോലീസ് ജീപ്പ്. അവന്റെ മുഖത്തു അമ്പരപ്പ്.

പോലീസ് ജീപ്പ് കാണുന്ന

**സെൽവൻ :-** പോലീസെത്തി.....എല്ലാരോടും റെഡിയായി നിന്നോളാൻ പറ.....മുടിഞ്ഞ ഊരാ അവന്....ചെലപ്പോ പോലീസു തന്നെ പിടിച്ചാ കിട്ടുവേലാ..

പെട്ടെന്ന് ദൃശ്യത്തെ overlap ചെയ്തു കേൾക്കുന്ന അപായമണിയുടെ ശബ്ദം. അല്പം ഞെട്ടലോടെ പിന്നിൽ അപായമണി കേട്ടിടത്തേക്ക് തിരിഞ്ഞു നോക്കുന്ന ജെയ്സനും ഷിബുവും.

അത് കാണുന്ന ഷിബുവിന്റെ കൈകൾ ഭയത്തിൽ വിറയ്ക്കുന്നു. ഷിബുവിന്റെ കൈകൾ വിറയ്ക്കുന്നതിനൊപ്പം കവലയിലെ പല കടകളിലെയും സാധനസാമഗ്രികളും വിറയ്ക്കുന്നു. അത് ശ്രദ്ധിക്കുന്ന ജെയ്സൻ.

പോലീസ് ജീപ്പ് കവലയുടെ നടുക്ക് വന്നു നിൽക്കുന്നു. അതിൽനിന്നു ചാടിയിറങ്ങുന്ന

സാജനും ഷിനോജും കുറച്ചു
പോലീസുകാരും.

ജെയ്സനും ഷിബുവും നിൽക്കുന്നിടത്തേക്ക്
നോക്കി

**സാജൻ :-** നീ ലോകാവസാനം വരെ മിന്നൽ മുരളിയായിട്ടു വെലസാന്നു വിചാരിച്ചോടാ.....നായിന്റെ മോനെ....

തങ്ങളിൽ ആരോടാണ് അത് പറയുന്നത്
എന്ന് മനസിലാവാതെ നിൽക്കുന്ന
ജെയ്സനും ഷിബുവും.

ജീപ്പിനു പിന്നിൽനിന്നു ഇറങ്ങുന്ന പൈലി.
അയാളെ കാണുന്ന ഷിബു

പൈലിയെ കാണുമ്പോൾ പല്ലുകൾ
ഇറുമ്മുന്ന ഷിബു. പൈലിയുടെ റിയാക്ഷൻ.
ജെയ്സനോട് ശബ്ദം താഴ്ത്തി

**ഷിബു :-** നീ വിട്ടോ.....ഇതെനിക്കുള്ള പണിയാ......

ജെയ്സന്റെ റിയാക്ഷൻ.
ഒരു പശ്ചാത്തലസംഗീതം കേട്ടുതുടങ്ങുന്നു.
ഷിബുവിന് നേരെ കൈചൂണ്ടി

**സാജൻ :-** പിടിയെടാ അവനെ

ഷിബുവിനെ പിടിക്കാനായി പാഞ്ഞുവരുന്ന
പോലീസുകാർ. അവരെ തന്റെ
അസാധാരണശക്തിയിൽ വലിച്ചെറിയുന്ന
ഷിബു.
അതുകണ്ട് എന്ത് ചെയ്യും എന്നറിയാതെ
അന്തം വിട്ടുനിൽക്കുന്ന നാട്ടുകാർ.
നാട്ടുകാരോടായി

**സാജൻ :-** നോക്കിനിക്കാതെ എങ്ങനേലും ഇവനെയൊന്നു പിടിച്ചുകെട്ടെടാ.....രക്ഷപെട്ടുപോയാ ഇവനെയിനി കിട്ടില്ല....

അല്പം ഭയത്തോടെയെങ്കിലും
നാട്ടുകാരെല്ലാവരും ഷിബുവിനെ
പിടിക്കാനെന്നോണം ആയുധങ്ങളുമായി
പാഞ്ഞടുക്കുന്നു.
അവരുടെ നേരെ സമീപം കണ്ട ഓട്ടോറിക്ഷ
തന്റെ അസാധാരണ ശക്തിയാൽ
വലിച്ചെറിയുന്ന ഷിബു. അത് ക്യാമറയുടെ
നേരെ പാഞ്ഞെത്തുമ്പോൾ

CUT TO-

**സീൻ 95 H**

*റോഡ് -ഇടവഴി -NIGHT / EXT*

പല വഴികളിലൂടെ ഷിബുവിനെ ഓടിക്കുന്ന നാട്ടുക്കാർ

ഇടവഴിയിലൂടെ വടി കുത്തി ഊന്നി നടക്കുന്ന ഒരു വയസൻ. അങ്ങകലെ നിന്ന് ഷിബുവിനെ ഓടിക്കുന്ന നാട്ടുകാരുടെ ബഹളം അയാൾക്ക് കേൾക്കാം. അയാൾ അത് ശ്രദ്ധിക്കുന്നു.
ദൃശ്യത്തിൽ ആ വയസന്റെ പിന്നിലൂടെ ഓടുന്ന ഷിബുവിനെ നമുക്ക് കാണാം.
ഷിബു ഓടിയതിന്റെ സൌണ്ട് കേൾക്കുമ്പോൾ ഭീതിയിൽ തിരിഞ്ഞു നോക്കുന്ന വയസൻ.

അയാൾ വീണ്ടും നടക്കാൻ തുടങ്ങുമ്പോൾ അയാളുടെ പിന്നിലൂടെ ഓടിപ്പോകുന്ന നാട്ടുകാർ.
ശബ്ദം കേട്ട് തിരിഞ്ഞു നോക്കുമ്പോൾ അവിടെ ഇപ്പോൾ ആരുമില്ല.

അല്പം ഭയത്തിൽ

**വയസൻ :-** രാമ... രാമ....രാമ..രാമ..രാമ..രാമ...പാഹിമാ

**CUT TO-**

ഷിബു ,സെൽവൻ,കണ്ണപ്പൻ
മെമ്പർ,ഗോപൻ,നാട്ടുകാർ

**സീൻ 95 J**

***പുഴ NIGHT -EXT***

പുഴ കടക്കുന്ന ഷിബു , നാട്ടുക്കാർ അയാളെ പിന്തുടരുന്നു.

**സീൻ - 96**

ജെയ്സൻ,ഷിബു,ഉഷ
ബിജി,സെൽവൻ,കണ്ണപ്പൻ
മെമ്പർ,സന്തോഷ്,ഗോപൻ
രണ്ട് പോലീസുകാർ
നാട്ടുകാർ

***ഷിബുവിന്റെ വീട് - NIGHT - EXT&INT***

ഓടി വീടിന് മുന്നിൽ എത്തുന്ന ഷിബു . ഷിബു വേഗം തുറന്നു കിടക്കുന്ന മുൻ വാതിലിലൂടെ അകത്തേക്ക് കയറി കതകടക്കുന്നു.

അല്പം വിറയലോടെ **ഷിബു :-** അപ്പാ..

ആരും അകത്തുനിന്ന് വിളി കേൾക്കാതെ വരുമ്പോൾ

കലിപ്പിൽ **ഷിബു :-** അപ്പാ..

അവൻ അകത്തേക്ക് നോക്കി വീണ്ടും ആരെയോ വിളിക്കാൻ തുടങ്ങുന്നു. പെട്ടെന്ന് അവൻ ഒന്ന് അമ്പരന്നു നിൽക്കുന്നു. മുറിയുടെ മറ്റൊരു വശത്ത് ഷിബു സൂക്ഷിച്ചു വച്ചിരുന്ന GEOMETRY BOXൽ നിന്ന് ഷിബു ചെറുപ്പത്തിൽ വരച്ച പടം എടുത്തു നോക്കിക്കൊണ്ട് ഇരിക്കുന്ന ഉഷ. ഷിബു കൊടുത്ത സാരി ഉടുത്താണ് ഉഷ ഇരിക്കുന്നത്.ഒരു പശ്ചാത്തലസംഗീതത്തിനു തുടക്കമാവുന്നു. ഷിബുവിന്റെ കണ്ണുകൾ നിറയുന്നു. ഷിബു അവളുടെ അടുത്തേക്ക് വരുന്നു. അവളുടെ കയ്യിലുള്ള പടം ശ്രദ്ധിക്കുന്ന ഷിബു. 'ഉഷയെ കെട്ടിപ്പിടിച്ചു നിൽക്കുന്ന ഷിബു'വിന്റെ ചിത്രമാണ് അത് (ഉഷയുടെയും ഷിബുവിന്റെയും ചെറുപ്പം). ഉഷ ഷിബുവിനെ നോക്കുന്നു.

**ഷിബു :-** 28 വർഷം..

ഷിബു പറയുന്നത് നിറകണ്ണുകളോടെ കേൾക്കുന്ന ഉഷ.

**ഷിബു :-** 28 വർഷത്തെ എന്റെ കാത്തിരിപ്പാ അത്.. ഞാൻ ഒന്നും കളഞ്ഞിട്ടില്ല..

ഉഷ ഇത് കേട്ട് ഷിബുവിനെ വന്നു പുണരുന്നു.

നിറകണ്ണുകളോടെ **ഉഷ :-** എന്റെ .. എന്റെ ഒപ്പം ഉണ്ടാവുവോ എന്നും..?

ഉഷയുടെ നെറ്റിയിൽ ചുംബിച്ചുകൊണ്ട്

**ഷിബു :-** ഞാൻ ഉണ്ടാവും..

ഒരു ഗാനം കേട്ട് തുടങ്ങുന്നു.

പെട്ടെന്ന് എന്തോ ശ്രദ്ധയിൽ പെട്ടിട്ടെന്നോണം ഉഷ ജനലിനരികിലേക്ക് നീങ്ങുന്നു. അവളുടെ കാഴ്ച്ചയിൽ നാട്ടുകാരെല്ലാം പന്തം കൊളുത്തി വരികയാണ്. പശ്ചാത്തല സംഗീതം തുടരുന്നു. പുറത്തു ആളുകളുടെ ശബ്ദം കേൾക്കുമ്പോൾ ഭയപ്പെട്ടു നിൽക്കുന്ന ഉഷ.
ഷിബുവിന്റെ കണ്ണുകളിൽ നിസ്സഹായത.
പശ്ചാത്തലസംഗീതം അതിതീവ്രമാവുന്നു.
ഷിബുവിന്റെ കണ്ണുകൾ ഈറനാവുന്നു.
തനിക്കിനി കൂടുതൽ ഒന്നും ചെയ്യാൻ കഴിയില്ല എന്ന തിരിച്ചറിവോടെ അവനൊരുനിമിഷം ഉഷയേ ചേർത്ത് പിടിക്കുന്നു. നാട്ടുകാർ വീടിനടുത്തേക്ക് പാഞ്ഞടുക്കുന്നു.
അവർക്കൊപ്പം ജെയ്സനും ഉണ്ട്. ഷിബു വീടിനു വെളിയിലേക്ക് ഇറങ്ങി കതക് പിന്നിൽനിന്നു അടയ്ക്കുന്നു. അവന്റെ കാഴ്ച്ചയിൽ പുറത്ത് അക്രമാസക്തരാവുന്ന ആളുകൾ വീടിനു നേരെ തീപ്പന്തവും പാറക്കല്ലുകളും ഒക്കെ എറിയുന്നുണ്ട്.
ഷിബു തന്റെ അസാധാരണ ശക്തിയാൽ തന്നെയും തന്റെ വീടിനെയും ആക്രമിക്കാൻ വരുന്ന ആളുകളെ വലിച്ചെറിയുന്നു.
വീടിന്റെ പല ഭാഗത്തെ ചില്ലുകൾ തകരുന്നു. നാട്ടുകാരെ നേരിടുന്നതിനിടയിലും ഷിബു ജനലിലൂടെ ഉഷയെ ഒരു നോക്ക് കാണാൻ ശ്രമിക്കുന്നു. ആരോ എറിഞ്ഞ ഒരു തീപ്പന്തം അകത്തെ മുറിയുടെ ജനലിൽ തങ്ങിയിരിക്കുന്നു. ആ പന്തത്തിൽ നിന്ന് തീ ജനലിന്റെ കർട്ടനിൽ മെല്ലെ പിടിച്ചു തുടങ്ങുന്നു. അത് ജെയ്സനും ഷിബുവും കാണുന്നു. കർട്ടനിൽ കത്തിപ്പിടിച്ച തീ കരിമരുന്നിനു നേരെ നീങ്ങുന്നു. ജെയ്സനും ഷിബുവും ആ തീ തടയാനെന്നോണം വീടിന്റെ കതകിന്റെ നേരെ ഓടുന്നു.
അതേസമയം കരിമരുന്നിലേക്ക് തീ കത്തി പടരുന്നു.

CUT TO
BLAST

വീട് പൊട്ടിത്തെറിക്കുന്നു. സ്ഫോടനം ഉണ്ടായതിന്റെ സമ്മർദ്ദത്തിൽ സമീപത്തെ പുഴയിലെ വെള്ളത്തിലേക്ക് തെറിച്ചു വീഴുന്ന ജെയ്സൻ. അവൻ ബോധരഹിതനാവുന്നു.

BLACK OUT

**സീൻ - 97**

ജെയ്സൻ,പോത്തൻ,ആന്റോ
സാജൻ,ഷിനോജ്
മറ്റ് പോലീസുകാർ

***MONTAGE***
***പോലീസ്സ്റ്റേഷൻ. NIGHT - INT***

കണ്ണുകൾ തുറക്കുന്ന ജെയ്സൻ. അവന്റെ കൈകളിൽ ഇപ്പോൾ വിലങ്ങുണ്ട്. അവൻ ചുറ്റും നോക്കുന്നു. അവനിപ്പോൾ ലോക്കപ്പിൽ ആണ്.അവന്റെ ഒപ്പം സെല്ലിൽ ആന്റോയും ഉണ്ട്. ജെയ്സന്റെ കാഴ്ച്ചയിൽ പോലീസ് സ്റ്റേഷനിലെ മേശപ്പുറത്ത് പോത്തന് തെളിവായി കിട്ടിയ സ്കൂൾ ആനിവേഴ്സറിയുടെ ഫോട്ടോ ഇരിപ്പുണ്ട്. അഴികൾക്കിടയിലൂടെ നോക്കി പുച്ഛത്തിൽ

**പോത്തൻ :-** പോലീസുകാരെ തല്ലീട്ടു നീ എത്ര കാലം ഒളിച്ചു നടക്കാന്നു വിജാരിച്ചെടാ പന്നി..എന്റെ ദേഹത്ത് കൈവച്ച അന്നുതൊട്ടു നിന്നെ ഞാൻ നോട്ടവിട്ടതാ ജെയ്സാ...നിന്റെ പേരിൽ ഞാൻ കുറെ അനുഭവിച്ചു...ഇനി എല്ലാം കൂടി പലിശ കൂട്ടി ഞാൻ തിരിച്ചുതരാൻ പോവ്വാ....ഈ പോത്തൻ വെറും പോത്തനല്ലെന്നു നീ മനസിലാക്കിക്കോ....

അതേസമയം സാജൻ വയർലസ്സിലൂടെ

**സാജൻ :-** സർ.. ഉറപ്പാണ് സാർ.. ആ ദാസനെ കൊന്നതും ബാങ്ക് മോഷ്ടിച്ചതും ഷിബുവാ.. ഇല്ല സാർ.. ഇല്ല അവനെ ഇതുവരെ കിട്ടിയിട്ടില്ല.. തിരച്ചിൽ നടക്കുകയാണ്.. മറ്റവനെ സെല്ലിൽ ഇട്ടിട്ടുണ്ട് സാർ..

CUT TO

സെൽവൻ,കണ്ണപ്പൻ,മെമ്പർ
സന്തോഷ്,ഗോപൻ
മറ്റ് പോലീസുകാർ
നാട്ടുകാർ

**സീൻ - 97 A**

**ഷിബുവിന്റെ വീട്** ***NIGHT -EXT***

ഷിബുവിന്റെ വീടിനുചുറ്റും തിരയുന്ന നാട്ടുകാർ. നാട്ടുകാർക്കൊപ്പം പോലീസും ഉണ്ട്.

CUT TO

ഷിബു

**സീൻ 97 B**

***ഷിബുവിന്റെ വീട്. NIGHT - EXT***

കത്തിക്കരിഞ്ഞു കിടക്കുന്ന ഷിബുവിന്റെ വീട്. അവിടേക്ക് ഒരു കരിമ്പടം പുതച്ചുകൊണ്ട് വരുന്ന ഒരാൾ. അയാൾ ചിതറികിടക്കുന്ന വീടിന്റെ അകത്തേക്ക് കയറുന്നു. കരിമ്പടം മാറ്റുമ്പോൾ അത് ഷിബുവാണ്. ഷിബുവിന്റെ മുഖവും ശരീരഭാഗങ്ങളും മുഴുവൻ പൊള്ളിയ നിലയിൽ ആണ്. നിലത്ത് കത്തിക്കരിഞ്ഞു കിടക്കുന്ന ഉഷയുടെ സാരിക്കഷ്ണങ്ങൾ. പുഴക്കരയിൽ കിടക്കുന്ന നോക്കുകുത്തിയുടെ അവശിഷ്ടങ്ങൾ.

CUT TO

പാച്ചൻ,സാജൻ,ഷിനോജ്
സന്തോഷ്,
മറ്റ് പോലീസുകാർ,നാട്ടുകാർ

**സീൻ 98**

***പള്ളിപെരുന്നാൾ-ഗ്രൗണ്ട് NIGHT -EXT***

പെരുന്നാളിന്റെ വിവിധ കട്ടുകളിലേക്ക്.

CUT TO

പള്ളി ഗ്രൗണ്ടിൽ നിൽക്കുന്ന സാജനോടായി ഷിബുവിന്റെ അച്ഛനായ

**പാച്ചൻ :-** എത്രേം പെട്ടെന്ന് ഷിബുവിനെ പിടിക്കണം സാറേ..

സാജന്റെ റിയാക്ഷൻ

OVERLAP

**പാച്ചൻ :-** അവനു ഇഷ്ടപ്പെട്ടത് എന്തെങ്കിലും അവന്റെ കൈ വിട്ടു പോയാ അവനു പ്രാന്താ സാറേ..

CUT TO

**സീൻ 98 A**

***പുഴ. NIGHT -EXT***

വള്ളക്കാരൻ

കടവിലേക്ക് ഓടിവരുന്ന വഞ്ചി തുഴയുന്ന ആൾ. അയാളുടെ കാഴ്ച്ചയിൽ പുഴയ്ക്കു നടുവിലായി ലക്ഷ്യം തെറ്റി നീങ്ങുന്ന ഒരു വഞ്ചി. വഞ്ചിയിൽ ആരുമില്ല.

CUT TO

**സീൻ 98 B** ജോസ്മോൻ

***ജെയ്സന്റെ വീട്. NIGHT -INT***

വീടിനു ചുറ്റും നടക്കുന്ന ജോസ്മോൻ
വീടിനു അകത്തെ മുറിയിൽ പാത്രങ്ങളും
മറ്റു സാധനസാമഗ്രികളും മറിഞ്ഞു
കിടക്കുന്നത് കാണുന്ന ജോസ്മോൻ. അവന്റെ
മുഖത്ത് പരിഭ്രമം.

CUT TO

സാജൻ,പാച്ചൻ,ഷിനോജ്
സന്തോഷ്
നാട്ടുകാർ

**സീൻ 98 C**

***പള്ളിപെരുന്നാൾ-ഗ്രൗണ്ട് NIGHT - EXT***

ഞെട്ടലോടെ പാച്ചനു മുൻപിൽ നിൽക്കുന്ന സാജൻ

**പാച്ചൻ :-**
അവന്റെ പക ഇപ്പൊ ഈ നാട്ടുകാരോടാ സാറേ.. അവനീ നാട് നശിപ്പിക്കും..

CUT TO

ഷിബു,ബിജി,പാച്ചൻ,സാജൻ
ഷിനോജ്,സന്തോഷ്
മറ്റ് പോലീസുകാർ,
നാട്ടുകാർ

**സീൻ - 99**

***പള്ളിപെരുന്നാൾ-ഗ്രൗണ്ട് -NIGHT-EXT***

പള്ളിപ്പെരുന്നാളിന്റെ ആഘോഷങ്ങളിൽ - പള്ളിയിലേക്ക് ഉള്ള ഏക പാലത്തിനു മുകളിലൂടെ നടന്നു നീങ്ങുന്ന ആളുകൾ. പോലീസുകാർക്കിടയിലൂടെ തന്റെ കരിമ്പടം പുതച്ചു നടന്നു പാലത്തിലൂടെ പള്ളി ഗ്രൗണ്ടിലേക്ക് കയറുന്ന ഷിബു.

OVERLAP :

**പാച്ചൻ :-** ഇതിനു മുൻപ്പ് അവനു ഒരിക്കലേ ഭ്രാന്ത് ഇളകിട്ടുള്ളൂ സാറേ.. അവന്റെ ആകെയുണ്ടായിരുന്ന കൂട്ടുകാരനെ കാളകുത്തി കൊന്ന ദിവസം.. അന്ന് അവനെന്താ ചെയ്തെന്നു അറിയാവോ..?
ആ കാളയെ അവൻ ജീവനോടെ കത്തിച്ചു..

സാജന്റെ റിയാക്ഷൻ

**പാച്ചൻ :-** അന്നവന് ഏഴു വയസാരുന്നു സാറേ..

സാജന്റെ മുഖത്ത് ഞെട്ടൽ.
പെരുന്നാൾ ഗ്രൗണ്ടിൽ മറ്റാരോടോ സംസാരിച്ചു നിൽക്കുന്ന ബിജിയെ ഒന്ന് തട്ടി ഗ്രൗണ്ടിനുള്ളിലേക്ക് കടന്നു പോകുന്ന ഷിബു. ഒരു നിമിഷം തന്നെ തട്ടിയത് ആരാണെന്ന് നോക്കുന്ന ബിജി. എന്തോ കണ്ടിട്ടെന്ന പോലെ കരിമ്പടം പുതച്ച രൂപത്തിലേക്ക് പന്തികേടോടെ നോക്കി നിൽക്കുന്ന ബിജി.
OVERLAP:

**(V.O) പാച്ചൻ :-** ഇപ്പോൾ അവനു നഷ്ടപ്പെട്ടിരിക്കുന്നത് അവനീ ലോകത്ത് ഏറ്റവും പ്രിയപ്പെട്ട ഒരാളാ.. ഇനി എനിക്കറിയില്ല സാറേ.. അറിയില്ല..

ഞെട്ടലോടെ പാച്ചനു മുൻപിൽ നിൽക്കുന്ന സാജൻ. സാജൻ പാലത്തിനപ്പുറം നിൽക്കുന്ന ജനങ്ങളെ നോക്കുന്നു.

CUT TO

ഷിബു,ബിജി,ജോസ്മോൻ
പാച്ചൻ,സാജൻ,കുഞ്ഞൻ
അനീഷ്,ബിൻസി,ഷിനോജ്,
സന്തോഷ്,നാട്ടുകാർ
,

**സീൻ 100**

***പള്ളിപെരുന്നാൾ-ഗ്രൗണ്ട് NIGHT - EXT***

പള്ളിപ്പെരുന്നാളിന്റെ തിരക്കിനിടയിലൂടെ വർക്കിയെ അന്വേഷിച്ചു നടക്കുന്ന ജോസ്മോൻ.
ആളുകൾക്ക് ഇടയിലൂടെ നടന്നുപോകുന്നതിനിടയിൽ ഒരു കുട്ടിയുടെ കയ്യിൽ നിന്നും അവൻ വീർപ്പിക്കാൻ ശ്രമിച്ചുകൊണ്ടിരുന്ന ബലൂൺ തട്ടിപ്പറിച്ചെടുക്കുന്ന ഷിബു. അവൻ അതുമായി മുൻപോട്ട് നടക്കുന്നു.
നടക്കുന്നതിനിടയിൽ ഷിബു തന്റെ കയ്യിൽ ഇരുന്ന ബലൂൺ വീർപ്പിച്ചു തുടങ്ങുന്നു. ബലൂൺ വീർത്തു വീർത്തു അതിന്റെ പാരമ്യത്തിൽ എത്തി പൊട്ടുമ്പോൾ ബാക്ക് ഗ്രൗണ്ടിൽ പള്ളിയിലേക്കുള്ള ഏക വഴിയായ പാലം പൊട്ടിത്തെറിക്കുന്നു.
ഞെട്ടലോടെ അങ്ങോട്ടേക്ക് നോക്കുന്ന നാട്ടുകാർ. നാട്ടുകാർ പരിഭ്രാന്തരാവുന്നു. സ്റ്റക്ക് ആയി നിൽക്കുന്ന ജയന്റ വീലിന്റെ ഏറ്റവും മുകളിൽപെട്ട് കിടക്കുന്ന അനീഷും ബിൻസിയും. നാട്ടുക്കാരിൽ ചിലർ അങ്ങോട്ടും ഇങ്ങോട്ടും ഓടുന്നു .
ഞെട്ടലോടെ നിൽക്കുന്ന എസ്.ഐ.സാജൻ. അയാളും മറ്റു പോലീസുകാരും പാലത്തിനപ്പുറത്ത് ആണ്.
ഷിബു ആളുകൾക്കിടയിലൂടെ പള്ളിയുടെ മുൻപ്പിലേക്ക് എത്തുന്നു. പള്ളിയുടെ കവാടത്തിനു മുൻപ്പിൽ അടിത്തട്ടിലേക്കുള്ള ഒരു വാതിലിനു മുകളിൽ ആണ് ഷിബു നിൽക്കുന്നത്.

ചുറ്റും ഒന്ന് നോക്കിയ ശേഷം അവൻ കുനിഞ്ഞു അല്പം ശക്തി ഉപയോഗിച്ച് ആ വാതിൽ തുറക്കുന്നു.

**സീൻ 100A**

ഷിബു,ബിജി

*പള്ളിഅടിത്തട്ട് NIGHT-INT*

വാതിൽ തുറന്ന് അകത്തേക്ക് കയറുന്ന ഷിബു.
ഷിബു അടിത്തട്ടിലേക്ക് കയറുന്നത് കുറച്ചു പിന്നിൽ നിന്നായി നോക്കി നിൽക്കുന്ന ബിജി. ഷിബുവിന്റെ പിന്നാലെ പള്ളിയുടെ അടിത്തട്ടിലേക്ക് കയറുന്ന ബിജി.
ദൃശ്യം മുഴുവൻ ഇരുട്ട്. ബിജിയുടെ ശ്വാസോച്ഛ്വാസത്തിന്റെ ശബ്ദം മാത്രമേ ഇപ്പോൾ കേൾക്കാൻ കഴിയുന്നുള്ളൂ.
പള്ളിയുടെ അടിത്തട്ടിൽ പുരാതനകാലത്തെ ശവങ്ങൾ അടക്കിയിരുന്ന സ്ഥലമാണ് ഇവിടം.
'തീർത്ഥാടകർ വലതുവശം ചേർന്ന് പോകുക'
'തീർത്ഥാടകർ കല്ലറകളിൽ ചവിട്ടി നിൽക്കരുത്' എന്നും രണ്ടിടത്തായി ബോർഡ് വച്ചിട്ടുണ്ട്.
ബിജി അകത്തേക്ക് കയറി ഒരു വശത്തുള്ള സ്വിച്ച് ബോർഡിലെ ഒരു സ്വിച്ചിൽ അമർത്തുന്നു. അടിത്തട്ടിലെ ഒരു ബൾബ് കത്തുന്നു. പേടിപ്പെടുത്തുന്ന തരം അരണ്ട പ്രകാശമാണ് ആ ബൾബിനു.

നിശബ്ദതയിൽ ചുറ്റും നോക്കുന്ന ബിജിയുടെ കണ്ണുകളിൽ ഭയം ഉണ്ട്. പിന്നിൽ നിന്ന് കാലനക്കം കേൾക്കുന്ന ബിജി. അല്പ്പം വിറയലോടെ പിന്നിലേക്ക് തിരിഞ്ഞു നോക്കുന്ന ബിജിയുടെ കാഴ്ച്ചയിൽ ഒരാളുടെ നിഴൽ മുൻപ്പിൽ നിൽക്കുന്ന പോലെ തോന്നുന്നുണ്ട്.
ബിജിയുടെ ശ്വാസനിശ്വാസങ്ങൾക്ക് വേഗം കൂടുന്നു.

**സീൻ 100B**

സാജൻ,ഷിനോജ്,സന്തോഷ്
മറ്റ്പോലീസുകാർ,നാട്ടുകാർ,

*പള്ളിപെരുന്നാൾ-ഗ്രൗണ്ട് NIGHT -EXT*

സാജന്റെ നോട്ടത്തിൽ പള്ളിയുടെ മറ്റൊരു ഭാഗത്തും പൊട്ടിത്തെറി ഉണ്ടാവുന്നു. അതിന്റെ ആഘാതത്തിൽ സാജനും കൂടെയുള്ള പോലീസുകാരും തെറിച്ചു വീഴുന്നു. നിലത്തേക് വീണ സാജനെ നോക്കുന്ന കൂടെയുള്ള പോലീസുകാർ. സാജന്റെ മുഖത്ത് നിസ്സഹായത. സാജൻ എന്തോ തീരുമാനിച്ച് ഉറപ്പിക്കുന്നു .

**സീൻ - 101**

ജെയ്സൻ,സാജൻ,പോത്തൻ
ആന്റോ,ഷിനോജ്,സന്തോഷ്
മറ്റ് പോലീസുകാർ

***പോലീസ് സ്റ്റേഷൻ - NIGHT -INT***

അവശതയിൽ സ്റ്റേഷനുള്ളിലേക്ക് കയറിവരുന്ന എസ്.ഐ.സാജനും മറ്റ് പോലീസുകാരും. എല്ലാവർക്കും സാരമായ പരിക്കുകൾ ഉണ്ട്. സാജന്റെ നെറ്റിയിലൂടെ ചോര ഒഴുകുന്നുണ്ട്.

,

**ഷിനോജ് :-** സാർ.. നമുക്ക് കൂടുതൽ ഫോഴ്സിനെ വിളിച്ചാലോ..?

സാജന്റെ മുഖത്ത് നിഴലിക്കുന്ന ചിന്ത

**സാജൻ :-** അതൊക്കെ വിളിച്ചെടെ.. അവരൊക്കെ വരുമ്പോഴേക്കും എല്ലാം അവസാനിക്കും..

സാജന്റെ നോട്ടം പതിയുന്നത് ജെയ്സനിൽ ആണ്. അയാൾ മേശപ്പുറത്തിരുന്ന താക്കോലും എടുത്തു സെല്ലിന് നേരെ നടക്കുന്നു. സെല്ലിന് മുൻപിൽ എത്തി ജെയ്സനോട്

**സാജൻ :-** നീ എന്ത് തരം ജീവിയാണെന്നോ ഏത് ഗ്രഹത്തീന്നു വന്നതാണെന്നോ എനിക്കറിഞ്ഞൂട.. നിന്നെക്കൊണ്ട് എന്ത് ചെയ്യാൻ പറ്റൂന്നും എനിക്കറിയില്ല.. നമ്മുടെ നാട് ഇപ്പൊ അപകടത്തിലാ .. നെനക്ക് എന്തെങ്കിലും ചെയ്യാൻ പറ്റുവെങ്കി ചെയ്യ്..

ജെയ്സന്റെ റിയാക്ഷൻ. അത് കേൾക്കുമ്പോൾ അമ്പരപ്പിൽ

**പോത്തൻ :-** സാറേ..?

ശാസനയുടെ സ്വരത്തിൽ **സാജൻ :-** താൻ മിണ്ടാതിരിക്കടോ!..ഞാൻ പറയട്ട്..

ജെയ്സനെ നോക്കി **സാജൻ :-** ഇത് ഞങ്ങൾക്ക് കഴിവില്ലാത്തത് കൊണ്ടല്ലാ.. ഞങ്ങളെക്കൊണ്ട് പറ്റാത്തോണ്ടാ..

സാജൻ താക്കോൽ സെല്ലിന്റെ പൂട്ടിൽ ഇട്ട് തിരിക്കാൻ ശ്രമിക്കുന്നു. സാജൻ പൂട്ട് തിരിച്ച് തെറ്റിയതിനാൽ കള്ളപ്പൂട്ടു വീഴുന്നു. സാജന്റെ താക്കോൽ പൂട്ടിൽ കുടുങ്ങി നിൽക്കുകയാണ്. അത് അകത്തേക്കും പുറത്തേക്കും നീങ്ങാതെ നിൽക്കുകയാണ്. സാജൻ ഒരു നിമിഷം ചളിപ്പിൽ ബാക്കിയുള്ള പോലീസുകാരെ നോക്കുന്നു.

**സാജൻ :-** ഡേയ്.. നീയൊന്നും ഈ പൂട്ട് ശരിയാക്കിയില്ലേ..?

പോലീസുകാരൊന്നും മറുപടി പറയുന്നില്ല. പെട്ടെന്ന് പോലീസ് സ്റ്റേഷനെ പ്രകമ്പനം കൊള്ളിക്കും വിധം ഒരു ശബ്ദം കേൾക്കുന്നു.. അവരുടെ POVയിൽ സെല്ലിന് പിന്നിലായുള്ള ചുവര് പൊളിഞ്ഞ് കിടക്കുന്നു അന്ധാളിച്ചു നിൽക്കുന്ന പോലീസുകാർ.. സ്റ്റേഷന് വെളിയിലേക്ക് നടക്കുന്ന ജെയ്സൻ..അഭിമാനവും അമ്പരപ്പും ഒരുപോലെ കലർന്ന ഭാവമാണ് ഇപ്പോൾ പോലീസുകാരുടെ മുഖത്ത്. പോലീസുകാരോടായി

**സാജൻ :-** ഞാൻ പറഞ്ഞില്ലേ..? അവനെക്കൊണ്ടേ ഇതൊക്കെ പറ്റൂ..

സാജന്റെ കയ്യിലേക്ക് പൊട്ടിയ പൂട്ട് കൊടുക്കുന്ന ഷിനോജ്. പൊട്ടിയ പൂട്ട് കണ്ടു സാജൻ, സാജൻ തിരിഞ്ഞു ചുവരിലേക്ക് നോക്കുന്നു. ചുവരിൽ തൂക്കിയിരിക്കുന്ന വളഞ്ഞിരിക്കുന്ന തോക്കുകൾ. സാജന്റെയും ഷിനോജിന്റെയും റിയാക്ഷൻ.

CUT TO

സെല്ലിൽ നിന്നും പുറത്തേക്ക് തല ഇട്ട് നോക്കുന്ന പ്രതി ആന്റോ.

CUT TO

**സീൻ 101A** നാട്ടുകാർ

***പള്ളിപെരുന്നാൾ-ഗ്രൗണ്ട് NIGHT-EXT***

പള്ളി ഗ്രൗണ്ടിൽ ആളുകൾ പരിഭ്രാന്തരായി ഓടുന്നതിന്റെ വിവിധ കട്ടുകൾ. ചിലർ വെള്ളത്തിലേക്ക് ചാടി രക്ഷപ്പെടാൻ ശ്രമിക്കുന്നു.

ജെയ്സൻ,സാജൻ,ആന്റോ
പോത്തൻ ,സന്തോഷ്,ഷിനോജ്
മറ്റ് പോലീസുകാർ

**സീൻ 101 B**

***പോലീസ് സ്റ്റേഷൻ NIGHT -EXT***

നിലത്തേക്ക് പതിയുന്ന ജെയ്സന്റെ കാലുകൾ. വളരെ ചടുലതയുള്ള ഒരു പശ്ചാത്തല സംഗീതം കേട്ടുതുടങ്ങുന്നു. തീ പാറുന്ന കണ്ണുകളോടെ നടക്കുന്ന ജെയ്സൻ. ജെയ്സന്റെ ഓർമ്മകളിൽ
OVERLAP:

**ജെയ്സൻ :-** അച്ഛാ.. ആരാ ഈ മിന്നൽ മുരളി..?

**മാർട്ടിൻ :-** അത് അച്ഛന്റെ അടുത്ത നാടകത്തിന്റെ പേരാ..

**ജെയ്സൻ :-** ഈ മിന്നൽ മുരളി എന്താ ചെയ്യാ..?

FLASH CUT TO -

**സീൻ 101 C**
***ഫ്ലാഷ്ബാക്ക്***

മാർട്ടിൻ,ജെയ്സൻ (6)

***പള്ളിമൈതാനം -ബാക്ക്സ്റ്റേജ് - DAY-INT***

മാർട്ടിന്റെ മുന്നിൽ നിൽക്കുന്ന കുട്ടിയായ ജെയ്സൻ. മാർട്ടിന്റെ മുഖത്ത് വിരിയുന്ന പുഞ്ചിരി. ഉയർന്നു തുടങ്ങുന്ന ഒരു പശ്ചാത്തല സംഗീതം.

പുഞ്ചിരിയോടെ **മാർട്ടിൻ :-** ആപത്തിൽ പെടുന്നവരെ രക്ഷിക്കുന്ന ആളാ ഈ മിന്നൽ മുരളി..

**കുട്ടി :-** അപ്പൊ അയാള് ദൈവാണോ അപ്പാ..?

**മാർട്ടിൻ :-** ദൈവമല്ല മോനെ.. പക്ഷെ ദൈവത്തിനു എത്താൻ കഴിയാത്തിടത്ത് അവൻ എത്തും..

കുട്ടിയുടെ മുഖത്തെ പുഞ്ചിരി

**കുട്ടി :-** എനിക്കും മിന്നൽ മുരളിയാവാൻ പറ്റുവോ അപ്പാ..?

CUT BACK TO -

**സീൻ 101 D** ജെയ്സൻ

***പോലീസ് സ്റ്റേഷൻ.NIGHT -EXT***

പോലീസ് സ്റ്റേഷനിൽ നിന്ന് വെളിയിലേക്ക് ഇറങ്ങിനടക്കുന്ന ജെയ്സൻ. അവന്റെ മുഖത്ത് തീക്ഷ്ണത. ദൃശ്യത്തെ ഒവർലാപ്പ് ചെയ്ത്

**(V.O) പുഞ്ചിരിയോടെ മാർട്ടിൻ :-** അതിനു നീ ഒരുപാട് വളരണം മോനേ.. പ്രകാശിക്കണം.. ഒരിക്കൽ എല്ലാം നഷ്ടപ്പെട്ടു എന്ന് തോന്നുന്ന സമയത്ത് ചുറ്റുമുള്ള ആളുകൾക്ക് പ്രതീക്ഷയോടെ നിന്നെ നോക്കാൻ കഴിയണം.. അങ്ങനെ ഒരു ദിവസം ഉണ്ടായാൽ അന്ന് നീ മിന്നൽ മുരളിയാവും.. ഈ നാടിന്റെ രക്ഷകൻ..

സാജന്റെ പ്രതീക്ഷ ജ്വലിക്കുന്ന മുഖം.

CUT TO

**സീൻ - 102**

ഷിബു
നാട്ടുകാർ

***പള്ളിപെരുന്നാൾ-ഗ്രൗണ്ട് - NIGHT -EXT***

പരിഭ്രാന്തരായി ഓടുന്ന ആളുകൾക്ക് ഇടയിലൂടെ നടന്നു നീങ്ങുന്ന ഷിബു. അവന്റെ മുഖത്തൊരു പുഞ്ചിരി ഉണ്ട്. അവന്റെ ചുണ്ടിൽ ഒരു ബീഡി എരിയുന്നുണ്ട്.

INTER CUT TO

**സീൻ - 102 A** ബിജി

*പള്ളിയുടെ അടിത്തട്ട്. NIGHT -INT*

ബിജിയുടെ കൈകാലുകൾ മുറുക്കെ വരിഞ്ഞുകെട്ടി വായിൽ ഒരു തുണിയും തിരുകി കയറ്റി പള്ളിയുടെ അടിത്തട്ടിൽ ഇട്ടിരിക്കുകയാണ്. അവൾ തന്റെ കെട്ടുകൾ അഴിക്കാൻ പരമാവധി പണിപ്പെടുന്നുണ്ട്. പെട്ടെന്ന് അവളുടെ നോട്ടം മറ്റൊരിടത്ത് തറയ്ക്കുന്നു. പള്ളിയുടെ അടിത്തട്ടിന്റെ അങ്ങേയറ്റത്തായി ഒരു ഇരുമ്പഴിക്കുള്ളിൽ കുറെയധികം കരിമരുന്നു സ്ഫോടകവസ്തുക്കൾ ഇരിക്കുന്നത് അവളുടെ കാഴ്ച്ചയിൽ പെടുന്നു. ആ പള്ളിയും പരിസരവും മറ്റും തകർക്കാൻ മാത്രം ശക്തിയും ശേഷിയും ഉള്ള സ്ഫോടക വസ്തുക്കൾ ആണ് അവിടെ ഇരിക്കുന്നത്. ബിജി മെല്ലെ വിറച്ചു തുടങ്ങുന്നു. ആ സ്ഫോടകവസ്തുക്കളിലേക്ക് തീ പടർത്താൻ ഉള്ള തിരിയും അവൾ കാണുന്നു. ബിജി തന്റെ കൈകലുകളിലെ കെട്ടുകൾ അഴിക്കാൻ ഭഗീരഥപ്രയത്നം നടത്തുന്നു. അത് ശ്രമകരമാവുമ്പോൾ അവൾ നിരാശയിൽ ഒന്ന് അലറുന്നു. എങ്കിലും അവൾ തന്റെ ശ്രമം ഉപേക്ഷിക്കുന്നില്ല.

CUT BACK TO-

**സീൻ - 102B**

ഷിബു,ജോസ്മോൻ
ചിതറിയോടുന്ന ജനങ്ങൾ

***പള്ളിപെരുന്നാൾ-ഗ്രൗണ്ട് NIGHT- EXT***

ഷിബുവിന്റെ നോട്ടം മുൻപിൽ കാണുന്ന CLOCK TOWER-ലേക്ക്, അയാൾ മെല്ലെ താൻ നിന്ന സ്ഥലത്ത് നിലത്തുകൂടി പോകുന്ന ഒരു കരിമരുന്നിന്റെ തിരിക്കു നേരെ തന്റെ കൈകൾ നീട്ടി ഒന്ന് ഞൊട്ടുന്നു. തിരി അവിടെനിന്നു മെല്ലെ കത്തിത്തുടങ്ങുന്നു. ദൃശ്യം വേഗം ആളിപ്പടർന്നു പൊയ്ക്കൊണ്ടിരിക്കുന്ന കരിമരുന്നു തിരിയിലെക്ക്. അത് ക്ലോക്ക് ടവറിനു നേരെ നീങ്ങുകയാണ്.

CLOCK TOWER- ന്റെ ഉള്ളിൽ അഭയം തേടി കിടക്കുന്ന കുറെയധികം ആളുകൾ. അവർക്കിടയിൽ ജോസ്മോനും ഉണ്ട്. കരിമരുന്നു തിരി തങ്ങളുടെ നേരെ വരുന്നത് കാണുമ്പോൾ ഭയപ്പെടുന്ന നാട്ടുകാർ.
ഒരു അല്പദൂരം മുൻപിലേക്ക് തിരി കത്തി എത്തിക്കഴിയുമ്പോൾ തിരി മൂന്നെണ്ണമായി തിരിഞ്ഞു തീ കത്തിപ്പടർന്നു മൂന്നു സ്ഥലത്തേക്ക് നീങ്ങുന്നു. ഒരെണ്ണം ക്ലോക്ക് ടവറിനു നേരെയും ഒരെണ്ണം പള്ളിമുറിക്ക് നേരെയും ഒരെണ്ണം സമീപം ഉള്ള സ്റ്റാളിനു നേരെയും. അത് കാണുന്ന ആളുകളിൽ ചിലർ അത് അണക്കാനായി ഓടി വരുന്നുണ്ടെങ്കിലും ഷിബു തന്റെ അസാധാരണ ശക്തി ഉപയോഗിച്ച് അവരെ തടയുന്നു. തന്റെ ശക്തി ഉപയോഗിക്കും തോറും ഷിബു വല്ലാതെ തളരുന്നു. ആളുകൾക്കിടയിലൂടെ തിരിയിൽ തീപടർന്നു നീങ്ങുന്നതിന്റെ ദൃശ്യം. ചടുലമായ പശ്ചാത്തല സംഗീതം.
ഷിബു ഇരുകാലുകളിൽ പള്ളിമുറ്റത്ത് കുത്തിയിരിക്കുന്നു. കരിമരുന്നിൽ തീ പടർന്നു കയറുന്നത് നോക്കി ഇരിക്കുന്ന ഷിബു. ആദ്യത്തെ പൊട്ടിത്തെറി പള്ളിമുറിയിൽ ഉണ്ടാവുന്നു. ഷിബു തന്റെ വലതു കയ്യിലെ ചെറുവിരൽ മടക്കിക്കൊണ്ട്

**ഷിബു :-** ഒന്ന്..

പെരുന്നാൾ സ്റ്റാൾ പൊട്ടിത്തെറിക്കുന്നു. തന്റെ മോതിരവിരൽ മടക്കി

**ഷിബു :-**

രണ്ട്..

പൊട്ടിത്തെറിയിൽ പെടുന്ന കുറെ ആളുകൾക്ക് പരിക്കുകൾ ഏൽക്കുന്നു. അത് കണ്ടു ഭയചകിതരായ നാട്ടുകാർ. അവരിൽ ചിലർ വെള്ളത്തിലേക്ക് എടുത്തു ചാടുന്നു. അതിനു കഴിയാത്തവർ പള്ളി ഗ്രൗണ്ടിൽ തന്നെ നിൽക്കുന്നു.
ക്ലോക്ക് ടവറിലുള്ള ആളുകൾ അതിൽ നിന്ന് ഓടിരക്ഷപെടുന്നു. ആളുകളുടെ ഇടിയിൽപ്പെട്ടു ജോസ്മോൻ നിലത്തു വീണുപോകുന്നു.

പാലം തകർന്നു കിടക്കുന്നതിനാൽ നാട്ടുകാർക്ക് ഒരു രീതിയിലും തുരുത്തിൽനിന്നു വെളിയിലേക്ക് എത്താൻ കഴിയുന്നില്ല.

ഷിബുവിന്റെ നോട്ടം ഇപ്പോൾ ക്ലോക്ക് ടവറിലേക്ക് ആണ്. ഷിബു തന്റെ മൂന്നാമത്തെ വിരൽ മടക്കാനായി ഒരുങ്ങി നിൽക്കുകയാണ്. പക്ഷെ സമയം കഴിഞ്ഞിട്ടും പൊട്ടിത്തെറി ഉണ്ടാവുന്നില്ല. പൊട്ടിത്തെറി ഉണ്ടാവുന്നില്ല എന്ന് ശ്രദ്ധിക്കുന്ന ജോസ്മോൻ. എന്തോ സംഭവിച്ചിട്ടുണ്ട് എന്ന് അവനു മനസിലാവുന്നു. ഷിബു തിരി കത്തിപ്പോയ വഴിയെ ക്ലോക്ക് ടവറിനു നേരെ ഓടുന്നു. ഒരു നിമിഷം നെഞ്ചിടിപ്പോടെ അത് നോക്കി നിൽക്കുന്ന നാട്ടുകാർ.

പോലീസുകാർ

**സീൻ 102 c**

**തുരുത്ത് NIGHT - EXT**

തുരുത്തിന് ഇപ്പുറംഭയത്തോടെ പൊട്ടിത്തെറി ഉണ്ടായ ഭാഗത്തേക്ക് നോക്കി നിൽക്കുന്ന പോലീസുകാർ.

**സീൻ 103**

ഷിബു,ജെയ്സൻ,ജോസ്മോൻ
ഒരു ആൺകുട്ടി(8),കുഞ്ഞൻ,മെമ്പർ
സെൽവൻ,കണ്ണപ്പൻ,ഗോപൻ,
ചിതറിയോടുന്ന ജനങ്ങൾ

***പള്ളിപെരുന്നാൾ-ഗ്രൗണ്ട് NIGHT-EXT***

***CLIMAX FIGHT -1***

പെട്ടെന്ന് ക്ലോക്ക് ടവറിന്റെ ചില്ല് പൊളിച്ചുകൊണ്ട് താഴെ നിലത്തേക്ക് തെറിച്ചു വീഴുന്ന ഷിബു. എല്ലാവരും ഒരു നിമിഷം സ്തബ്ധരാവുന്നു. നാട്ടുകാരുടെ നോട്ടം ക്ലോക്ക് ടവറിനു മുകളിലേക്ക്. അവരുടെ കാഴ്ച്ചയിൽ ക്ലോക്ക് ടവറിനു മുകളിൽ ഒരിടത്ത് സൂപ്പർ ഹീറോ പരിവേഷത്തിൽ 'മിന്നൽ മുരളി' കോസ്റ്റ്യൂം അണിഞ്ഞു നിൽക്കുന്ന ജെയ്സൻ.

അത് കണ്ടു അത്ഭുതത്തിൽ **ഒരു കുട്ടി :-** സൂപ്പർഹീറോ......!

നാട്ടുകാരുടെ മുഖത്തെ പ്രതീക്ഷ. ടവറിനു മുകളിൽ നിന്ന് ഷിബുവിനു നേരെ കുതിച്ചു ചാടുന്ന ജെയ്സൻ. സൂപ്പർ ഹീറോ ലാന്റിങ്ങിൽ ഷിബുവിന് മുൻപിൽ വന്നു നിൽക്കുന്ന ജെയ്സൻ.

**ജെയ്സൻ:-** നിന്റെ ഉദ്ദേശം എന്താണെങ്കിലും അതിവിടെ നടക്കില്ല ഷിബു.....ഇതെന്റെ നാടാ...

ഷിബു ചിരിക്കുന്നു.

**ഷിബു:-** ഇനി ഒന്നും പഴയപോലാവില്ല ജെയ്സാ...

കണ്ണുകൾ നിറഞ്ഞു **ഷിബു:** ഈ ലോകത്ത് ഞാൻ അവളെ മാത്രേ സ്നേഹിച്ചിട്ടുള്ളൂ ജെയ്സാ.. അവളെ മാത്രം.. അവളെ എല്ലാരൂടെ കൊന്നുകളഞ്ഞില്ലേ..അതുകൊണ്ട് ഈ ഒരുത്തൻ പോലും ഇനി ജീവനോടെ വേണ്ട..

ജെയ്സനെ വലിച്ചെറിയുന്ന ഷിബു. ഷിബുവിനെ തിരികെയടിക്കുന്ന ജെയ്സൻ. ഷിബു തന്റെ അസാധാരണ ശക്തി ഉപയോഗിച്ച് ജെയ്സനോട് പൊരുതുന്നു. സംഘട്ടനത്തിനിടയിൽ ജെയ്സനെ അടിച്ചുതെറുപ്പിച്ച് കൊണ്ട്

**ഷിബു :-** നീ എന്ത് ചെയ്താലും ഈ നാടിനി ബാക്കിയുണ്ടാവില്ല.. ജെയ്സാ..

തിരികെ അടിക്കുന്ന ജെയ്സൻ. സംഘട്ടനത്തിനിടയിൽ മണിമാളികയിൽ ചെന്നിടിക്കുന്ന ഷിബു. മണിമാളികയുടെ മുകളിൽ കിടക്കുന്ന വലിയ മണിക്ക് വലിയ ഇളക്കം തട്ടുന്നു. പല തവണ മണിമാളികയിൽ സംഘട്ടനം നടക്കുമ്പോൾ

മാളികയുടെ പല ഭാഗത്തായി വിള്ളൽ ഉണ്ടാവുന്നു.
ഷിബു ജെയ്സനെ അടിച്ചു തെറിപ്പിച്ച ശേഷം മുകളിലെ പന്തൽ തന്റെ അസാധാരണ ശക്തി ഉപയോഗിച്ച് ജെയ്സന്റെ മുകളിലേക്ക് മറിച്ചിടുന്നു. അതിനടിയിൽ അനങ്ങാൻ കഴിയാതെ കിടക്കുന്ന ജെയ്സൻ. ജെയ്സനെ വലിച്ചിടിച്ച് മുഖത്തെ മാസ്ക് ചിതറിക്കുന്ന ഷിബു. അത് കാണുന്ന നാട്ടുകാരുടെ റിയാക്ഷൻ.
CUT TO

**സീൻ - 103 A**

ജെയ്സൻ,അനീഷ്,ബിൻസി
നാട്ടുകാർ

***പള്ളിപെരുന്നാൾ-ഗ്രൗണ്ട് NIGHT/EXT***

ജയന്റ് വീലിനു മുകളിൽ സ്റ്റക്കായി
നിൽക്കുന്ന അനീഷും ബിൻസിയും.
ജെയ്സനെ കാണുമ്പോൾ അനീഷിനോടായി

**ബിൻസി :-** ജെയ്സൻ..
(അത്ഭുതത്തോടെ)

അനീഷിന്റെ റിയാക്ഷൻ.

CUT TO

**സീൻ 103 B**

ഷിബു,ജെയ്സൻ
നാട്ടുകാർ

***പള്ളിപെരുന്നാൾ-ഗ്രൗണ്ട് NIGHT-EXT***

ജെയ്സന്റെ അടുത്തേക്ക് വന്നു

**ഷിബു :-** നീ വരുന്നു എനിക്കറിയാരുന്നു ജെയ്സാ... എന്തിനാടാ നീ ഇവർക്കുവേണ്ടി നിന്റെ ജീവൻ കളയുന്നെ..നിന്റെ തന്ത ഇപ്പൊ എവിടെ ഉണ്ടെന്നു നെനക്കറിയാവോ..?

ജെയ്സന്റെ റിയാക്ഷൻ

**ഷിബു :-** അങ്ങേരിപ്പോ ചത്തോണ്ടിരിക്കുവാ..

CUT TO-

**സീൻ - 103C** വർക്കി

***പുഴ- NIGHT-EXT***

പുഴയിൽ കിടക്കുന്ന വഞ്ചിയുടെ ഉൾവശം. വഞ്ചിക്കുള്ളിൽ ഒരു ദ്വാരത്തിലൂടെ വെള്ളം കയറിക്കൊണ്ടിരിക്കുന്നു. വഞ്ചിയുടെ ഉള്ളിൽ വർക്കിച്ചനെ കെട്ടി ഇട്ടിരിക്കുന്നു. അയാളുടെ വായ തുണികൊണ്ട് മൂടി കെട്ടിയിട്ടുണ്ട്. വഞ്ചി പാതിയോളം മുങ്ങിയ അവസ്ഥയിലാണ്. അത് കാണുന്ന വർക്കിയുടെ റിയാക്ഷൻ. അയാൾ കയർ വലിച്ചു പൊട്ടിക്കാൻ ശ്രമിക്കുന്നു.

ഓവർലാപ്പ്:

**(V.O) ഷിബു :-** കടവീന്നു നാല് മൈൽ വടക്ക്.. ഒരു വള്ളത്തിൽ ഉണ്ട് നിന്റെ തന്ത.. അതിപ്പൊ മുങ്ങും.

CUT BACK TO

**സീൻ - 103D**

ജെയ്സൻ,ഷിബു,ജോസ്മോൻ,
പേടിച്ചോടുന്ന ഒരു കൊച്ച് കുട്ടി
നാട്ടുകാർ

***പള്ളിപെരുന്നാൾ-ഗ്രൗണ്ട് NIGHT-EXT***

ഞെട്ടലോടെ അത് കേട്ടു കിടക്കുന്ന ജെയ്സൻ

**ഷിബു :-** ഇപ്പൊ പോയാ.. നെനക്ക് അങ്ങേരെ രക്ഷിക്കാം.. സ്വന്തം തന്ത വേണോ നാട്ടുകാര് വേണോ എന്ന് നീ തന്നെ തീരുമാനിക്ക്....നീ ഇവടെക്കെടന്നു ചാവണ്ടാവനല്ല ജെയ്സാ... നീ പോ...

എന്ത് ചെയ്യണം എന്നറിയാതെ കിടക്കുന്ന ജെയ്സൻ. പള്ളിയുടെ പലസ്ഥലത്ത് നിന്നായി തുടരെ പൊട്ടിത്തെറികൾ കേൾക്കുന്നുണ്ട്.

**ഷിബു :-** ഇനി ഇവടെ മൂന്നെണ്ണം കൂടെ പൊട്ടും.. അവസാനത്തേതിൽ എല്ലാം തീരും.. എല്ലാവരും തീരും.. അത്രേം സമയവേ ഉള്ളൂ പുഴയിൽ കിടക്കുന്ന നിന്റെ തന്തക്കും..

ഷിബു ഒരിക്കൽകൂടി തന്റെ വിരൽ ഞൊടിക്കുന്നു. ജെയ്സന്റെ റിയാക്ഷൻ ജെയ്സൻ കിടന്നുകൊണ്ട് തന്നെ പള്ളിക്ക് സമീപമുള്ള പുഴയിലേക്ക് നോക്കുന്നു. ജെയ്സന്റെ ശ്വാസഗതി ഭീതിയിൽ വർദ്ധിക്കുന്നു.
അവൻ തന്റെ ദേഹത്ത് കിടക്കുന്ന സാധന സാമഗ്രികൾ എടുത്തെറിയുന്നു. അവൻ വേഗം എഴുന്നേറ്റു പുഴക്ക് നേരെ ഓടിത്തുടങ്ങുന്നു. ജെയ്സനെ നോക്കി നിൽക്കുന്ന ജോസ്മോൻ. പെട്ടെന്ന് ദൃശ്യത്തിൽ ഓവർലാപ്പ് ചെയ്തുകൊണ്ട് മറ്റൊരു പൊട്ടിത്തെറി കൂടി ഉണ്ടാവുന്നു. ജെയ്സൻ ഒരു നിമിഷം നിൽക്കുന്നു. പശ്ചാത്തലസംഗീതം കനക്കുന്നു. അവന്റെ ചുറ്റുമുള്ള കാഴ്ച്ചയിൽ നാട്ടുകാർ ചിതറി ഓടുന്നു. അതിനിടയിൽ കരഞ്ഞുകൊണ്ട് ഓടുന്ന ഒരു കൊച്ചു കുട്ടി.

OVERLAP **(VO) വർക്കി :-** മരിച്ചുകഴിഞ്ഞാൽ പുനർജന്മം ഉണ്ടെന്നൊക്കെ പണ്ടത്തെ ആളുകള് പറയുന്നത് വെറുതെയ മോനെ...ജീവിതം ഒന്നേ ഒള്ളു....തെറ്റുപറ്റാതെ നോക്കണം.....വലിയ ശരികൾ ചെയ്യാൻ പറ്റണം..അവിടെ നീ നോക്കണ്ടത് നിന്റെ സ്വാർഥതയല്ല... നിന്റെയപ്പൻ അങ്ങനാരുന്നു...നിനക്കും അത് കഴിയണം..

ജെയ്സൻ എന്തോ തീരുമാനിച്ചു
ഉറപ്പിക്കുന്നു. അവൻ തിരിഞ്ഞു ഷിബുവിന്
നേരെ നടക്കുന്നു.
നടക്കുന്നതിനിടയിൽ ഷിബുവിനോടു

**ജെയ്സൻ :-** എന്റെ അപ്പൻ എന്നോട് ക്ഷമിക്കും..

ജെയ്സന്റെ കണ്ണുകൾ ഈറനാണ്.
ഷിബുവിന്റെ മുഖത്തു പുഞ്ചിരി. അവൻ
വീണ്ടും തന്റെ വിരലുകൾ ഞൊടിക്കുന്നു.
കുറച്ചപ്പുറത്ത് നിന്ന് കത്തിതുടങ്ങുന്ന കരി
മരുന്നിന്റെ തിരി. ജെയ്സൻ തന്റെ
അസാധാരണ ശക്തി ഉപയോഗിച്ച്
കരിമരുന്നിന്റെ തിരിയുടെ ശബ്ദം
കേൾക്കുന്നു. ജെയ്സൻ അങ്ങോട്ടേക്ക്
നോക്കുന്നു. അത് കാണുന്ന ജോസ്മോൻ.
ജെയ്സൻ കത്തിത്തുടങ്ങിയ ആ തിരിക്കു
നേരെ നടക്കുമ്പോൾ ഷിബു അവനെ
തടയാനായി അവന്റെ മുൻപിൽ കയറി
നിൽക്കുന്നു.

**സീൻ 104** ജെയ്സൻ,ഷിബു,ജോസ്മോൻ

***പള്ളിപെരുന്നാൾ-ഗ്രൗണ്ട് NIGHT/EXT*** നാട്ടുകാർ

***CLIMAX FIGHT 2***

തന്റെ മുൻപിൽ കണ്ട ഒരു കമ്പി കാലുകൊണ്ട് തട്ടിപ്പൊക്കി ഷിബുവിന് നേരെ വലിച്ചെറിയുന്ന ജെയ്സൻ. അവിടെ ഒരു സംഘട്ടനത്തിനു തുടക്കമാവുന്നു. ജെയ്സൻ നോക്കിയ ഭാഗത്തേക്ക് ഓടുന്ന ജോസ്മോൻ.

CUT TO

**സീൻ - 104A** ബിജി

***പള്ളി അടിത്തട്ട് - NIGHT-EXT***

ബിജിയുടെ ശ്രമഫലമായി അവളുടെ കയ്യിലെ കയറിൽ ചെറിയ രീതിയിൽ പൊട്ടൽ ഉണ്ടാവുന്നു. ആവേശഭരിതയായി അവൾ ആ കയർ വീണ്ടും പൊട്ടിക്കാൻ ശ്രമിക്കുമ്പോൾ -

CUT TO

ജെയ്സൻ,ഷിബു
നാട്ടുകാർ

**സീൻ - 104 B**

*പള്ളിപെരുന്നാൾ-ഗ്രൗണ്ട് NIGHT-EXT*

കൊണ്ടും കൊടുത്തും ജെയ്സനും ഷിബുവും മുന്നേറുന്ന സംഘട്ടനം. ജെയ്സൻ തീ അണക്കാൻ ശ്രമിക്കുമ്പോൾ ഷിബു അവനെ തടയാൻ ശ്രമിക്കുകയാണ്.

CUT TO

**സീൻ - 104 C**

ജോസ്മോൻ
നാട്ടുകാർ

***പള്ളിപെരുന്നാൾ-ഗ്രൗണ്ട് NIGHT - EXT***

ജോസ്മോന്റെ കാഴ്ച്ചയിൽ ആളുകൾക്ക് ഇടയിലൂടെ തിരി കത്തി പാഞ്ഞുകൊണ്ടിരിക്കുകയാണ്. ജോസ്മോൻ അതിനു പിന്നാലെ ഓടുന്നു. അവന്റെ മുഖത്തെ ഭീതി.

CUT TO

**സീൻ - 104 D** ബിജി

***പള്ളി അടിത്തട്ട് -NIGHT / INT***

ബിജിയുടെ കയ്യിലെ കെട്ടു അവൾ
അഴിച്ചെടുക്കുന്നു.
അവൾ തന്റെ കാലിലെയും കെട്ടുകൾ
വലിച്ചുപൊട്ടിച്ച ശേഷം
സ്ഫോടകവസ്തുക്കൾ ഇരിക്കുന്ന
ഇരുമ്പഴിക്ക് നേരെ ഓടുന്നു.

CUT TO

**സീൻ - 104 E**

ജെയ്സൻ,ഷിബു
നാട്ടുകാർ

***പള്ളിപെരുന്നാൾ-ഗ്രൗണ്ട് NIGHT /EXT***

ഷിബുവും ജെയ്സനുമായുള്ള സംഘട്ടനം മണിമാളികയുടെ നേരെ നീങ്ങുന്നു. ഷിബു ഇപ്പോൾ ജെയ്സനെ തിരികെ ആക്രമിച്ചു തുടങ്ങിയിരിക്കുന്നു.

CUT TO

**സീൻ - 104 F**

ജോസ്മോൻ,
നാട്ടുകാർ

**പള്ളിപെരുന്നാൾ -ഗ്രൗണ്ട് *-NIGHT/EXT***

തിരിക്കു പിന്നാലെ ഓടുന്ന ജോസ്മോൻ. അവൻ ആ തിരിയുടെ അടുത്തെത്തി അത് കാലുകൊണ്ട് ചവിട്ടിക്കെടുത്താൻ തുടങ്ങവേ തിരി രണ്ടായി തിരിയുന്നു. തീ കത്തി രണ്ടു ഭാഗത്തേക്ക് നീങ്ങുന്നു. ജോസ്മോന്റെ മുഖത്ത് ഞെട്ടൽ. തീവ്രമായ ഒരു പശ്ചാത്തല സംഗീതം കേട്ടുതുടങ്ങുന്നു.

CUT TO

**സീൻ - 104 G**

ബിജി

*പള്ളി അടിത്തട്ട് -NIGHT/ INT*

ബിജി ഇരുമ്പഴിക്ക് മുൻപിൽ എത്തി അകത്തേക്ക് കടക്കാൻ ശ്രമിക്കുന്നു. ഇരുമ്പഴി പുറത്തു നിന്ന് ഒരു വലിയ താഴിട്ടു പൂട്ടിയിരിക്കുകയാണ്. അത് വലിച്ചുപൊട്ടിക്കാൻ അവൾ ഒരു വിഫലശ്രമം നടത്തുന്നു.

CUT TO

**സീൻ - 104 H**

**ജോസ്മോൻ**
നാട്ടുകാർ

**പള്ളിപെരുന്നാൾ -ഗ്രൗണ്ട് *NIGHT /EXT***

ജോസ്മോന്റെ കാഴ്ച്ചയിൽ രണ്ടായി തിരിഞ്ഞ കരിമരുന്നു തിരിയുടെ ഒരു ഭാഗം കുറച്ചു പൊന്തക്കാടിന്റെ നേരെയും മറ്റേ ഭാഗം പള്ളിയുടെ നേരെയും നീങ്ങുന്നു. ഒരു നിമിഷം എന്ത് ചെയ്യണം എന്നറിയാതെ നോക്കി നിൽക്കുന്ന ജോസ്മോൻ പള്ളിയുടെ നേരെ പോകുന്ന കരിമരുന്നു തിരിക്കു പിന്നാലെ കുതിക്കുന്നു.

CUT TO

**സീൻ - 104 J**

ജെയ്സൻ,ഷിബു
നാട്ടുകാർ

***പള്ളിപെരുന്നാൾ -ഗ്രൗണ്ട് NIGHT /EXT***

ജെയ്സനെ അടിച്ചു നിലംപരിശാക്കുന്ന ഷിബു. ജെയ്സൻ ആകെ തളർന്ന അവസ്ഥയിൽ ആണ്. നിസ്സഹായരായ ആളുകളെ നോക്കുന്ന അവന്റെ കണ്ണുകൾ നിറയുന്നു. തന്നെ തുടരെ ആക്രമിച്ചു മണിമാളികയുടെ ഉള്ളിലേക്ക് ഇടുന്ന ഷിബുവിനെ ദയനീയതയിൽ നോക്കുന്ന ജെയ്സൻ. ഷിബുവിന്റെ ശക്തിപ്രവാഹത്തിന് മുൻപിൽ അവനിപ്പോൾ നിസ്സഹായനാണ്. ശബ്ദത്തിൽ ചെറിയ വിങ്ങലോടെ

**ജെയ്സൻ :-** നീയിത് ചെയ്യരുത് ഷിബു.. ഒരു തെറ്റും ചെയ്യാത്തവരുണ്ട് ഇവിടെ..

CUT TO

**സീൻ - 104 K**

***പള്ളി മൈതാനം -NIGHT/EXT***

പൊന്തക്കാട്ടിലേക്ക് കത്തിക്കയറിയ കരിമരുന്നു തിരി ആരാലും കാണപ്പെടാതെ മണ്ണിനടിയിലേക്കുള്ള ഒരു ചെറിയ കുഴിയിൽക്കൂടി പള്ളിയുടെ അടിത്തട്ടിലേക്ക് കയറുന്നു.

CUT TO

**സീൻ - 104 L** ബിജി

***പള്ളി അടിത്തട്ട് -NIGHT / INT***

പള്ളിയുടെ അടിത്തട്ടിൽ നിൽക്കുന്ന ബിജിയുടെ കാഴ്ചയിൽ കുറച്ചകലെ നിന്ന് കത്തിക്കയറി വരുന്ന കരിമരുന്നു തിരി കാണാം.
ആ തിരി നീങ്ങുന്നത് സ്ഫോടകവസ്തുക്കൾക്ക് നേരെയാണ്. ആ തിരി ഇരുമ്പഴിക്കുള്ളിൽ ആയതിനാൽ ഒന്നും ചെയ്യാൻ കഴിയാതെ അവൾ നിൽക്കുകയാണ്. ഭീതിയിൽ അവൾ ആ ഇരുമ്പഴി തുറക്കാൻ ശ്രമിക്കുന്നു. അവളുടെ കൈകൾ വിറയ്ക്കുന്നുണ്ട്.
കനമേറിയ പശ്ചാത്തല സംഗീതം.

CUT TO

ജോസ്മോൻ
നാട്ടുകാർ

**സീൻ 104 M**

***പള്ളിപെരുന്നാൾ- ഗ്രൗണ്ട് -NIGHT-EXT***

രണ്ടായി തിരിഞ്ഞ കരിമരുന്നു തിരിയുടെ രണ്ടാം ഭാഗത്തിന് പിന്നാലെ വേഗതയിൽ ഓടുന്ന ജോസ്മോൻ.
കരിമരുന്നു തിരി അതിവേഗത്തിൽ ആണ് കത്തുന്നത്. കുറച്ചകലെയായി പള്ളിയുടെ തൊട്ടടുത്ത് ഒരു ചെറിയ ഓലപ്പുര ലക്ഷ്യമാക്കിയാണ് ആ തിരി കത്തിക്കയറുന്നത്. ആ ഓലപ്പുരക്കുള്ളിൽ നിറയെ സ്ഫോടകവസ്തുക്കൾ ആണ്.

CUT TO

ജെയ്സൻ,ഷിബു
നാട്ടുകാർ

**സീൻ 104 N**

***പള്ളിപെരുന്നാൾ -ഗ്രൗണ്ട് NIGHT/EXT***

തന്റെ ചുറ്റും ഭീതിയിൽ നിൽക്കുന്ന ആളുകളെ ഒന്ന് നോക്കിയശേഷം ജെയ്സന് നേരെ പുഞ്ചിരിച്ചുകൊണ്ട്

**ഷിബു :-** നീ അല്ലേടാ അവരുടെ രക്ഷകൻ.. നീ അവരെ രക്ഷിക്ക്..

ജെയ്സന്റെ റിയാക്ഷൻ. ഞൊടിയിടയിൽ ഷിബു ഓടിച്ചെന്നു മണി മാളികയിലെ വിള്ളൽ വീണ ഭിത്തിക്കിട്ടു പാഞ്ഞു ചെന്ന് വലിച്ചിടിക്കുന്നു. മണിമാളികയുടെ ഭിത്തി അടർന്നു തുടങ്ങുമ്പോൾ പശ്ചാത്തല സംഗീതം ഇപ്പോൾ അതിന്റെ പാരമ്യത്തിൽ ആണ്.

CUT TO

**സീൻ 104 P**

ബിജി

***പള്ളി അടിത്തട്ട് - NIGHT/INT***

ബിജിയുടെ ഇരുമ്പഴി തുറക്കാനുള്ള ശ്രമം വിഫലമാവുമ്പോൾ അവൾ ചുറ്റും ഭീതിയിൽ നോക്കുന്നു. അവളുടെ കാഴ്ചയിൽ എന്തോ തടയുന്നു. അവളുടെ മുഖത്ത് ആകാംക്ഷ. അവളുടെ വർദ്ധിച്ച ശ്വാസഗതി.

CUT TO

**സീൻ 104 Q**

**ജോസ്മോൻ**

***പള്ളിപെരുന്നാൾ -ഗ്രൗണ്ട് -NIGHT/EXT***

തിരിയുടെ പിന്നാലെ ഓടുന്ന ജോസ്മോൻ. അവന്റെ കാഴ്ചയിൽ ഓലപ്പുര. അവന്റെ മുഖത്തെ ഭയം.

CUT TO

**സീൻ 104 R**

ജെയ്സൻ

***പള്ളിപെരുന്നാൾ -ഗ്രൗണ്ട് NIGHT /EXT***

തളർന്നു അവശനായി നിലത്തു കിടക്കുന്ന ജെയ്സൻ. മുകളിലെ മണി മെല്ലെ ഇളക്കി താഴേക്ക് പതിക്കുമെന്ന അവസ്ഥയിൽ നിൽക്കുമ്പോൾ ജെയ്സന്റെ കണ്ണുകൾ അവശതയിൽ അടയുന്നു. ജെയ്സന്റെ ഓർമ്മകളിലേക്ക്
തീവ്രമായ ഒരു പശ്ചാത്തലസംഗീതം.

FLSH CUT TO-

**സീൻ 104 S**

ജെയ്സൻ(6),മാർട്ടിൻ, മാർട്ടിൻ രക്ഷപ്പെടുത്തുന്ന കുട്ടി,ഡ്രാമടീം ചിതറി ഓടുന്ന ജനങ്ങൾ

***ഫ്ലാഷ്ബാക്ക്***
**പള്ളിമൈതാനം-സ്റ്റേജ് -ബാക്ക്സ്റ്റേജ് NIGHT-EXT**

വീണു കിടക്കുന്ന ഒരു കുട്ടിയെ രക്ഷപെടുത്തുന്ന മാർട്ടിൻ. അവന്റെ മുകളിലേക്ക് പള്ളിക്കുന്നിലെ പുണ്യാളന്റെ കട്ടൌട്ട് വന്നു വീഴുന്നു. എഴുന്നേൽക്കാൻ കഴിയാതെ കിടക്കുന്ന മാർട്ടിൻ. അവനു സമീപത്തേക്ക് ഒരു കരിമരുന്നു തിരി കത്തിക്കയറുന്നു.
രക്ഷപെടാൻ കഴിയില്ലെന്ന് മനസിലാക്കുന്ന മാർടിൻ ദൂരെ തന്നെ നോക്കി നിൽക്കുന്ന തന്റെ മകനെ ഒന്ന് നോക്കുന്നു. ഭീതിയിൽ ആ ആറുവയസുകാരൻ മാർട്ടിനെ നോക്കുകയാണ്.

**കുട്ടി (V/O):-** ഞാൻ തോറ്റുപോയാലോ അപ്പാ..? എന്റെ ചുറ്റുമുള്ളവരെ എനിക്ക് രക്ഷിക്കാൻ പറ്റിയില്ലെങ്കിലോ..?

മാർട്ടിൻ ഒന്ന് പുഞ്ചിരിക്കുന്നു.

**മാർട്ടിൻ (V/O):-** നിന്റെ കണ്ണുകളിൽ നിന്റെ നിയോഗം ഞാൻ കണ്ടിട്ടുണ്ട്....

CUT BACK TO

**സീൻ 104 T**

***പള്ളിപെരുന്നാൾ- ഗൌണ്ട് -NIGHT /EXT***

ജെയ്സൻ,ഷിബു നാട്ടുകാർ

അവശനായി കണ്ണുകൾ അടച്ചു നിലത്തു കിടക്കുന്ന ജെയ്സൻ. അന്തരീക്ഷത്തിൽ ഉയർന്നു നിൽക്കുന്ന പൊടിപടലങ്ങൾ. ദൃശ്യത്തെ ഓവർലാപ്പ് ചെയ്ത്

**(V.O) മാർട്ടിൻ :-** നിന്റെ യുദ്ധങ്ങളിൽ നീ നേരിടാൻ പോകുന്നത് നിന്നെക്കാൾ ശക്തരെ ആയിരിക്കും.. പക്ഷെ അവർക്ക് മുൻപിൽ നീ തോൽക്കില്ല.. അവരെ ജയിക്കാനുള്ള കരുത്ത് നിന്റെ ഉള്ളിൽനിന്ന് വരും.. കാരണം നിന്റെ ജയം ആഗ്രഹിക്കുന്ന കുറെ മനസ്സുകൾ ആ സമയം നിന്റെ ചുറ്റിലും ഉണ്ടാവും..

ചടുലമായി തുടങ്ങുന്ന പശ്ചാത്തലസംഗീതം. ജെയ്സനെ പ്രതീക്ഷയോടെ നോക്കുന്ന ആളുകളുടെ മുഖം.

**(V.O) മാർട്ടിൻ :-** അവർക്കുവേണ്ടി നീ ജയിച്ചേ മതിയാവൂ.. നീ ജയിക്കും..

തന്റെ കണ്ണുകൾ തുറക്കുന്ന ജെയ്സൻ. അവന്റെ കാഴ്ച്ചയിൽ മണി ഇളകിത്തുടങ്ങുന്നു.

CUT TO

**സീൻ 104 U** ബിജി

***പള്ളി അടിത്തട്ട് - NIGHT/EXT***

ബിജിയുടെ കാഴ്ച്ചയിൽ പള്ളിയുടെ അടിത്തട്ടിലെ ഭിത്തിയിലൂടെ പോകുന്ന ഒരു വലിയ വെള്ള പൈപ്പ് ലൈൻ. അതിന്റെ മറ്റേ അറ്റം ഇരുമ്പഴിക്കുള്ളിലാണ്.

ബിജി ഓടിച്ചെന്നു ആ പൈപ്പിലേക്ക് ആഞ്ഞ് ബ്രൂസ്‌ലി കിക്ക് കൊടുക്കുന്നു. പൈപ്പ് പൊട്ടി അവിടെ നിന്ന് വെള്ളം തെറിച്ചു തുടങ്ങുന്നു. ബിജി പൈപ്പിൽ കൈ പിടിച്ചു ആഞ്ഞു വലിക്കുന്നു. ഇരുമ്പഴിക്കുള്ളിൽ പൈപ്പ് ലൈൻ ഇളകി തുടങ്ങുന്നു.

CUT TO

ജോസ്മോൻ

**സീൻ 104 V**

***പള്ളിപെരുന്നാൾ -ഗ്രൗണ്ട് NIGHT/EXT***

തിരി കത്തി കരിമരുന്നിനോടു അടുക്കുന്നു.
ഓലപ്പുരക്ക് തൊട്ടടുത്തു എത്തുന്ന
കരിമരുന്നിന്റെ തിരി ചവിട്ടി കെടുത്തുന്ന
ജോസ്മോൻ.

CUT TO

**സീൻ 104 W** ബിജി

***പള്ളി അടിത്തട്ട് - NIGHT/INT***

ഇരുമ്പഴിക്കുള്ളിൽ നിന്ന് പൈപ്പ് പൊട്ടി വെള്ളം ശക്തമായി തെറിക്കുന്നു. കരിമരുന്നു തിരിയിലേക്ക് വെള്ളം തെറിച്ചു തിരി കെട്ടുപോകുന്നു.

CUT TO

**സീൻ 104 X**

*പള്ളിപെരുന്നാൾ -ഗ്രൗണ്ട്-NIGHT / EXT*

ജെയ്സൻ,ഷിബു
ജോസ്മോൻ,ബിൻസി,അനീഷ്
, കുഞ്ഞൻ,മെമ്പർ
കണ്ണപ്പൻ,ഗോപൻ ,സെൽവൻ
നാട്ടുകാർ

മണിമാളികയുടെ മുകളിൽ നിന്ന് മണി താഴേക്ക് വീഴുന്നു. താഴെ നിൽക്കുന്ന ജെയ്സന് നേരെയാണ് വലിയ മണി പാഞ്ഞടുക്കുന്നത്. ഞെട്ടലോടെ അത് നോക്കി നിൽക്കുന്ന നാട്ടുകാർ. ജെയ്സനും തന്റെ നേരെ പാഞ്ഞടുക്കുന്ന ആ വലിയ മണിയിലേക്ക് നോക്കി നിൽക്കുന്നു.

ഒരു അലർച്ചയോടെ തന്റെ നേരെ പാഞ്ഞടുക്കുന്ന ആ മണിയുടെ നേരെ കൈ ഉയർത്തി നിൽക്കുന്ന ജെയ്സൻ. അവൻ തന്റെ കണ്ണുകൾ അടക്കുന്നു.

BLACKOUT

ഇരുണ്ട പശ്ചാത്തലത്തിൽ പതിഞ്ഞ താളത്തിൽ ഒരു പശ്ചാത്തല സംഗീതം കേൾക്കുന്നു.

FADE IN

നാട്ടുകാരുടെ റിയാക്ഷൻ. അവരുടെ മുഖത്ത് അത്ഭുതം. ജോസ്മോന്റെ റിയാക്ഷൻ. അവന്റെ മുഖത്ത് മെല്ലെ വിരിയുന്ന പുഞ്ചിരി. ഷിബുവിന്റെ റിയാക്ഷൻ. അവന്റെ മുഖത്ത് ഞെട്ടൽ. പതിഞ്ഞ താളത്തിൽ ഉള്ള പശ്ചാത്തലസംഗീതം മെല്ലെ ചടുലമാവുന്നു. എല്ലാവരുടെയും നോട്ടത്തിൽ മണിമാളികയിൽ കണ്ണുകളടച്ചു കൈ ഉയർത്തി പിടിച്ചു നിൽക്കുന്ന ജെയ്സൻ.

അതുകണ്ട് ആവേശത്തിൽ ചാടി

**ജോസ്മോൻ:-** ഞങ്ങക്കുവൊണ്ടെടാ.........!

അവന്റെ മുകളിലേക്ക് വീഴാനായി താഴേക്ക് പതിച്ച വലിയ മണി ഇപ്പോൾ ജെയ്സന്റെ അസാധാരണ ശക്തിയിൽ അന്തരീക്ഷത്തിൽ തന്നെ നിൽക്കുകയാണ്. കണ്ടു നിൽക്കുന്ന ഒരാളുടെ കൈയിലെ രോമാഞ്ചം.

കണ്ണുകൾ തുറക്കുന്ന ജെയ്സന്റെ മുഖത്ത് വിരിയുന്ന പുഞ്ചിരി. അതി ചടുലമായ ഒരു പശ്ചാത്തലഗാനം ഇപ്പോൾ ആരംഭിക്കുന്നു.

**സീൻ 105**

ജെയ്സൻ,ഷിബു
ജോസ്മോൻ,ബിൻസി,അനീഷ്
, കുഞ്ഞൻ,മെമ്പർ,
കണ്ണപ്പൻ,ഗോപൻ,സെൽവൻ
നാട്ടുകാർ

***പള്ളിപെരുന്നാൾ -ഗ്രൗണ്ട് NIGHT-EXT***

***CLIMAX FIGHT 3***

അന്തരീക്ഷത്തിൽ നിന്ന ആ മണി തന്റെ ശക്തി ഉപയോഗിച്ച് ഷിബുവിന് നേരെ എറിയുന്ന ജെയ്സൻ. ഒരു അത്യുഗ്രൻ സംഘട്ടനത്തിനു തുടക്കമാവുന്നു. ജെയ്സന് മുൻപിൽ ഷിബുവിന് പിടിച്ചു നിൽക്കാൻ കഴിയുന്നില്ല.
സംഘട്ടനത്തിന്റെ ഒടുവിൽ തന്നെ ആക്രമിക്കാൻ വരുന്ന ഷിബുവിനെ മലക്കം മറിഞ്ഞു സമീപത്തെ വർഗീസ് പുണ്യാളന്റെ പ്രതിമയിലെ കുന്തം വലിച്ചൂരി എറിഞ്ഞു വീഴ്ത്തുന്ന ജെയ്സൻ. ഷിബുവിന്റെ ശരീരത്തിലൂടെ കുന്തം കയറിയിറങ്ങി പോകുന്നു. ഷിബു നിലം പതിക്കുന്നു.
ഒരു പതിഞ്ഞ പശ്ചാത്തല സംഗീതത്തിനു കീഴിൽ നാട്ടുകാരുടെ റിയാക്ഷൻ. അവരുടെയെല്ലാം മുഖത്ത് ആശ്വാസം. ചിലരുടെ ദീർഘനിശ്വാസം. അവർ എല്ലാവരും തങ്ങളുടെ രക്ഷകനെ കൺനിറയെ കാണുകയാണ്.
ജോസ്മോൻ തനിക്കു ചുറ്റുമുള്ള നാട്ടുകാരുടെ റിയാക്ഷൻ കാണുന്നു. അവന്റെ മുഖത്ത് അഭിമാനം ഉണ്ട്.

CUT TO

**സീൻ 105A**

ബിജി

***പള്ളി അടിത്തട്ട് - NIGHT /INT***

പള്ളിയുടെ അടിത്തട്ടിൽ
ദീർഘനിശ്വാസത്തോടെ ഇരിക്കുന്ന ബിജി.
പള്ളിയുടെ അടിത്തട്ടിൽ അവളുടെ
കാൽമുട്ടിനടുത്തോളം ഇപ്പോൾ വെള്ളമാണ്.
അവളുടെ മുഖത്തെ ആശ്വാസം.

CUT TO

**സീൻ 105 B**

ജോസ്മോൻ

***പള്ളിപെരുന്നാൾ-ഗ്രൗണ്ട് NIGHT- EXT***

ജോസ്മോന്റെ നോട്ടത്തിൽ ഇപ്പോൾ
ജെയ്സൻ നിന്നിരുന്ന സ്ഥലം ശൂന്യം.

CUT TO

**സീൻ - 105 C**

***പുഴ - NIGHT - EXT***

നിലാവെളിച്ചത്തിൽ തിളങ്ങി നിൽക്കുന്ന പുഴയിലേക്ക് എടുത്തു ചാടുന്ന ജെയ്സൻ.

CUT TO

**സീൻ 105 D** ജെയ്സൻ,വർക്കി

***പുഴ - NIGHT/EXT***

ആഴങ്ങളിലേക്ക് താഴ്ന്നുപോയ വർക്കിയെ
കൈകളിൽ പിടിച്ചു ഉയർത്തുന്ന ജെയ്സൻ.

BLACK OUT-

**സീൻ 105E**

ഷിബു,പോലീസുകാർ
നാട്ടുകാർ

***പള്ളിപെരുന്നാൾ -ഗ്രൗണ്ട് NIGHT / EXT***

ദൃശ്യം വീണ്ടും പള്ളിമൈതാനിയിലേക്ക്. അവിടെ മുഴുവൻ കുറെയധികം പോലീസുകാർ പലയിടത്തായി കൂടി നിൽപ്പുണ്ട്. അവരുടെ ഇടയിൽ നിന്നും ക്യാമറ മെല്ലെ നിലത്തു കിടക്കുന്ന ഷിബുവിലേക്ക്.
കണ്ണുകൾ തുറന്നു ആകാശം നോക്കി നിലത്തു കിടക്കുന്ന ഷിബു.
അവന്റെ കാഴ്ച്ചയിൽ മുകളിൽ ആകാശത്തിലേക്ക് പറന്നുയർന്നുകൊണ്ടിരിക്കുന്ന ഒരു വെളുത്ത ബലൂൺ. ഒരു നിമിഷം അതിൽ നോക്കി കിടക്കുന്ന ഷിബു. അവന്റെ കണ്ണുകൾ ഈറനാണ്. മെല്ലെ അവൻ തന്റെ കണ്ണുകൾ അടയ്ക്കുമ്പോൾ

CUT TO

**സീൻ - 106** ജെയ്സൻ,ബിജി

***ബിജിയുടെ സ്ഥാപനം - DAY- INT***

കുറച്ച് നാളുകൾക്ക് ശേഷം. ജെയ്സന്റെ കയ്യിലേക്ക് പാസ്പോർട്ട് വച്ചുകൊടുക്കുന്ന ബിജി. ജെയ്സൻ പുഞ്ചിരിയോടെ തന്റെ പാസ്പോർട്ടിലേക്ക് ഒന്ന് നോക്കുന്നു. ഒന്ന് പുഞ്ചിരിച്ചുകൊണ്ട്

**ബിജി :-** എന്ത് തീരുമാനിച്ചു..?

**ജെയ്സൻ :-** പോകുന്നില്ല.. എനിക്കിവിടെ വേറൊരു പണി കിട്ടീട്ടുണ്ട്..

പുഞ്ചിരിയോടെ ജെയ്സൻ അവിടെനിന്നു വെളിയിലേക്ക് ഇറങ്ങുന്നു.
ഓവർ ലാപ്പിൽ ജെയ്സന്റെ ശബ്ദത്തിന് താഴെ കാണിക്കുന്ന വിഷ്വൽസ്.

**(V.O) ജെയ്സൻ :-** ചില തീരുമാനങ്ങൾ ചിലപ്പോൾ തെറ്റാവാം.. പക്ഷെ ആ തീരുമാനങ്ങൾ ചിലപ്പോ നമ്മളെ പൂർണ്ണരാക്കും..

**സീൻ - 107**

ജെയ്സൻ,കള്ളൻ ആന്റോ,
അമ്മയും കുഞ്ഞും,
ഒരു സ്ത്രി,നാട്ടുകാർ

***കുറുക്കന്മൂല കാർണിവൽ NIGHT-EXT***

കുറുക്കന്മൂല കാർണിവലിൽ ഒരു സ്ത്രീയുടെ മാല മോഷ്ടിക്കുന്ന കള്ളൻ ആന്റോ. നാട്ടുകാർ ആന്റോയെ പിടികൂടാനായി വളയുമ്പോൾ ഒരു കൊച്ചു കുട്ടിയെ അവളുടെ അമ്മയുടെ കയ്യിൽ നിന്ന് തട്ടിയെടുത്ത് അവളുടെ കഴുത്തിൽ കത്തിവച്ചു നാട്ടുകാരെ ഭീഷണിപ്പെടുത്തുന്ന കള്ളൻ.

**(V.O) ജെയ്സൻ :-**

ആരെങ്കിലും എന്നെ വിശ്വസിക്കുമോ എന്നറിയില്ല.. വിശ്വസിപ്പിക്കാൻ ഞാനിനി മെനക്കെടില്ല..

കാർണിവലിൽ ഒരു നിമിഷം കരണ്ടു പോകുന്നു.
വീണ്ടും കരണ്ട് വരുമ്പോൾ നാട്ടുകാർ മുഴുവൻ എന്തോ കാഴ്ചകണ്ട് ഞെട്ടി നിൽക്കുന്നു.

**(V.O) ജെയ്സൻ :-**

എനിക്ക് ചെയ്യാൻ ആഗ്രഹമുള്ള കാര്യങ്ങൾ ആണ് ഞാനിപ്പോ ചെയ്യുന്നത്.. അത് എന്റെ കൂടെയുള്ളവർക്ക് ഇതുവരെ ഇല്ലാതിരുന്ന ഒരു പ്രതീക്ഷ നൽകുന്നുണ്ട്. അവരുടെ കണ്ണുകളിലെ പ്രകാശം എനിക്ക് കാണാൻ പറ്റുന്നുണ്ട്. അവർക്കൊപ്പം ഞാനിനി എന്നും ഉണ്ടാകും.. അവരുടെ സ്വന്തം മിന്നൽ മുരളിയായി..

ജയന്റ് വീലിൽ കള്ളൻ ആന്റോയെ കെട്ടി തൂക്കിയിട്ടിരിക്കുന്നു. ജയന്റ് വീലിന്റെ ചുറ്റുമുള്ള LED ലൈറ്റ് ഒന്ന് മങ്ങിയ ശേഷം വീണ്ടും കത്തുന്നു. LED കത്തുന്നത് 'മ' യുടെ രൂപത്തിലാണ്. ആളുകളുടെ മുഖത്തെ പുഞ്ചിരി.

ആ ദൃശ്യം കുറച്ചകലെ ഒരു ഉയർന്ന കെട്ടിടത്തിൽ ഇരുന്നു കാണുന്ന ജെയ്സൻ. അവൻ കടല കൊറിക്കുകയാണ്.
അവൻ തന്റെ 'മ' എന്ന കോസ്റ്റ്യൂമിൽ ആണ് ഇരിക്കുന്നത്. ഇടക്ക് കൊതുക് കടിക്കുന്നതിനാൽ അവൻ ചൊറിയുന്നുണ്ട്. ശേഷം കെട്ടിടത്തിനുമുകളിലൂടെ ഓടി ഒരു പക്ഷി ചിറകു വിരിക്കുന്നത് പോലെ കൈകൾ വിരിച്ചു മുകളിലേക്ക് എടുത്തു ചാടുന്നു.

CUT TO
BLACK OUT

**FIRST END CREDIT**

എന്തോ വലിയ ശബ്ദത്തിൽ നിലം
പതിക്കുന്നതിന്റെ ശബ്ദം കേൾക്കുന്നു.

OVERLAP:

**ജെയ്സൻ :-** ഓ.. പറക്കാൻ പറ്റില്ലെന്ന് മറന്നു പോയി..

CUT TO
CREDITS ROLLING
END